PROCEEDINGS

OF

# THE TRAVANCORE LEGISLATIVE ASSEMBLY

## FIRST ASSEMBLY

### SECOND SESSION—1948/1123.

### VOL. II—No. 7.

***Thursday the 12th August 1948/28th Karkatakam 1123.***

The Legislative Assembly met in the Legislative chamber, Public offices, Trivandrum at eleven of the clock on Thursday the 12th August 1948/28th Karkatakam 1123, with the President (the Hon'ble Mr. A. J. John) in the chair

## QUESTIONS AND ANSWERS.

**MR. P. M. VARGHESE** (*Thodupuzha II—General*) : Sir, on a point of order. ഇവിടെ ആരംഭംമുതൽ ചോദ്യങ്ങൾക്ക് ആൻസർ കിട്ടുന്നതിനുവേണ്ടി ചോദ്യങ്ങൾ അയച്ചിട്ടുണ്ട്. അതു് എന്നെപ്പോലെ എല്ലാവരും അയച്ചിട്ടുണ്ട്. എന്നാൽ ആൻസർ ഏതാനും ചിലരുടേതുമാത്രം വന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല. നിയമം ഉണ്ടാക്കിയാൽ അതു പാലിക്കണം. ഇല്ലെങ്കിൽ നിയമം റദ്ദുചെയ്യണം. ഇല്ലെങ്കിൽ വളരെപ്പേരുടെ ന്യായമായ പരാതിക്കു വഴിയുണ്ടാകും. അതുകൊണ്ട് എനിക്കു പറയാനുള്ളതു് കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ആൻസർ പറഞ്ഞും കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ആൻസർ പറയാതെയും ഇരിക്കുന്നതു ശരിയല്ല.

**MR. PRESIDENT** : ഇതിനു മുൻപുതന്നെ ഇതിനെപ്പററി ഞാൻ പറഞ്ഞിട്ടുണ്ട്. അതിനാൽ ഇനിയും ഇതിനെപ്പററി പ്രത്യേകമായി പറയാനില്ല.

MR. P. M. VARGHESE : സർ, ഒരു പോയിൻറ് ഓഫ് ഓർഡർകൂടി. അതായത് ഇവിടെ, ൬൦ ചോദ്യങ്ങൾ ഉള്ളതിൽ ൨൦ എണ്ണത്തിനാണു ഉത്തരം പറയുന്നത്. അതും ബുദ്ധ. മന്ത്രിമാരുടെ ഉത്തരം പറയുന്നതിനുള്ള താമസംകൊണ്ട് അവർക്കു കുറെക്കൂടി സമയം ലഭിക്കും. അതിനാൽ ചോദ്യങ്ങൾ അച്ചടിച്ച് ഉത്തരം തരണം. അങ്ങനെ ചെയ്യുന്ന സമ്പ്രദായം ഉണ്ടായാൽ ൫൦൦ ചോദ്യങ്ങളിൽ കൂടുതൽ ഉത്തരം പറയാൻ സാധിക്കും. ആ റൂൾ ഉണ്ടാക്കാൻ അധികാരം പ്രസിഡൻറിനുണ്ട് എന്നാണ് ഇന്നലെ ലീഗൽ റിമെംബ്രൻസറുമായുള്ള സംഭാഷണത്തിൽനിന്നും അറിയുന്നത്.

MR. PRESIDENT : ഇപ്പോഴുള്ള റൂൾ അനുസരിച്ചു ചോദ്യങ്ങൾക്കു ഉത്തരം പറയണം, എന്നാണു വച്ചിരിക്കുന്നത്. ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതു മന്ത്രിമാരുടെ ചുമതലയാണ്.

MR. P. M. VARGHESE : അങ്ങനെയാണെങ്കിൽ നിയമസഭയിൽനിന്നും ആ റൂൾ മാററണമെന്നാണു എനിക്കു പറയുവാനുള്ളത്. അല്ലെങ്കിൽ മാററണമോ വേണ്ടയോ എന്നുള്ള നിയമസഭയുടെ അഭിപ്രായം അറിയണം.

MR. PRESIDENT : ഇതിനെല്ലാം റൂൾ ഉണ്ട്. ആ റൂൾ അനുസരിച്ചു വേണ്ടതു ചെയ്യും. പ്രസിഡൻറിന് റൂൾ ഉണ്ടാക്കാൻ അധികാരമില്ല. സ്റ്റാൻഡിംഗ് ഓർഡർ മാററാൻ സഭയ്ക്കാണ് അധികാരം.

MR. P. BALAKRISHNAN THAMPI (*Mavilikara III—General*) : Here the Honourable members are sending too many questions. In the Central Legislature, Honourable members are not allowed to send more than half adozen questions at one Session. The present practice of a member sending about 500 questions may be, stopped.

MR. PRESIDENT : അതിനെ സംബന്ധിച്ച് ഒരു വ്യവസ്ഥയുമില്ല. ഒരു മെമ്പറിൻെറ ൫ ചോദ്യത്തിൽ കൂടുതൽ ഒരു ദിവസം ഉത്തരം പറയാൻ അനുവദിക്കാൻ പാടില്ലാ എന്നാണു വ്യവസ്ഥ. അതിൽ കൂടുതൽ വല്ല വ്യവസ്ഥയും വേണമെന്നു പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

## കാർപ്പറേഷൻ കൗൺസിൽ.

230: MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം കാർപ്പറേഷൻ കൗൺസിൽ നാമിനേഷൻ ലഭിക്കാൻ പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷകരുണ്ടോ

യിരുന്നോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ ?

(ബി) ഉണ്ടായിരുന്നു എങ്കിൽ ആരെല്ലാമെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : (എ) ഇല്ലായിരുന്നു.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിററികളിൽ നാമിനേഷൻ സംപ്രദായം നിറുത്തി പ്രായപൂർത്തിവോട്ടവകാശവ്യവസ്ഥ ഉണ്ടാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ഒരു ഉദ്ദേശം ഇപ്പോഴം ഇല്ല. അതിനെപ്പററി ആലോചിക്കാം.

## മുനിസിപ്പൽ കൗൺസിലുകൾ.

231. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂറിലെ ഏതെല്ലാം മുനിസിപ്പൽ കൗൺസിലുകളിൽ പിന്നോക്കസമുദായപ്രതിനിധികളുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : നാഗർകോവിൽ, മാവേലിക്കര, ചെങ്കോട്ട, വൈക്കം ഈ മുനിസിപ്പാലിററികളിൽ പിന്നോക്കസമുദായക്കാർ ഉണ്ട്.

## *Appointments in Municipal Councils*

232. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) മുനിസിപ്പാലിററികളിലെ നിയമനങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകാറുണ്ടോ? എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) മുനിസിപ്പാലിററികളിൽ നടന്നിട്ടുള്ള നിയമനങ്ങളെപ്പററി പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHNADRAN : (എ) ഗവൺമെൻറ് സർവ്വീസിലേയ്ക്കുള്ള നിയമനങ്ങളുടെ റൂൾ അനുസരിച്ചാണ് മുനിസിപ്പാലിററികളിലും നിയമനം നടത്തുന്നത്.

[Mr. P. K. Krishnan Sastri.]

(ബി) ഉണ്ട്. പരാതികൾ ലഭിക്കാറുണ്ട്. അതിനെപ്പററി ഗവൺമെൻറ് അന്വേഷിക്കാറും ഉണ്ട്.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിററി നിയമനങ്ങൾ പബ്ലിക്കസർവീസ് റൂൾ അനുസരിച്ചാണോ നടത്തുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : എല്ലാം അങ്ങനെയാണെന്നു പറയാൻ പാടില്ല.

### അവശസമുദായവും ഭൂമിപതിവും.

233. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : വിളവങ്കോടുതാലൂക്കിൽ, അവശസമുദായങ്ങൾക്ക് സൗജന്യനിരക്കിൽ പതിച്ചുനൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങളിൽ ഏതെങ്കിലും ഭാഗം ഇതരസമുദായക്കാർക്ക് നൽകി പതിവു നടത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അത് ആർക്കെല്ലാം എന്നും, എത്ര ഏക്കർ, സെൻറ ഭൂമിയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഇല്ല. അതുകൊണ്ട് രണ്ടാമത്തെ ചോദ്യം ഉദിക്കുന്നില്ല.

MR. T. T. KESAVAN SASTRI : അവിടെ ഇയർമാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങൾ ഉണ്ടോ?.

HON'BLE MR. G. RAMACHNADRAN : അതിനു നോട്ടീസ് വേണം.

### *Vazhoor-Mutholy Road.*

234. MR. P. T. CHACKO (*Kottayam II—General*) : Will the Honourable Minister for Public works be pleased to state :

(*a*) whether the Vazhoor-Mutholy road was maintained in the year 1123;

(*b*) the amount sanctioned for its maintenance? and

(*c*) whether the road is cartable at present?

HON'BLE MR. A. ATCHUTHAN : (*a*) Yes;

(*b*) Rs. 6,203 and

(*c*) Yes.

MR. P. T. CHACKO : ഈ റോഡിൽക്കൂടി ഒരു ബസ്സ് സർവീസ് ഉണ്ടായിരുന്നു എന്നും ഇപ്പോൾ റോഡു ഗതാഗതസൗകര്യം ഇല്ലാത്തതിനാൽ ആ സർവീസ് ബസ്സ് നിറുത്തൽ ചെയ്യുവാൻ ഇടയായി എന്നും അറിയാമോ?

HON'BLE MR. A. ATCHUTHAN : വർഷംതോറുമുത്ത് ആ റോഡിൽ ഒന്നാംമൈൽ മുതൽ മൂന്നാംമൈൽവരെ വെള്ളം കയറും. അതുകൊണ്ട് റോഡ് ചെളികെട്ടി കിടക്കും എന്നുള്ളതിനാൽ ബസ്സ് സർവ്വീസ് നിറുത്തിയിരിക്കുന്നു.

MR. P. T. CHACKO : അവിടെ വെള്ളം കയറുകയല്ല ചെയ്യുന്നത്, മഴവെള്ളം കെട്ടിക്കിടക്കുകയാണ് ചെയ്യുന്നത് എന്നറിയാമോ ?

HON'BLE MR. A. ATCHUTHAN : മഴ പെയ്യുമ്പോൾ മഴവെള്ളം കയറി ചെളി ഉണ്ടാകും. അതു പരിഹരിക്കുന്നതിനുവേണ്ടി കാൺട്രാക്ടിന് ടെൻഡർ ആവശ്യപ്പെട്ടിട്ടുണ്ട്.

വിചാരണകൂടാതെ തടവിലുള്ളവർ.

235. MR. MOHAMMAD MUSTAFA (*Pathanapuram—Muslim Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവിതാംകൂറിലെ പോലീസു ലാക്കപ്പുകളിലും, ജയിലുകളിലും ഇപ്പോൾ ആകെ എത്രപേരെ വിചാരണകൂടാതെ തടവിൽ വച്ചിട്ടുണ്ടെന്നു പ്രസ്താവിക്കാമോ ?

(ബി) ഇവരുടെ മേൽ നിയമപ്രകാരം കേസ്സെടുത്തു വിചാരണ നടത്താതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

HON'BLE MR. A THANU PILLAI : (എ) സെൻട്രൽ ജയിലിൽ ൨൦ പേരും തുറനാട്ട് ഡെപ്യൂട്ടി കാളനിയിൽ ഒരാളും ഉണ്ട്. ലാക്കപ്പുകളിൽ വിചാരണകൂടാതെ ആരെയും തടവിൽ വച്ചിട്ടില്ല.

(ബി) ഉണ്ട്.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : Sir, on a point of order. ഈ ചോദ്യത്തിന് ഒന്നുരണ്ടു ദിവസം ഉത്തരം പറഞ്ഞിട്ടുണ്ട്. അതിനാൽ ഒരിക്കൽ ഉത്തരം പറയുന്ന ചോദ്യങ്ങൾ വീണ്ടും ചോദിക്കുന്നതു സമയം നഷ്ടപ്പെടുത്താമെന്നല്ലാതെ പ്രയോജനമില്ലായെന്നാണ് എനിക്ക് അറിയിക്കുവാനുള്ളത്.

MR. PRESIDENT : ഇങ്ങനെയുള്ള ചോദ്യങ്ങൾ എല്ലാം ഒരേ സമയത്തുതന്നെ ചോദിച്ച് ഉത്തരം പറയുന്നതു നന്നായിരിക്കും.

HON'BLE MR. A. THANU PILLAI : അവർ സമാധാനം പരിപാലിക്കാൻ സാധിക്കാതെയുള്ള പ്രവൃത്തികൾ ചെയ്യുകയാലാണ് തടങ്കലിൽ വച്ചിരിക്കുന്നത്.

MR. ABDUL RAZAK (*Nedumangaud I—Muslim Reserved*): Is it correct that they have been interned in obedience to a command received from Delhi?

HON'BLE MR. A. THANU PILLAI: No.

*Thumpamon-Kozhencherry Road.*

236. MR. V. K. VARGHESE (*Pattanamthitta III—General*): Will the Honourable Minister for Public Works be pleased to state:

(*a*) when was the construction of Thumpamon-Kozhencherry road begun;

(*b*) what amount is spent on it till now;

(*c*) what is the total length of the road;

(*d*) how many miles of that road is at present cartable;

(*e*) what is the delay in completing the road?

HON'BLE MR. A. ATCHUTHAN: Answer to (*a*) is 1941, (*b*) Rs 2560/-; (*c*) Eight miles, (*d*) the road is not cartable; and (*e*) due to the heavy expenditure involved for the work of constructing the bridges and culverts and raising the embankments etc.

MR. V. K. VARGHESE: ഏതെങ്കിലും ആണ്ടിൽ അനുവദിച്ചിട്ടുള്ള തുക ലാപ്സായിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN: ലാപ്സായിട്ടുണ്ട് എന്നു പറയാൻ നിവൃത്തിയില്ല.

*Roads in Parur taluk.*

237. MR. PAUL THALIAT (*Parur III—General*): Will the Honourable Minister for Public Works be pleased to state:

(*a*) the amount provided for in the Budget of 1123 for the improvement and maintenance of roads in Parur taluk; and

(*b*) the amount spent up to 15-11-1123?

HON'BLE MR. A. ATCHUTHAN: (*a*) The amount provided in the budget of 1123 is Rs. 86,452; and

(*b*) the amount spent up to 15-11-1123 is Rs. 69,209/-

MR. PAUL THALIAT: ബാക്കിയുള്ള സംഖ്യ ചെലവുചെയ്യാതെ വന്നതു് ആരുടെ അനാസ്ഥകൊണ്ടാണ്?

HON'BLE MR. A. ATCHUTHAN: ഈ തുക ൧൧൨൩ മിഥുനം ൧൫-ാംനു-വരെ ചെലവാക്കിയതാണ്. ബാക്കി തുകയും ചെലവായിക്കാണുമെന്നാണ് തോന്നുന്നതു്.

MR. PAUL THALIAT: അതിനുശേഷം എത്ര സംഖ്യ ചെലവായിരിക്കും?

HON'BLE MR. A. ATCHUTHAN: അതു് അന്വേഷിച്ചില്ല.

MR. E. K. MADHAVAN (*Parur I—General*) മേൽപറഞ്ഞ തുക ആ സെക്ഷനിലേക്കാണോ ചെലവായത്? അതോ വേറെ ഏതെങ്കിലും സെക്ഷനിലേക്ക കൂടിയാണോ?

HON'BLE MR. A. ATCHUTHAN: പാറവൂർതാലൂക്കിലേക്ക ചെലവാക്കിയതാണ്.

*Extension of Electricity.*

238. MR. PAUL THALIAT: Will the Honourable Minister for Electricity be pleased to state:

(*a*) whether any application has been received from the peeple of Varapuzha and Kottuvally pakuthies adjoining the Fertilizers and Chemicals Travancore Ltd., for extending electric power to those villages also;

(*b*) if the answer to (a) is in the affirmative when was such an application received; and

(*c*) what action has been taken so far?

HON'BLE MR. A. ATCHUTHAN: Answer to (a) is yes; (b) on 5-4-1947 and (c) an estimate amounting to about Rs. 45,000/- was prepared and load survey conducted. The extension to the locality however, was proposed to lie over for some time more until line materials become available and load condition better, as the return expected is very poor. The position in regard to these has not improved yet.

MR. PAUL THALIAT: ലൈൻ നീട്ടിത്തരാമെന്ന് രണ്ടു കൊല്ലം മുമ്പു ഗവൺമെൻറ് വാഗ്ദാനം ചെയ്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. ATCHUTHAN: ഈ പ്രതിബന്ധം അന്നേ ഉള്ളതാണ്. അത് ഇപ്പോഴും നീങ്ങിയിട്ടില്ല.

MR. PAUL THALIAT: എന്ന് ആ പ്രതിബന്ധം നീങ്ങും എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അടുത്തകാലത്തു നീങ്ങും.

*Electric Lights in Thiruvalla Municipal Town.*

239. MR. K. A. MATHEW (*Thiruvalla IV—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവല്ലാ മുനിസിപ്പൽ ടൗണിലെ റോഡുകളിൽ കൂടുതൽ ഇലക്ട്രിക്ക് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ തിരുവല്ലാ മുനിസിപ്പാലിററിയിൽനിന്നും ആദ്യമായി ലഭിച്ചതെന്നാണ്?

(ബി) തുടർച്ചയായി പ്രസ്തുത കാര്യത്തെപ്പററി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

[Mr. K. A. Mathew]

(സി) എത്ര വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ? അതിൽ എത്ര അനുവദിച്ചിട്ടുണ്ട് ?

(ഡി) അനുവദിച്ചവ തന്നെയും സ്ഥാപിക്കുന്നതിനു കാലവിളംബം വരുത്തുന്നതെന്തുകൊണ്ടാണ് ?

HON'BLE MR. G. RAMACHANDRAN: (എ) ൨൪–൧–൧൧൨൨.

(ബി) ഉണ്ട്.

(സി) ൧൨൦ എണ്ണം വേണമെന്നാവശ്യപ്പെട്ടതിൽ ൧൧൨൨-ൽ ൧൫ എണ്ണം അനുവദിച്ചു.

(ഡി) അവയ്ക്കാവശ്യമുള്ള പൈപ്പ് മുതലായ സാമാനങ്ങൾ കിട്ടാനുള്ള വിഷമംകൊണ്ടാണ് താമസം ഉണ്ടായത്.

MR. K. A. MATHEW: എന്നത്തേക്ക് ൧൫ എണ്ണമെങ്കിലും സ്ഥാപിക്കാൻ ഇടയാകും.

HON'BLE MR. G. RAMACHANDRAN: അത് എന്നെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതിന് ആവശ്യമുള്ള പൈപ്പുകൾ വേണം.

MR. K. A. MATHEW: അത് എവിടെനിന്നും കിട്ടും ?

HON'BLE MR. G. RAMACHANDRAN: വെളിയിൽനിന്നും കിട്ടും.

MR. K. A. MATHEW: ഇതിനാവശ്യമുള്ള പൈപ്പുകൾ ഇവിടെയുണ്ടോ ?

HON'BLE MR. G. RAMACHANDRAN: ഉണ്ടെങ്കിൽ അനുവദിക്കാം.

വാഴൂർപകുതിയിൽ കൃഷിനാശം.

240. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചങ്ങനാശേരിതാലൂക്കിൽ വാഴൂർപകുതിയിൽ കാനം കരയിൽ ഏകദേശം ൧൦൦൦ പറ നിലം (കാനംപാടത്തിലെ മകരകൃഷി) വെള്ളത്തിന്റെ അഭാവംനിമിത്തം ഉണങ്ങിപ്പോകുന്നതായി ഗവണ്മെന്റിനറിയാമോ ?

(ബി) പ്രസ്തുത പാടത്തിലേക്കു വെള്ളം നൽകിക്കൊണ്ടിരുന്ന അമ്പലച്ചിറക്കുളം ൧൫ വർഷം മുൻപ് പതിച്ചുകൊടുത്തുപോയതുകൊണ്ടാണ് ഈ കൃഷിനാശം ഉണ്ടാകുന്നതെന്ന് ഗവണ്മെന്റിനറിയാമോ ?

(സി) ഇതിന പരിഹാരമാൎഗ്ഗം ഉണ്ടാക്കുന്നതിന ഗവണ്മെൻറു ശ്രമിക്കുമോ ?

HON'BLE MR. K. M. KORAH: (എ) ഗവണ്മെൻറിന് അറിവില്ല.

(ബി) അറിവില്ല.

(സി) എ. ബി ഉത്തരങ്ങറം അറിവില്ലാ എന്നാകയാൽ സി-ക്ക് ഉത്തരം പറയേണ്ട ആവശ്യമില്ല.

MR. K. A. MATHEW: അതിനെപ്പററി ഗവണ്മെൻറ് അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

HON'BLE MR. K. M. KORAH: അന്വേഷിക്കാൻ ഏർപ്പാടു ചെയ്യുന്നതാണ്.

## തിരുവല്ലായിലെ ഗവണ്മെൻറ് ആശുപത്രി കെട്ടിടം.

241. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങറക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നറംകുമോ ?

(എ) തിരുവല്ലായിലെ ഗവണ്മെൻറ് ആശുപത്രി കെട്ടിടം ശോച്യമായ അവസ്ഥയിലാണെന്നും, ആശുപത്രിവളപ്പിന മതിലുകറം എല്ലാവശത്തും ഇല്ലെന്നും ഉള്ള കാര്യം ഗവണ്മെൻറിന്നറിയാമോ ?

(ബി) നല്ല ആശുപത്രികെട്ടിടങ്ങറം പണിയിക്കുന്നതിനും പ്രസവവാർഡ് വിപുലമാക്കുന്നതിനും വേണ്ട നടപടികറം സ്വീകരിക്കുമോ ?

(സി) തിരുവല്ലാ ആശുപത്രിയിൽ മുമ്പ് രോഗികളെ ശുശ്രൂഷിക്കുന്നതിന് സിസ്റ്റേഴ്സ് ഉണ്ടായിരുന്നതായും അവരുടെ സേവനം രോഗികറക്ക് ഏററവും വലിയ സഹായമായിരുന്നു എന്നും അറിയാമോ ?

(ഡി) അവരെ വീണ്ടും നിയമിച്ച് രോഗികളുടെ പരിചരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആലോചിക്കുമോ ?

HON'BLE MR. G. RAMACHANDRAN: (എ) അറിയാം.

(ബി) തിരുവല്ലാ ആശുപത്രിയുടെ പ്രധാന കെട്ടിടങ്ങറം പൊളിച്ചുപണിയുന്നതിനും മതിലുകറം നന്നാക്കുന്നതിനും വേണ്ട ഏർപ്പാടുകറം ചെയ്തുവരികയാണ്.

(സി) അറിയാം.

(ഡി) നഴ്സിംഗ് സിസ്റ്റേഴ്സിനെ കിട്ടുന്നതിന് ഇപ്പോറം വളരെ പ്രയാസമുണ്ട്. യോഗ്യതയുള്ളവരെ കിട്ടുമ്പോറം ഇക്കാര്യത്തെപ്പററി ആലോചിക്കുന്നതാണ്.

MR. K. A. MATHEW: അവിടെയുണ്ടായിരുന്ന സിസ്റ്റേഴ്സിനെ അവിടെനിന്നും മാററുന്നതിനുള്ള കാരണം എന്താണെന്നു പറയുമോ ?

HON'BLE MR. G. RAMACHANDRAN: They were withdrawn by the Mother Superior of the Government Hospital, Thiruvella due to old age and ill health. Substitutes were not appointed by the Mother Superior.

MR. K. A. MATHEW: മററുചെങ്കിലും ആശുപത്രികളിൽ ഇതുപോലെ മാററിയിട്ടുണ്ടോ ?

HON'BLE MR. G. RAMACHANDRAN: അതിനു നോട്ടീസ് വേണം.

*Alwaye Railway Bridge.*

242. MR. E. K. MADHAVAN: Will the Honourable Minister for Finance be pleased to state

(a) whether the Government have received any representation from the inhabitants of alwaye and suburbs regarding the conversion of the Alwaye Railway bridge into a rail-road bridge; and

(b) if so, what action they have taken in the matter?

HON'BLE MR. A. THANU PILLAI: Answer to (a) is yes; and (b) the matter is under consideration of Government.

MR. E. K. MADHAVAN: ഇതിനുമുൻപ് ഇതെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI: ഉണ്ട്. കൊച്ചിഗവൺമെൻറുമായിട്ട് ഇതുസംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. PAUL THALIAT: കൊച്ചിഗവൺമെൻറ് ഇതിന്റെ ചെലവിൽ ഏതാനും ഭാഗം വഹിക്കാമെന്നു പറഞ്ഞിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI: കൊച്ചിഗവൺമെൻറുമായി നടക്കുന്ന എഴുത്തുകുത്തിൽ ആ കാര്യത്തെപ്പററിയും പറയുന്നുണ്ട്.

MR. PAUL THALIAT: ചെലവിന്റെ എത്ര അംശം വഹിക്കാം എന്നാണ് അവർ പറഞ്ഞിരിക്കുന്നത് എന്നെങ്കിലും പറയാമോ ?

HON'BLE MR. A. THANU PILLAI: ആ എഴുത്തുകുത്തുകൾ പൂർത്തിയായതിനുശേഷമേ പറയാൻ നിവൃത്തിയുള്ളു.

കാട്ടാനശല്യം.

243. MR. A. K. PATCHU PILLAI (*Peermade—general*): താഴെ കാണിക്കുന്ന ചോദ്യങ്ങൾക്ക് ഫോറസ്റ്റ് വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകുവാൻ ദയവുണ്ടാകുമോ ?

(എ) തിരുവിതാംകൂറിലെ ഓരോ ഫാറസ്റ്റ് ഡിവിഷനിലും കഴിഞ്ഞ 5 വർഷക്കാലത്തിൽ ഓരോ വർഷവും എത്ര കാട്ടാനകളെ വീതം പിടിച്ചിട്ടുണ്ട് ?

(ബി) തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാട്ടാനശല്യത്തിന്റെ പ്രധാന കാരണം ആനപിടിത്തത്തിന്റെ കുറവുകൊണ്ടാണെന്നു വിചാരിക്കാൻ കാരണമുണ്ടോ ?

HON'BLE MR. C. KESAVAN: Answer to (*a*)

| | | 1118 | 1119 | 1120 | 1121 | 1122 |
|---|---|---|---|---|---|---|
| Central | Division | 7 | ... | 7 | 7 | 5 |
| Kottayam | Do. | 7 | 1 | 3 | ... | ... |
| Malayattur | Do. | ... | 9 | ... | 6 | ... |
| High Range | Do. | ... | ... | ... | ... | 6 |

(*b*) Troubles from wild elephants are not due to the fact that elephants are not adequately captured but due to the fact that more forest lands are brought under cultivation and more lands adjacent to reserved forests are cleared for purposes of cultivation. When the abodes of elephants are cleared and those areas cultivated they usually visit their favourite places and eat and destroy the crops raised there. Troubles are caused mostly by herds. Capturing operation cannot obviously be conducted in all Reserves. Troubles from herds can be avoided by adopting the necessary precautionary methods. The areas from which elephants are captured are no less subject to their trouble than other areas since the number captured is small, when compared with the number at large.

(*c*) Yes. The M. L. A. for Peermade has submitted two petitions to Government.

(*d*) As the damages are caused by herds it is not possible to destroy them wholesale. Rogues are proscribed and destroyed. Damages are caused mostly in estates and it has been suggested that the Estate owners may be asked to make pits in places where the elephents usually visit and the Forest Department will outpit the animals that fall into them; and

(*e*) This question does not arise in view to answers above.

MR. A. K. PATCHU PILLAI: ആന ഇന്നസ്ഥലത്തുകൂടി വരുമെന്നു നിശ്ചയമില്ലാത്തതിലും, മനുഷ്യരെക്കാളും കൂടുതൽ ബുദ്ധിയുള്ള ഒരു മൃഗമാണ് ആനയെന്നുള്ള നിലയിലും കരുതലോടെ ആനയെ പിടിക്കുവാൻ ഇന്നസ്ഥലത്തു കുഴികുഴിക്കണമെന്നുള്ള വല്ല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ?

HON'BLE MR. C. KESAVAN : ആ ചോദ്യത്തിന്റെ ആദ്യഭാഗം കേവലം അനുമാനമാണ്. അതിന് ഉത്തരം പറയുവാൻ സാദ്ധ്യമല്ല. സാധാരണ ആനകൾ പോകുന്നത് അവ സാധാരണപോകുന്ന വഴിയിൽക്കൂടിതന്നെയാണ്. അവിടെ മുമ്പ് ചെയ്തിരുന്ന പതിവനുസരിച്ച് കുഴികുഴിക്കുന്നതിനുള്ള ഏർപ്പാട് ചെയ്താൽ ധാരാളം മതിയാകുന്നതാണ്.

MR. A. K. PATCHU PILLAI : മലയിലുള്ള തോട്ടങ്ങളിലും മററും പല വഴികളിൽക്കൂടിയാണ് ആന നടക്കുന്നതെന്നറിയാമോ ?

HON'BLE MR. C. KESAVAN : ആയിരിക്കാം.

MR. P. M. VARGHESE : കൂടുതൽ ആനകളെ പിടിക്കാതിരിക്കുന്നത്, വനത്തിൽ ആനകൾ ഇല്ലാഞ്ഞിട്ടാണോ, അതോ നമുക്ക കൂടുതൽ ആനകളുടെ ആവശ്യമില്ലാഞ്ഞിട്ടാണോ ?

HON'BLE MR. C. KESAVAN : ഇതുരണ്ടുമല്ല. പിടിക്കാൻ സൗകര്യമുള്ളിടത്തോളം പിടിക്കുന്നുണ്ട്.

MR. P. T. CHACKO : ആന സാധാരണ സഞ്ചരിക്കാത്ത സ്ഥലത്തു കയറി വിളവുകൾ നശിപ്പിക്കുന്നതിനെന്നുള്ള വിവരം ഗവണ്മെന്റിന് അറിയാമോ ?

HON'BLE MR. C. KESAVAN : അറിഞ്ഞുകൂടാ.

MR. P. T. CHACKO : ആന വരാത്ത സ്ഥലങ്ങളിൽപോലും ആനകളുടെ ശല്യം ഉണ്ടാകുന്നുണ്ടെന്ന ഗവണ്മെന്റ അറിഞ്ഞിട്ടില്ലെന്നാണോ പറയുന്നത് ?

HON'BLE MR. C. KESAVAN : ഗവണ്മെന്റിന് അങ്ങനെ അറിവില്ല.

MR. P. T. CHACKO : ആന അധികമായി വർദ്ധിച്ചതുകൊണ്ടാണ് ഇങ്ങനെ അവിടെയും ഇവിടെയും കയറി ശല്യപ്പെടുത്തുന്നതെന്ന ഞാൻ പറഞ്ഞാൽ അതു ശരിയായിരിക്കുമോ ?

HON'BLE MR. C. KESAVAN : ശരിയായിരിക്കണമെന്നില്ല.

MR. P. T. CHACKO : മദംപൊട്ടിയ ആനയെ വെടിവയ്ക്കുവാൻ അനുവാദം ലഭിക്കുന്നതിന് അതിന്റെ ഐഡന്റിഫിക്കേഷൻ മാർക്സ് ചോദിക്കാറുണ്ടോ ?

HON'BLE MR. C. KESAVAN : മലയിലെ ആനയുടെ കാര്യമാണോ പറയുന്നത് ?

MR. P. T. CHACKO : അതെ.

HON'BLE MR. C. KESAVAN : അങ്ങനെ ചോദിക്കാൻ ന്യായമില്ല. ചോദിച്ചിട്ടുണ്ടോ എന്നുള്ളതിന് നോട്ടീസുകിട്ടിയാൽ പറയാം.

MR. P. T. CHACKO : ഐഡന്റിഫിക്കേഷൻ മാർക്ക് കൊടുത്തില്ലെങ്കിൽ വെടിവയ്ക്കുവാനുള്ള അനുവാദം നൽകുന്നതല്ലെന്ന് ഈ ഗവൺമെന്റു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ ?

HON'BLE MR. C. KESAVAN : നോക്കി പറയാം.

### *Price of Tapioca.*

244. MR. P. GOPALAN (*Vaikom III—General*) : Will the Honourable Minister for food be pleased to state :

(*a*) whether the Government is aware of the fact that the price of tapioca has risen very high up to 7 chuckrams per pound; and

(*b*) if the answer to part (*a*) is in the affirmative, is there any scheme to check and control the price ?

HON'BLE MR. K. M. KORAH : Answer to (a), Government are not aware whether the price of tapioca has risen as high as 7 chs. per lb.

(b) Government have, however, fixed the price of tapioca at 1½ Chs. per pound for raw tapioca and 4 Chs. per pound for dry chips. They have also imposed restriction on the export of tapioca in any form except under a permit issued by the Excise Commissioner.

MR. P. GOPALAN : ഈ വില എന്തടിസ്ഥാനത്തിന്മേലാണ് വച്ചിട്ടുള്ളതെന്ന് പറയാമോ ?

HON'BLE MR. K. M. KORAH : അതാതു താലൂക്കിലുള്ള തഹശീൽദാരന്മാരുടെയും, ഡിവിഷൻ പേഷ്കാരന്മാരുടെയും റിപ്പോർട്ട് അടിസ്ഥാനമാക്കിവച്ചിട്ടുള്ളതാണ്.

MR. MOHAMMED MUSTAFA : കപ്പ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വിലനിരക്കിൽനിന്നും കൂടുതൽ വിലയ്ക്കു വിൽക്കുന്നുണ്ടെന്ന് ഗവൺമെന്റിന് അറിവുകിട്ടിയാൽ അവരുടെ പേരിൽ ഗവൺമെന്റു നടപടി നടത്തുമോ ?

HON'BLE MR. K. M. KORAH : തീർച്ചയായും.

*Deepening canal running through Mundakapadam paddy lands.*

245. MR. V. O. MARKOS (*Kottayam III—General*): Will the Honourable Minister for Public Works and Irrigation be pleased to state:

(*a*) whether the Government are aware that the Mundakapadam paddy lands comprising about 150 acres partly in Changanacherry taluk and partly in Kottayam taluk have become impossible for cultivation on account of the silting up of the canal running through the middle of the paddy fields, especially the portion lying in between the places where the Kottayam-Karukachal road and the Puthupally-Pudussery road cross the said canal; and

(*b*) will the Government be pleased to make early arrangements for deepening and widening this canal so as to enable the said paddy fields being cultivated regularly?

HON'BLE MR. A. ATCHUTHAN: Answer to (*a*) Yes.

(*b*) Yes.

MR. V. O. MARKOS: May I know when this widening work will be taken?

HON'BLE MR. A. ATCHUTHAN: There is some difficulty in the way of taking this work. There are some encroachments in this canal and the Land Commissioner has been asked to remove this encroachment. When the encroachments are removed, work will be taken up immediately.

MR. V. O. MARKOS: May I know whether these two works may be taken up together?

HON'BLE MR. A. ATCHUTHAN: ഒരുമിച്ചു ചെയ്യും.

MR. V. O. MARKOS: Is there any co-ordination between the Grow more Food Department and the Irrigation Department in this matter?

HON'BLE MR. A. ATCHUTHAN: I will see that both the works are taken up simultaneously.

MR. P. T. CHACKO: The question is whether there is any co-ordination.

HON'BLE MR. A. ATCHUTHAN: No.

*Bridge at Kongandoor*

246. MR. V. O. MARKOS: Will the Honourable Minister for Public Works be pleased to state:

(*a*) what steps have been taken by the Government and the Public Works Department with regard to the bridge at Kongandoor across the Pannagam thodu in Kottayam taluk;

(*b*) whether any amount has been sanctioned for the work so far;

(*c*) will the Government be pleased to take necessary steps to start work immediately so as to complete it at least in 1124; and

(*d*) will the Government be pleased to take early steps to improve the road from that bridge across the Meenachil river up to the Ettumanoor-Palai road?

HON'BLE MR. A. ATCHUTHAN: (*a*) Design is already prepared and the estimate is under preparation.

(*b*) No

(*c*) Yes.

(*d*) Yes.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*): On a point of order.

സർ, പല ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്ന് പലപ്പോഴായി വിപരീതമായ ഉത്തരങ്ങൾ കിട്ടുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഏതു ഉത്തരമാണു ശരിയെന്നു നിശ്ചയിക്കുന്നതെങ്ങനെ ?

MR. PRESIDENT: അതു് ഒരു പോയിന്റ് ഓഫ് ഓർഡർ ആകുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ ഇഷ്ടം പോലെ ഏതെങ്കിലും ഉത്തരം ശരിയെന്നു സ്വീകരിക്കാം.

MR. V. O. MARKOS: ഈ വർക്ക് എത്രനാളായി തുടങ്ങാതെ കിടക്കുന്നു എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അന്വേഷിച്ചില്ല.

MR. V. O. MARKOS: ഈ വർക്ക നടത്തുന്നതിന് മുമ്പു പറഞ്ഞതു പോലെ വല്ല തടസ്സവുമുണ്ടോ?

HON'BLE MR. A. ATCHUTHAN: ഇല്ല.

*Amount spent for carrying mails.*

247. MR. K. A. MUHAMMED (*Quilon IV—Muslim*): Will the Honourable Minister for Anchal be pleased to state:

(*a*) whether the Department is paying any amount to the Railway authorities for carrying Anchal articles from Shencottah to Trivandrum and from Trivandrum to Shencottah;

(*b*) the amount so paid; and

(*c*) the amount spent for carrying mails from Trivandrum to Kottayam and North Parur and vice versa?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) The amount paid annually to the Railway authorities for the transmission of Mails from Trivandrum to Shencottah and back is Rs. 9148-10-6.

(*c*) No payment is being made for carrying Mails from Kottarakara to North Parur and vice versa on the bus route. For any deviation to an Anchal Office from regular bus route, the Transport Department is being paid at the rate of annas 4 per mile. The total length of the deviations at Kottarakara, Thiruvella and Kottayam comes to 7 miles per day.

*Polluting Periyar river water.*

248. MR. PAUL THALIAT: Will the Honourable Minister for Public Health be pleased to state:

(a) whether the Government have received any complaints from the public of Varapuzha pakuthi in Parur taluk about their inability to use for drinking and bathing purposes the water of Periyar by the letting out to the river poisonous and dirty water by the authorities of the Fertilisers and Chemicals, Travancore, Ltd.;

(b) if the answer to (a) is in the affirmative, the dates on which the first and last complaints were received; and

(c) whether any action has been taken so far?

HON'BLE MR. G. RAMACHANDRAN: (a) Yes.

(b) 13-4-1947 and 16-6-1948 respectively; and

(c) Yes. Arrangements were made for representative samples of water from the river in the vicinity of the Company being collected at intervals of three months during the rainy season and every month during the summer months, namely, Makaram, Kumbhom, Meenom, Medom and analysed by the water Analyst attached to the Research Laboratory to ascertain the extent of pollution of the water. The results of the analysis revealed that the pollution is only transitory and not of a serious nature.

MR. PAUL THALIAT: സാനിട്ടറി സർക്കിൾ ആഫീസറോ, ഡിസ്ട്രിക്ട് ഹെൽത്താഫീസറോ ഈ വെള്ളം പരിശോധിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN I am not aware. The present analysis to which I refer was done by persons who are far more competent to do the work than the Government Officer.

MR. PAUL THALIAT: ഗവണ്മെന്റ് ഉദ്യോഗസ്ഥനാണോ, അതോ കമ്പനിയുടെ ഉദ്യോഗസ്ഥനാണോ ആരാണ് വെള്ളം പരിശോധിച്ചതും?

HON'BLE MR. G. RAMACHANDRAN: It is the Analyst attached to the Research Laboratory of the Public Health Department of the Travancore Government.

MR. PAUL THALIAT: ആ ഉദ്യോഗസ്ഥൻ ഈ സ്ഥലത്തുപോയി ഈ വെള്ളമാണോ പരിശോധിച്ചതു്, അതോ വേറെ വല്ല വെള്ളവുമാണോ?

HON'BLE MR. G. RAMACHANDRAN: The water examined was the water from the river collected from places mentioned in my answer, and due care has been taken to collect what is called "representative samples" of water.

*Outlet to Periyar River.*

249. MR. PAUL THALIAT: Will the Honourable Minister for Land be pleased to state.

(a) Whether any complaint has been received from the public of Eloor and other karas of Varapuzha pakuthi, Parur taluk about

the difficulty of getting an outlet to the Periyar river due to the acquisition of the river coast for a very long distance for the use of the Fertilisers and Chemicals, Travancore, Ltd., and

(*b*) If the answer to (a) is in the affirmative, whether any action has been taken?

HON'BLE MR. A. ATCHUTHAN: (a) No.

(b) Does not arise.

MR. PAUL THALIAT : യാതൊരു പരാതിയും കിട്ടിയില്ലെന്നാണോ മറുപടിയിൽനിന്നും മനസ്സിലാക്കേണ്ടതു് ?

HON'BLE MR. A. ATCHUTHAN: Yes.

MR. PAUL THALIAT : ഞാൻതന്നെ ഒപ്പിട്ട് ഒരു പരാതി അയച്ചിട്ടുണ്ടെന്നു് ധൈര്യമായി പറയാം.

HON'BLE MR. A. ATCHUTHAN : അതിനെപ്പററി അന്വേഷിക്കാം.

### ഒററിക്കാരെ ഇറക്കിവിടുന്ന പരാതികൾ.

260. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ഭൂമി ഉടമസ്ഥന്മാർ അവരിൽനിന്നും വസ്തുക്കൾ ഒററിയായി ഏററു ദീർഘകാലം അനുഭവിക്കുന്നവരെ ഇറക്കിവിടുന്നതിനുള്ള നടപടികൾ ധൃതിയായി സ്വീകരിച്ചുവരുന്നതായി ഗവൺമെൻറിനു് അറിവുണ്ടോ ? അതിനെപ്പററി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടികൾ എടുത്തിട്ടുണ്ടു് എന്നു സദയം പറയുമോ ?

HON'BLE MR. C. KESAVAN : ഇല്ല.

### *Acreage of Puduval Lands in Travancore.*

251. MR. SREE V. DAS (*Kalkulam I—Hindu Nadar Reserved*): கனம் ரெவனியூ மந்திரி அவர்கள் தயவுசெய்து கீழே காணும் கேள்விகளுக்கு பதில் அளிப்பார்களா?

(அ) திருவிதாங்கூரில் புதுவல் கிருஷி நிலங்களின் மொத்த ஏக்கர் எவ்வளவு?

(ஆ) தோவாளை, அகஸ்தீஸ்வரம், கல்குளம் தாலுகாக்களில் உள்ள புதுவல் கிருஷி நிலங்களின் மொத்த விஸ்தீரணம் என்ன?

HON'BLE MR. C. KESAVAN: (a) 28,053 acres 80·027 cents.

(b) 19,264 acres 47.277 cent.

### *Accommodation for Visitors in Government Offices.*

252. MR. R. K. RAM (*Agasteeswaram General*) : கீழ் குறிப்பிடும் கேள்விக்கு தயவு செய்து கனம் முதல் மந்திரி அவர்கள் பதில் அளிப்பாரா?

சர்க்கார் ஆபீஸ்களுக்கு வரும் காரியஸ்தர்களுக்கு, உட்கார வசதி செய்யப்பட்டு இருக்கிறதா ?

HON'BLE MR. A. THANU PILLAI : Yes, as far as possible.

### *Petrol.*

253. MR. MAJID MARIKAR (*Kunnathnad I—Muslim*): Will the Honourable Minister for Petrol Rationing be pleassd to state:

(*a*) the quanty of petrol alloted by the Government of India for the State for the three previous successive quarters of 1948, whether these allotments were made on the basis of the total number of vehicles run in the State and if so, the quantity so alloted per vehicle;

(*b*) whether the basis on which allotment is made by the Government of India is adhered to by the Travancore Government also in the matter of distribution of petrol;

(*c*) if not, why not; and

(*d*) if there is any deviation, the nature and extent of such deviation?

HON'BLE MR. A. ATCHUTHAN:

| | | |
|---|---|---|
| (a) | November 1947—January 1948 | 7,61,000 gallons |
| | Febuary 1948—April 1948 | 7,04,000 gallons |
| | May 1948—July 1948 | 6,60,000 gallons |

(b) Yes.

(c) This question does not arise in view of the answer to part (b)

(d) This question also does not arise in view of answer to part (b).

MR. P. T. CHACKO: ബസ്സുടമസ്ഥന്മാർക്ക് പെട്രോൾ കൊടുക്കുന്നതിൽ ഏതെങ്കിലും ബസ്സുടമസ്ഥന്മാർക്ക് പ്രത്യേകത വല്ലതും കാണിക്കുന്നുണ്ടോ ?

HON'BLE MR. A. ATCHUTHAN : അങ്ങനെ ഗവണ്മെൻറിനറിവില്ല.

MR. P. T. CHACKO: എല്ലാ ബസ്സുകൾക്കും ഒരേ തോതുവച്ചാണോ പെട്രോൾ കൊടുക്കുന്നത് ?

HON'BLE MR. A. ATCHUTHAN : ടണ്ണേജനുസരിച്ചു കൂടുതൽ കുറവുകാണും.

MR. P. T. CHACKO : എസ്സ്. എം. എസ്സ്. ബസ്സുകൾക്ക് മററു ബസ്സുകൾക്ക് കൊടുക്കുന്നതിനേക്കാൾ വളരെ കുറച്ചാണ് പെട്രോൾ കൊടുക്കുന്നതെന്ന് പരാതി കിട്ടിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അങ്ങനെ ഒരു പരാതി ഗവമ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

MR. MOHAMMED MUSTAFA : ട്രാൻസ്പോർട്ട ബസ്സുകൾക്കും പ്രൈവററു ബസ്സുകൾക്കും ഒരേ ടണ്ണേജ് ഉണ്ടായിരുന്നിട്ടും പെട്രോൾകൊടുക്കുന്നതിൽ വ്യത്യാസം കാണിച്ചിട്ടുള്ളതായി ഗവമ്മെന്റിനറിയാമോ ?

HON'BLE MR. A. ATCHUTHAN: അതേപ്പററി അന്വേഷിക്കുന്നതാണ്.

## *Petrol Rations.*

254. MR. MAJID MARIKAR : Will the Honourable Minister for Petrol Rationing be pleased to state :

(*a*) whether he is aware that a Memorandum has been submitted by the Travancore Lorry Owners Association regarding the meagre petrol rations allotted for public carrier vehicles and the inequities to petrol rationing ; and

(*b*) whether any action has been taken by the Government on that Memorandum ?

HON'BLE MR. A. ATCHUTHAN : (a) Yes

(b) Action has been taken on the Memorandum and increased quotas of petrol allotted to the lorry owners.

## നെല്ലെടുപ്പ്.

255. MR. P. NANOO (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

എ. നെല്ലെടുപ്പു സംഗതിയിൽ അതിൽ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു പരാതികൾ ഉണ്ടായിട്ടുണ്ടോ ?

ബി. വിശ്വസ്തന്മാരായ പാർട്ടിക്കാരന്മാരെയും മററു ജീവനക്കാരെയും മാത്രമേ നെല്ലെടുപ്പു ജോലിയിൽ ഏർപ്പെടുത്താൻ പാടുള്ളു എന്നു ഗവമ്മെന്റിൽനിന്നോ ഡിപ്പാർട്ടുമെന്റു മേലുദ്യോഗസ്ഥന്മാരിൽ നിന്നോ രേഖാമൂലം ഉള്ള ഉത്തരവുകളോ നിർദ്ദേശങ്ങളോ തഹശീൽദാർമാർക്കു കൊടുത്തിട്ടുണ്ടോ ?

[Mr. P. Nanoo.]

൩. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ നെല്ലെടുപ്പു ജോലിയിൽ ഏർപ്പെട്ടിരുന്നു എന്നു ഗവണ്മെൻറിനറിയാമോ?

൪. (എ) ഗവണ്മെൻറിൽനിന്നും വിലയ്ക്കു വാങ്ങുന്ന നെല്ല് വിൽപ്പനക്കാലം വരെ സൂക്ഷിക്കുന്നതിനു ഓരോ കാലത്തും ചിറയിൻകീഴ താലൂക്കിൽ എന്തു ചെലവു വന്നിട്ടുണ്ടു് ?

(ബി) ചെലവ് ആരുമുഖേന നടത്തുന്നു ?

൫. (എ) ഗവണ്മെൻറിൽനിന്നും വിലയ്ക്കു വാങ്ങുന്ന നെല്ല് ചെലവു ചെയ്യുമ്പോൾ ആ നെല്ലിൽ സൂക്ഷിപ്പുകാരനു വല്ല കിഴിവും അനുവദിക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എത്ര ?

(സി) ഈ കുറവിന്റെ പരിപൂർണ്ണ ആനുകൂല്യം എല്ലാം സൂക്ഷിപ്പുകാരും എടുക്കുന്നുണ്ടോ ?

HON'BLE MR. K. M. KORAH :

൧. ഉണ്ടു്.

൨. ഉണ്ടു്.

൩. അറിഞ്ഞുകൂടാ.

൪. (എ) ൧൧൨൨-ൽ, ൩൧൪൬ രൂപാ.

൧൧൨൩-ൽ, ൧൦൯൨ രൂപാ.

(ബി) ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന കീഴ് സിൽബന്തികൾ മുഖേന.

൫. (എ) ഉണ്ടു്.

(ബി) ഏററവും കൂടുതലായി രണ്ടുശതമാനംവരെ.

(സി) ഉണ്ടു്.

MR. P. NANOO : പരാതികൾ കിട്ടിയിട്ടുള്ളതിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : ഉണ്ടു്.

MR. P. NANOO : അതിൽ തഹശീൽദാരന്മാരിൽ ആരെങ്കിലും ഉൾപ്പെടുമോ ?

HON'BLE MR. K. M. KORAH : ഉൾപ്പെട്ടിട്ടില്ല.

MR. P. NANOO : വിശ്വസ്തന്മാരായ ഉദ്യോഗസ്ഥന്മാരെ ഈ ജോലികൾക്കായി ചുമതലപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്നു ഉത്തരത്തിൽ കാണുന്നു. എന്നാൽ വിശ്വസ്തന്മാരല്ലാത്ത ഉദ്യോഗസ്ഥന്മാരും ഇതിൽ പെട്ടിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. K. M. KORAH : അങ്ങനെ അറിവില്ല.

MR. P. NANOO : നെല്ലു സൂക്ഷിക്കുന്നതിനു് അറയും കുഴി കൊടുക്കേണ്ടതിലേക്ക് ഈ ചെലവു ചെയ്യേണ്ടതാവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ടു്.

MR. P. NANOO : അങ്ങനെ കൊടുക്കുന്ന തുക ആ സൂക്ഷിപ്പുകാർക്കു കിട്ടുന്നില്ലെന്നറിയാമോ ?

HON'BLE MR. K. M KORAH : അറിവില്ല.

MR. P. NANOO : ഈ സംഖ്യ ഇനിയെങ്കിലും താലൂക്കിൽനിന്നും കൊടുക്കുവാൻ ഏർപ്പാടുചെയ്യുമോ ?

HON'BLE MR. K. M. KORAH : അതിനെപ്പററി ആലോചിക്കാം.

MR. P. NANOO : പിരിവിനത്തിൽ കൊടുക്കേണ്ട എല്ലാ തുകകളും താലൂക്കാൽനിന്നു് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുമോ?

HON'BLE MR. K. M. KORAH : എല്ലാ തുകകളും കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നതു ചിലപ്പോൾ വിഷമകരമായിരിക്കും.

*Production of paddy.*

256. MR. K. R. ELANKATH (*Trivandrum IV—General*): Will the Honourable Minister for Agriculture be pleased to state:

(*a*) whether there is any data as to the production of paddy in the various taluks of the State, the quality of paddy produced in various kinds of soil etc., and

(*b*) whether there is any agency engaged in such works ?

HON'BEL MR. K. M. KORAH : (a) No,
(b) No.

MR. K. R. ELANKATH : ഏതിനത്തിലാണു പ്രതിവർഷം ഇതു കൂടുതൽ നെല്ലുകിട്ടുന്നു എന്നു കണക്കെടുക്കുന്നതു് ?

HON'BLE MR. K. M. KORAH : ഇപ്പോൾ എടുത്തുവരുന്നതു് പണ്ടത്തെ കണ്ടെഴുത്തുകാലത്തു് കിട്ടിയിട്ടുള്ള ഒരു ഡാററാ അനുസരിച്ചാണു്. അതു ശരിയല്ലെന്നു കണ്ടിട്ടാണു കണക്കെടുക്കുവാൻ ഒരു പ്രൊഡക്ഷൻ സ്റ്റാഫിനെ ഏർപ്പെടുത്തിയതു്.

MR. K. R. ELANKATH : ബി-യിൽ ചോദിച്ചിരിക്കുന്ന പ്രകാരം ഒരു ഏജൻസിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

HON'BLE MR. K. M. KORAH : പ്രൊഡക്ഷൻ സ്കീംഫണ്ടുള്ളതുകൊണ്ടു പ്രത്യേകം ഒരു ഏജൻസി വേണമെന്നു തോന്നുന്നില്ല.

*Pattini thodu.*

257. MR. ALEXANDER VAKAYIL (*Parur II—Latin Catholic*) : Will the Honourable Minister for Public Works be pleased to state:

(*a*) Whether the Government are aware of the serious inconvenience and hardship caused to boat journey through the Pattini thodu in the Parur taluk;

(*b*) if so, will the Government see to the widening and deepening of this canal which leads to the Parur town; and

(*c*) has any amount been sanctioned for this purpose?

HON'BLE MR. A. ATCHUTHAN : (a) Yes
(b) Yes.
(c) Yes.

MR. ALEXANDER VAKAYIL : എത്ര സംഖ്യയാണു് ഇതിൽ കൊള്ളിച്ചിരിക്കുന്നതെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : മൂവായിരം രൂപാ.

MR. ALEXANDER VAKAYIL : ഏതു കൊല്ലത്തെ ബഡ്ജററിലാണു കൊള്ളിച്ചിരിക്കുന്നതു്?

HON'BLE MR. A. ATCHUTHAN : ഈ കൊല്ലത്തെ ബഡ്ജററിൽ.

MR. PAUL THALIAT : കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ൭,൦൦൦ രൂപാ ഈ പണിക്കുവേണ്ടി നീക്കിവച്ചതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : ൪,൨൦൦ രൂപാ നീക്കിവച്ചിരുന്നു.

MR. PAUL THALIAT : ഈ സംഖ്യ മുഴുവൻ ൧൧൨൩-ൽ ചെലവു ചെയ്യുമോ?

HON'BLE MR. A. ATCHUTHAN : ഇല്ല. ചെലവുചെയ്യുന്ന തുകയാണു് ൩,൦൦൦ രൂപാ എന്നു ഞാൻ പറഞ്ഞതു്.

MR. ALEXANDER VAKAYIL : ഈ പണി എന്നു പൂർത്തിയാക്കാമെന്നാണു ഗവണ്മെൻറു കരുതുന്നതു്?

HON'BLE MR. A. ATCHUTHAN : വേനൽകാലത്തുമാത്രമെ തോടു കുഴിക്കുവാൻ സാധിക്കുകയുള്ളു. അതിനാൽ കൺട്രാക്ടർമാർ ആരും മുൻപോട്ടു വന്നില്ല. അതുകൊണ്ടാണു പണിക്കു താമസം നേരിട്ടതു്.

### *Control of Tamarind pulp.*

258. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*): Will the Honourable Minister for Export and Import be pleased to state whether the Government have any idea to lift the control of tamarind pulp being sent to outside without permit?

HON'BLE MR. K. M. KORAH. No conserving the local production of tamarind pulp is necessary to meet the internal demand until surplus stock becomes available.

### *Lift Irrigation.*

259. MR. R. CHELLASWAMI NADAR: Will the Honourable Minister for Land be pleased to state:

(*a*) whether the Government have considered the possibility of introducing lift irrigation schemes in Neyyattinkara and Vilavancode taluks; and

(*b*) if so, the time the Government will take for introducing it?

HON'BLE MR. K. M. KORAH: (*a*) There is no lift irrigation scheme under contemplation for Vilavancode Taluk at present. A scheme for lift irrigation at Vellayani in Neyyattinkara taluk, is under investigation.

(*b*) This can be decided only after the investigation is completed.

### റേഷൻപദ്ധതിയും നെല്ലെടുപ്പുപദ്ധതിയും.

260. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

റേഷനിംഗ് പദ്ധതിയും നെല്ലെടുപ്പുപദ്ധതിയും ഒരു ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ കൊണ്ടുവരുന്നതിനും ചെലവു കുറയ്ക്കുന്നതിനും ഗവണ്മെന്റ തീരുമാനിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH: ഇല്ല.

### *Trivandrum-Cape Road.*

261. MR. P. THANULINGOM NADAR (*Agasteeswaram Hindu Nadar Reserved*): கனம் பொது மராமத்து மந்திரி கீழ் குறிப்பிட்டிருக்கும் கேள்விகளுக்கு தயவு செய்து பதில் தருவார்களா?

1. (a) திருவனந்தபுரம்—கன்னியாகுமரி கடற்கரை ரோடு வெட்டப்படுமா?

(b) அது சம்பந்தமாய் என்னவெல்லாம் நடந்திருக்கிறது?

HON'BLE MR. A. ATCHUTHAN: (a) Yes.

(b) Preliminary detailed investigalion and estimating.

### *Electric Power for Lift Irrigation.*

261. MR. P. KUNJUKRISHNAN (*Quilon II—General*): Will the Honourable Minister for Electricity be pleased to state whether they have any scheme to start lift irrigation in Ithicara, Chathannoor and other adjoining areas, in view of the proximity of electric supply and in view of the peculiar conditions necessitating lift irrigation in those areas?

HON'BLE MR. K. M. KORAH: Yes.

### അരിവില.

268. MR. MOHAMMED MUSTAFA: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

(എ) അരിവില ചില പ്രത്യേക വ്യവസ്ഥകളിന്മേൽ വീണ്ടും വർദ്ധിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ആ വ്യവസ്ഥകൾ?

(ബി) മുസ്‌ലിം പള്ളികൾക്ക റംസാൻ പ്രമാണിച്ച് വിതരണം ചെയ്തുവരുന്ന അരിക്ക് ചാക്കൊന്നിന ഗവണ്മെന്റ് എന്തു വിലയാണ് ഈടാക്കുന്നത്?

HON'BLE MR. K. M. KORAH: (എ) സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതും പ്രത്യേക ആവശ്യങ്ങൾക്കും വിശേഷങ്ങൾക്കും കൊടുക്കുന്നതുമായ അരിയുടെ വില ഫൈ—സ—ഫർക്കവ് മുതൽ ഗവണ്മെന്റ ഗോഡൌണിൽനിന്നും വാങ്ങിക്കുന്നതായ നൂററിഅറുപത്തു റാത്തൽ തൂക്കമുള്ള ചാക്കൊന്നിന് നാല്പത്തേഴു രൂപയായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതേവിലതന്നെ.

MR. MOHAMMED MUSTAFA: ഈ വില ക്ലിപ്തപ്പെടുത്തിയിരിക്കുന്നത് സിവിൽസപ്ലൈസ് കമ്മീഷണരാണോ ഗവണ്മെന്റാണോ?

HON'BLE MR. K. M. KORAH: ഗവണ്മെന്റ്.

MR. K. A. MATHEW: സ്ഥാപനങ്ങൾ എന്നു പറയുന്നത് ഏതെല്ലാമാണ്?

HON'BLE MR. K. M. KORAH : ഹോസ്പിററൽസ്, സ്റ്റോറ് ഹൌസസ്സ്, പോലീസ്, റസ്റ്റോറൻസ് ബോർഡിങ്ങ് ഹൌസസ്സ്, മുതലായവയാണ്.

MR. K. A. MATHEW : ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങൾ അല്ലാത്തവയിൽനിന്നും കൂടുതൽ വില ഈടാക്കുന്നതു് തെററാണെന്നു് അറിയാമോ ?

HON'BLE MR. K. M. KORAH : ഗവൺമെൻറ് ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെക്കുറിച്ചു് ആലോചിക്കാം.

MR. K. A. MATHEW : ഇതിനെക്കുറിച്ചു് ഏതെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : കിട്ടിയതായി അറിവില്ല.

MR. MOHAMMED MUSTAFA : ഈ സ്ഥാപനങ്ങളിൽ പള്ളികളും ഉൾപ്പെടുമോ ?

HONB'LE MR. K. M. KORAH : ഇല്ല.

MR. MOHAMMED MUSTAFA : പള്ളികൾക്കു് കൊടുക്കുന്ന അരിക്കും ഈ വില ഈടാക്കീട്ടുള്ളതായി അറിയാമോ ?

HONB'LE MR. K. M. KORAH : അതിനെക്കുറിച്ചു അന്വേഷിക്കാം.

MR. MOHAMMED MUSTAFA : രേഖാമൂലം ഈ സംഗതി ഗവൺമെൻറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അതിനെക്കുറിച്ചു് നടപടി നടത്താമോ?

HON'BLE MR. K. M. KORAH : അങ്ങനെ കൊണ്ടുവരുമ്പോൾ അതിനെപ്പററി ആലോചിക്കാം.

MR. K. A. MATHEW : ഈ വിഷയത്തെപ്പററി ഞാൻതന്നെ ഇതിനു മുമ്പു നിവേദനം നടത്തീട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. M. KORAH : അറിവില്ല. എന്നാൽ അന്വേഷിക്കാം.

*Jenmikaram.*

263. MR. P. NANOO : Will the Honourable Minister for Land be pleased to state the actual or approximate annual expense met by the Government for collecting jenmikaram ?

HON'BLE MR. C. KESAVAN : Rs. 51,587 approximately.

MR. K. A. MUHAMMED : ഇതിൽ ഗവൺമെൻറിൽ നിന്നും എടുക്കുന്ന കമ്മീഷൻ എന്താണ് ?

HON'BLE MR. C. KESAVAN : ഗവണ്മെൻറിൽനിന്നും അങ്ങനെ കമ്മീഷനായിട്ടൊന്നും എടുക്കുന്നില്ല. ചെലവായതുപോയിട്ടു ബാക്കിയെ എടുക്കുന്നുള്ളു.

MR. P. NANOO : ചെലവ് ഏതിനങ്ങൾക്കാണ് ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതെന്നറിയാമോ ?

HON'BLE MR. C. KESAVAN : പ്രോറേറ്റും അനുസരിച്ചുള്ള എല്ലാം ചെലവും ഉൾപ്പെടും.

## നെൽ കൃഷി.

264. MR. P. K. KUMARAN ASARI (*Meenachil I—Kammala Reserved*): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) കരപ്പാടങ്ങളിൽ നെൽ കൃഷി വളരെ മോശമാകുന്നതിൻെറ കാരണം വെള്ളത്തിൻേറയും വളത്തിൻേറയും ദൗർല്ലഭ്യം കൊണ്ടോ മററു വല്ല കാരണങ്ങളാലോ ആണോ എന്നു ഗവണ്മെൻറിൽനിന്നു അന്വേഷണം ചെയ്തിട്ടുണ്ടോ ?

(ബി) അപ്രകാരമുള്ള പാടങ്ങൾക്കു സമീപം വളം ഡിപ്പോകൾ സ്ഥാപിക്കുന്നതിനുള്ള വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

HON'BLE MR. K. M. KORAH : (*a*) കരപ്പാടങ്ങളിൽ നെൽ കൃഷി മോശമാകുന്നതിനുള്ള കാരണം മിക്കവാറും വെള്ളത്തിൻേറയും വളത്തിൻെറയും ദൗർലഭ്യം തന്നെയാണ്.

(ബി) അപ്രകാരമുള്ള സ്ഥലങ്ങളിൽ വളം ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്. മററു സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

MR. P. K. KUMARAN ASARI : വെള്ളത്തിൻെറ ദൗർലഭ്യംകൊണ്ട് വൈഷമ്യം ഉണ്ടാകുന്ന കരപ്പാടങ്ങളെ റ്റ്യൂബ്ബുവഴി പമ്പു ചെയ്തു് ജലസൗകര്യം നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാമോ ?

HON'BLE MR. K. M. KORAH : ആ കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കാം.

MR. P. K. KUMARAN ASARI : എവിടെയെല്ലാം ഇങ്ങനെ സംഭവിക്കുന്നുവെന്ന് അന്വേഷിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : അന്വേഷിക്കുന്നുണ്ട്.

*Documents registered in the Monkompu Registry Office.*

265. MR. ALEXANDER VAKAYIL : Will the Honourable Minister for Registration be pleased to state:

(a) what is the minimum output of work required for a Sub-Registry Office in a year; and

(b) what is the number of documents registered in the Monkompu Registry Office in the years 1118-1123 Mithunam?

HON'BLE MR. C. KESAVAN : (a) There is no hard and fast rule in the matter.

| | | | |
|---|---|---|---|
| (b) | 1118 | — | 1911 |
| | 1119 | — | 1641 |
| | 1120 | — | 1496 |
| | 1121 | — | 1478 |
| | 1122 | — | 1572 |
| | 1123 up to Mithunam end | | 1349. |

MR. ALEXANDER VAKAYIL : ഈ രജിസ്റ്റർ ആഫീസ് ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഈ ആണ്ടവസാനംവരെ പ്രവർത്തനം നടത്തുന്നതാണ്.

## മണ്ണെണ്ണ.

266. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

തിരുവിതാംകൂറിനു മാസത്തിൽ എത്ര ടിൻ മണ്ണെണ്ണ ലഭിക്കുന്നു? താലൂക്കുതോറും അതെന്തടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടുന്നു ?

HON'BLE MR. A. THANU PILLAI : There is no fixed monthly quota of kerosene oil. The quota varies every month. The sanctioned quota for each month is proportionately distributed on the basis of ration cards.

MR. ABDUL MAJEED : മണ്ണെണ്ണ വിതരണത്തിൽ വലിയ അനീതികളും ആക്ഷേപങ്ങളും ഉണ്ടെന്നുള്ള കാര്യം ഗവണ്മെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : അങ്ങനെ ഉള്ളതായി അറിഞ്ഞുകൂടാ. എന്നാൽ ചില പരാതികൾ ഉണ്ട്. കഴിയുന്നതും ശരിയായി വിതരണം ചെയ്യുന്നതിനു നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

MR. ABDUL MAJEED : ചിറയിൻകീഴ് താലൂക്കിന് കൊടുക്കുന്ന മണ്ണെണ്ണയിൽ ഭൂരിഭാഗവും അധികാരികൾ മോഷ്ടിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

HON'BLE MR. A. THANU PILLAI : തെളിവു തരാമെങ്കിൽ കർശനമായ നടപടി നടത്താം.

## ചവറ മിനറൽസ് വർക്കേഴ്സ് ബോണസ്സുകാര്യം.

267. MR. K. SARANGADHARAN (*Ambalapuzha II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചവറ മിനറൽവർക്കേഴ്സിന്റെ ബോണസുകാര്യം തീരുമാനിക്കുന്നതിനുകൂടിയ ത്രികക്ഷിസമ്മേളനത്തിൽ സംബന്ധിക്കുവാൻ തൊഴിലാളിപ്രതിനിധികളെ ക്ഷണിച്ചില്ലെന്നുള്ള മിസ്റ്റർ ശ്രീകണ്ഠൻനായരുടെ ആരോപണം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഈ ആരോപണത്തിൽ വാസ്തവമുണ്ടോ ?

HON'BLE MR. T. M. VARGHESE : (*a*) തൊഴിലാളിപ്രതിനിധികളായ മി. ശ്രീകണ്ഠൻനായരും മി. ബേബിജോണും ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. നിശ്ചയപ്രകാരമുള്ള ബോണസ് ചില കമ്പനികളിൽ കൊടുത്തിട്ടുണ്ട്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ഏതു കമ്പനിയിൽ കൊടുത്തിട്ടുണ്ട്.

HON'BLE MR. T. M. VARGHESE : Hopkins and Williams-ലും മററു ചില കമ്പനികളിലും കൊടുത്തിട്ടുണ്ട്.

(*b*) There is no truth in the allegation, if it has been made.

*Chitty Act of 1120.*

268. MR. K. A. MUHAMMED: Will the Honourable Minister for Registration be pleased to state:

(*a*) whether the Honourable Minister is aware that there are many flaws in the actual working of the Chitty Act of 1120; and

(*b*) whether the Honourable Minister intends to amend the Act in the near future?

HON'BLE MR. C. KESAVAN: (*a*) Certain defects have been observed.

(*b*) The question of amending the Chitties Act is under consideration.

*Files of the Tiruvalla Taluk Rationing Office.*

269. MR. K. S. JOSEPH (*Tiruvalla VI—General*): Will the Honourable Minister for Food be pleased to state:

(*a*) whether certain files of the Thiruvalla Taluk Rationing Office were discovered to be missing early this year;

(*b*) if so, whether these files have since been recovered;

(*c*) whether house searches of certain respectable persons—Congressmen—were made in this connection;

(*d*) if so, whether any of the files were thus recovered;

(*e*) at whose instance the searches were made;

(*f*) who were responsible for the custody of these files; and

(*g*) what steps if any were taken against such custodians?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) Certain files of the Thiruvalla Taluk Rationing Office were discovered to be missing. These files have not yet been recovered.

(*c*) The houses of Mr. Chacko Puthicote and Mr. Joseph Kaniyanthra are reported to have been searched.

(*d*) No files were thus recovered.

(*e*) The searches were made by the Police at the instance of the Tahsildar.

(*f*) The section clerks were responsible for the custody of the files.

(*g*) The clerks and the peon concerned have been transferred from that office. The matter is still under Police investigation.

MR. K. R. ELANKATH: സ്ഥലം മാററം ഒരു ശിക്ഷയാണോ?

HON'BLE MR. K. M. KORAH. പ്രത്യേകം ചില കേസുകളിൽ അതു് ശിക്ഷയായിരിക്കും.

*Areas fit for paddy cultivation.*

270. MR. E. P. PAULOSE (*Moovattupuzha III—General*): Will the Honourable Minister for Land be pleased to state:

(*a*) whether Government are aware that there are extensive areas fit for paddy cultivation in Kanthalloor pakuthy in Devicolam taluk;

[Mr. E. P. Paulose.]

(*b*) whether Government have received representations from the public offering to settle down there and cultivate the areas provided Government make it available for cultivation ; and

(*c*) whether any action has been taken on it?

HON'BLE MR. C. KESAVAN : (*a*) Yes,

(*b*) No.

(*c*) In view of the answer to part (b) this question does not arise.

അരിവിലയുടെ വർദ്ധനവു.

271. MR. MANNAR GOPALAN NAIR (*Thiruvalla I—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

അരിവില കൂടിയതുനിമിത്തം സാധുക്കളായിട്ടുള്ളവർ യൂണിററു മുഴുവൻ വാങ്ങുന്നില്ലെന്നുള്ള വിവരം ഗവർമെൻറിനറിയാമോ?

HON'BLE MR. K. M. KORAH : അറിയാം. സാധുക്കളായ ചില കാർഡുടമസ്ഥന്മാർ മുമ്പും മുഴുവൻ യൂണിററും വാങ്ങിക്കാതിരുന്നിട്ടുണ്ടു ?

MR. MANNAR K. GOPALAN NAIR : അങ്ങനെ വാങ്ങിക്കാതിരുന്നിട്ടുള്ളതു് പണം ഇല്ലാത്തതിട്ടാണോ?

HON'BLE MR. K. M. KORAH : അതുംകൂടിയാണു്.

റേഷൻ അളവു്.

272. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

റേഷൻ കടക്കാർക്കു നൽകിയിട്ടുള്ള ഇപ്പോഴത്തെ താപ്പും മുമ്പിലത്തെ താപ്പും തമ്മിൽ അളവിനു വല്ല വ്യത്യാസവുമുണ്ടോ?

HON'BLE MR. K. M. KORAH : റേഷൻ കടക്കാർക്കു കൊടുത്തിട്ടുള്ള ഇപ്പോഴത്തെ താപ്പും മുമ്പിലത്തെ താപ്പും തമ്മിൽ അളവിനു് വ്യത്യാസം ഒന്നും ഇല്ല.

*Conservator of Forests.*

273. MR. T. K. NARAYANA PILLAI (*Parur II-General*) : Will the Honourable Minister for Forests be pleased to state

(*a*) whether the Conservator of Forests is still suffering from caries bone (Tuberculosis of the spine);

(*b*) if so what was the idea in allowing a sick invalid having a defective spine to join duty;

(*c*) whether he was directed to appear before the Medical Board;

(*d*) and if so, what was their opinion;

(*e*) if the opinion of the Medical Board was in the negative or if they have uot expressed any definite opinion or that they have reserved their opinion for a future date how he was admitted to duty before the expiry of such period; and

(*f*) whether it is the opinion of the present Govenrment that a defective spined sickly superannuated person is more efficient than an officer who has vast experience in this department?

**HON'BLE MR. C. KESAVAN**: (a) to (f) The Conservator of Forests on return from long leave was asked to appear before the Medical Board for a certificate of fitness to re-join duty. On the recommendation of the Board he was allowed to join duty pending further examination after a period of three months which will elapse on 1-1-1124.

**MR. T. K. NARAYANA PILLAI**: മെഡിക്കൽ ബോർഡിൽനിന്നും അദ്ദേഹത്തിനു സർട്ടിഫിക്കററു എന്തെങ്കിലും കൊടുത്തിട്ടുണ്ടോ?

**HON'BLE. MR. C. KESAVAN**: ഉണ്ടു്.

**MR. T. K. NARAYANA PILLAI**: ഡാക്ടറന്മാരുടെ പേരുവിവരം പറയാമോ?

**HON'BLE. MR. C. KESAVAN**: ഡാക്ടറന്മാർ പ്രത്യേകിച്ചല്ല കൊടുത്തതു്. മെഡിക്കൽ ബോർഡിൽനിന്നാണു കൊടുത്തതു്.

**MR. T. K. NARAYANA PILLAI**: രണ്ടാമതു എന്നു അപ്പിയർ ചെയ്യണമെന്നു പറഞ്ഞിട്ടുണ്ടു്?

**HON'BLE. MR. C. KESAVAN**: ഫെഫവർ ചിങ്ങം ഫ-ാംനു-

**MR. T. K. NARAYANA PILLAI**: അതിന്റെ കാരണം എന്താണു്?

**HON'BLE MR. C. KESAVAN**: സുഖക്കേടിന്റെ രീതിനോക്കിയാൽ അതു ഇപ്പോഴും ശമിച്ചിട്ടുണ്ടെന്നു കാണുന്നു. എന്നാൽ അതു പെട്ടെന്നു മാറാവുന്നതാണു്. അതുകൊണ്ടു ഒരിക്കൽക്കൂടി പരിശോധിച്ചുകഴിഞ്ഞിട്ടു ഫൈനൽ ആയിട്ടു സർട്ടിഫിക്കററു കൊടുക്കാമെന്നാണു് ഡാക്ടറന്മാരുടെ പക്ഷം.

**MR. T. K. NARAYANA PILLAI**: അദ്ദേഹത്തിനു ഇപ്പോഴും ജോലിയിൽ പ്രവേശിക്കുന്നതിനു തക്ക ആരോഗ്യമുണ്ടോ?

**HON'BLE MR. C. KESAVAN**: ഉണ്ടു്.

**MR. T. A. ABDULLA** (*Ambalapuzha I—Muslim*): മെഡിക്കൽ ബോർഡിൽ ഇപ്പോഴും പെൻഷൻപററി പിരിഞ്ഞുപോയ സർജൻ ജനറൽ ഉണ്ടായിരുന്നോ?

**HON'BLE MR. C. KESAVAN**: ഉണ്ടായിരുന്നു, അദ്ദേഹമാണു് ആ ബോർഡിന്റെ ചെയർമാൻ.

MR. T. A. ABDULLA : ആ സർജൻ ജനറൽ അദ്ദേഹം പെൻഷൻപററുന്നതിനു തലേദിവസമാണ് ഈ സർട്ടിഫിക്കററു കൊടുത്തതു് എന്നുള്ള വിവരം അറിയാമോ?

HON'BLE MR. C KESAVAN : അറിഞ്ഞുകൂടാ.

MR. P. T. CHACKO കൺസർവേററക്ക് കാട്ടിലേക്കുപോയാൽ ഇപ്പോഴത്തെ അദ്ദേഹത്തിൻെറ സ്ഥിതി അനുസരിച്ചു ഇടത്തോട്ടോ വലത്തോട്ടോ തിരിയാൻ സാധിക്കയില്ലെന്നറിയാമോ?

HON'BLE MR. C. KESAVAN : അദ്ദേഹം നേരെതന്നെ നടക്കുന്നുണ്ടു്.

## ചെറുകൃഷിക്കാരുടെ വിഷമം.

274. MR. N. P. VARGHESE (*Muvattupuzha I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം ഉത്തരം നൽകുമോ?

(എ) ചെറുകൃഷിക്കാർ ഉണ്ടാക്കുന്ന വിളവിൽ ഭൂരിഭാഗവും സർക്കാരിലേക്കു കൊടുത്തിട്ടു പിന്നീടു പത്തുമാസവും റേഷനും കരിഞ്ചന്തയിലും വാങ്ങി ജീവിക്കുകയാണെന്നു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) അതിനാൽ ൫ ഏക്കറിൽ താഴെമാത്രം നെൽകൃഷി ചെയ്യുന്നവരോടു സെററിൽമെൻറുപോലും വാങ്ങരുതെന്നു നിർദ്ദേശം കൊടുപ്പാൻ ബഹുമാനപ്പെട്ട മന്ത്രിക്കു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : ചെറു കൃഷിക്കാരുണ്ടാക്കുന്ന വിളവിൽ ഭൂരിഭാഗവും സർക്കാരിനു കൊടുക്കുന്നുണ്ടോ എന്നറിവില്ല.

(ബി) ഇതേസംബന്ധിച്ചു് ഗൗനിക്കുന്നതാണ്.

MR. N. P. VARGHESE : പത്തോ ഇരുപതോ സെൻറുമാത്രം നിലമുള്ള ചെറുകൃഷിക്കാർക്കു അതിൽനിന്നും ആദായം ഒന്നും കിട്ടുകയില്ലെന്നറിയാമോ?

HON'BLE MR. K. M. KORAH : അങ്ങനെ കൃഷിക്കാർ ഉള്ളതായിട്ടറിവില്ല.

MR. N. P. VARGHESE : അവർക്ക് നെല്ലല്ലാതെ വേറെ ആദായമാർഗ്ഗം ഒന്നും ഇല്ലെന്നറിയാമോ?

HON'BLE MR. K. M. KORAH : അതിനെസംബന്ധിച്ചു സൂക്ഷ്മമായി അറിയാൻ പാടില്ല. ചിലപ്പോൾ അങ്ങനെ ആയിരിക്കാം.

## നെല്ലുവിലയിൽ ഐകരൂപ്യം വരുത്തേണ്ട ആവശ്യം.

275. MR. N. P. VARGHESE: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

എ. കൃഷിക്കാരുടെ പക്കൽനിന്നും പറയ്ക്ക് 2 രൂപാ വില വച്ചു ഗവണ്മെൻറ് എടുത്ത നെല്ല് ഇപ്പോൾ 3 രൂപ വച്ചു കച്ചവടക്കാർ വിൽക്കുന്നത് ഒരു പ്രത്യേക കരം കൃഷിക്കാരനോട് ഈടാക്കുന്നതിന് തുല്യമാകുന്നു എന്ന് ബഹു: ഭക്ഷ്യവകുപ്പ് മന്ത്രിക്കറിയാമോ?

ബി. മേൽപ്രകാരം വില വ്യത്യാസമുള്ളതു കരിഞ്ചന്ത വർദ്ധിക്കാൻ സൗകര്യം കൊടുക്കുകയാണെന്ന് ബഹു. മന്ത്രിക്കറിയാമോ?

സി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കരിഞ്ചന്ത ഇല്ലാതാക്കുന്നതിനും വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും തമ്മിൽ ഐകരൂപ്യം വരുത്തേണ്ടതാവശ്യമാണെന്ന് ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH: എ. റേഷൻ അരിയും നെല്ലും ഉപഭോക്താക്കൾക്ക് ഒരേ രീതിയിലുള്ള വിലയ്ക്ക് കിട്ടത്തക്ക നിലയിൽ വില്പനവില സമപ്പെടണമെന്നുള്ളതാണ്, നെല്ലിൻെറ വില്പനവില (ഗോഡൌണിൽ) പറ ഒന്നിന് മൂന്നുരൂപായായി കണക്കാക്കപ്പെട്ടതിയതിൽ ഗവണ്മെൻറിൻെറ ഉദ്ദേശം. അല്ലാതെ കൃഷിക്കാരുടെ മേൽ ഒരു പ്രത്യേക കരം ചുമത്തണമെന്നല്ല.

ബി. അറിഞ്ഞുകൂടാ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന അന്തരാർത്ഥം ഗവണ്മെൻറ് അംഗീകരിക്കുന്നില്ല.

സി. ഉൽപാദകന് തൻെറ നെല്ലിന് ന്യായമായ വില കിട്ടണമെന്നും ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം അരിയുടെയും നെല്ലിൻെറയും വില്പനവിലയിൽ വ്യത്യാസം ഉണ്ടായിരിക്കരുതെന്നും മാത്രമേ ഗവണ്മെൻറിന് ആകാംക്ഷയുള്ളു.

## സെററിൽമെൻറു പാട്ടം അളവു.

276. MR. N. P. VARGHESE: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

എ. പാർവത്യകാർ നെല്ല് അളന്നെടുക്കുമ്പോൾ ക്രമാതീതമായി പൊലി ഇടുന്നതുകൊണ്ട് പറയ്ക്ക് രണ്ടുനാഴിവച്ചു കൃഷിക്കാരനും,

[Mr. N. P. Varghese]
അളന്നു കച്ചവടക്കാരനു കൊടുക്കുമ്പോൾ പറയ്ക്കു് രണ്ടുനാഴിവച്ചു കച്ചവടക്കാരനും നഷ്ടംനേരിടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ബി. ഇപ്രകാരം വാങ്ങുകയും കൊടുക്കുകയും ചെയ്തശേഷം അളവുവാശി എന്ന പേരിൽ പാർവത്യകാർ നൂറക്ക് ഒന്നും രണ്ടും വീതം കുറവെഴുതി എടുക്കുന്നുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

സി. നെല്ലിന്റെ ഗുണം, ഘടന ഇവ നോക്കാതെ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതുകൊണ്ടു റേഷൻ നെല്ലിൽ പത്തിന് ൧-ം, ൨-ം വീതം ഉപയോഗശൂന്യമായ പതിരാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഡി. ഇപ്രകാരമുള്ള നഷ്ടങ്ങൾ വരാതെയിരിക്കുന്നതിനുവേണ്ടി നെല്ലു തൂക്കിവാങ്ങുകയും കൊടുക്കുകയും ചെയ്യണമെന്ന് ഒരു നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : എ. അറിഞ്ഞുകൂടാ.

ബി. അളവുവാശി എടുക്കുന്നില്ല. എന്നാൽ ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണക്കുകുറവുനിമിത്തം ഏകദേശം രണ്ടുശതമാനത്തോളം വകവച്ചു കൊടുക്കാറുണ്ട്.

സി. ഇല്ല.

ഡി. ആലോചിക്കുന്നതാണു.

## റൈസ്മില്ലുകൾ.

277. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

നെല്ലുകുത്തി കിട്ടുന്നതിന് കൂലിക്കാരെ കിട്ടുന്നതിനുള്ള വിഷമത പരിഗണിച്ച് റൈസ്മില്ലുകൾ നടത്തുന്നതിനു അനുവാദം കൊടുക്കുന്നതിന് പ്രധാനമന്ത്രിക്കു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : ഭക്ഷ്യക്ഷാമം ബാധിച്ചപ്പോഴാണു നെല്ലു കൈകൊണ്ടു കുത്തി എടുക്കുന്നതുമൂലം കൂടുതൽ അരി കിട്ടുമെന്നും ആ അരി കൂടുതൽ പോഷകാംശമായിരിക്കുമെന്നും ഉള്ള കാരണങ്ങളെ അടിസ്ഥാനമാക്കി മില്ലുകൾമുഖാന്തരം നെല്ലുകുത്തുന്നതിനെ നിരോധി

ച്ചത്. ഭക്ഷ്യനിലയ്ക്ക് സ്ഥിരമായ അഭിവൃദ്ധിയുണ്ടാകുന്നതിന്റെ നിശ്ചിതമായ ലക്ഷണങ്ങൾ യാതൊന്നും ഇതേവരെ കാണുന്നില്ലാത്തതുകൊണ്ട് യന്ത്രംവഴി നെല്ലുകുത്തുന്നതിന്റെ നിരോധനം നീക്കുന്ന പ്രശ്നം അതിസൂക്ഷ്മമായി പരിശോധിച്ചതിനു ശേഷമേ ഈ വിഷയത്തിൽ എന്തെങ്കിലും ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ നിർവാഹമുള്ളൂ.

## കൃഷിയാവശ്യത്തിനുള്ള ക്രൂഡായിൽ.

278 MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): താഴെപ്പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

കുട്ടനാട്ടിലെ കൃഷിയാവശ്യത്തിനു വേണ്ട ക്രൂഡായിൽ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവണ്മെന്റ് എടുത്തിട്ടുണ്ടോ?

MR. PRESIDENT: ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിലേക്കുള്ള ഡിമാന്റ് അവതരിപ്പിക്കുന്നതിനായിട്ട് മി. സി. കേശവനെ ക്ഷണിച്ചുകൊള്ളുന്നു.

MR. KANNARA GOPALA PANICKER (*Thiruvalla II—General*): സർ, ഒരു പായിന്റ് ഓഫ് ആർഡർ. മോഷൻ അവതരിപ്പിച്ചു അതിനെപ്പറ്റി ചർച്ചചെയ്യുന്നതിന് ഒരു പരിമിതമായ സമയമേ നമുക്കനുവദിച്ചിട്ടുള്ളൂ. അതുകൊണ്ടു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു കഴിഞ്ഞാൽ മെഡിക്കലും പി. ഡബ്ളിയു. ഡി-യും അതു കഴിഞ്ഞു ഇൻകം ടാക്സും എടുത്താൽ മതിയെന്നാണ് എന്റെ അപേക്ഷ.

MR. PRESIDENT: ഇത് സഭയുടെ തീരുമാനത്തിനു വിട്ടുകൊടുക്കേണ്ട കാര്യമാണ്, ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായം സഭ സ്വീകരിക്കുന്നെങ്കിൽ എനിക്കതിൽ അഭിപ്രായവ്യത്യാസമില്ല.

MR. A. P. UDAYABHANU (*Karunagapally II—General*): Constant reshuffling is very inconvenient for the purpose of discussion

The puestion was put and lost and the Demand for Income Tax Department was taken up for consideration.

## FINANCIAL BUSINESS.

### DEMANDS FOR GRANTS.

### *Demand V—Taxes on Income.*

HON'BLE MR. G. KESAVAN: സർ, ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിലേക്ക് ൩,൫൭,൩൨൩ രൂപാ അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

MR. N. V. CHACKO (*Kunnathunad III—General*): ഒരു പോയിൻറ് ഓഫ് ഓർഡർ. ഉപക്ഷേപം അയച്ചിട്ടുള്ളവക്കു മാത്രമെ അതിനെപ്പററി സംസാരിക്കാനുള്ള സമയം കൊടുക്കുന്നുള്ളു. എന്നാൽ ഏതെങ്കിലും മെമ്പറന്മാർക്കു വല്ല അഭിപ്രായവും ആ ഉപക്ഷേപത്തിന്മേൽ രേഖപ്പെടുത്താനുണ്ടെങ്കിൽ ഒരു പരിമിതമായ സമയം അവർക്കുകൂടി അനുവദിച്ചാൽ കൊള്ളാം.

MR. PRESIDENT: ഇവിടെ അയച്ചിട്ടുള്ള മോഷൻ ൪൦–൪൫ എണ്ണംവരെയുണ്ട്. ആ സ്ഥിതിക്ക് അവർക്കും സമയംകൊടുത്തു അല്ലാതുള്ളവർക്ക് സമയംകൊടുക്കുന്ന കാര്യം അത്ര എളുപ്പമല്ല. എല്ലാവർക്കും സമയം കൊടുക്കയാണെങ്കിൽ നാം വിചാരിക്കുന്ന തീയതിക്കകം നടപടികൾ അവസാനിക്കുമോ എന്നു എനിക്കു സംശയമാണ്.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): ഉപക്ഷേപം അയച്ചിട്ടുള്ളവർക്ക് ൰ മിനിററ് സമയം കൊടുക്കുമ്പോൾ അല്ലാതുള്ളവർക്ക് ൫ മിനിററ് സമയം കൊടുത്തുകൂടേ?

MR. K. SIVARAMA PILLAI (*Thovala—General*): After the cut motions have been moved by certain Hon'ble Members, opportunity may be given for the members of the Tamil Nad and Muslim League Party to participate in the discussion of those cut motions.

MR. PRESIDENT: That will be done. ഒരാളുടെ കട്ട്മോഷനെപ്പററിയാണെങ്കിൽ അതു അയച്ചിട്ടുള്ള ആളുകൾക്കു ഒരു കുറച്ചു സമയം അനുവദിക്കാം. അല്ലാത്തവരുടെ കാര്യത്തെപ്പററി ആലോചിക്കാമെന്നേ എനിക്കിപ്പോൾ പറയാൻ നിവൃത്തിയുള്ളു.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): സർ, ഇൻകംടാക്സിൻെറ ഡിമാൻറിനു ഇവിടെ അവതരിപ്പിച്ചതിൽ, ഇതിനു മുമ്പുള്ള വർഷങ്ങളിലെപ്പോലെ ഈ വർഷത്തിലും ഇൻകം ടാക്സിൻെറ നയരൂപവൽക്കരണത്തിനു യാതൊരു മാററവും ഉണ്ടായിട്ടില്ലെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഡിമാൻറിനെ അനുകൂലിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതയെക്കുറിച്ചു ഉണ്ടായിട്ടുള്ള പരാതികളെപ്പററി കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ തന്നെ ഒരു വിശദീകരണം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ കുറേവർഷങ്ങളായി ഇൻകം ടാക്സ് ഡിപ്പാർട്ടുമെൻറു ഭരണം എങ്ങനെയാണ് നിർവഹിച്ചുകൊണ്ടിരുന്നതു് എന്നു തിരുവിതാംകൂറിലുള്ള എല്ലാപേർക്കും അറിയാമായിരിക്കെ അതിൻെറ ഇന്നത്തെ മേധാവിയെ കുററപ്പെടുത്തണമെന്നോ അദ്ദേഹത്തിൽ എന്തെ

കിലും ആരോപണം ചുമത്തണമെന്നോ ഞാൻ ഇപ്പോൾ വിചാരിക്കു ന്നില്ല. ഇന്നത്തെ ഉദ്യോഗസ്ഥമേധാവിയുടെ ഡിപ്പാർട്ടുമെൻറു ഭരണ ത്തിൽ പല ക്രമക്കേടുകളും ഉണ്ടായിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃ ത്തിയുമില്ല. സാധുക്കളിൽ നിന്നു നികുതിയുടെ പേരിൽ അമിതാദായം വസൂലാക്കിവരുന്നുണ്ടെന്നുള്ളതും അതേസമയം പണവും ശുപാർശയു മുള്ള ധനവാന്മാരിൽ നിന്നും അർഹതയുള്ള നികുതി ഈടാക്കിവരുന്നി ല്ലെന്നും മറ്റുമുള്ള കാര്യം ഞാൻ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നു കൊള്ളുന്നു. കാര്യക്ഷമതയില്ലാത്ത ഈയൊരു നയം ഇനിയെങ്കിലും തുടർന്നുകൊണ്ടുപോകാതെ എന്തെങ്കിലും ഒരു വ്യത്യാസം ഇപ്പോൾ തന്നെ വരുത്തണമെന്നാണ് എൻെറ അഭിപ്രായം. സർ സി. പി. യുടെ ഭരണകാലത്താണ് അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇവിടെ നടപ്പാക്കിയത്. അപ്പോൾ തന്നെ അതിൻെറ ദൂഷ്യങ്ങളെ ചൂണ്ടിക്കാ ണിച്ചിട്ടുണ്ട്. എന്തുവരികിലും ആ അഭിപ്രായത്തിനു ഭൂരിപക്ഷം കിട്ടാത്തതുകൊണ്ട് അന്നു അതു് പാസ്സാക്കുകയാണ് ചെയ്തതു്. എന്നാൽ ജനകീയഗവൺമെൻറിൻെറ ആവിർഭാവത്തിനുശേഷം ഉണ്ടായ സമ്മേ ളനത്തിൽ ഇതിനെ സംബന്ധിച്ചു പരാതിപ്പെട്ടതിൻെറ ഫലമായി അഴിമതികളെയും ക്രമക്കേടുകളെയും ഒരു നിയമമൂലം പരിഹരി ക്കാമെന്നു പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്. എന്നിട്ടും പണ്ടത്തെ പഴയ നയംതന്നെ ഇപ്പോഴും തുടരുന്നു എന്നുള്ളതു് പരിതാപകരം തന്നെയാണ്. അതുകൊണ്ട് അടുത്ത തവണയെങ്കിലും ഇൻകം ടാക്സ് ഡിപ്പാർട്ടുമെൻറിനെപ്പററി പൊതുജനങ്ങളുടെ ഇടയിൽ അപജയമോ, ആക്ഷേപമോ ഉണ്ടാകാതിരിക്കത്തക്കവണ്ണമുള്ള നടപടി കൾ ഗവൺമെൻറ് എടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സാധു ക്കളെ ചൂഷണംചെയ്തു അനവധി ധനം സമ്പാദിച്ചു ഉന്നതസൗധങ്ങളും തേയിലത്തോട്ടങ്ങളും മററും യുദ്ധകാലത്തു സമ്പാദിച്ചിട്ടുള്ളവരിൽ നിന്നും അർഹതയുള്ള ഇൻകംടാക്സ് ഈടാക്കുകയും അനർഹമായി ഇൻകം ടാക്സ് കൊടുത്തിട്ടുള്ളവർക്ക് അവരുടെ പണം തിരിച്ചുകൊടുപ്പിക്കയും ചെയ്യണം. മാത്രവുമല്ല അമിതമായി ധനം ആർജിച്ചിട്ടുള്ള കരിഞ്ചന്ത വ്യാപാരികളുടെ സ്വത്തുക്കളെ കണ്ടുകെട്ടുകയുംകൂടി ചെയ്യണമെന്നു ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ജനകീയഗവൺമെൻറിലെ ഇന്നത്തെ ഭരണകർത്താക്കൾ പലയവസര ങ്ങളിലും പൊതുജനങ്ങളോട് ചെയ്തിട്ടുള്ള വാഗ്ദാനത്തെ പാലിക്കണം. ആ കാര്യം ഒരിക്കലും വിസ്മരിക്കത്തക്കതല്ല. സാധുജനസംരക്ഷണമാണ്

[Mr. K. K. Chellappan Pillai]

ഗവണ്മെന്റിന്റെ ഏററവും പ്രധാനപ്പെട്ട ഒരു കർത്തവ്യം. ആയതുകൊണ്ട് ഇതിൽ ഒരലസത പ്രകടിപ്പിക്കുന്നുവെങ്കിൽ അതു് ഗവണ്മെന്റിന്റെ ഒരു കൃത്യവിലോപമായിരിക്കുമെന്നു പറഞ്ഞുകൊണ്ട് ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. V. O. MARKOS: സർ, ഞാൻ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപംകൊണ്ട് ഒന്നുരണ്ടു സംഗതികൾ വിശദമാക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഒന്നാമതായിട്ടു ആദായത്തെ സംബന്ധിച്ചുള്ള നികുതിയും കാർഷികാദായനികുതിയും ഒരുമിച്ചു വസൂൽചെയ്യുന്നതുകൊണ്ടു പൊതുജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങളെപ്പററിയും, രണ്ടാമത്തേതു് കാർഷികാദായനികുതിയെ അസസ്സ് ചെയ്യുന്നതിൽ സംഭവിക്കുന്ന വൈകല്യങ്ങളെപ്പററിയും ഗവണ്മെന്റിനെ ഉൽബോധിപ്പിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. ൧൧൧൯-ൽ ഇതിനെ നിയന്ത്രിക്കാൻ ഒരു നിയമം ഉണ്ടായിരുന്നു. എന്നാൽ ൧൧൨൨-ൽ കാർഷികാദായനികുതിയും സാധാരണ ആദായനികുതിയും ഒന്നായി അസസ്സ് ചെയ്തുതുടങ്ങി. ഇതുകൊണ്ടു നികുതിദായകന്മാർക്കു നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും വിശദീകരിക്കുന്നതിനുവേണ്ടി ഇപ്പോൾ ഞാൻ ഒരുങ്ങുന്നില്ല. എനിക്കു പറയാനുള്ളതു് ഈ രണ്ടു നികുതികളും ഒരുമിച്ചു വസൂൽചെയ്യാതെ രണ്ടിനങ്ങളുടെ പേരിൽ പ്രത്യേകം പ്രത്യേകം വസൂൽചെയ്യേണ്ടതാണ്. അതിനുള്ള കാരണം ഇൻഡ്യൻ യൂണിയനിൽ ചേർന്നിരിക്കുന്ന തിരുവിതാംകൂർരാജ്യത്തെ ആദായനികുതിയുടെ വരവ് മുഴുവനും സെൻട്രൽ റവന്യൂവിൽ ലയിച്ചുപോകുമെന്നുള്ള സംഗതി നാം പ്രത്യേകം ഓർക്കേണ്ടതാണ്. നേരെമറിച്ചു കാർഷികാദായനികുതിയിനത്തിൽ ഉള്ള വരവ് പ്രത്യേകം തിരിക്കുന്നതായാൽ അതു് രാജ്യത്തെ മുതലെടുപ്പിനോട് ചേർക്കാൻ സാധിക്കുന്നതാണ്. അങ്ങനെ കാർഷികാദായനികുതി ഇനത്തിൽ കിട്ടുന്ന തുക മുഴുവൻ രാജ്യത്തിന്റെ മുതലെടുപ്പിൽ ചേർക്കേണ്ടതു് നമുക്കത്യാവശ്യമാകുന്നു. എന്നാൽ ഈ രണ്ടിനത്തിൽ നിന്നും കിട്ടുന്ന തുകകളെ വേർതിരിച്ചു കണ്ടുപിടിക്കുന്ന കാര്യം വളരെ വിഷമമുള്ള ഒന്നാണ്. അങ്ങനെയിരിക്കെ കാർഷികാദായനികുതിയെ സംബന്ധിച്ച ഒരു പ്രത്യേക നിയമം ഉണ്ടാക്കുമ്പോൾ നിലവിലിരിക്കുന്ന നിയമത്തിൽ വന്നിട്ടുള്ള പല വൈകല്യങ്ങളും ഉണ്ടാകാതെ സൂക്ഷിക്കേണ്ടതുമാണ്. കാർഷികാദായനികുതി പിരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ സത്വരശ്രദ്ധ പതിയേണ്ടതായ ഒരു പൊതു തത്വമുണ്ട്.

അതായത് നമ്മുടെ രാജ്യത്തു ആളുകൾ യുദ്ധകാലത്തു പല തൊഴിലുകളും ചെയ്തു ആദായം ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ അമിതാദായം കൊണ്ടു വലിയ സമ്പാദ്യം ഉണ്ടാക്കിയിട്ടുള്ളവരിൽ നിന്നും വളരെ കർശനമായ നടപടികൾമൂലം നികുതി പിരിക്കേണ്ടതാണ്. അതേ സമയം കാർഷികാദായനികുതിയെ സംബന്ധിച്ചിടത്തോളവും അവരെ അധികം ഞെക്കിപ്പിഴിയാതെ അവരുടെ യഥാർത്ഥവരവ് എന്താണെന്നു അന്വേഷിച്ചതിനുശേഷമേ നികുതിയുടെ തുക നിശ്ചയിക്കാവൂ. കാർഷികാദായനികുതി പിരിക്കുന്നതുമൂലം മുപ്പതോ നാൽപ്പതോ ശതമാനം ആളുകൾക്കുമാത്രം ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ തിരുവിതാംകൂർ രാജ്യത്തെ കൃഷി നശിച്ചുപോകരുതെന്നുംകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. നമ്മുടെ ഇന്നത്തെ പ്രധാന പ്രശ്നം ഭക്ഷ്യോൽപാദനമാണ്. നമ്മുടെ സകല കഴിവുകളുമുപയോഗിച്ചു കർഷകരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ ആദായനികുതി പിരിക്കുന്നതിനു സാധിക്കുകയില്ലെന്നു മാത്രമല്ല ക്രമാനുഗതമായി കൃഷിക്ക് സാരമായ അധഃപതനവും ഉണ്ടാകുന്നതാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കണം വിശേഷിച്ചു ചെറുതരം കൃഷിക്കാർക്കു വേണ്ടി വന്നാൽ ഗവണ്മെൻറിൽനിന്നും ധനസഹായംകൂടി ചെയ്തുകൊടുക്കുന്നതു ഒരു പ്രോൽസാഹജനകമായിരിക്കും.

മററു തൊഴിലാളികളെ അപേക്ഷിച്ചു നോക്കിയാൽ കൃഷിക്കു പണം മുടക്കുന്നവരെ ഇൻകം ടാക്സ് കൂടാതെ ബേസിക് ടാക്സ് എന്നൊരു പെനാൽററി കൂടി ചുമത്തിയിട്ടുണ്ടെന്ന് എൻെറ സ്നേഹിതൻ മി. ജി. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി. ആദായനികുതി കൊടുക്കുന്നതിനു പുറമേ ബേസിക് ടാക്സുകൂടെ ഈടാക്കുന്നതു ഒരു പ്രകാരത്തിൽ നോക്കിയാൽ ഒരു പെനാൽററിയാണ്. ഏതെങ്കിലും ഒരു വ്യവസായം നടത്തുന്നവർക്ക് യന്ത്രസാമഗ്രികളുടെ പഴക്കം, തേയ്മാനം ഇവയ്ക്കുവേണ്ടി ഒരു ഡിപ്രീസിയേഷൻ അലവൻസ് കൊടുക്കുന്നുണ്ട്. സാധാരണയായി ഒരു അഞ്ചോ പത്തോ ശതമാനം ഡിപ്രീസിയേഷൻ അലവൻസായി കൊടുക്കാറുണ്ട്. ഈ രാജ്യത്തുള്ള കൃഷികളിൽ പലതും ധനം കൂടുതൽ മുടക്കിയിട്ടുള്ളതാണ്. കാപ്പിയോ തേയിലയോ റബ്ബറോ എടുത്തുനോക്കിയാൽ പത്തോ ഇരുപതോ കൊല്ലംകൂടുമ്പോൾ അതാതിൻെറ സ്വഭാവമനുസരിച്ച് റീപ്ലാൻറ് ചെയ്യേണ്ടതായി വരും. റീപ്ലാൻറിംഗിന് വലിയ ചെലവുണ്ടെങ്കിലും ഇൻകം അസസ്സ് ചെയ്യേണ്ടതായി വരുമ്പോൾ അതിനു യാതൊരു അലവൻസും കൊടുക്കാറില്ല. അതുകൊണ്ട് കൃഷി

[Mr. V. O. Markos]

കറം നശിപ്പിക്കുകയാണു ചെയ്യുന്നതു്. അഞ്ചോ പത്തോ കൊല്ലത്തേക്കു മാത്രം അനുഭവം കിട്ടുന്നതും അതു കഴിയുമ്പോൾ റീപ്ലാൻറ് ചെയ്യേണ്ടിവരികയും ചെയ്യുന്ന കൃഷികൾക്കു് ഇൻകം അസ്സസ്സ ചെയ്യുമ്പോൾ ഒരു ഡിപ്രീസിയേഷൻ അലവൻസ് അനുവദിക്കുന്നതിനു വ്യവസ്ഥ ഉണ്ടാക്കേണ്ടതാണു്. ജായിൻറ് എൻജായിമെൻറിൽ അതായതു് ഒന്നിലധികം ആളുകൾ ചേർന്നു് അനുഭവിക്കുന്ന വസ്തുക്കളുടെ ഇൻകം അസ്സസ്സ് ചെയ്യുന്നതും വളരെ ദോഷകരമായിട്ടാണു് കാണുന്നതു്. മുൻപിലത്തെ കാർഷികാദായനികുതിനിയമത്തിൽ സെക്ഷൻ പത്തിൽ ഇതിനു വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ നിയമത്തിൽ നിന്നു് ആ ഭാഗം എടുത്തുകളഞ്ഞിരിക്കുകയാണു്. അക്കാലത്തെ നോട്ടം തൽക്കാലം ഗവർമെൻറിൻെറ മുതലെടുപ്പു കൂട്ടണമെന്നുള്ളതു മാത്രം ആയിരുന്നു. എന്നാൽ പൊൻമുട്ട ഇടുന്ന താറാവിനെ ഒരുമിച്ചു കൊല്ലുന്നതിനു പകരം അതിൻെറ ഓരോ അവയവമായി അറുത്തു കൊല്ലുന്ന ഒരു നയമാണു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല.

MR. D. GNANASIGAMONY: Sir, in connection with this motion I want to point out certain difficulties experienced by the assessees when they appear before the Income Tax officers in the matter of assessment. When an assessee appears before the officer, he is asked to produce his accounts. Without seeing whether the accounts are kept in the regular course of business or not, for some reason or other, the accounts are rejected as untrue and assessment made. That in good many cases assessments are made arbitrarily and in utter disregard of the facts disclosed admits of no doubt, and the parties concerned have practically no remedy. When an appeal is preferred against such improper assessment, the appellate Assistant Commissioner also after a farce hearing of the case rejects the appeal entirely basing his conclusion on the confidential information at his hands. Although the appellate officers are prevented from disclosing the confidential information communicated to them from the officers, according to Sec. 80 of the Act, there must be some fairness shown to the assessees in the matter of assessment. It is true that the relevant section prevents the Income Tax officers from disclosing the confidential information. But at the same time, it should not be forgotten that they make the assessment based on that information. Unless the assessees are made known about this data against them they cannot explain things before the officers concerned. The advocates appearing for the assessees are also in a handicap. Whatever may be the arguments advanced by the parties or their vakils in support of the vexatious assessments made by the Income Tax Officers, the appellate tribunal rejects the petitions for reasons only known to them. I will illustrate. In the

case of an Abkari contractor who holds shops in several places from Tovala to Neryattinkara, the Income Tax Officer concerned knows the amount of gallons of arrack supplied to the respective shops. But it is found that he is, not assessed on any definite basis but different rates for calculation of amount are adopted such as Rs. 7½ per gallon for Tovala, Rs 10 for Agasthiswaram, Rs. 12 for Kalkulam, Rs. 15 for Neyyattinkara and so on. Appeals in respect of such irregular assessments are also rejected without any reason whatever. Therefore what I wish to point out is that in all these matters some definite principle should be followed in the matter of assessment. When the petitioners appear before the officers, at least there must be some justice meted out to them on principle. Without disclosing the material on which assessment is based, merely to make an assessment based no confidential communications, is, to say the least, proper. The parties or advocates appearing before the officers should be given an opportunity of explaining the points raised therein so that the injustice in the matter of assessment may be minimised. Hereafter at least, assessment made must be on well defined lines, giving an opportunity to the assessees to explain matters appearing against them, and suitable modification must be made in Section 80 of the Income Tax Act in consonance with well defined principles of justice.

MR. P. CHACKO (*Thiruvalla V—General*): സാർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു രണ്ടു പ്രധാനമായ സംഗതികൾ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ജോലി വളരെക്കൂടുതലുള്ള ഒരു കൂട്ടരാണു ഇവിടത്തെ തഹശീൽദാരന്മാർ. മജിസ്ട്രേട്ടു എന്ന നിലയിലുള്ള ജോലിക്കു പുറമേ ട്രഷറിയുടെ ചുമതലയും വേറെ പല ജോലികളും ചെയ്യുന്ന തഹശീൽദാരന്മാർ ആദായനികുതിയുടെ ചുമതലകൂടി വഹിക്കുന്നതായാൽ ശരിയായ വിധത്തിൽ ജോലിചെയ്യുവാൻ പ്രാപ്തരാകുകയില്ലെന്നു ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ടു. ഇപ്പോൾ തഹശീൽദാരന്മാർ നിർവഹിക്കുന്ന ജോലിയുടെ ഭാഗം അവരുടെ കീഴിൽ ജോലിചെയ്യുന്ന ക്ലാർക്കന്മാരാണു നിർവഹിച്ചുവരുന്നതു. ഈ രീതി കാര്യക്ഷമമായ കൃത്യനിർവഹണത്തിനു ബാധകമെന്നു തന്നെയുമല്ല ക്ലാർക്കന്മാർക്കു കൈക്കൂലിവാങ്ങുന്നതിനു സൗകര്യം കൂടെനൽകുന്നു. തിരുവിതാംകൂറിൽ നെല്ലെടുപ്പു പദ്ധതി തുടങ്ങിയതിനുശേഷം പ്രവൃത്തികാരന്മാരെക്കുറിച്ചു വലിയ അതൃപ്തിയാണു ജനങ്ങൾക്കുള്ളതു. അങ്ങിനെയിരിക്കുമ്പോൾ ആദായനികുതിപിരിക്കുക എന്ന ഈ പ്രധാനപ്പെട്ട ജോലികൂടി അവരെ ഏൽപ്പിച്ചാൽ പല സങ്കടങ്ങളും ജനങ്ങൾ അനുഭവിക്കേണ്ടതായിവരും. കൈക്കൂലികൊടുക്കുന്നവർക്കേ അവരിൽനിന്നും

[Mr. P. Chacko]

ന്യായമായ കാര്യങ്ങൾ സാധിക്കാൻ കഴികയുള്ളു. പ്രത്യേകിച്ചു കാർഷികാദായനികുതി പിരിവ് നടത്തുമ്പോൾ കൈക്കൂലി കൊടുക്കുന്നവർ ന്യായമായി കൊടുക്കേണ്ട ആദായനികുതിയിൽ നിന്നും വിമുക്തരാകുന്നതിനും കൊടുക്കാതിരിക്കുന്നവർ ന്യായമായി കൊടുക്കേണ്ടവരല്ല എങ്കിലും കൊടുക്കേണ്ടവരായിട്ടും വരുന്നതിന് സാദ്ധ്യതകളുണ്ട്. അതുകൊണ്ട് ആദായനികുതി ഈടാക്കുന്നജോലി പാർവത്യകാരന്മാരിൽ നിന്നും ഒഴിച്ചു വിടുന്നതായാൽ കുറച്ചുകൂടി കാര്യക്ഷമമായി നിർവഹിക്കുന്നതിന് സാധിക്കും. അടുത്തതായി എനിക്കു പറയുവാനുള്ളത് തിരുവിതാംകൂറിൽ ജനകീയഭരണം സ്ഥാപിതമായാൽ സോഷ്യലിസ്റ്റ് രീതിയിലുള്ള ഒരു ഭരണം നടപ്പാക്കുമെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു എന്നാണു. പരിഷ്കൃതരാജ്യങ്ങളിൽ ആദായ നികുതിഇനത്തിൽ ആണ്ടുതോറും തുക കൂടിക്കൂടിവരുന്നതായികാണാൻ കഴിയും. നേരെമറിച്ച് നമ്മുടെരാജ്യത്താണെങ്കിൽ കഴിഞ്ഞവർഷം ആദായനികുതി ഇനത്തിൽ ബഡ്ജറ്റിൽ വരവായികൊള്ളിച്ചിരുന്ന ൫൯൦ ലക്ഷം രൂപാ ഇക്കൊല്ലം ൫൩൦ ലക്ഷമായി കുറയുകയാണ് ചെയ്തിരിക്കുന്നതു. തീർച്ചയായും ആദായനികുതി ഇനത്തിൽ യാതൊരു കുറവും വരുത്താതെ വരവ് വർദ്ധിപ്പിച്ച് ഈ നാട്ടിലുള്ള എൻ. ജി. ഒ.-മാരുടേയും അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെയും അദ്ധ്യാപകന്മാരുടെയും ശമ്പളം സാരമായി വർദ്ധിപ്പിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇപ്പോൾ ആദായനികുതി ഈടാക്കിവരുന്നതു ൨,൦൦൦ രൂപയോ അതിൽകൂടുതലോ വരവുള്ളവരിൽ നിന്നാണ് ഈരീതി മാററി ഈ തുകയിൽനിന്നും കുറച്ചുകൂടെ കുറച്ചു ൧,൫൦൦ രൂപായോ അതിൽകൂടുതലോ വരവുള്ള ആളുകൾക്കുകൂടി ആദായനികുതി ചുമത്തുന്നതായാൽ വ്യാപരമാന്ദ്യത്താലും മററും ആദായനികുതി ഇനത്തിൽ ഉണ്ടാകുമെന്നുപ്രതീക്ഷിക്കുന്ന ൬൦ ലക്ഷം രൂപാ നഷ്ടം ഈവർഷംപരിഹരിക്കാൻ ഗവണ്മെൻറിനു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിധത്തിൽ കൂടുതൽ വരവുള്ള ആളുകളിൽനിന്നും അല്പമായ തുകകൾ നികുതിമൂലം ഈടാക്കി അതും, സാധുക്കളായ ആളുകളുടെ ജീവിതത്തോതു ഉയർത്തുന്നതിനു് വിനിയോഗിക്കുന്നതായാൽ അതു് രാജ്യത്തോടു ചെയ്യുന്ന വലിയ ഒരു സേവനമായിരിക്കും. കൂടാതെ ആദായനികുതി കാര്യമായവിധത്തിൽ പിരിച്ചെടുക്കുന്നതിനു ഞാനാദ്യം സൂചിപ്പിച്ച പ്രകാരം ഒരു പ്രത്യേകഡിപ്പാർട്ടുമെൻറുതന്നെ ഏർപ്പെടുത്തി

ഈ റവന്യൂ അധികൃതന്മാരുടെ കൈയ്യിൽനിന്നു ആ ജോലി ഒഴിവാക്കുന്നതു ഗവണ്മെൻറിനും പൊതുജനങ്ങൾക്കും പ്രയോജനകരവുമായിരിക്കും.

MR. PAUL THALIAT: കൃഷിക്കാരിൽ നിന്നു ആദായനികുതി പിരിക്കുന്നതിന്റെ ചില ന്യൂനതകളെ ഗവണ്മെൻറിനെ ചൂണ്ടികാണിക്കുക എന്നതാണ് എന്റെ ഉപക്ഷേപം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു സാധാരണ കർഷകർക്കു കണക്കു സൂക്ഷിക്കുകയെന്നുള്ള ഒരു സമ്പ്രദായമില്ലെന്ന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ വല്ലവിധത്തിലും ഒരു കണക്കു ശരിപ്പെടുത്തികാണിച്ചാൽതന്നെയും ഈ ആദായനികുതിയുദ്യോഗസ്ഥന്മാർ സ്വീകരിക്കുവാൻ തയാറല്ലെന്നു കാണാൻ കഴിയും. എനിക്ക് തന്നെ അതു അനുഭവമുണ്ട്. കണക്കിൽ പരിചയം ഉണ്ടെന്നു ഗവണ്മെന്റു പോലും അംഗീകരിക്കുന്ന എനിക്കു മൂന്നു കൊല്ലം തുടർച്ചയായി എന്റെ കണക്കുകൾ ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. മൂന്നു കൊല്ലം അപ്പീൽ കൊടുത്താണ അംഗീകരിപ്പിച്ചതു. എന്റെ സ്ഥിതി ഇങ്ങനെയായാൽ കണക്കിൽയാതൊരു പരിചയവുമില്ലാത്തവരുടെ കാര്യം എങ്ങനെയാണെന്നു നമുക്ക് ഊഹിക്കാമല്ലോ. അതുകൊണ്ടു എനിക്കു ഗവണ്മെന്റിനോടു പറയുവാനുള്ളതു ചെറിയകൃഷിക്കാർ—പത്തേക്കറോ അഞ്ചേക്കറോ ഉള്ളവർക്കു ഒരിക്കലും അസ്സസ്മെൻറു നോട്ടീസ് പോലും അയയ്ക്കരുതു എന്നാണ്. കൂടുതൽ ആദായംഉള്ളവരിൽനിന്നും കൂടുതൽ നികുതിപിരിക്കണം. അതിൽ ഞാൻ പൂർണ്ണമായിയോജിക്കുകയാണ ചെയ്യുന്നതു. ഇപ്പോൾ ൫,൦൦൦ രൂപയൊ അതിൽ കുറവൊ കാർഷികാദായം ഉള്ളവരുടെ ആദായനികുതി ചുമത്തേണ്ട ചുമതല തഹശീൽദാർമാർക്ക് വിട്ടുകൊടുത്തിരിക്കുന്നു. മജിസ്റ്റീരിയൽപൗവ്വർ, ഭക്ഷ്യധാന്യവിതരണം, റെവന്യൂ ഇങ്ങനെ പലജോലികളും ചെയ്യേണ്ട ഒരു ഉദ്യോഗസ്ഥനാണ തഹശീൽദാർ. എനിക്കു സമ്പാദിക്കുവാൻ കഴിഞ്ഞകണക്കുകളിൽ നിന്നും ഒരു ഇൻകംടാക്സ് ആഫീസർക്കു ഒരാണ്ടിൽ ൧,൦൦൦, കൂടിയാൽ ൧,൨൦൦ കേസുകളെ ഡിസ്പോസ ചെയ്യാൻ കഴിയുകയുള്ളവെന്നാണ് മനസ്സിലാക്കേണ്ടതു. എന്നാൽ തഹശീൽദാർമാരുടെ കയ്യിലേക്കുമാററിയിട്ടുള്ള കണക്കുകൾനോക്കിയാൽ ഓരോ തഹശീൽദാർക്കും ഏകദേശം ൫൦൦ കേസുകൾ ഉണ്ടെന്നു കാണുന്നു. ഈ ൫൦൦ കേസുകൾ മററുജോലികളുടെ തരക്കിൽ

[Mr. Paul Thaliat]

എങ്ങനെയാണ് ഇവർ അവസാനിപ്പിക്കുവാൻ പോകുന്നതെന്നു ഞാൻ ഗവൺമെൻറിനോട് ചോദിച്ചുകൊള്ളുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ വരവ് നോക്കിയാൽ ൯൭൦ ലക്ഷത്തോളം രൂപയുണ്ടെന്നു കാണുന്നു. അതിലേക്കു ചെലവുവരുന്നതു മൂന്നുലക്ഷത്തിൽ ചില്വാനം രൂപയാണ്. അതിനാൽ കുറെക്കൂടി ചെലവ് ചെയ്തു ഡിപ്പാർട്ടുമെൻറിൽതന്നെ സർക്കിളുകൾ ഒന്നു രണ്ടു വർദ്ധിപ്പിച്ചെങ്കിലും തഹശീൽദാരന്മാരിൽ നിന്നു ഈ ജോലി ഒഴിവാക്കേണ്ടതാണ്. തഹശിൽദാരന്മാരാണെങ്കിൽ അവരുടെ താഴെയുള്ള ഒരു ക്ലാർക്കിനെയോ ഒരു പ്രവൃത്തികാരനെയോ ഏൽപ്പിച്ചാണ് ഈ വക ജോലികൾ നിർവ്വഹിക്കുന്നതു. ജനങ്ങളെ പലപ്രകാരത്തിലും ഉപദ്രവിക്കാൻ റവന്യൂ ഉദ്യോഗസ്ഥന്മാർക്കു കഴിവുണ്ട്. അതിനൊരുദാഹരണം പറയാം: കരിടത്തു് ഒരു തഹശീൽദാർ തിരുനാൾ സംബന്ധിച്ച് പണംപിരിക്കുവാൻ വന്നു ചില കർഷകർ അതു കൊടുക്കാതെ ഒഴിഞ്ഞുമാറി. എന്നാൽ പിന്നെ, ൭-ന്നു ദിവസം കഴിഞ്ഞപ്പോൾ ഇൻകംടാക്സ് നോട്ടീസാണ് ഈ മാറിയവർക്കു വന്നതു്. ഇങ്ങനെ ആളുകളെ ഉപദ്രവിക്കാൻ സാധിക്കുന്ന ഒരു ഉദ്യോഗസ്ഥൻെറ കയ്യിൽ ചെറിയകൃഷിക്കാരെ വിട്ടുകൊടുക്കുന്നതു വളരെ സങ്കടകരമാണ്. അതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു വേണ്ടതു ചെയ്യണമെന്നപേക്ഷിച്ചുകൊള്ളുന്നു. ഈ അവസരത്തിൽ സെയിൽസ്ടാക്സ് വരാൻപോകുന്നു. ഏതെല്ലാം സാധനങ്ങൾക്കാണെന്നറിവില്ല. ഇതിൻെറ ചുമതല എക്സൈസ് കാർക്കുകൊടുക്കാൻ പോകുന്നു എന്നു കേൾക്കുന്നു. ഇതു ശരിയാണെങ്കിൽ ഇതിൽ കൂടുതൽ ഒരു അബദ്ധം ഗവൺമെൻറു ചെയ്യാനില്ല. ഇതും ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറ് തന്നെ പിരിക്കണമെന്നാണ് എൻെറ അഭിപ്രായം. മദ്രാസിലെന്നല്ല ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും സെയിൽസ്ടാക്സ് ആദായനികുതി ഡിപ്പാർട്ടുമെൻറിൽ നിന്നുമാണു പിരിക്കുന്നതു്. ഇങ്ങിനെ ചെയ്യുന്നതു് മററു ടാക്സ് പിരിക്കുന്നതിനു സഹായമായിരിക്കും എന്നസംഗതികൂടി ഗവൺമെൻറിനെ അറിയിക്കാനുണ്ട്. അതായതു ജായിൻറുസ്റ്റാക്ക് കമ്പനികൾക്ക് ഒരു രൂപാ ആദായം ഉള്ള കമ്പനികളും പത്തുലക്ഷം രൂപാ ആദായം ഉള്ള കമ്പനികളും ഒരു ഫ്ളാററു റേററു നിശ്ചയിരിക്കുന്നതു് ശരിയല്ലെന്നുള്ളതാണ്. ഇൻഡ്യൻ യൂണിയനിലോ മററെവിടെയെങ്കിലുമോ ഇങ്ങനെ ഒരു സമ്പ്രദായം ഉണ്ടെന്നു തോന്നുന്നില്ല. ആദായത്തിൻെറ കൂടുതൽകുറവ് അനുസരിച്ച് റേററിൻെറതോതു നിശ്ചയിക്കേണ്ടതാണെന്നാണ് എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്താനുള്ളതു്.

MR. A. P. UDAYABHANU: സർ, ഇവിടെ ബഡ്ജററ് വിമർശന വേളയിൽ വീടില്ലായ്മ, നഗ്നത, നാമരഹിതത്വമായ സാധാരണക്കാരനെ ക്ലാസിന്റെ ഒരു തട്ടിലും ബഡ്ജററിനെ മററൊരുതട്ടിലും വച്ചു് തൂക്കിനോക്കിയിട്ടു് ബഡ്ജററിന് ഭാരമില്ലെന്നു കാണുകയുണ്ടായി എന്നു ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രസ്താവിച്ചു. എന്നാൽ കാർഷികാദായനികുതിയെപ്പററി ഇവിടെനടന്ന വിമർശനങ്ങൾ കണ്ടിട്ട് സാധാരണക്കാരനെ അവർ പൂജിച്ചുപോരുന്നതു് വെറും വാക്കുകൊണ്ടുമാത്രമാണെന്നും അല്ലാതെ ഹൃദയംകൊണ്ടുള്ള ഒരുപൂജയല്ലെന്നും പറയേണ്ടിയിരിക്കുന്നു. ഇന്നു സാധാരണക്കാരന്റെ ജീവിതത്തോതു ഉയർത്തുന്നതിനു ഒരു നേഷൻ ബിൽഡിംഗ് ധനം അത്യന്താപേക്ഷിതമാണ്. അതിലേക്കു കരം ചുമത്താതെ ഗവണ്മെന്റിനു സാദ്ധ്യമല്ല. ഇന്നത്തെ ഗവണ്മെന്റിനു ഏററവും നീതിപൂർവ്വകമായി ചുമത്തുവാൻ സാധിക്കുന്ന ഒരു കരം ഇൻകംടാക്സ് ആണു്. ഓരോരുത്തരുടെയും കഴിവനുസരിച്ചു് നികുതി ചുമത്തിയാൽ മാത്രമേ സാധാരണക്കാരന്റെ പൊതുവെയുള്ള ജീവിതത്തോതുയർത്താൻ സാധിക്കയുള്ളു. ഇൻകംടാക്സും അഗ്രികൾച്ചറൽ ടാക്സും ഒരുമിച്ചു ചേർക്കുന്നതിന് ൧൯൫൦-ൽ ഒരു ആക്ററ് കൊണ്ടുവന്നതിനെ ഞാനും അനുകൂലിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ ഏതുമാർഗ്ഗത്തിൽകൂടെയായാലും ആദായം എല്ലാം ഒരുമിച്ചു് ചേർത്തു് അതിൽനിന്നുകിട്ടുന്ന ആദായത്തിന്റെ തോതനുസരിച്ചു നികുതി ഈടാക്കുക എന്നുള്ളതു ഏററവും നീതിപൂർവകമായ ഒരു വ്യവസ്ഥയാണ്. കച്ചവടം കൊണ്ടായാലുംശരി, വ്യവസായംകൊണ്ടായാലും ശരി, കൃഷികൊണ്ടായാലുംശരി ആദായം ഉണ്ടെങ്കിൽ ആ ആദായത്തിന്റെ ഒരംശം ഗവണ്മെന്റിനു നികുതിയായി കൊടുക്കണമെന്നു പറയുന്നതിൽ ആർക്കും ആക്ഷേപിക്കത്തക്കതായിട്ടൊന്നുമില്ല. ഇൻകംടാക്സ് മുക്കാലും ഒരുപക്ഷെ ഒരു സെൻട്രൽ സബ്ജക്ററ് ആയിട്ടു പോകുമെന്നും അഗ്രികൾച്ചറൽ ഇൻകംടാക്സ് മാത്രമേ പ്രവിശ്യകൾക്കു് കിട്ടുകയുള്ളുവെന്നും ചിലർ ഇവിടെ പറഞ്ഞുകേട്ടു. തിരുവിതാംകൂറിനെപ്പോലുള്ള ഒരു നാട്ടുരാജ്യത്തിന് ഇൻഡ്യാഗവർമെന്റുമായി ആലോചിച്ചു് ഈ ഇൻകംടാക്സും എല്ലാംതന്നെ രാജ്യത്തിനു ഗുണകരമായ കാര്യങ്ങൾക്കു ഉപയോഗിക്കുവാൻ സാധിക്കത്തക്കവിധം വേണ്ടവ്യവസ്ഥ ചെയ്യാവുന്നതാണ്. അഥവാ ഇനി വരാൻപോകുന്ന വ്യവസ്ഥയനുസരിച്ചു ഇൻകംടാക്സും കേന്ദ്രഗവണ്മെന്റിനു കൊടുക്കേണ്ടിവരുമെന്നു വിചാരിച്ചു് ഇപ്പോൾ അതിനെപ്പററി ആലോചിക്കേണ്ടആവശ്യമില്ല.

[Mr. A. P. Udayabhanu]

വരുന്ന ജന്മത്തിൽ പട്ടിയായേക്കുമെന്നു വിചാരിച്ച് ശിക്ഷണനടപടികളിൽ ഇപ്പോഴെ മാററം വരുത്തണമെന്നു തോന്നുന്നില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ പാറതളിയത്ത് പറഞ്ഞതുപോലെ ഇൻകംടാക്സ് പിരിക്കുന്ന ജോലി തഹശീൽദാരന്മാരെ ഏല്പിക്കുന്നതല്ല നല്ലതെന്നാണ് എനിക്കും തോന്നുന്നത്. തഹശീൽദാരന്മാരെപ്പോലെ ജോലി കൂടുതലുള്ള ഉദ്യോഗസ്ഥന്മാരുണ്ടോ എന്നു സംശയമാണ്. ഏതു കാര്യത്തിനും ഏതു വൈഷമ്യമുള്ളതായാലും ശരി ഈ തഹശീൽദാരന്മാർ എത്തണം. അതിനിടയിൽ ഇൻകംടാക്സ് പിരിക്കുന്ന ജോലികൂടി അവരെ ഏല്പിച്ചാൽ അതു കാര്യക്ഷമതയെ സാരമായി ബാധിക്കും. അതുകൊണ്ട് അതു നാട്ടിനു അഭിലഷണീയമല്ല. അതുപോലെതന്നെ എന്റെ സ്നേഹിതൻ പറഞ്ഞ മറെറാരു കാര്യത്തോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. സെയിൽസ് ടാക്സ് പിരിക്കുന്നതിനുള്ള ചുമതല എക്സൈസ് ഡിപ്പാർട്ടുമെൻറുകാരെ ഏല്പിക്കുകയാണെങ്കിൽ അതു വലിയ അപകടമാണു. അവർക്കു കള്ളുവില്ക്കുന്നതിനും വില്പിക്കുന്നതിനുമൊക്കെ അറിയാമെന്നല്ലാതെ കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള യാതൊരു പരിചയവുമില്ല. അവരുടെ കൈയിൽ ഈ ചുമതലവച്ചുകൊടുക്കുകയാണെങ്കിൽ അവർ സകലതും കുഴപ്പത്തിലാക്കും. സെയിൽസ ടാക്സുള്ള നാട്ടുരാജ്യങ്ങളിൽ ചെയ്തുവരുന്നതുപോലെ ഈ ജോലിയും ഇൻകംടാക്സ ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കുകയാണു കാര്യക്ഷമതയ്ക്കും പ്രായോഗികക്ഷമതയ്ക്കും നല്ലതെന്നാണ് എനിക്കു തോന്നുന്നത്. ഇന്നു ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിനെപ്പററി ഏററവും പ്രധാനമായി പറയാനുള്ളത് ഈ ഡിപ്പാർട്ടുമെൻറ് ശരിയായി ഭരിക്കപ്പെടുന്നില്ലാ എന്നുള്ളതാണ്. ഇന്നു ഇൻകംടാക്സ ആഫീസറന്മാരെ പോലീസുകാരെക്കാളും പട്ടാളക്കാരെക്കാളും കൂടുതലായി ജനങ്ങൾ ഭയപ്പെടുന്നുണ്ടു. ഇൻകംടാകസ് ആഫീസറന്മാർക്കു ജനങ്ങളെ പലപ്രകാരത്തിൽ ഉപദ്രവിക്കാൻ സാധിക്കും. അതുകൊണ്ടു സർവീസിൽ നല്ല സ്വഭാവശുദ്ധിയും സത്യസന്ധതയുമുള്ള ആളുകൾ അത്യാവശ്യമാണു. വളരെ സ്കാണ്ടലസ ആയിട്ടു ഒരാഫീസറെപ്പററി ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം വളരെ കുപ്രസിദ്ധനാണ്. മിസ്റ്റർ ശേഷഗിരിറാവുവിനെപ്പററി വളരെ സ്കാൻഡലസായിട്ടുള്ള അഭിപ്രായങ്ങളാണ് ഞാൻ കേട്ടിട്ടുള്ളതു. മററുള്ള ഡിപ്പാർട്ടുമെൻറുകളെപ്പോലെയല്ല ഈ ഇൻകംടാക്സ ഡിപ്പാർട്ടുമെൻറു. വരവുധാരാളമുള്ള ഒരു ഡിപ്പാർട്ടുമെൻറാണ്. ഇൻകംടാകസ് ഡിപ്പാർട്ടുമെൻറു. ഉദ്യോഗസ്ഥന്മാരുടെ ജനങ്ങളോടുള്ള പെരുമാററത്തെ നോക്കു

യാണ് ആളുകൾ ഗവണ്മെൻറിനെ ആദരിക്കുന്നതു്. സ്വഭാവശുദ്ധിയില്ലാത്ത ഉദ്യോഗസ്ഥന്മാരാണ് ഡിപ്പാർട്ടുമെൻറിലുള്ളതെങ്കിൽ വളരെ പണമുള്ള ആളുകൾ ഒന്നൊന്നായി ഇൻകംടാക്സിൽനിന്നും ഒഴിഞ്ഞു പോകുന്നതു കാണാൻ കഴിയും. അങ്ങനെയല്ലെങ്കിൽ ഈ ബഡ്ജററിൽ വിഭാവന ചെയ്തിരിക്കുന്നതുപോലെ ഇൻകംടാക്സ് കുറയേണ്ടയാവശ്യമില്ല. ന്യായമായി കൊടുക്കേണ്ടുന്ന ടാക്സ കൊടുക്കാതെ ഒഴിഞ്ഞുനിൽക്കുന്ന ജനങ്ങളെ തേടിപ്പിടിച്ച് അസ്സെസ്സ് ചെയ്കയാണെങ്കിൽ ഈ ബഡ്ജററിൽ വിഭാവനചെയ്തിരിക്കുന്നതിൽ വളരെക്കൂടുതലായ തുക ഈടാക്കിയെടുക്കുവാൻ സാധിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ കാര്യശേഷിയും സ്വഭാവശുദ്ധിയുമുള്ള ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവർ അർഹിക്കുന്ന പ്രമോഷനുകളും സ്ഥാനങ്ങളും കൊടുക്കണം. സ്വഭാവശുദ്ധിയില്ലാത്ത ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറ് റവന്യൂവിനെ നശിപ്പിക്കുമെന്നു മാത്രമല്ല ഗവണ്മെൻറിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ തന്നെ നശിപ്പിക്കുന്നതാണെന്നു നാം നല്ലവണ്ണം അറിയേണ്ടതാണ്.

**MR. P. T. CHACKO:** സർ, ആനുപാതികമായി ആദായനികുതി ഈടാക്കി ഈ രാജ്യത്തു് സമ്പത്തിലുള്ള വലിയ അന്തരത്തെ ഇല്ലാതാക്കമെന്നു വിശ്വസിക്കുകയും അങ്ങിനെ ഈ രാജ്യത്തു് വളരെ വലിയ കാര്യങ്ങൾ സാധിക്കാമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ഒരു പാർട്ടിയിലെ അംഗമാണ് ഞാൻ. എന്നാൽ അതുകൊണ്ടുമാത്രം ആദായനികുതി ഈടാക്കുന്നതിൽ നടന്നുകൊണ്ടിരിക്കുന്ന അനീതിയുടെ നേരെ കണ്ണടയ്ക്കുക സാദ്ധ്യമല്ല. ഇന്ന് ആദായനികുതി ഈടാക്കുന്ന രീതിയിൽ പ്രത്യേകിച്ചും കാർഷികാദായനികുതി ഈടാക്കിവരുന്നതിൽ അപലപനീയങ്ങളായ അനേകം സംഗതികൾ ഉണ്ടു്. ചുരുങ്ങിയ സമയംകൊണ്ടു് പറയാൻ നിവൃത്തിയില്ലാത്ത വിധം അത്രയധികം കാര്യങ്ങൾ ഉണ്ടു്. ഒരാളുടെ ആവശ്യത്തിനുള്ളതുകഴിച്ച് ബാക്കിയുള്ള പണം ഒരു വ്യക്തിയുടെ കൈയ്യിൽ കേന്ദ്രീകൃതമാകുമ്പോൾ, നീതിയുടെ മാർഗ്ഗംവിട്ട് അതു് കൊള്ളയുടെ മാർഗ്ഗം അവലംബിക്കുമ്പോൾ അതിനെ നിയന്ത്രിക്കുന്നതിനാണ് ഇൻകംടാക്സ് ചുമത്തുന്നതു്. എന്നാൽ തന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും പോററുവാൻ തന്നെ കഴിവില്ലാത്ത പാവപ്പെട്ട കൃഷിക്കാരനെ കൊള്ളനടത്തിക്കൊണ്ടു് പോകുന്നതിന് ചുരുക്കം ചില ആളുകൾക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ് ഈ കാർഷികാദായനികുതി ഏർപ്പാടുകൊണ്ടു് ചില ഭാഗങ്ങളിൽ നടക്കുന്നതു്. ഉദാഹരണ

[Mr P. T. Chacko]

ങ്ങൾ എത്ര വേണമെങ്കിലും പറയുവാൻ സാധിക്കും. മൂന്നു തെങ്ങുകൾ മാത്രമുള്ള പതിനാറു് ഏക്കർ സ്ഥലത്തിനു് പതിനാറു് ഏക്കർ തെങ്ങിൻതോപ്പു് എന്നു കണക്കാക്കി ആദായനികുതി തിട്ടപ്പെടുത്തിയതായി എനിക്കറിയാം. റബ്ബർകൃഷി എന്തെന്നറിയാൻ പാടില്ലാത്ത ആളുകളാണു് പലപ്പോഴും റബ്ബറിന്റെ ആദായം തിട്ടപ്പെടുത്തുന്നതു്. ഒരേക്കർ സ്ഥലത്തു് തെങ്ങുകളുടേയും കമുകുകളുടേയും ഇടയ്ക്കു് ഒരു കൃഷിക്കാരൻ രണ്ടു റബ്ബർ നട്ടിരുന്നതിനു് ഒരേക്കർ റബ്ബർ തോട്ടത്തിന്റെ ആദായമാണു് തിട്ടപ്പെടുത്തിയതു്. ആദായം കണക്കാക്കുമ്പോൾ ചെലവിനു നീക്കിവയ്ക്കുന്നതു് ൪൦ ശതമാനമാണു്. ഇങ്ങനെ അസസ്സു് ചെയ്യുന്ന ആദായത്തിൽ ചെലവിനു നീക്കിവയ്ക്കുന്ന ൪൦ ശതമാനം പോകെ ബാക്കിയുള്ള ൬൦ ശതമാനത്തിൽ ൨൦ ശതമാനംകൂടെ സൗജന്യമായി കൊടുക്കാം. ബാക്കി ൪൦ ശതമാനം കൊടുത്തു് വസ്തു ഏറ്റെടുക്കാൻ ആ ഉദ്യോഗസ്ഥൻ തയ്യാറുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. സർ, അതു സാദ്ധ്യമല്ല. തെങ്ങും കമുകും, റബ്ബറും എല്ലാംകൂടി കൃഷിചെയ്തിട്ടുള്ള സ്ഥലങ്ങൾക്കു് വയ്ക്കുന്ന ആദായനികുതി വളരെ അമിതമാണു്. ചില സ്ഥലങ്ങളിൽ വസ്തുവിന്റെ വിലയേക്കാൾ വളരെ കൂടുതൽ ആദായനികുതി കണക്കാക്കുന്നു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ചെറ്റക്കുടിലുകളിൽ താമസിക്കുന്ന ഒന്നരണ്ടേക്കർകാരായ കൃഷീവലന്മാരുടെ കാര്യമാണു് ഞാൻ പറയുന്നതു്. ഇങ്ങനെ അസ്സസ്സ് ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ തയ്യാറുണ്ടെങ്കിൽ അവർ അസ്സസ്സ് ചെയ്യുന്ന ആദായത്തിനു് അവർക്കു് ആ വസ്തുക്കൾ ഞാൻ പാട്ടത്തിനു് എഴുതികൊടുപ്പിക്കാം. മറ്റൊന്നുള്ളതു് ആദായം കൂടുതലുള്ളവർക്കു ആദായനികുതിയില്ലാതിരിക്കുകയും ആദായമില്ലാത്ത പാവപ്പെട്ടവർക്കു് ആദായനികുതി ചുമത്തുകയും ചെയ്യുന്നു എന്നുള്ളതാണു്.

ഞാൻ അറിയുന്ന ഒരു സ്ഥലത്തു് ഒരു പകുതിയിൽ ഏറ്റവും കൂടുതൽ സ്വത്തുണ്ടെന്നു പരക്കെ സമ്മതിച്ചിട്ടുള്ള ഏറ്റവും വലിച്ച ഭൂസ്വത്തുടമസ്ഥനു് ആദായനികുതിയില്ല. ആ പകുതിയിൽ രണ്ടേക്കറും, മൂന്നേക്കറും, നാലേക്കറും ഭൂമി ഉള്ളവർക്കെല്ലാം ആദായനികുതിയുണ്ടു്. അതുപോലെ ചങ്ങനാശ്ശേരി താലൂക്കിൽനിന്നും ആദായനികുതി തിട്ടപ്പെടുത്തിവരുന്ന രീതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടേണ്ടതാണു്.

സാധാരണ അയ്യായിരം രൂപയാണ് വരവു നിശ്ചയിച്ചിട്ടുള്ളത്. അവിടത്തെ തഹശീൽദാർക്ക് മജിസ്ട്രേട്ടുജോലികൂടിയുണ്ട്. അദ്ദേഹത്തിന ഹെഡ്കൺട്രോൾ സംബന്ധിച്ച ജോലിയും ഉണ്ട്. അതിനാൽ ആദായനികുതി സംബന്ധിച്ച ജോലികളിൽ ഇടപെടുവാൻ അദ്ദേഹത്തിന സാധിക്കുകയില്ല. ആ ജോലിക്ക് അവിടെ ഒരു ക്ലാർക്കുണ്ട്. ഇവിടത്തെ ആരുമന്ത്രിമാർക്കുമുള്ള ശമ്പളം ആ ക്ലാർക്കിന് ആദായമുണ്ട്. ആ ക്ലാർക്കിന പണം കൊടുത്താൽ ഒരൊററ ആളിനും ആദായനികുതി അസെസ് ചെയ്യുകയില്ല.

MR. K. A. MOHAMMED : അദ്ദേഹത്തിന്റെ പേരെന്താണ്?

MR. P. T. CHACKO : ആ ഉദ്യോഗസ്ഥൻ മഹമ്മദുകുഞ്ഞ് എന്ന ഒരു ക്ലാർക്കാണ്. ഗവമ്മെൻറിൽ നിന്നും തെളിവെടുക്കമെങ്കിൽ ഓരോ ദിവസവും വാങ്ങിയ കൈയ്ക്കൂലിക്ക് തെളിവു കൊടുക്കാം. അവിടെ ഒന്ന പരിശോധന ചെയ്താൽ ആദായം ഉള്ളവരും ഇല്ലാത്തവരും ആദായനികുതി കൊടുക്കുന്നതിൽ ഉള്ള അന്തരം ഉദാഹരണസഹിതം കാണിച്ചു കൊടുക്കാം. വടക്കൻതിരുവിതാംകൂറും തെക്കൻതിരുവിതാംകൂറും ആയി ഇക്കാര്യത്തിൽ പല വ്യത്യാസങ്ങളും ഉണ്ട്. പുനലൂർ വശത്തുള്ളവർക്ക് സാധാരണ ന്യായമായി മാത്രം ആദായം തിട്ടപ്പെടുത്താറുള്ളതായി അനുഭവമുണ്ട്. അവർതന്നെ വടക്കൻതിരുവിതാംകൂറിൽ ആണെങ്കിൽ കാർഷികാദായനികുതി ഒരു ഭാഗത്തും പ്രവൃത്തിയാർക്കും ക്ലാർക്കന്മാർക്കും കൊടുക്കുന്നതിന മറുഭാഗത്തും വസ്തു വിൽക്കേണ്ടിവരും.

MR. JOESPH MALIEKAL (*Thodupuzha I—General*) : സർ, ഞാൻ ആദായനികുതിയെപ്പററി പറയുമ്പോഴും നികുതി കൊടുക്കുന്നതിന ഞാൻ എതിരാണെന്ന തെററിദ്ധാരണ ആക്കും ഉണ്ടാകരുതെന്നപേക്ഷിക്കുന്നു. ഈ രാജ്യത്തിലെ ചെലവു വഹിക്കാൻ ഈ രാജ്യത്തിലെ പൗരന്മാർക്കു ചുമതലയുണ്ട്. അതിലേക്കു നികുതി പിരിക്കാൻ ഗവമ്മെൻറിന അവകാശമുണ്ട്. എന്നാൽ ഭൂമിയെ സംബന്ധിച്ചിടത്തോളം ഇപ്പോഴും നിലവിലിരിക്കുന്ന നികുതിനിയമം കഴിഞ്ഞ ഭരണകാലത്ത് മർദ്ദനപരമായി നടപ്പിലാക്കിയതാണ് എന്ന പറയാൻ ഞാൻ മടിക്കുന്നില്ല. ആ നിയമം ഈ ജനകീയഗവമ്മെൻറും ആവർത്തിക്കുന്നതു സങ്കടകരമാണ്. നീതിയായ ഒരടിസ്ഥാനത്തിൽ നികുതിനിയമം പാടേ പരിഷ്കരിക്കണം. ഇവിടത്തെ ഭൂനികുതിയെ സംബന്ധിച്ചിടത്തോളം മുൻപ് ഒരു സെററിൽമെൻറുപ്രൊക്ലമേഷൻ ഉണ്ടായി. അതനുസരിച്ചു കരം നിശ്ചയിച്ചു.

[Mr. Joseph Maliekal.]

അന്നു കരം നിശ്ചയിച്ചതു് അന്നത്തെ ഭൂമിയുടെ സ്ഥിതിഗതികളെ എല്ലാം ആലോചിച്ചാണു്. Mathematical ആയി സംഗ്രഹിച്ചാൽ, The tax imposed on a plot of land was a mathematical function of the several variables like the extent of the land, soil quality, productive power, cost of cultivation, cultivator's fair share of profits, the Sovereign right and the variation of prices. ആ ഫോർമുലാ ഇന്നു വച്ചിരുന്നു എങ്കിൽ ഒന്നാംതരം സൊല്യൂഷൻ അതിൽനിന്നും കിട്ടുന്നതാണു്. ൧൧൧൯-ൽ അന്നത്തെ ഭരണകർത്താക്കൾക്കു തോന്നി ഇവിടെ ഒരു കാർഷികാദായനികുതി ഏർപ്പെടുത്തണമെന്നു്, ആ അവസരത്തിൽ മദ്രാസിലും ഈ ആലോചന വന്നു. വെങ്കിട്ടരാമശാസ്ത്രി, ഗോപാലസ്വാമി അയ്യങ്കാർ തുടങ്ങിയവർ ഇതു് Double Taxation ആണെന്നും അതിനാൽ, നിയമവിരുദ്ധമാണെന്നും പറഞ്ഞു. ഹിന്ദു എന്ന ഇംഗ്ലീഷുപത്രം അന്നു പറഞ്ഞതു്:

"The question of agricultural income-tax or any other income-tax is not taken up as an end in itself. When iuflationary tendencies exist that will be done. The moment deflation starts, all these steps will have to be retraced." എന്നാണു്. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കേട്ടശേഷം ഇവിടത്തെ മേധാവി അവയ്ക്കു സമാധാനം എന്നോണം പറഞ്ഞതു് ഇപ്രകാരമാണു്:

HON'BLE MR. C. KESAVAN: ഈ ടാക്സ് ഇൻഡ്യയിൽ ഉള്ള പ്രവിശ്യകളിൽ എവിടെയെങ്കിലും ഉണ്ടോ?

MR. JOESPH MALIEKAL: ബീഹാറിലുണ്ടു്. അവിടെ അയ്യായിരത്തിനുമേലേ ഉള്ളൂ. പാവപ്പെട്ട കൃഷിക്കാർക്കു ദോഷം വരാതെയിരിക്കുവാൻവേണ്ടി അയ്യായിരത്തിനു താഴെ ആദായമുള്ളവരെ ബാധിക്കയില്ല എന്നു പറഞ്ഞു. ഇപ്പോഴും ൧൧൨൧-ൽ ആക്ടാക്കിയപ്പോഴും ഈ വാഗ്ദാനങ്ങളെയെല്ലാം മറന്നു് ൧൫൦൦ രൂപാവരെ തോതു വർദ്ധിപ്പിച്ചു. അതു് അന്നത്തെ ഗവൺമെന്റു് ചെയ്ത ഒരു വിശ്വാസവഞ്ചനയാണു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇപ്പോഴും ആണ്ടുതോറും നികുതി ചുമത്തുന്നതിന്റെ ഭയങ്കര ദോഷങ്ങളും ജനങ്ങളും എത്ര പറഞ്ഞിട്ടും ആർക്കും മനസ്സിലാകുന്നില്ല. എന്നാൽ, ൬൦ കൊല്ലം മുൻപു് ഇവിടെ സെററിൽമെന്റു പ്രൊക്ലമേഷൻ പുറപ്പെടുവിച്ച

പ്പോൾ, അന്നു ൧൨ കൊല്ലത്തിലൊരിക്കൽ കരം കണ്ടെഴുതുന്നതിൽ വച്ചുണ്ടാകുന്ന അഴിമതികളെപ്പററി അന്നത്തെ മഹാരാജാവുതിരുമനസ്സു കൊണ്ടു സെററിൽമെൻറു പ്രൊക്ലമേഷൻ ൩൧-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് പ്രജകളുടെ രക്ഷയിൽ എത്ര ഉൽക്കണ്ഠയോടുകൂടിയാണെന്നു നോക്കുക:—

"The employment of a large staff of such lowpaid agency means petty exaction and oppression on the one hand and fraud and chicanery on the other. Such a process once in 12 years must have the effect of destroying the confidence of the ryots and impairing industry and free employment of labour and capital"

ഇതു പരിഹരിക്കാൻ വേണ്ടി ൩൦ കൊല്ലത്തേക്കു സ്ഥിരപ്പെടുത്തണമെന്നു് ഗവൺമെൻറു തീർച്ചപ്പെടുത്തി. ഇതിനെയെല്ലാം മറന്നു് അക്രമപരമായി ഏർപ്പെടുത്തിയ ഈ ആദായനികുതിയുടെ വേറൊരന്യായം കർഷകനു മററുള്ളവരെക്കാൾ നികുതിഭാരം കൂടുതലാകുന്നു എന്നുള്ളതാണു്. ഒരു കച്ചവടക്കാരനു് അവൻെറ മുതലിൻെറ പലിശയും ചെലവും നീക്കിയുള്ള ആദായത്തിനു നികുതി കൊടുത്താൽ മതി. കർഷകൻ അവൻെറ ഭൂമിക്കു ഒരു നികുതി കൊടുക്കണം, ഭൂമിയിൽനിന്നുണ്ടാകുന്ന റബ്ബർ, തേയില മുതലായവയ്ക്കു പ്രത്യേകം നികുതി കൊടുക്കണം. അതിനെല്ലാം പുറമെ, എല്ലാ വിഭവങ്ങൾക്കും എക്സ്പോർട്ടു ഡ്യൂട്ടിയും കൊടുക്കണം. സർ, കണക്കറിയാവുന്ന ആരെങ്കിലും വരട്ടെ, അവരെ ഞാൻ ഒരു സംഗതി പഠിപ്പിച്ചു കൊടുക്കാം. ഇപ്പോൾ കർഷകൻ കൊടുക്കുന്ന കയററുമതിനികുതി വകവച്ചു കണക്കാക്കിയാൽ, ഇന്നത്തെ നിരക്കിൽ ഒരു വ്യാപാരി ൧൫൦൦ രൂപാവരെയുള്ള ആദായത്തിനു കൊടുക്കുന്ന നികുതി ഈ കയററുമതിച്ചുങ്കംകൊണ്ടുതന്നെ കർഷകരിൽനിന്നു് ഈടായിപ്പോകുന്നു. അതുകൊണ്ടു് തുല്യമായ നികുതിഭാരമല്ലാതെ ഒരു വ്യക്തിയെ മററു വ്യക്തികളെക്കാൾ കൂടുതൽ നികുതിഭാരംവഹിക്കാൻ ഇടവരുത്തുന്ന നിയമം അക്രമപരമാണു്. അതുകൊണ്ടു്, കർഷകൻ ൧൫൦൦ രൂപവരെയുള്ള ആദായത്തിനു നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥനല്ലെന്നു കാണാം. A worm will turn എന്നുള്ള മൊഴി ഞാൻ ഓർമ്മിക്കുന്നു. എൻെറ സ്വരത്തിൽ അല്പം നിരാശയുണ്ടെങ്കിൽ അതു ക്ഷമിക്കണം. പൊതുജനങ്ങളുടെ നിരാശ എന്നിൽകൂടി ഇവിടെ പ്രതിഫലിക്കുന്നതു മാത്രമാണു്. അതുകൊണ്ടു് ഇവിടത്തെ നികുതിനിയമം നീതിപരമായ ഒരടിസ്ഥാനത്തിന്മേൽ പാടെ പരിഷ്കരിക്കണമെന്നു ഞാൻ ആദ്യം പറഞ്ഞതു് ഒരിക്കൽകൂടി ആവർത്തിച്ചുകൊള്ളുന്നു.

MR. ABDUL AZIZ: സർ, ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൻെറ സമൂലമായ ഒരു ഉടച്ചുവാക്കലിനെപ്പററി പ്രതിപാദിക്കാനാണ് ഈ ഉപക്ഷേപത്തെ അനുകൂലിച്ചു ഞാൻ സംസാരിക്കാൻ പോകുന്നതു്. ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറ്, വരവിനത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ്. കഴിഞ്ഞ പത്തു കൊല്ലത്തെ ഇൻകംടാക്സ് ഇനം പരിശോധിക്കുന്നപക്ഷം ൧൧൧൪-ൽ പത്തര ലക്ഷം രൂപാ ആയിരുന്നതു് ൧൧൧൫ മുതൽ ക്രമാതീതമായി വർദ്ധിച്ച് ൧൧൧൭-ൽ പത്തൊൻപതര ലക്ഷവും ൧൧൨൩ അവസാനം ആകുമ്പോൾ ഏകദേശം ൨ കോടിയോളവും ആയി വർദ്ധിക്കുന്നു. ഈ നിലയിൽ വളർന്നു കൊണ്ടിരിക്കുന്ന വലിയ ആദായമാറ്റത്തിനു കാരണമായിരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറിൻെറ ഇന്നത്തെ പ്രവർത്തനസാമർത്ഥ്യം എത്ര ഉണ്ടെന്നു പരിചിന്തനം ചെയ്യുമ്പോൾ ഈ ഡിപ്പാർട്ടുമെൻറ് പ്രവർത്തനത്തിനു എത്രത്തോളം ശക്തമായ മെഷിണറി നൾകീട്ടുണ്ട് എന്നു ആലോചിക്കണം. ഇവിടെ പലതരത്തിലുള്ള വിഷമങ്ങൾ കാർഷികാദായനികുതി മൂലവും മററു നികുതികൾമൂലവും ജനങ്ങൾ അനുഭവിക്കുന്നതായി പ്രസ്താവിച്ചു. ഇവിടത്തെ ഇന്നത്തെ നിലയിൽ ഉള്ള ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിനു് സുശക്തമായ ഒരു സ്റ്റാഫ് പ്രവർത്തനത്തിന് ഇല്ലാത്തതു കൊണ്ടല്ലേ ഈ ദോഷം എന്നു ഞാൻ ചോദിക്കുന്നു. ഇന്നത്തെ ഗവണ്മെൻറ് പല ഡിപ്പാർട്ടുമെൻറിൻെറ നേക്കും ഔചിത്യത്തോടല്ലാ നോക്കുന്നതു് എന്നു പറയേണ്ടിയിരിക്കുന്നു. അടുത്ത കൊല്ലത്തെ ബഡ്ജററിൽ ഫാറസ്റ്റ്, സാൾട്ട്, രജിസ്ട്രേഷൻ, അബ്കാരി ഈ ഡിപ്പാർട്ടുമെൻറുകളുടെയെല്ലാം വ്യയം കൂട്ടുകയും അതേസമയം ഇൻകംടാക്സിൻെറ വ്യയം കുറക്കുകയും ആണ് ചെയ്തിരിക്കുന്നതു്. വ്യയന്യൂനീകരണത്തിന് ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിനെ വിധേയമാക്കിയതു് ഇന്നു നാം അനുഭവിക്കുന്ന അഴിമതികൾക്ക കൂടുതൽ ശക്തിയുണ്ടാക്കാൻ കാരണമാക്കുന്നതാണ്. അയൽരാജ്യമായ കൊച്ചിയിലെ ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടെ വളരെ ദുശ്ശംഗമായ മെഷിണറിയാണ് പ്രവർത്തനം നടത്തുന്നതു് എന്ന് കാണാം. കൊച്ചിയിൽ ഇൻകംടാക്സ് സംബന്ധമായി ഒരാണ്ടിൽ ഒരാഫീസർ ൫൦൦ കേസ്സിൽ കൂടുതൽ കൈകാര്യം ചെയ്യേണ്ടിവരുകയില്ല. നേരെമറിച്ച് ഇവിടെയാണെങ്കിൽ ൧൫൦൦ കേസുകൾ തീർന്നാലും കുടിശിക ഉണ്ടായിരിക്കും. അവിടെ ഈ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനു ൧൭൫ മുതൽ ൩൦൦ വരെ ശമ്പളം കൊടുക്കുമ്പോൾ ഇവിടെ ൧൭൫ മുതൽ ൨൨൫ വരെയാണ് ശമ്പളം. അവിടെ ഇൻകംടാക്സ് സ്റ്റാഫ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു് എക്സാമിനേഴ്സ് എന്ന

സ്റ്റാഫ് നിയമിച്ച്, അവൎക്ക് ൫൦ മുതൽ ൨൨൦ വരെ ശമ്പളം നിശ്ചയിക്കുകയും, ശരിയായ കണക്കെടുക്കുവാൻ അവൎക്കു സാധിക്കുകയും ചെയ്യുന്നു. ഇൻകംടാക്സ് ആഫീസറെ സഹായിക്കാൻ നല്ല സ്റ്റാററസ് ഉള്ള ഉദ്യോഗം കൊച്ചിയിൽ ഉള്ളപ്പോൾ ഇവിടെ എന്താണുള്ളത്? ഇവിടെയുള്ള ഇൻകംടാക്സ് ആഫീസൎക്ക് ൫൦ മുതൽ ൨൨൦ വരെ രൂപായാണു ശമ്പളം. കൊച്ചിയിലുള്ളതിൽ രണ്ടുമൂന്നു ഇരട്ടി ജോലി കൂടുതൽ ഉള്ളതോ പോകട്ടെ; ഇവിടെ ൪൦ മുതൽ ൫൦൦ രൂപാവരെ ശമ്പളമുള്ള ക്ലാൎക്കുമാരാണു ആഫീസറെ സഹായിക്കുന്നതിനുള്ളതു. ന്യായമായി അവരുടെ ജോലി തക്ക സമയത്തിനുള്ളിൽ തീൎക്കാൻ സാധിക്കാത്തതിനാൽ അവർ ചില കുറുക്കുവഴികൾ സ്വീകരിക്കേണ്ടിവരുന്നു. ആ കാരണങ്ങളാൽ ആണ് ഇവിടത്തെ അസെസ്മെൻറ് ശരിയായി മുന്നോട്ടു പോകാത്തതു്. അതിനാൽ ഒരു പുനഃസംഘടന ഈ ഡിപ്പാൎട്ടുമെൻറിനുണ്ടാകണം. വലിയവലിയ അധികാരപരിധികൾ ഓരോ ആഫീസറുടെ കീഴിൽ ഉണ്ടു്. അതു ചെറുതുചെറുതാക്കി ആഫീസൎക്കുള്ള ജൂറിസ്ഡിക്ഷൻ കുറയ്ക്കുന്നപക്ഷം ശരിയായി അസെസ്സ് ചെയ്യുവാൻ ഉള്ള സൌകൎയ്യം അവൎക്കു ലഭിക്കും. വേറൊരു കാൎയ്യം ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താനുള്ളതു് ഇൻകംടാക്സ് ലാൻഡ് റവന്യൂ ഡിപ്പാൎട്ടുമെൻറിനോടുകൂടി ഉൾപ്പെടുത്താൻ ആലോചനയുള്ളതായി കാണുന്നു. അതിനാണ് തഹശീൽദാരന്മാരെക്കൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് എന്നു തോന്നുന്നു. അങ്ങനെയാണെങ്കിൽ അതു് ഏററവും ആപത്താണ് എന്ന് ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നും മനസ്സിലാക്കാം. നാലഞ്ചു താലൂക്കുകൾ ഉൾപ്പെടുത്തി ഒരു ടാക്സ് ആഫീസറും താലൂക്കുതോറും തഹശീൽദാരും ഉണ്ടു്. ഇങ്ങിനെ concurrent jurisdiction ഉള്ള ഉദ്യോഗസ്ഥന്മാർ ഒരേ അധികാരപരിധിയിൽ ജോലിചെയ്താൽ ഔദ്യോഗികവിഴ്ചകൾ കൂടുവാനേ തരമുള്ളു. തഹശീൽദാരുടേയും പാൎവ്വത്യകാരുടേയും കാൎയ്യം പറയാതിരിക്കുകയാണ് ഭേദം.

The House adjourned for lunch at 1 P. M. and met again at 2 P. M. with the President (Hon'ble Mr. A. J. John) in the chair.

MR. ABDUL AZIZ: സർ, ഇനി എനിക്കു ഒരു കാൎയ്യത്തെപ്പററി മാത്രമേ പറയുവാനുള്ളു. ഇൻകംടാക്സ് ഡിപ്പാൎട്ടുമെൻറിലെ അഴിമതിയെക്കുറിച്ചു നിശിതമായ വിമൎശനങ്ങൾ നടന്നകൂട്ടത്തിൽ മി. പി. ററി. ചാക്കോ ഒരു മഹമ്മദുകണ്ണിൻെറ പേർ ഇവിടെ പറയുകയുണ്ടായി. ഇന്നു തിരുവിതാംകൂറിൽ, ഉദ്യോഗസ്ഥന്മാരിൽ അങ്ങേ അററം മുതൽ ഇങ്ങേ അററംവരെയുള്ളവർ അഴിമതിക്കാരാണെന്നുള്ള കാൎയ്യം വിസ്മരിക്കാവുന്നതല്ല. മി. പി. റ്റി. ചാക്കോ ആ നിലയിൽ

[Mr. Abdul Aziz.]

എല്ലാ ഉദ്യോഗസ്ഥന്മാരും അഴിമതിക്കാരാണെന്നു ചൂണ്ടിക്കാണിച്ച കൂട്ടത്തിൽ മി. മഹമ്മദുകണ്ണിന്റെ കാര്യംകൂടി പറഞ്ഞതായിരിക്കണം. തിരുവിതാംകൂറിൽ കൈക്കൂലി ഒരു പാരമ്പര്യമായി നടന്നുവരികയാണ്. സാധാരണയായി വിശ്വസിക്കാവുന്നവർ എന്നും വിശ്വസിച്ചാൽ ചതിക്കയില്ലെന്നും പാരമ്പര്യേണതന്നെ പ്രത്യേകം പ്രശസ്തി ആർജ്ജിച്ചിട്ടുള്ള മുസ്ലീം സമുദായത്തിലെ ഒരംഗത്തെ തന്റെ കയ്യാളാക്കിയാൽ തരക്കേടില്ല എന്ന വിചാരത്തോടുകൂടി ഒരു തഹശീൽദാർ ഈ മി. മഹമ്മദുകണ്ണിനെ ആയുധമാക്കി അഴിമതി നടത്തുന്നു എന്നുള്ളതാണ് പരമാർത്ഥം. ഇൻകംടാക്സ് കമ്മീഷണർക്ക് ഇൻകംടാക്സ് പിരിക്കുന്നതിനെ സംബന്ധിച്ച് ഒരു അപ്പ്ലറ്റ് ജൂറിസ്ഡിക്ഷൻ ഇല്ല. അതുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെയുള്ള അഴിമതികൾ ഈ ഡിപ്പാർട്ടുമെന്റിൽ അത്രവളരെ നടക്കുകയില്ല. ഇൻകംടാക്സ് കമ്മീഷണർക്ക് അപ്പലറ്റ് ജൂറിസ്ഡിക്ഷൻകൂടി കൊടുക്കേണ്ടതു അത്യാവശ്യമാണ്.

MR. P. K. RAMAN (*Shertalai* II—*General*) : സർ, കാർഷികാദായനികുതിയെ സംബന്ധിച്ച് ആർക്കും ഇവിടെ എതിരഭിപ്രായം ഉണ്ടായിരുന്നില്ല. അതു കണക്കാക്കുന്നതിലുള്ള സ്ഖലിതങ്ങൾ ഒഴിവാക്കണമെന്നാണ് ഇവിടെ ശക്തിയായി അഭിപ്രായപ്പെട്ടതു്. തിരുവിതാംകൂറിന് വെളിയിൽ ചില പ്രൊവിൻസുകളിൽ ൨൫൦൦ രൂപയിൽ കൂടുതൽ ആദായമുണ്ടെങ്കിൽ മാത്രമേ നികുതിചുമത്തുകയുള്ളു എന്നാണു മറ്റൊരഭിപ്രായം ഇവിടെ ഉണ്ടായതു്. എന്നാൽ ഇൻഡ്യയിൽ പല ഭാഗത്തും ലാഭകരമായ വിധത്തിൽ കൃഷിചെയ്യുവാനും കുടിയേറിപാർക്കുവാനും ധാരാളം സ്ഥലങ്ങൾ കിടപ്പുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെന്റു വളരെ ഉദാരമായ നയങ്ങൾ കൈക്കൊള്ളേണ്ടതായുണ്ടു്. അതിന്റെ ഫലമായി ഇൻഡ്യാഗവണ്മെന്റു ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്തതായിരിക്കണം. അതുകൊണ്ടായിരിക്കും കാർഷികാദായനികുതിയെ ബാധിക്കുന്ന തുക കൂട്ടിവച്ചിരിക്കുന്നതു്. ഇവിടെ ഗവണ്മെന്റിനു വളരെ അധികം ജനങ്ങളെ താമസിപ്പിക്കേണ്ട ചുമതലയുണ്ടു. ഇൻഡ്യയിൽ എവിടെയും ഉള്ളതിനെക്കാൾ ജനപ്പാർപ്പുള്ള തിരുവിതാംകൂറിൽ കൃഷിക്കായി കിട്ടുന്ന ഭൂമി ശരാശരി ൪൦ സെന്റുമാത്രമാണു. അങ്ങനെയുള്ള ഈ രാജ്യത്തു കൃഷിക്കായി വളരെയധികം ഭൂമി ജനങ്ങൾക്കു അനുവദിച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ രക്ഷിക്കുന്ന ഒരു ഗവണ്മെന്റിനു അവരുടെ താമസസൗകര്യത്തെപ്പറ്റി ശ്രദ്ധിക്കാ

തിരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ടു കാർഷികാദായനികുതി ചുമത്തപ്പെടുന്ന സംഖ്യ ശരിയായിരിക്കണമെന്നല്ലാതെ അതു് ജനങ്ങൾക്കു ഉപദ്രവമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഇവിടെ നടപ്പിലാക്കിയിരിക്കുന്നതു്.

നമ്മുടെ ആളുകൾ കണക്കുവയ്ക്കുന്നതിൽ പ്രായേണ വിമുഖന്മാരാണു്. നാം വ്യാവസായികവും വാണിജ്യപരവുമായ മനസ്ഥിതിയുള്ള ഒരു ജനസമുദായമല്ല. പൂർവികമായിത്തന്നെ നല്ല നിലയിൽ കഴിഞ്ഞുകൂടുന്ന പല കുടുംബങ്ങളിലും സംഗതികൾ അങ്ങനെ സക്കാർകാര്യം എന്നപോലെ മുറയ്ക്കുപോകുന്നവയെന്നേയുള്ളു. കണക്കു വയ്ക്കുന്നകാര്യത്തിൽ അവർ ശ്രദ്ധിക്കാറില്ല. ഉള്ള കണക്കുകൾതന്നെ ശരിയായി പരിശോധിക്കാതെയാണു ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറു നികുതിചുമത്തിവരുന്നതു് കണക്കു പരിശോധിക്കുന്നതിലും ചെലവു കണക്കാക്കുന്നതിലും പല കുറ്റംകൈകളും അവർ കാണിക്കുന്നുണ്ടു്. ഒരു പുതിയ നിയമം വരുമ്പോൾ സാധാരണ ജനങ്ങൾക്കു സ്വാഭാവികമായി അതിൽ ഒരു ഭയം തോന്നും. ആ നിലയിൽ ഇൻകംടാക്സ് ചുമത്തുന്ന കാര്യത്തിൽ പലക്കും പലപ്പോഴും പല സങ്കടങ്ങളും അനുഭവിക്കേണ്ടതായി വരുന്നു. ഇതു കാർഷികാദായനികുതിയുടെയും കച്ചവടാദായനികുതിയുടെയും കാര്യത്തിൽ ശരിയാണ്. അവർ കണക്കുകൾ പരിശോധിക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന എല്ലാ വിക്രിയകൾക്കും ഇരയായിത്തീരുന്നു എന്നുള്ളതു് ഒരു പരമാർത്ഥമാണ്.

ഈ കാർഷികാദായനികുതി കൊടുക്കുന്നതിൽനിന്നും ഇപ്പോൾ ഒഴിഞ്ഞുമാറി നിൽക്കുന്ന ആളുകൾ ഉണ്ടു്. അങ്ങനെയുള്ള ആളുകളെ കണ്ടുപിടിച്ചു കരം ചുമത്തുന്നപക്ഷം ഗവണ്മെൻറിനു ഇന്നു കിട്ടുന്നതിനേക്കാൾ വളരെ കൂടുതലായ ഒരു സംഖ്യ ഇൻകംടാക്സ് എന്ന ഇനത്തിൽ കിട്ടും.

ഇവിടെ നേഷൻ ബിൽഡിംഗ് സ്ക്കീം എന്നു പറയുന്ന പുനരുദ്ധാരണസംവിധാനപദ്ധതിക്കായി പണമൊന്നും കൊള്ളിച്ചിട്ടില്ലെന്നും കൊള്ളിച്ചിട്ടുണ്ടെങ്കിൽതന്നെ ആ തുക കേവലം അപര്യാപ്തമാണെന്നും പറയുകയുണ്ടായി. ഇന്നു് ഗവണ്മെൻറു വസൂൽചെയ്തു വരുന്ന അമിതാദായനികുതി കുറെക്കൂടി ഉർജ്ജിതമായും നിർദ്ദാക്ഷിണ്യമായും പിരിച്ചെടുക്കുവാൻ ഏർപ്പാടുചെയ്യുന്നപക്ഷം നമ്മുടെ നേഷൻബിൽഡിംഗ് പദ്ധതികൾക്കു ആവശ്യമുള്ള തുക നിഷ്പ്രയാസം ലഭിക്കുന്നതാണ്.

[Mr. P. K. Raman.]

അധികം പണം സമ്പാദിച്ച പൂർണ്ണസ്റ്റേജ് എന്നു പറയുന്ന ഒരു പുതിയ സ്റ്റേജിലേക്ക് പ്രവേശിക്കുന്ന ധനവാന്മാരുണ്ട്. അവർ ആദായനികുതി കൊടുക്കുന്നതിൽനിന്നും ഒഴിഞ്ഞുനിൽക്കുവാൻ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചിരിക്കുന്നു. വലിയ കമ്പനി രൂപീകരിച്ച് തന്റെ ഭാര്യയേയും മക്കളേയും അവകാശികളേയുംമാത്രം അതിൽ ഷെയറിക്കാരായി ചേർത്തു അങ്ങനെ കമ്പനി പേരിൽ കാര്യങ്ങൾ നടത്തുക, കമ്പനിനിയമപ്രകാരമുള്ള സൗജന്യങ്ങൾ അനുഭവിക്കുക ഇതാണു ആ വിദ്യ.

അതാതുസ്ഥലത്തെ കർഷകരുടെ ശരാശരി ചെലവു കഴിച്ച് എത്ര ആദായം ഉണ്ടാകും എന്നതിനെപ്പററി അന്വേഷിക്കുന്നതിനു കർഷകരടങ്ങിയ ഒരു കമ്മിററി രൂപീകരിച്ച് ഗവൺമെൻറുമായി സഹകരിച്ചു പ്രവർത്തിച്ചാൽ ഇതിനെല്ലാം ഒരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം.

MR. P. M. VARGHESE: സർ, ഗവൺമെൻറിന്റെ വരവു ഏതെങ്കിലും വിധത്തിൽ വർദ്ധിപ്പിക്കേണ്ടതു ആവശ്യമാണ്, അതിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ന്യായമായ ശമ്പളം കൊടുക്കണമെങ്കിൽ ഗവൺമെൻറിനു വരവുണ്ടായിരിക്കണം. വരവുണ്ടാക്കുവാനുള്ള മാർഗ്ഗം കാർഷികാദായനികുതിയോ, അല്ലെങ്കിൽ വ്യാവസായികാദായനികുതിയോ ഏതായാലും കൊള്ളാം, ആദായമുള്ളവരിൽനിന്നും നികുതി ഈടാക്കാനേ നിവൃത്തിയുള്ളു. പക്ഷെ, ഇവിടെ നടക്കുന്ന വാദപ്രതിവാദത്തിൽനിന്നും ആദായനികുതി ഈടാക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ചാണ് ആക്ഷേപമുള്ളതെന്നു മനസ്സിലാകും. കാർഷികാദായനികുതി ഈ അടുത്തകാലത്തു മാത്രമാണു നമ്മുടെ നാട്ടിൽ കൊണ്ടുവന്നിട്ടുള്ളതു. അതിന്റെ പ്രവർത്തനത്തിൽ ധാരാളം വൈകല്യങ്ങൾ വരാനിടയുണ്ട്. കാരണം അതിൽ പരിചയമുള്ള ഉദ്യോഗസ്ഥന്മാർ ഈ രാജ്യത്തു വളരെ പരിമിതമാണ്. ഈ രാജ്യത്തു കമ്പനികളും വളരെ പരിമിതമാണ്. വിദേശങ്ങളിൽ, ഇംഗ്ലണ്ടിലോ, അമേരിക്കയിലോ ആണെങ്കിൽ കമ്പനികളും വ്യവസായികളും ശരിയായ കണക്കു സൂക്ഷിക്കുന്ന പതിവുണ്ട്, എന്നാൽ ഈ നാട്ടിൽ ആ പതിവില്ല, വിശേഷിച്ചും കർഷകർക്ക് ഒട്ടുമില്ല. കർഷകരിൽനിന്നും ആദായം ഈടാക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ആദായത്തെപ്പററിയുള്ള കണക്കുകൾ നോക്കുമ്പോൾ വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ നടപടി നോക്കുന്നപക്ഷം ഡിപ്പാർട്ടുമെൻറധികൃതർ താലൂക്കധികൃതർക്ക് പ്ര മണിക്കൂറിനുള്ളിൽ, ഇരുന്നൂറോ, മുന്നൂറോ, നാന്നൂറോ പേരുടെ ആദായം തിട്ടപ്പെടുത്തി കണക്ക് അയക്കണമെന്നു ഉത്തരവിടും. ചിലപ്പോഠം പ്ര മണിക്കൂർ മാത്രമേ സമയം കിട്ടുകയുള്ളൂ എന്നും വരാം, അവർ ശിവനെ എന്നുവിചാരിച്ചു അവിടെ ഇരുന്നുകൊണ്ടുതന്നെ ഒരു കണക്കു തയാറാക്കി അയക്കുകയാണു ചെയ്യുന്നതു്. ജനങ്ങഠം അതു ഒരു തലയിലെഴുത്തു പോലെ കരുതി പ്രവൃത്തിച്ചുകൊള്ളണം. കാർഷികാദായം കൊല്ലം തോറും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. അനിശ്ചിതമായ ഒരടിസ്ഥാനത്തിന്മേൽ തിട്ടപ്പെടുത്തേണ്ട ഈ സമ്പ്രദായം മാററി വേറെ വല്ല മാർഗ്ഗവും നടപ്പിലാക്കാൻ കഴിയുമോ എന്നും ഗവണ്മെൻറാലോചിക്കേണ്ടതാണ്.

എനിക്കു ഇതു സംബന്ധിച്ചു ഒരു സ്കീം തോന്നുന്നുണ്ട്. ഇന്നു കർഷകരായിട്ടുള്ളവക്ക്, അഞ്ചേക്കറിൽ കീഴോട്ടു കൃഷിയുള്ളവക്ക് ഇത്ര, അഞ്ചേക്കറിൽ കൂടുതലുള്ളവക്ക് ഇത്ര, പതിനഞ്ചേക്കറിൽ കൂടുതലുള്ളവക്ക് ഇത്ര, എന്ന തോതിൽ ഒരു പ്രോഗ്രസീവ് ടാക്സേഷൻ സമ്പ്രദായം ഏർപ്പെടുത്തി ഈ കുഴപ്പം പരിഹരിക്കാമെന്ന് എനിക്കു തോന്നുന്നു. ഗവണ്മെൻറിനു വരാവുന്ന ആദായത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യംപോലും നഷ്ടം വരാത്തവിധത്തിൽ ഇതു ഏർപ്പെടുത്താൻ സാധിക്കുമെന്നാണ് എൻെറ അഭിപ്രായം.

ഇന്നു നാം കരം പിരിക്കുന്നതുപോലെ കൂടുതൽ വസ്തുക്കഠം ഉള്ളവരിൽനിന്ന് സൂപ്പർടാക്സ് പിരിക്കുന്നതും നന്നായിരിക്കും. ഇങ്ങനെയായാൽ വസ്തുക്കഠം കൃഷിചെയ്യാതെ വെറുതെ ഇടുകയില്ല. ഗവണ്മെൻറു ഇതൊന്നു പരീക്ഷിച്ചുനോക്കിയാൽ കൊള്ളാം.

വേറൊരുകാര്യം പറയാനുള്ളതു് ഇന്നലെ ബഹുമാനപ്പെട്ട ഒരു മന്ത്രി പറഞ്ഞ സംഗതിയെപ്പററിയാണ്. ഓരോ വിഷയങ്ങളെപ്പററി ഇവിടെ വാദപ്രതിവാദം നടക്കുമ്പോഴും അഴിമതിയെപ്പററി പറയുന്നുണ്ട്. അഴിമതി എല്ലാ നാട്ടിലും നടക്കുന്നുണ്ടെന്നു മന്ത്രി അവർകഠം പറഞ്ഞു. അതു കേട്ടപ്പോഠം എനിക്കു വളരെ ഖേദംതോന്നി. പരമാർത്ഥത്തിൽ വളരെ ഗൗരവമായ ഒരു കാര്യമാണ് ഇതു്. മന്ത്രിയുടെ സമാധാനം കേട്ടാൽ എല്ലാ നാട്ടിലും നടക്കുന്നതുകൊണ്ടു് ഇവിടെയും അനുവദിച്ചിരിക്കുകയാണെന്നു തോന്നും. നമ്മുടെ മന്ത്രിമാർ ഈ നയം സ്വീകരി

[Mr. P. M. Varghese]

ക്കുകയാണെന്നാണ് എനിക്കു പറയുവാനുള്ളതു്. യാതൊരു അഴിമതിയും ഇല്ലാതാകുവാനാണു് ഇവിടത്തെ ഭരണച്ചുമതല നിർവഹിക്കുന്നവർ ശ്രമിക്കേണ്ടതു എന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

MR. K. P. NILACANTA PILLAI (*Chirayinkil I—General*) : സർ, ഇവിടത്തെ വാദമുഖങ്ങൾ മനസ്സിലാക്കുവാൻ വളരെ വിഷമമായിട്ടാണു എനിക്കു തോന്നിയിട്ടുള്ളതു്. ആദ്യമായി ആലോചിക്കേണ്ടതു് ജനങ്ങളിൽനിന്നു് കാർഷികാദായത്തിന്മേൽ നികുതി ചുമത്തുക എന്ന തത്വം ഒരു മൗലികതത്വമായി സ്വീകരിക്കണമോ വേണ്ടയോ എന്നുള്ളതാണു്. വേണ്ടാ എങ്കിൽ എനിക്കും വേണ്ടാ. ചുമത്തണമെങ്കിൽ ഏതുവിധത്തിൽ ചുമത്തണം, അതിന്റെ നയം എന്തായിരിക്കണം എന്നും മററുമുള്ള കാര്യംകൂടി വ്യവസ്ഥചെയ്യേണ്ടതുതന്നെ. അതിനുമുൻപായി, അതായതു് ആദായനികുതി ചുമത്തണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനു മുൻപായി, അതേപ്പററി വളരെ സങ്കടമായി ഇവിടെ പറയുന്നതു കാർഷികാദായനികുതി ചുമത്തുന്ന അവസരത്തിൽ യാതൊരാദായവും ഇല്ലാത്ത ആളുകളെക്കൂടി അതിൽ ഉൾപ്പെടുത്തിപ്പോകുമെന്നുള്ളതാണു. അതു വേറൊരുകാര്യമാണു്. എവിടെ നികുതിയുണ്ടോ, അവിടെ അതിൽനിന്നു ഒഴിഞ്ഞുനിൽക്കുവാൻ ശ്രമിക്കുന്നവരും, എവിടെ നികുതിപിരിക്കുന്നുണ്ടോ അവിടെ നികുതികൊടുക്കുവാൻ അർഹതയില്ലാത്തവർകൂടി അതു കൊടുക്കുവാൻ നിർബന്ധിതരായിത്തീരുന്നവരും കാണുമെന്നുള്ളതിൽ സംശയമില്ല. ഇതുണ്ടാക്കുന്ന സമ്പ്രദായത്തിൽനിന്നു ഒഴിഞ്ഞുനോക്കാൻ ശ്രമിക്കുന്നവരെ നശിപ്പിക്കുവാൻ ചെയ്യുന്നശ്രമത്തിൽ ചില ക്രമക്കേടുകൾ വന്നുപോകും. അതു കുറയ്ക്കുവാൻ നോക്കേണ്ടതു അത്യാവശ്യമാണെന്നുള്ളതിൽ രണ്ടുപക്ഷത്തിനവകാശമില്ല.

രണ്ടാമതു് ലോകം എങ്ങോട്ടുപോകുന്നു എന്നുകൂടി നാം നോക്കണം. ലോകത്തിന്റെ ഗതി എല്ലാം സമത്വാനുഭവയോഗ്യങ്ങളാക്കിത്തീർക്കണമെന്നുള്ള ഒരു ആദർശത്തിലേക്കു പോകുകയാണു്. ഭൂമിയെപ്പോലും ക്യാപ്പിററലൈസ് വാല്യൂനോക്കി അനുഭവമുണ്ടായാലും ഇല്ലെങ്കിലും കൂടുതൽ ഭൂമിയുണ്ടെങ്കിൽ അധിനം നികുതിവെക്കണമെന്നൊരു തത്വം ഇന്നു് നടപ്പിൽ കൊണ്ടുവന്നിട്ടുണ്ടു്. ഇരുപതു ഏക്കർ ഭൂമിയുള്ള ഒരാൾ ഒരു ബംഗ്ലാവും എല്ലാംവച്ചു് അതിനുചുററും റോസാചെടിയും മററും നട്ടുപിടിപ്പിച്ചു് നല്ല ഉദ്യാനവും ഉണ്ടാക്കി സുഖാനുഭവത്തിൽ കഴിയുന്നു എന്നു വിചാരിക്കുക. ആ സ്ഥലത്തുനിന്നും യാതൊ

രാദായവും ആ ആറുംകൾ കിട്ടുന്നില്ല. എന്നാൽ ഇവിടെ ആളുകൾക്കു കിടക്കാൻ സ്ഥലമില്ലാതെ വിഷമം ഉണ്ടാകുന്നു. ആ നിലയ്ക്കു ഇത്രയധികം സ്ഥലം ഒരാൾ കൈവശംവെച്ചു സുഖിക്കുന്നതിനു ആ സ്ഥലത്തിനും കരം ചുമത്തണമെന്നാണു ഇന്നത്തെ ചിന്താഗതി. ചിലർ ജന്മംഫലം കൊണ്ടു വളരെ വിസ്താരമായ ഭൂമി കൈവശംവെച്ചുകൊണ്ടിരിക്കുന്നു എന്നുവന്നാൽ അതു് അവന്റെ ഒരു പ്രത്യേകവകയല്ലെന്നും ഭൂമി സമുദായത്തിന്റെ വകയാണെന്നും മററുള്ളവർക്കു അവകാശപ്പെടുന്നതിൽ കൂടുതലായ പ്രാവിലെജസ് ഇവൻ വച്ചുകൊണ്ടിരിക്കുന്നതു് ശരിയല്ലെന്നും അതിനാൽ ആ പ്രാവിലെജിനെ ടാക്സു ചെയ്യണമെന്നുമാണ് ഇന്നത്തെ അഭിപ്രായം. അതുകൊണ്ടാണ് എസ്റ്റേററഡ്യൂട്ടി ചുമത്തണമെന്നു പറയുന്നതു്. എസ്റ്റേററഡ്യൂട്ടി കൊടുക്കണമെന്നു നിർബന്ധിച്ചാൽ സോഷ്യലൈസേഷൻ ഓഫ് ലാൻഡ് എന്ന പടിയിലേക്കു രാജ്യത്തെയും ജനതയേയും കൊണ്ടുപോകാൻ കഴിയുമെന്നാണു ആധുനികലോകം വിചാരിക്കുന്നതു്. അങ്ങോട്ടു കൊണ്ടുപോകുവാനാണു ഇപ്പോൾ ലോകമൊട്ടുക്കു ശ്രമം നടന്നുവരുന്നതും.

ഇവിടെ ചിലർ പറയുകയുണ്ടായി, കാർഷികാദായനികുതി വേണ്ടെന്നു്. അതു ഒരു തെററായ ധാരണകൊണ്ടു പറയുന്നതാണെന്നാണു എനിക്കു തോന്നുന്നതു്. അതിന്റെ അർത്ഥം അതായതു്, കാർഷികാദായനികുതി എന്നു പറയുന്നതിന്റെ അർത്ഥം, എന്താണെന്നു മനസ്സിലാക്കണം. യാതൊരാദായവുമില്ലാത്ത ഭൂമിക്കു കരം കൊടുക്കണമെന്നു പറയുമ്പോൾ, ആദായമില്ല, പട്ടയം പെട്ടിയിൽ വച്ചുകൊണ്ടു അതിന്റെ ഉടമസ്ഥൻ ഉറങ്ങുകയാണു്, എങ്കിലും ഇത്രയും ഭൂമി തന്റെ കൈവശമുള്ളതുകൊണ്ടു താൻ ഒരു പണക്കാരനാണു എന്നു ആ പട്ടയക്കാരൻ വിചാരിക്കുന്നു. ആ വിചാരത്തിനെയാണു ടാക്സു ചെയ്യണമെന്നു പറയുന്നതു. ഇവിടെ കാർഷികാദായത്തെയാണു് ടാക്സു ചെയ്യുന്നതു. ആദായമില്ലാത്തവനു് കരം കൊടുക്കേണ്ടിവരുന്നില്ല.

MR. K. A. MOHAMED: ആദായമില്ലാത്തവരിൽനിന്നുകൂടി ആദായനികുതി ഈടാക്കിവരുന്നു എന്നാണു ഇവിടെ പറഞ്ഞ പരാതി.

MR. K. P. NILACANTA PILLAI: അതേപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. എല്ലാനികുതി ഈടാക്കുന്നകാര്യത്തിലും ഈ പരാതി വരുന്നതാണു്. അതു പരിഹരിക്കേണ്ടതുമാണു്.

[Mr. K. P. Nilacanta Pillai.]

എല്ലാ പരിഷ്കൃതരാജ്യങ്ങളും സോഷ്യലൈസേഷനാണ് നടപ്പിൽ വരുത്തുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതു്. ഒരുവന്റെ ആവശ്യത്തിൽ കവിഞ്ഞു സ്ഥലം കൈവശംവച്ചുകൊണ്ടിരിക്കുന്നവരുടെ പക്കൽനിന്നും വേണ്ടിവന്നാൽ ക്യാപ്പിററലൈസ്ഡുവാല്യൂനോക്കി കരം ചുമത്തണമെന്നാണ് എന്റെ അഭിപ്രായം.

ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി ഇവിടെ പറയുകയുണ്ടായി. ഞാൻ ഉദ്യോഗസ്ഥന്മാരെപ്പററി ഒന്നും പറയുന്നില്ല. പറഞ്ഞിട്ടു കഥയില്ലല്ലോ. എന്നാൽ ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ ചെയ്യാൻ വേറൊരു ഉദ്യോഗസ്ഥനെ പ്രേരിപ്പിച്ചു അതുകൊണ്ടാണു അയാൾക്ക് ഈ അബദ്ധം പററിയതു് എന്നെല്ലാം സമാധാനം പറയുന്നതു അന്തസ്സാരമില്ലായ്മയാണെന്നേ എനിക്കു പറയാനുള്ളു. അങ്ങനെയാണെങ്കിൽ കഴിഞ്ഞ ലോകമഹായുദ്ധം ഉണ്ടായതിന്റെ കാരണക്കാരനായി ഹിററ്ലരെമാത്രം വിസ്തരിച്ചു ശിക്ഷിക്കൊന്നാൽ മതിയായിരുന്നു. എന്തിനു പിന്നെ ഗോറിങ്ങിനെയും, ഗോബൽസിനെയും അതുപോലെ മററുള്ളവരെയും വിസ്തരിച്ചു, എന്നു ഞാൻ ചോദിക്കുന്നു. ഹിററ്ലർ പറഞ്ഞതു് ഇവർ പ്രവർത്തിച്ചു എന്നുമാത്രമേയുള്ളു. അപ്പോൾ അതല്ല കാര്യം. അവർ ചെയ്യുന്ന പ്രവൃത്തിയുടെ ഗുരുത്വവും ഗൗരവവും അറിഞ്ഞുകൊണ്ടുതന്നെയാണ് അവർ ഹിററ്ലരെ അനുസരിച്ചതെന്നുള്ളതാണ് അവർ ചെയ്ത കുററം. അതുപോലെ തിരുവിതാംകൂർ ഗവമ്മെന്റു ഓരോ കാര്യത്തിനായി ചുമതലപ്പെടുത്തി നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ തഹശീൽദാർ അങ്ങനെ പറഞ്ഞു, അതുകൊണ്ടു ഞാൻ അതു ചെയ്തു എന്നു പറയത്തക്കവണ്ണം നിരുത്തരവാദിയാകുവാൻ പാടില്ല. പാൽക്കുപ്പിയും കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന ആളുകളെയല്ല ഗവമ്മെന്റു നിയമിച്ചിരിക്കുന്നതു്. ഞാൻ അറിയാതെ അങ്ങനെ ചെയ്തു, നക്കി, പിടിച്ചുപറിച്ചു എന്നൊക്കെ പറയുന്നതിൽ ഒന്നും അർത്ഥമില്ല.

കാർഷികാദായത്തിനുവേണ്ടി പ്രത്യേകം ഒരാഫീസുണ്ടായിരുന്നാലും ശരി, കാർഷികാദായം തിട്ടപ്പെടുത്താൻ ഒരു കാർഷികാദായ ബോർഡു ഉണ്ടായിരിക്കുന്നതു വളരെ നല്ലതാണ്. മദ്രാസിൽ അപ്രകാരം ഒരു റവന്യൂ ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെയുള്ള വലിയ അബദ്ധം കർഷകനേയും കൃഷിയേയും ബന്ധിക്കുന്ന കാര്യങ്ങൾ നിർവഹിക്കുവാൻ ചുമതലപ്പെട്ട വിവിധഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഒരു കോഓർഡിനേഷൻ ഇല്ലെന്നുള്ളതാണ്. ഭൂമിയുടെ അളവ്,

വിളവിന്റെ ശക്തി, അതിൽനിന്നും ലഭിക്കുന്ന ആദായം, ഇവയെല്ലാം പ്രത്യേകം കണക്കാക്കിയിട്ടുവേണം കാർഷികാദായനികുതി പിരിക്കേണ്ടത്. അതിലേക്കു ഇംഗ്ലണ്ടിലും മദ്രാസിലുംമററുമുള്ളതുപോലെ ഒരു ബോർഡു ഓഫ് റവന്യൂ ഇവിടെയും ഏർപ്പെടുത്തണമെന്നാണു എനിക്കു പറയുവാനുള്ളത്.

DR. M. O. CHERIYAN (*Devicolam—General*) : Sir, I am anxious to apprise the Government of three things in connection with agricultural income tax. The assessment of agricultural income-tax is in several cases done more or less on an arbitrary basis. Secondly the basic minimum taxable income in the case of agricultural income tax should be raised to Rs. 5,000. The third thing is that agricultural income should be separated from the other incomes of a person for purposes of assessment. As I said, the assessment of agricultural income is done more or less on an arbitrary basis. it is not within the scope of an ordinary agriculturist to keep accounts on the basis of proper accounting. Fantastei and whimsical figures are supplied even in regard to uncultivated lands by the revenue subordinates. I do not know whether there are any other twisters or corrupt officers in the services of Government other than the agriculturists' blood suckers, the Revenue subordinates. By raising the amount to Rs. 5,000, the small agriculturist will get a lot of amelioration. The combination of agricultural and other incomes for taxation purposes will only help to bring in an unfair artificial over-taxation.

MR. CHERIYAN J. KAPPAN (*Meenachil III—General*) : സർ, ആദായനികുതിയെപ്പററി പ്രതിപാദിച്ച മുൻപൊരവസരത്തിലും, ഇപ്പോൾ ചില പ്രസംഗങ്ങൾ നടന്ന അവസരത്തിലും വളരെ ഹൃദയവേദനയോടു കൂടിയാണ് ഞാൻ ഇവിടെ ഇരുന്നത്. ഒരു കർഷകന്റെ മകനായി ജനിച്ചു, വയലിൽ എന്റെ സഹോദരന്മാരോടുകൂടിപോയി പലപ്പോഴും ജോലിചെയ്തു പരിചയിച്ച എനിക്ക് ഒരു കർഷകന്റെ ക്ലേശം എന്താണെന്നു നല്ലവണ്ണമറിയാം. ചിലർ ഇപ്പോൾ മണിമന്ദിരത്തിൽ ഇരിക്കുന്നതുകൊണ്ടു അവരുടെ പിന്നിൽ ക്ലേശമുണ്ടായിരുന്നില്ലെന്നോ, ആ ഒററ കാരണംകൊണ്ടുമാത്രം അവരിൽ നിന്നും ആദായനികുതി ഈടാക്കണ്ടാ എന്നോ ഇവിടെ ആരും പറയുന്നില്ല. ഇന്നു നമ്മുടെ പ്രധാനമന്ത്രിയും, ശ്രീ. വർഗ്ഗീസും, ശ്രീ. കേശവനും മണിമന്ദിരങ്ങളിൽ പാർക്കുന്നുണ്ടെങ്കിൽ, അതവർ ചെയ്തിട്ടുള്ള ത്യാഗത്തിന്റെയും യാതനകളുടെയും ഫലമായിട്ടാണെന്നുകൂടി ഓർക്കണം. അതിൽ ആരും അസൂ

[Mr. Cheriyan J. Kappan.]

യപ്പെടേണ്ടതില്ല. മലമ്പനിയോടും, കാട്ടാനയോടും, മല്ലിട്ട് അനവധി ക്ലേശങ്ങൾ സഹിച്ചതിന്റെ ശേഷം ഒടുവിൽ അവൻ ഒരു നല്ല കെട്ടിടത്തിൽ താമസിച്ചാൽ അതുകൊണ്ട് അവന്റെ പക്കൽ നിന്നും ആദായനികുതി ഈടാക്കണമെന്നു പറയുന്നതിന്റെ ന്യായം ഗ്രഹിക്ക മനസ്സിലാകുന്നില്ല. മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു, ഇംഗ്ലണ്ടിലും അമേരിക്കയിലും മററും ആദായനികുതി, റവന്യൂ നികുതിയോടുകൂടി ഈടാക്കുന്നുണ്ടെന്ന്. ഇംഗ്ലണ്ടും തിരുവിതാംകൂറും തമ്മിലുള്ള വ്യത്യാസം കൂടി ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടിയിരുന്നു. ഇംഗ്ലണ്ട് ഒരു കർഷകപ്രധാനമായ രാജ്യമല്ല. ഇവിടെയാകട്ടെ, കൃഷി, പ്രധാന തൊഴിലായി ജീവിക്കുന്നവരുടെ ഒരു രാജ്യമാണ്.

MR. P. T. CHACKO: ഇംഗ്ലണ്ടിൽ നിലനികുതി ടാക്സ് ചെയ്യുന്നുണ്ടോ?

MR. CHERIYAN J. KAPPAN: മറിച്ചുകൂടാ ഇംഗ്ലണ്ട് വ്യവസായത്തെ ആശ്രയിച്ചു കഴിയുന്ന ഒരു രാജ്യമാണ്. വ്യവസായത്തിൽ നിന്നും ലഭിക്കുന്ന ആദായംകൊണ്ടാണ് ജനങ്ങൾ അവിടെ ജീവിക്കുന്നത്. നമ്മൾ കർഷകരാണെങ്കിലും, നമ്മുടെ രാജ്യം കർഷകപ്രധാനമാണെങ്കിലും നാല്പതു ശതമാനം ഭക്ഷണധാന്യങ്ങൾ മാത്രമേ ഈ രാജ്യത്തുണ്ടാകുന്നുള്ളു. ബാക്കി [illegible] ശതമാനം ഭക്ഷണധാന്യങ്ങളും, തുണി, [illegible], മണ്ണെണ്ണ, പഞ്ചസാര എന്നിങ്ങനെയുള്ള പല സാധനങ്ങളും അന്യരാജ്യങ്ങളിൽ നിന്നു വിലകൊടുത്തു വാങ്ങേണ്ട ഒരു പരിതസ്ഥിതിയാണ് നമുക്കുള്ളത്.

MR. K. P. NILACAUTA PILLAI: ഈ സാമാനങ്ങൾ വാങ്ങുന്നതിൽ ഇംഗ്ലണ്ടും തിരുവിതാംകൂറും തമ്മിൽ വ്യത്യാസമില്ലെന്നു മെമ്പർക്കറിയാമോ?

MR. CHERIYAN J. KAPPAN: ഈ സാധനങ്ങൾ ഇവിടെ നാം ഉണ്ടാക്കുന്ന വ്യവസായികോല്പന്നങ്ങളിൽ നിന്നു ലഭിക്കുന്ന ആദായംകൊണ്ടല്ല നാം വാങ്ങിക്കുന്നത്. നേരെമറിച്ച് കാർഷികവിഭവങ്ങളിൽ

നിന്നുമാത്രം ലഭിക്കുന്ന വരവുകൊണ്ടാണ്. അതുകൊണ്ട് കർഷകന്റെമേൽ അത്രവളരെ നികുതിഭാരം കൊടുത്താൽ നമ്മുടെ രാജ്യം നശിക്കുമെന്നാണ് എനിക്കു പറയാനുള്ളത്.

കാർഷികാദായനികുതി ചുമത്തുന്നതിനെക്കാൾ ക്രൂരതയായ പരാതിയാണ് അതു ഈടാക്കുന്ന രീതിയെപ്പററി എനിക്കുള്ളത്. ഇവിടെ ൧൦൬൧-ലാണ് ഒരു സെററിൽമെൻറു പ്രൊക്ലമേഷൻ വന്നത്. ഈ പ്രൊക്ലമേഷനു മുൻപ് തിരുവിതാംകൂറിന്റെ വരുമാനം എന്തായിരുന്നു? പ്രൊക്ലമേഷനുശേഷം വരുമാനം എത്രമാത്രം വർദ്ധിപ്പിച്ചു? ൧൦൬൧-നു മുൻപു ഇവിടത്തെ കൃഷി എങ്ങനെ കിടന്നിരുന്നു. ഇവിടത്തെ കർഷകന് ൧൦൬൧-നു മുൻപ് ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുമ്പോൾ അവന്റെ ഉപയോഗത്തിനു കിട്ടാത്ത ഒരു നിലയാണുണ്ടായിരുന്നത്. അതുകൊണ്ടു കൃഷിക്കു അത്രവളരെ പ്രാധാന്യം ആരും കാണിച്ചിരുന്നില്ല. നേരെമറിച്ച് അവൻ കൂടുതൽ ആദായം ഉണ്ടാക്കിയാൽ അതു അവനും അവന്റെ സന്താനങ്ങൾക്കും അനുഭവിക്കാം എന്നുള്ള നിലവന്നപ്പോൾ കൃഷി അഭിവൃദ്ധിപ്പെട്ടുതുടങ്ങി, രാജ്യവും അഭിവൃദ്ധിപ്പെട്ടുവന്നു.

എനിക്കു കാർഷികാദായനികുതി ഏർപ്പെടുത്തുന്നതിൽ വിരോധമില്ല. എന്നാൽ ഇന്നത്തെ രീതി മാററി ൫ കൊല്ലത്തേക്കോ ൧൦ കൊല്ലത്തേക്കോ എന്ന ഒരു സ്ഥിരകാലത്തേക്കു ഒരു സ്ഥിരസംഖ്യ ആദായനികുതി ചുമത്തുക. തനിക്കു ഇന്നതു ആദായനികുതിയായി കൊടുക്കാനുണ്ടെന്നു കർഷകൻ മുൻകൂട്ടി അറിയണം. ഇപ്പോഴാകട്ടെ ഏതെങ്കിലും ഒരു പാർവത്യകാരുടെ ഇഷ്ടംപോലെ പത്തോ, പതിനഞ്ചോ എന്നു നിശ്ചയിച്ചാൽ ആ തുകയാണ് കർഷകൻ കൊടുക്കേണ്ടതു. അതിന് വരുന്ന ഫാറം ഇംഗ്ലീഷിൽ അച്ചടിച്ചയയ്ക്കുകയാണു ചെയ്യുന്നതു. ഈ ഫാറം എന്താണെന്നോ, ഏതു, പൂരിപ്പിക്കേണ്ടതു എങ്ങനെയാണെന്നോ അറിവില്ലാത്ത കർഷകരാണ് ഇന്നു തിരുവിതാംകൂറിൽ അധികവും ഉള്ളതു. കാർഷികാദായനികുതി ഏർപ്പെടുത്തിയതോടുകൂടി ഓരോ വർഷവും കർഷകർ അതാതു സ്ഥലത്തുള്ള പാർവത്യകാരുടെ മുൻപിൽ മാസങ്ങളോളം നട്ടെല്ലു കുനിച്ചു നിന്നുകൊണ്ടു അവരുടെ അനുകമ്പയെ യാചിച്ചു നിൽക്കേണ്ട പരിതഃസ്ഥിതിയാണ് ഉണ്ടാ

[Mr. Cheriyan J. Kappan]

യിരിക്കുന്നതു് ആ പരിതഃസ്ഥിതി മാററി കൊടുക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. മി. പി. ററി. ചാക്കോ പറഞ്ഞു, ആദായം തിട്ടപ്പെടുത്തുന്നതിൽ വടക്കൻതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും വ്യത്യസ്തമായ രീതികളാണു് ഏർപ്പെടുത്തിയിരിക്കുന്നതെന്നു്. ഒരു ഉദാഹരണം എനിക്കു പറയുവാൻ കഴിയും. മദ്യത്തിന്റെ പേരിൽ ചുമത്തുന്ന ആദായനികുതിക്കു് തിരുവനന്തപുരത്തും, മദ്ധ്യതിരുവിതാംകൂറിലും കണക്കാക്കിയിരിക്കുന്ന തോതു് ഒരേ നിരക്കിലുള്ളതല്ല. ഒരു ഗ്യാലൻ പട്ടച്ചാരായത്തിൽ നിന്നു് തിരുവനന്തപുരത്തു് 8 രൂപാ ആദായം കിട്ടുമെന്നു കണക്കാക്കപ്പെടുമ്പോൾ കോട്ടയം ഡിവിഷനിൽ ഒരു ഗ്യാലൻ ചാരായത്തിൽ നിന്നു് അഞ്ചു രൂപാ ആദായം, കിട്ടുമെന്നു് കണക്കാക്കപ്പെടുന്നു. ഈ വ്യത്യാസത്തിനുള്ള കാരണം എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്യത്തിന്റെ ആദായം നിശ്ചയിക്കുന്നതിനു് ഒരു തോതു് വേണമെന്നുള്ളതിനെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. ആയിരത്തി ഒരുനൂററി ഇരുപത്തൊന്നിൽ തിരുവനന്തപുരത്തു ഒരു ഗ്യാലൻ ചാരായത്തിനു് ആദായം ഉണ്ടാക്കിയിട്ടുള്ളതു് 8 രൂപാ നിരക്കിലാണെന്നു കാണുന്നു. എന്നാൽ കോട്ടയത്തെ തോതു വച്ചു നോക്കുകയാണെങ്കിൽ അവിടെ അഞ്ചുരൂപ ൯ രൂപ എന്നിങ്ങനെ വീതം ഉണ്ടാക്കിയിട്ടുള്ളതായി കാണാം. കോട്ടയത്തു കൂടുതൽ ആദായം കിട്ടുകയും തിരുവനന്തപുരത്തു ഒരു രൂപാ കുറച്ചു കിട്ടുകയും ചെയ്യുന്നതിനുള്ള സംഗതി എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതു് ഈ ആദായം നിശ്ചയിക്കുന്ന ആളുകളുടെ ഇഷ്ടം അനുസരിച്ചു് നികുതി ഇടുന്നുണ്ടോ എന്നുള്ളതിനു് ഒരു ലക്ഷ്യമാണു്. സമയച്ചുരുക്കം കൊണ്ടു് ഈ സംഗതിയെപ്പററി കൂടുതലൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഒരു ചെറിയ സംഗതി മാത്രം ഗവൺമെൻറിന്റെ മുൻപിൽ കൊണ്ടുവരാനാഗ്രഹിക്കുന്നു. അതു് തെങ്ങുചെത്തിനെപ്പററിയാണു്. എന്നാൽ അതു മററു പല മെമ്പറന്മാരും പറഞ്ഞിരിക്കുന്നതുകൊണ്ടു് അധികമായും ഞാൻ സ്പർശിക്കുന്നില്ല. ഒന്നു പറയുവാനുള്ളതു് ഇതിനു തന്നെ; അതായതു്, ഇൻകംടാക്സ് തന്നെ ഒരു ക്ലിപ്തമായ റേററ് നിശ്ചയിച്ചു് ഈടാക്കണം. അതു് കുറഞ്ഞതു്

അഞ്ചുകൊല്ലത്തേക്കോ പത്തുകൊല്ലത്തേക്കോ ക്ലിപ്തപ്പെടുത്തി വേണം നിശ്ചയിക്കുവാൻ. ഇത് പ്രധാനമായി പറയുന്നതു കാർഷികാദായത്തെ സംബന്ധിച്ചാണ്. ഇത്രമാത്രമേ എനിക്കു പറയാനുള്ളു.

MR. PRESIDENT : ഇനി ആരെങ്കിലും ഉപക്ഷേപത്തെ എതിർത്തു സംസാരിക്കുവാനുണ്ടെങ്കിൽ സംസാരിക്കാം.

MR. THARIATHU KUNJITHOMMEN (*Muvattupuzha—General*) : സർ, കാർഷികാദായനികുതിയെക്കുറിച്ച് രണ്ടു മൂന്നു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഈ കാർഷികാദായനികുതി മററു വല്ല രാജ്യങ്ങളിലും ഉണ്ടോ എന്ന് എനിക്കു തോന്നുന്നില്ല. നാം ഇപ്പോൾ ഈ ഗവണ്മെൻറ് മിക്ക കാര്യത്തിനും ഇൻഡ്യൻയൂണിയനെയാണു് അനുകരിക്കാറുള്ളത്. അങ്ങനെയിരിക്കെ ഈ കാര്യത്തിൽ മാത്രം ഒരു വ്യത്യസ്ത നില സ്വീകരിച്ചതു എന്താണെന്നു മനസ്സിലാകുന്നില്ല. ഇൻഡ്യൻയൂണിയനിൽ വല്ല പ്രോവിൻസസ്സിലും കാർഷികാദായനികുതി ഉള്ളതായിട്ട് എനിക്കു തോന്നുന്നില്ല. എന്തിനും ഒരു ഐകരൂപ്യം വേണം. എന്നാലേ കാര്യങ്ങൾ മുന്നോട്ടു പോകുകയുള്ളു. വിശേഷമായ അന്തരീക്ഷത്തിൽ കാര്യങ്ങളെപ്പററി ചിന്തിച്ചു വേണ്ട നിശ്ചയങ്ങൾ ചെയ്തു കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഇൻഡ്യൻയൂണിയനിലെ ഗവണ്മെൻറു സന്നദ്ധരാകുമ്പോൾ നമ്മുടെ ഗവണ്മെൻറു അവരെ അനുകരിച്ചു കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെന്നാണ് എനിക്കു പറയുവാനുള്ളത്. അല്ലെങ്കിൽ ആളുകൾക്കു വിഷമമുണ്ടാകും. വേറൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ഈ ആദായനികുതി തന്നെ നിശ്ചയിക്കുന്നത്. സ്ഥലത്തിൻെറ കിടപ്പ്, കൃഷി ചെയ്യുന്നതിനുള്ള ചെലവ് ഇതൊക്കെ ആലോചിച്ചു വേണം എന്നാണു് എനിക്കു പറയുവാനുള്ളത്. ഇൻഡ്യയിൽ വളരെ ഭാഗങ്ങളും ഉയർന്ന ഭൂമിയിലുള്ള കൃഷിയാണ്. അവിടെ കൃഷിചെയ്യുന്നതിന് വലിയ അദ്ധ്വാനം ഒന്നും ഇല്ല. അതിനനുസരിച്ചാണ് അവിടത്തെ കൃഷി. അതായതു് പരുത്തി, പുകയില മുതലായ കൃഷികൾ. അതുകൊണ്ട് അവിടെ ആദായം ഏതെങ്കിലും രാജ്യത്തിൻ ഉൽപ്പന്നങ്ങൾക്കു നികുതി നിശ്ചയിക്കുന്നില്ലെങ്കിൽ സമമായ തോതിന് നിശ്ചയിക്കാൻ കഴിയും. നമുക്ക് അതിനു നിവൃത്തിയില്ല. നമ്മുടെ കൃഷി അധികവും വെററ്ലാൻഡിലാണ്. ഒരു പുരയിടത്തിൽ തന്നെ വിളവ് പലമാതിരി ഇരിക്കും. ഒരു ഭാഗത്തുള്ള

[Mr. Tharjathu Kunjithommen.]

തെങ്ങിൽ ഒരു തേങ്ങാ കായ്ക്കുമ്പോൾ മറുവശത്തുള്ള തെങ്ങിൽ അമ്പതെണ്ണമോ മാത്രമേ കായ്ക്കുന്നുള്ളു എന്നും വരാം. അതിനാൽ ആദായം ഒരുപോലെ കണക്കാക്കുവാൻ പാടില്ല. ചില സ്ഥലത്ത് ചൊരിമണലായിരിക്കാം. മറു സ്ഥലത്ത് നല്ല സാധനങ്ങൾ ഉണ്ടാകുന്ന നല്ല പശിമയുള്ള മണ്ണായിരിക്കും. ഇങ്ങനെയൊക്കെയാണ് ഇവിടത്തെ ഭൂസ്ഥിതി. ഇവിടെ കാർഷികാദായനികുതി കൂടുതലാണ്. അതുകൊണ്ട് നിങ്ങൾ വേണമെങ്കിൽ കൃഷി ചെയ്തുകൊള്ളണം അല്ലെങ്കിൽ വേണ്ടെന്നെല്ലാം പറയുന്നത് അർത്ഥവത്തായിട്ട് തോന്നുന്നില്ല. കയ്യും കാലുംകൂടി വയറിനോട് മത്സരിച്ചു ആഹാരം മുട്ടിച്ച കഥ എനിക്ക് ഓർമ്മ വരുന്നു. ഞങ്ങളാണു വേല ചെയ്തു കൊണ്ടുവരുന്നത് താൻ നല്ലവണ്ണം തിന്നുന്നു. അതുകൊണ്ട് ഞങ്ങൾക്കിനിയും വേല ചെയ്യാൻ കഴികയില്ല എന്നു പറഞ്ഞു കയ്യും കാലും ചുമ്മാതിരുന്നു. ഫലം സകല അവയവങ്ങളും ക്ഷീണിച്ചു തളരുകയാണുണ്ടായത്. അതുപോലെ നാട്ടിന്റെ നട്ടെല്ലായ കർഷകനെ നിരുത്സാഹപ്പെടുത്തിയാൽ രാജ്യത്തിന് ദോഷമാണുണ്ടാകുന്നത്. കഴിഞ്ഞ ആണ്ട് ൩൨ കോടി രൂപ കാർഷികോല്പന്നങ്ങൾ വെളിയിലയച്ചതിൽ കിട്ടിയിട്ടുള്ളതായി മനസ്സിലാകുന്നുണ്ട്. ഇതിൽ രണ്ടുകോടി രൂപായോ മറ്റോ ആണ് പുകയില മുതലായ മറു സാധനങ്ങൾക്ക് കിട്ടിയിരിക്കുന്നത്. ബാക്കി നമ്മുടെ നാളികേരം കുരുമുളക് ഇവയിൽ നിന്നുമാണ് കിട്ടുന്നത്. അതിനാൽ കർഷകരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ രാജ്യം സാമ്പത്തികമായി അധഃപതിക്കും. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് വരവ് ചെലവിൽ നിന്നും കുറവാണ് വരുന്നതു. അതിനു പരിഹാരമുണ്ടാകണമെങ്കിൽ കാർഷികോൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനം കൊടുക്കണം. ആണ്ടുതോറും കാർഷികാദായനികുതി ഈടാക്കുന്നതിനു ഒരു ക്ലിപ്തമായ വ്യവസ്ഥ നൽകണം, ഏതായാലും ഭൂമിയുടെ വിളവനുസരിച്ചും ചെലവു നോക്കിയും വേണം ആദായം നിശ്ചയിക്കുവാനെന്നു അഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ മി. വറുഗീസു പറഞ്ഞതുപോലെ കരത്തിന്റെ കാര്യം പറയുന്നില്ല. എന്നാൽ കരത്തിന്റെ കാര്യംകൂടി നോക്കണം. അങ്ങനെ കണക്കാക്കിയാൽ ആക്കം ആദായനികുതി കൊടുക്കുന്നതിൽ നിന്നും ഒഴിയാൻ സാധിക്കുകയില്ല, ഇങ്ങനെ ക്ലിപ്തമായി നിശ്ചയിക്കുകയാണെങ്കിൽ ഇന്ന് ആദായനികുതി ആഫീസിൽ

ഇരിക്കുന്ന ആളുകൾക്ക് ഇന്നയാൾക്ക് ഇത്രയേക്കർ സ്ഥലമുണ്ടെന്നും മററും ഒരു നിശ്ചയവുമില്ലാതെ അവർ ഇഷ്ടംപോലെ നികുതി ചുമത്തുകയാണ്. ഇത്രയും മാത്രമേ എനിക്കു പറയുവാനുള്ളു.

MR. K. A. MUHAMMED: തിരുവിതാംകൂറിൽ ഇന്ന് നിലവിലിരിക്കുന്ന അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇവിടെ നിയമത്തിലുണ്ടെങ്കിലും വാസ്തവത്തിൽ അതു പ്രയോഗത്തിൽ ഇല്ല എന്നുള്ള സംഗതി മിക്ക മെമ്പറന്മാരും മനസ്സിലാക്കാതെയാണ് സംസാരിച്ചത് എന്നുള്ള കാര്യം ഞാൻ ഹൌസിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. ഒരാൾ അയാളുടെ ആദായം കൃഷിയിൽ നിന്നായാലും ശരി മറേറതിനത്തിൽ നിന്നായാലും ശരി കൊടുക്കണമെന്ന് മാത്രമാണ് ഇപ്പോഴുള്ള നിയമംകൊണ്ട് ഇവിടെ ഉണ്ടായിട്ടുള്ള വ്യത്യാസം. മുമ്പ് ഇത് തിരുവിതാംകൂറിൽ ഏർപ്പെടുത്തിയപ്പോൾ തന്നെ ഇതിന് വലിയ ഒരു എതിർപ്പ് ഉണ്ടായിരുന്നു എന്നുള്ള സംഗതി വാസ്തവമാണ്. അന്നു പറഞ്ഞ വലിയ ആക്ഷേപം ഉദ്യോഗസ്ഥന്മാർക്ക് അഴിമതിക്കു പുതിയ ആദായനികുതി നിയമം അവസരം കൊടുക്കുമെന്നായിരുന്നു. ഈ നിയമം ഏർപ്പെടുത്തിയപ്പോൾ ആദ്യം ആലോചിച്ചത് ഇത് എങ്ങനെ ബാധിക്കുമെന്നല്ല, ആരെയെല്ലാം ബാധിക്കുമെന്നാണ്. ൩൦൦൦ രൂപയോ അതിനു മുകളിലോ എന്നുള്ള ഇൻകംടാക്സ് നിയമം കാർഷികാദായനികുതി വന്നപ്പോൾ ൧൫൦൦ രൂപയാക്കുകയാണു ചെയ്തത്. ഇതാണ് ഇന്നത്തെ പരാതികൾക്കുള്ള ഒരു കാരണം. രണ്ടാമത്ത് ഈ ആദായം നിശ്ചയിക്കുന്നതുതന്നെ പാർവത്യകാരുടെ റിപ്പോർട്ടുകളെ ആസ്പദമാക്കിയാണ്. യാതൊരുവിധമായ ആദായങ്ങളും ഇല്ലാത്ത സ്ഥലങ്ങൾക്കു പലപ്പോഴും ആദായനികുതി ചുമത്തുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ സ്ഥലത്തുചെന്നു പരിശോധിക്കുന്നപക്ഷം ഇങ്ങനെയുള്ള നികുതി ചുമത്തുന്നതിന്റെ അനൗചിത്യം അവർക്കു മനസ്സിലാകുന്നതാണ്. എന്നാൽ ഇൻകംടാക്സ് ഉദ്യോഗസ്ഥർക്ക് ഈ സ്ഥലങ്ങൾ നേരിട്ടു പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. അപ്പീൽ കേൾക്കുന്ന ഉദ്യോഗസ്ഥന്മാരോടുപോലും പരാതിപ്പെട്ടതിൽ സ്ഥലം പരിശോധിച്ചു കരം നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ലാത്ത അനുഭവങ്ങളുമാണ്. സ്ഥലത്തുപോകാതെ പകുതിയിലെ സെററിൽമെൻറു റിക്കാർഡുകളെ ആധാരമാക്കിയാണ് പാർവത്യകാരന്മാർപോലും കരം നിർണ്ണയിക്കുന്നത്. നിലങ്ങളായിരുന്നത് പിന്നീട്

[Mr. K. A. Muhammed]

പുരയിടങ്ങളായിട്ടും അന്നു പുരയിടങ്ങളായിരുന്നതു നിലങ്ങളായിട്ടും മാറിയിട്ടുണ്ട്. അതിനാൽ പാർവ്വത്യകാരന്മാരുടെ റിപ്പോർട്ടു വച്ചുകൊണ്ടു് പഴയ കണക്കിൻപ്രകാരം തുക നിശ്ചയിക്കാതെ വാസ്തവത്തിൽ സ്ഥലത്തു പോയി നോക്കി യഥാർത്ഥത്തിലുള്ള ആദായം തിട്ടപ്പെടുത്തുകയും ഈ ൭൫൦൦ രൂപ എന്നുള്ളതു മാറ്റി [illegible]൦൦൦ രൂപ എന്നാക്കുകയും ചെയ്താൽ ഈ കുഴപ്പങ്ങൾക്കു ഒരു പരിഹാരം ലഭിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

MR. K. S. JOSEPH: സർ, ഇന്നലെ ആണെന്നു തോന്നുന്നു കാർഷികാദായനികുതി ചുമത്തുന്നതു് ആദായനികുതി ഉദ്യോഗസ്ഥൻ സ്ഥലത്തു ചെന്നു വിളവു തിട്ടപ്പെടുത്തിയതിനു ശേഷമെ നിശ്ചയിക്കുകയുള്ളു എന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതു്. എന്നാൽ അതർഹിക്കുന്ന പരമാർത്ഥം അതിൽ ഇല്ലെന്നുള്ളതിലേക്കു് ഞാൻ ഒരു ഉദാഹരണം കൊണ്ടു വിശദമാക്കാം. സർ, കടൽപ്പുറത്തു അതായതു് മുക്കുവരുടെ താമസസ്ഥലത്തിനും ചാന്നാങ്കര തോട്ടിനും ഇടയ്ക്കു് എന്റെ ഒരു സ്നേഹിതൻ ൨൫ ഏക്കർ സ്ഥലം വിലയ്ക്കുവാങ്ങി. എന്നാൽ വെറും സുഖവാസസ്ഥലത്തിനു കൊള്ളാവുന്ന ഭൂമിക്കു് ആദായനികുതി ഉദ്യോഗസ്ഥൻ ൨൫൦ രൂപാ ആദായം ചുമത്തിയിരിക്കുന്നതായി എന്നോടു പറകയുണ്ടായി. ആ സ്ഥലത്തിന്റെ യോഗ്യതകൂടി അല്പം ഒന്നു വിശദമാക്കാം. കടൽപ്പുറത്തെ മണൽ നാം എല്ലാവരും കണ്ടിട്ടുള്ളതാണ്. ആ മണലിൽ നിന്നും യാതൊരനുഭവവും ഇല്ലെന്നുള്ളതു് നമുക്കു് ന്യായമായി ഊഹിക്കാം. അഥവാ വല്ല ഫലസസ്യങ്ങളോ മറ്റോ നട്ടുപിടിപ്പിക്കണമെങ്കിൽ തന്നെയും അമിതമായ വളം ചെയ്തു ഭൂമിയെ നന്നാക്കിയതിനു ശേഷമേ സാധിക്കുകയുള്ളു. ആ സ്ഥലം യാതൊരനുഭവവുമില്ലാതെ വെറും തരിമണലായിട്ടു കിടക്കുന്നു. ആ സ്ഥലത്തിനാണു് ൭൫൦ രൂപാ ആദായം കണക്കാക്കിയിരിക്കുന്നതു്. ഇതു് ഏതു തരത്തിലെ അനുഭവമാക്കിയാണു് അർത്ഥമാക്കുന്നതെന്നു എനിക്കു് മനസ്സിലാകുന്നില്ല. സർ, എന്റെ അറിവിൽപ്പെട്ട വേറൊരുദാഹരണംകൂടെ ഇവിടെ ഉദ്ധരിക്കുന്നതു് ഞാൻ മുമ്പു് പറഞ്ഞതായ കാര്യത്തിനു ഉപോൽബലകമാകുമെന്നു കരുതുന്നു. ൨൦ ഏക്കർ വെറും തറയുള്ള ഒരു കർഷകനു ൩൦,൦൦൦ രൂപാ അതിൽ നിന്നും ആദായം കിട്ടുമെന്നു കണക്കാക്കി ഗവണ്മെന്റിൽനിന്നും ചാർജ്ജ് ചെയ്തു് അയാളെ നികുതിക്കു വിധേയനാക്കി. അതിന്മേൽ അപ്പീൽ കൊടുത്തി

ട്ടുള്ളതായി എനിക്ക് അറിവുണ്ട്. ഇങ്ങനെ യാതൊരന്വേഷണവുമില്ലാത്ത പല സ്ഥലങ്ങളിലും ആദായ നികുതി കൊടുക്കണമെന്നു വരുന്നതു് പരിതാപകരമായ ഒരവസ്ഥയാണ്. യഥാർത്ഥത്തിൽ ആദായം കണക്കാക്കുന്നതു് വിളവിനെ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ നേരേമറിച്ചു ഏക്കറൊന്നു കണക്കാക്കി ഇത്ര ആദായം ഉണ്ടാകുമെന്ന് ആഫീസിലിരുന്നു അനുമാനിച്ചു വരുന്നതു് ഡിപ്പാർട്ടുമെൻറിലെ കാര്യക്ഷമമായ ജോലി നിർവ്വഹണം ആണെന്നു എനിക്ക് പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : ഒരു പുരയിടത്തിൽ ഒരാണ്ടിൽ രണ്ടും മൂന്നും തവണ വിളവെടുക്കാവുന്ന കൃഷി ചെയ്യുകയാണെങ്കിൽ അതിൻെറ ആദായം തിട്ടപ്പെടുത്താൻ അപ്പോഴൊക്കെ ഉദ്യോഗസ്ഥന്മാർ സ്ഥലത്തു വരേണ്ടതല്ലേ?

MR. K. S. JOSEPH : ഞാൻ പറയുന്നതിൻെറ അർത്ഥം അതല്ല. രണ്ടും മൂന്നും തവണയല്ല ഒരു തവണപോലും സ്ഥലത്തുവന്നു പരിശോധിക്കാതെയാണു ഉദ്യോഗസ്ഥന്മാർ ആദായ നികുതിയുടെ തുക നിശ്ചയിക്കുന്നതു എന്നാണ്. ഒരഭിഭാഷകനെന്ന നിലയിൽ ഉള്ള അനുഭവം വെച്ചുകൊണ്ടു് ഇനിയും പല ഉദാഹരണങ്ങൾ പറയാനുണ്ട്. എന്നാൽ അതിനു സഭയുടെ സമയം വിനിയോഗിക്കുന്നില്ല. അതുകൊണ്ടു ആദായ നികുതി ഈടാക്കുന്നതു് ഉദ്യോഗസ്ഥന്മാരുടെ ഒരു സൂക്ഷ്മാന്വേഷണത്തിനു ശേഷമായിരിക്കണമെന്നു ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ജനകീയ ഗവൺമെൻറ് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു.

MR. E. K. MADHAVAN : സർ, ആദായനികുതി ഗവൺമെൻറിൽ നിന്നും ഈടാക്കുന്നതിനെപ്പററിയും അങ്ങനെ ഈടാക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ നടത്തിക്കൊണ്ടിരിക്കുന്ന അനാശാസ്യമായ നടപടികളെപ്പററിയും പല ബഹുമാന്യസ്നേഹിതന്മാരും ഇവിടെ പ്രസ്താവിച്ചു. എനിക്ക് ഒരു കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ട്. ഒരു കർഷകൻെറ ഒരാണ്ടത്തെ ദേഹണ്ഡം കൊണ്ടു ഒരിക്കലും ൪൫൦൦ രൂപ ലാഭം ഒരു കൃഷിയിലും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഇന്നു ആയിരക്കണക്കിനു ആദായം ഉണ്ടാക്കുന്ന കർഷകൻ എന്നറിയപ്പെടുന്ന മുതലാളി പണക്കൊഴുപ്പുകൊണ്ട് അനവധി ഏക്കർ ഭൂമി സമ്പാദിക്കുകയും കുറഞ്ഞ

[Mr E. K. Madhavan.]

കൂലികൊടുത്തു തൊഴിലാളികളെ എത്രയേറെ വേല ചെയ്യിപ്പിച്ചും അതായതു് അവരുടെ രക്തം വെള്ളമാകുന്നതുവരെ ജോലി ചെയ്യിപ്പിച്ചും, അവരെക്കൊണ്ടു സമ്പാദിക്കപ്പെട്ടിട്ടുള്ള ലാഭമായ വരുമാനത്തിൽനിന്നും ന്യായമായി ഗവൺമെൻറിന് കൊടുക്കേണ്ടതായിട്ടുള്ള നികുതി ഈടാക്കുന്നില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങിനെയുള്ള ഇത്തിൾക്കണ്ണികൾക്കാണ് ഇന്നു കാർഷികാദായനികുതി നിഷ്പ്രയാസം കൊടുക്കാൻ സാധിക്കുന്നതു്. നേരെമറിച്ച് ആദായം ഇല്ലാത്തതും ചിലപ്പോൾ നാമമാത്രമായ ആദായം കിട്ടുന്നതും ആയ വസ്തു ഉടമസ്ഥന്മാരോടു്, അതായതു് ചെറിയ ചെറിയ വസ്തുക്കളുടെ ഉടമസ്ഥന്മാരോടു് അന്യായമായ രീതിയിൽ കാർഷികാദായ നികുതി ഈടാക്കി വരുന്നതായി എനിക്കറിയാം. യാതൊരു കൃഷിയും ചെയ്യാതെ തരിശായി അനവധി ഏക്കർ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന സമ്പന്നന്മാരും തിരുവിതാംകൂറിൽ ധാരാളം ഉണ്ടു്. അതേ സമയത്തു അനവധി ഏക്കർ സ്ഥലം ഒന്നാകെ കൃഷി ചെയ്തു് ആദായം ഉണ്ടാക്കുന്ന പല വ്യക്തികളും തിരുവിതാംകൂറിൽ ഉണ്ടു്. ഇങ്ങനെയുള്ള കൂട്ടരിൽ നിന്നും, ഒട്ടും ഭൂമിയില്ലാത്തവരും കൃഷിചെയ്യാൻ സൗകര്യമുള്ളവരുമായ സാധുജനങ്ങൾക്കു് എടുത്തു കൊടുക്കണമെന്നും ഒരു നിയമം ഉണ്ടാക്കേണ്ടതിൻെറ ആവശ്യകതയെ ഞാൻ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു. ഇന്നു് ആദായനികുതി ഈടാക്കുന്ന സമ്പ്രദായത്തിൽ പല തെററുകളും സ്ഖലിതങ്ങളും ഉണ്ടാകുന്നുണ്ടു്. ആദായനികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻ സത്യസന്ധനും നീതിബോധമുള്ള ഒരു ഉദ്യോഗസ്ഥനുമായിരിക്കണമെന്നു നിർബന്ധമുണ്ടു്. എന്നാൽ തിരുവിതാംകൂറിലെ ആദായനികുതി ഡിപ്പാർട്ടുമെൻറിലെ മേധാവിയുടെ പേരിൽ പല പരാതികളും ഉണ്ടായിട്ടുള്ളതായി എൻെറ ബഹുമാനപ്പെട്ട രണ്ടു മൂന്നു സ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു. ആ സ്ഥിതിക്കു ഒരു വിശദീകരണം കൂടി നൽകണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ആദായനികുതി ഇൻവെസ്റ്റിഗേഷൻ ആഫീസറായി നിയമിക്കപ്പെട്ട ഒരു മാന്യദേഹം, ടെക്സ്റ്റയിൽ ഇൻസ്പെക്ടറായി ഏതാനും കൊല്ലം ജോലി നോക്കി കുപ്രസിദ്ധി നേടിയിട്ടുള്ള ഒരാളാണെന്നു പറയേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആളെ നിയമിച്ചതിൽ പൊതുജനങ്ങളുടെ ഇടയ്ക്കുള്ള അഭിപ്രായങ്ങൾ ഞാൻ പറയാതെ തന്നെ ബഹുമാനപ്പെട്ട ഗവൺമെൻറിന് ഊഹിക്കാവുന്നതാണ്.

**MR. ABDUL AZIZ:** ഇപ്പോൾ അദ്ദേഹം എവിടെയാണെന്നു പറയാമോ?

**MR. E. K. MADHAVAN:** ഇപ്പോൾ അദ്ദേഹം തിരുവനന്തപുരത്താണെന്നു തോന്നുന്നു. ഏതായാലും അദ്ദേഹത്തെ ആദായനികുതി ഡിപ്പാർട്ടുമെന്റിൽ കണ്ടതു വളരെ ആശ്ചര്യമായി എന്നേ എനിക്കു പറയുവാനുള്ളു. ഇതുകൊണ്ടു അവസാനമായി എനിക്കു പറയുവാനുള്ളതു ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനെ ഒന്നുടച്ചുവാർക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നാണ്. അതിലേക്കു ഒരു വലിയ സ്റ്റാഫിന്റെ ആവശ്യം നേരിട്ടേക്കാമായിരിക്കാം. എന്നാലും സത്യസന്ധതയും നീതിബോധവും കൃത്യനിഷ്ഠയുമുള്ള വ്യക്തികളെ ഈ ഡിപ്പാർട്ടുമെന്റിൽ നിയമിക്കയും, വസ്തുക്കളിന്മേൽ ഉള്ള ആദായം തിട്ടപ്പെടുത്തുന്നതു സ്ഥലത്തു ചെന്നു ഒരു സൂക്ഷ്മാന്വേഷണം നടത്തിയതിനു ശേഷംമാത്രമേ പാടുള്ളു എന്നും ഉള്ള ഒരു വ്യവസ്ഥകൂടി ചെയ്യുന്നതു നന്നായിരിക്കുമെന്നു പ്രസ്താവിച്ചുകൊണ്ടു ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

**MR. PANDAVATHU SANKARA PILLAI** *(Karthikapalli III—General)* സർ, ആദായനികുതി സംബന്ധിച്ചുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എന്റെ മാന്യ സ്നേഹിതന്മാർ ചെയ്തിട്ടുള്ള പ്രസംഗങ്ങളെപ്പറ്റി പരിചിന്തിക്കുമ്പോൾ എനിക്കു വളരെ വ്യസനമുണ്ടാകുന്നു. ആദായനികുതി തിരുവിതാംകൂർ രാജ്യത്തിലെന്നല്ല, മറ്റെല്ലാ രാജ്യങ്ങളിലും നടപ്പാക്കിയിട്ടുണ്ടു. അവിടങ്ങളിൽ അതു വർഷംവർഷം വർദ്ധിച്ചുകൊണ്ടു തന്നെ ഇരിക്കുന്നു. എന്നാൽ ഇവിടെ പല ബഹുമാന്യ മെമ്പറന്മാരും അഭിപ്രായപ്പെട്ടതു ആദായനികുതി കുറയ്ക്കണമെന്നാണ്. ഇവരുടെ പ്രസംഗങ്ങൾ കേട്ടാൽ "ഉത്തരത്തിൽ ഇരിക്കുന്നതു എടുക്കയും വേണം, കക്ഷത്തിരിക്കുന്നതു വീഴാനും പാടില്ല" എന്ന മട്ടാണ്. ആദായനികുതി എന്നതു സ്റ്റേറ്റിന്റെ വരവിനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. ജനകീയ ഗവർമ്മെന്റ് ഏറ്റിരിക്കുന്ന വാഗ്ദാനങ്ങൾ പുലർത്തണമെങ്കിൽ സ്റ്റേറ്റിന്റെ റവന്യൂ വർദ്ധിപ്പിക്കാതെ നിവൃത്തിയില്ല. ഇങ്ങനെ ആദായം ഉണ്ടാക്കുന്ന ആളുകളിൽനിന്നു നികുതി ഈടാക്കാത്തതു ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയാണെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. സ്റ്റേറ്റിന്റെ സമ്പത്തു മുഴുവനും ജനങ്ങൾക്കു വേണ്ടി വിനിയോഗിക്കണമെന്നാണ് പറയുന്നതെങ്കിൽ അതിനോടു ഞാൻ യോജിക്കാൻ തയ്യാറാണ്. എന്നാൽ ആദായനികുതി ഈടാക്കുന്നതിനെ സംബന്ധിച്ചു പല തകരാറുകളും വ്യതിയാനങ്ങളും വന്നുപോയിട്ടുണ്ടു എന്നു പറഞ്ഞതിൽ ഞാനും യോജിക്കുന്നു. മേലാൽ

[Mr. Pandavathu Sankara Pillai.]

അപ്രകാരമുള്ള പരാതികൾ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളവും ഉണ്ടാകാതിരിക്കാൻ ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതാണെന്നും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു. ആദായനികുതി ഡിപ്പാർട്ടുമെന്റിൽ നിലവിലിരിക്കുന്ന അഴിമതികളും കൈക്കൂലിയും ഇല്ലാതാക്കുന്നതിനുവേണ്ടി ഒരാൻറി കറപ്ഷൻ കമ്മറ്റിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടു കാര്യക്ഷമമായ പ്രവർത്തനം ഇൻകംടാക്സ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകുമെന്നുള്ളതു സ്പഷ്ടമാണു. അതുകൊണ്ടു ആദായനികുതി പിരിക്കുന്നതിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ നോക്കാതെ നിഷ്പക്ഷമായ ഒരു നയം അവലംബിച്ചു അർഹതയുള്ളവരോടെല്ലാം നികുതി ഈടാക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു പ്രസ്താവിച്ചുകൊണ്ടു അവസാനിപ്പിച്ചു കൊള്ളുന്നു.

MR. PRESIDENT : ഇതിന്റെ മറുപടിക്കായി ഞാൻ സി. കേശവനെ ക്ഷണിച്ചു കൊള്ളുന്നു.

HON'BLE MR. C. KESAVAN : ആദായനികുതിയെ സംബന്ധിച്ചു ഉണ്ടാകുന്ന വാദപ്രതിവാദങ്ങൾക്കും വിമർശനങ്ങൾക്കും ശരിയായ സമാധാനം പറയുന്നതിനു വൈഷമ്യം ഉണ്ടായേക്കുമെന്ന ഭയത്തോടുകൂടിയാണു ബഹു. മെമ്പറന്മാരുടെ നിരൂപണങ്ങൾക്കു ഞാൻ ശ്രവ്യനായിരുന്നതു്. പക്ഷെ ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള ഭയപ്പാടു് നിരൂപണങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകാതെയിരുന്നതിൽ അല്പ സമാധാനത്തിനു വകയുണ്ടു്.

സർ, കാൺഗ്രസ് ഗവണ്മെന്റിനെ സംബന്ധിച്ചു പല ആരോപണങ്ങളും ഇവിടെ ഉണ്ടായി. കാൺഗ്രസ്, അതിന്റെ സാമ്പത്തിക നയത്തെപ്പറ്റി സമഷ്ടിയായ ഒരു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ആ പ്രഖ്യാപനത്തിൽ കാൺഗ്രസിന്റെ സുനിശ്ചിതമായ ലക്ഷ്യം പ്രാപിക്കുന്നതിനു ആവശ്യമുള്ള പ്രഥമ പരിപാടികൾ നൾകിയിട്ടുണ്ടു്. ലക്ഷ്യത്തിൽനിന്നു അല്പംപോലും വ്യതിചലിക്കാൻ കാൺഗ്രസ്സിനു നിവൃത്തിയില്ല. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്കു ഈ രാജ്യത്തെ ക്രമാനുഗതമായി രൂപാന്തരപ്പെടുത്തണമെന്നുള്ളതാണു കാൺഗ്രസ്സ് ഗവണ്മെന്റു പ്രവൽക്കരിക്കാൻ പോകുന്ന ഭരണ വ്യവസ്ഥയെന്നു്, അതിന്റെ മാനിഫെസ്റ്റോയിൽ തന്നെ ചൂണ്ടികാണിച്ചിട്ടുണ്ടു്. അതുകൊണ്ടു ആദായ നികുതിയെ സംബന്ധിച്ചിടത്തോളം, സമ്പന്നരുടെ വരവിനെ നിയന്ത്രിച്ചു്, പ്രത്യക്ഷമായ ആദായ നികുതിയിൽകൂടെ അതിനെ പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കി തീർക്കുക എന്നുള്ളതു്, ഗവണ്മെന്റി

ന്റെ പ്രമേയമാണ്. എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ഗവണ്മെന്റിന്റെ ഈ കടമ, ഈ കൃത്യനിർവഹണം ഒരിക്കലും മാറ്റിവയ്ക്കാൻ സാദ്ധ്യമല്ല. പക്ഷേ പൊതുജനങ്ങളെ ചൂഷണം ചെയ്തു അമിതാദായം ഉണ്ടാക്കുന്നതിനെയും, ഗവണ്മെന്റ് അനർഹമായ ആദായനികുതി പൊതുജനങ്ങളിൽ ചുമത്തിയിട്ടുണ്ടെങ്കിൽ അവയേയും പരിഹരിക്കാൻ സാധിക്കുമെന്നു എനിക്കു പറയാൻ കഴിയും. അതുകൊണ്ടു ബഹുമാനപ്പെട്ട സാമാജികന്മാരുടെ നിർദ്ദേശങ്ങളനുസരിച്ച് നികുതി ഈടാക്കുന്ന വിധത്തിൽ ചില ഭേദഗതികൾ വരുത്തി പ്രവർത്തിക്കാമെന്നല്ലാതെ, ആദായനികുതിയിൽനിന്നു — കാർഷികം ആയാലും ശരി, മറ്റുതെങ്കിലും തരത്തിലുള്ളതായാലും ശരി, ആരെയെങ്കിലും ഒഴിവാക്കാനോ ഈ നികുതി നിറുത്തൽ ചെയ്യണമെന്നോ ഗവണ്മെന്റിനു സാദ്ധ്യമല്ല.

MR. CHERIYAN J. KAPPAN : ആരെയെങ്കിലും ഒഴിവാക്കണമെന്നു പറഞ്ഞിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : ഒഴിവാക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഇൻകംടാക്സ് ഈടാക്കുന്ന ആദായത്തിന്റെ പരിധി വർദ്ധിപ്പിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇൻകംടാക്സ് ഈടാക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന തുക ൧൫൦൦ രൂപയായി ഭേദപ്പെടുത്താമോ എന്നു ഗവണ്മെന്റ് ആലോചിക്കുന്നതാണ്. അങ്ങിനെ ആലോചിച്ചു തീർച്ചപ്പെടുത്തുന്നതിനുമുമ്പ് രണ്ടായിരമാക്കുമോ മൂവ്വായിരമാക്കുമോ എന്നൊക്കെ ചോദിച്ചാൽ സമാധാനം പറയുക സാദ്ധ്യമല്ല.

MR. P. M. VARGHESE : ഇൻഡ്യൻ യൂണിയനിൽ ഇൻകംടാക്സ് കുറവാകുന്നതറിയാമോ ?

HON'BLE MR. C. KESAVAN : അറിയാം. പക്ഷേ അവിടെ വളരെ വലിയ ഒരു തുകയാണ് കരമായി ഈടാക്കിക്കൊണ്ടിരിക്കുന്നത്. തിരുനെൽവേലിയിലേക്കു പോയി അന്വേഷിച്ചാൽ അറിയാം ഇതിന്റെ പരമാർത്ഥം. തിരുവിതാംകൂറിലാണെങ്കിൽ ഏക്കർ ഒന്നിനു ൨ ൫ ചക്രം ബേസിക്ക ടാക്സ് മാത്രമേ ഉള്ളു. മദ്രാസ്, ബംഗാൾ, ബീഹാർ എന്നീ പ്രവിശ്യകളിലെല്ലാം തന്നെ അമിതമായ കരം ഈടാക്കിവരുന്നുണ്ട്.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): *மந்திரி அவர்களுக்கு, இவ்விடங்களில் Basic Tax-ம் Water Tax-ம் எடுத்துக் கொண்டிருப்பது தெரியுமா?*

HON'BLE MR. C. KESAVAN : ഈടാക്കി വരുന്നുണ്ട്. മൂലധനം ഇറക്കിചെയ്യുന്ന ജോലികൾക്കു അതുകൊണ്ടുണ്ടാകുന്ന ആദായത്തിൽ നിന്നും ഒരംശം ഈടാക്കുന്നതു ന്യായമാണ്.

MR. A. CHIDAMBARANATHA NADAR : அது நியாயமானதென்று நீங்கள் கருதுகின்றீர்களா? ஒரு பெரிய ராஜ்யத்தில் பல குடியானவர்கள் இருக்கும் போது ஒரு வரி மாத்திரம் எடுத்தால் போதாதாவென்று கேட்கிறேன்.

HON'BLE MR. C. KESAVAN : It is really justifiable. കുറെ പണം ചെലവുചെയ്തു് ഏതെങ്കിലും ഒരു സ്ഥലത്തു് ഒരു സൗകര്യം വരുത്തി കുറെ കൃഷിക്കാർക്കു ആദായം ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ ആ കൃഷിക്കാരിൽനിന്നും മുടക്കിയ മുതലിന്റെ ഒരു ഭാഗമെങ്കിലും ഈടാക്കുകയെന്നുള്ളതു സ്വാഭാവികവും ആവശ്യവുമാണു്.

MR. K. SIVARAMA PILLAI (*Thovala—General*) : Acre-க்கு ஒன்பது கோட்டை வரை மணியம் கரம் இருப்பது மந்திரி அவர்களுக்குத் தெரியுமா?

HON'BLE MR. C. KESAVAN : അതു പ്രസക്തമല്ല. അതുകൊണ്ടു ഇപ്പോൾ അതിനു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

MR. T. KOCHUKRISHNA PILLAI : அந்த அணை கட்டுவதற்குச் செலவான பணத்தை, ஒரு Business-ஆக நீங்கள் கருதுகின்றீர்களா?

HON'BLE MR. C. KESAVAN: ബിസ്സിനസ്സാണെങ്കിൽ മുടക്കുന്ന മൂലധനം കൊണ്ടു് ഏററവും കൂടുതൽ ആദായം ഉണ്ടാക്കണമെന്നായിരിക്കും പ്രധാനമായി ഉദ്ദേശിക്കുന്നതു്. പക്ഷേ ഇത്തരം മുതലുമുടക്കുകൾ ആദായത്തെ മോഹിച്ചല്ല, അതിന്റെ പ്രയോജനത്തെ ഉദ്ദേശിച്ചാണു്. മുടക്കു മുതലിന്റെ ഒരംശമെങ്കിലും അതുകൊണ്ടു് പ്രയോജനപ്പെടുന്നവരിൽ നിന്നു ന്യായമായി ഈടാക്കണമെന്ന വിചാരം മാത്രമേയുള്ളു.

ഇൻകംടാക്സ് ഈടാക്കുന്ന തുകയിൽ എന്തെങ്കിലും ഭേദഗതി വരുത്തി ഒരു മിനിമം നിശ്ചയിക്കണമെന്നാണെങ്കിൽ അങ്ങനെ ചെയ്യാം. അല്ലാതെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് വേണ്ടെന്നുവയ്ക്കുക സാദ്ധ്യമല്ല. പിന്നെ വലിയ പരാതിയായി ഇവിടെ പറഞ്ഞുകേട്ടതു ഇൻകംടാക്സും അഗ്രിക്കൾച്ചറൽ ഇൻകംടാക്സുംകൂടി ഒരുമിച്ചു് പിരിച്ചു വരുന്നതിനെപ്പററിയാണു്. എന്റെ സ്നേഹിതൻ മി. മാക്കോസിന്റെ ന്യായം എന്തുമാത്രം സ്വീകാര്യമാണെന്നു് നാം ആലോചിക്കണം. ഇൻകംടാക്സും അഗ്രിക്കൾച്ചറൽ ഇൻകംടാക്സും ഒരുമിച്ചു പിരിക്കുകയാണെങ്കിൽ ഇൻകംടാക്സ് സെൻട്രൽ ഗവണ്മെന്റിനു് കൊടുക്കേണ്ടി വരുമ്പോൾ അതിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സുംകൂടെ ചേർത്തു് പ്പോകുമെന്നാണു് അദ്ദേഹത്തിന്റെ ഭയം. അങ്ങനെ ഭയപ്പെടേണ്ട ആവശ്യമില്ല. രണ്ടിനും പ്രത്യേകം പ്രത്യേകം കണക്കുകൾ സൂക്ഷിക്കുന്നുണ്ടു.

MR. K. A. MOHAMMAD : ഇപ്പോൾ പ്രത്യേകം പ്രത്യേകം കണക്കാക്കിവരുന്നില്ലല്ലോ. എല്ലാംകൂടെ ഒരുമിച്ചു ചേർന്നല്ലേ ഇരിക്കുന്നതു

MR. PRESIDENT : ബഹു. മന്ത്രിക്കു മറുപടി പറയാൻ പത്തു മിനിട്ടേ കൊടുത്തിട്ടുള്ളു. ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നാൽ അദ്ദേഹത്തിനു സമയം തികയാതെ വരും.

HON'BLE MR. C. KESAVAN : ഇന്നത്തെ പരിതഃസ്ഥിതികളിൽ ഈ രണ്ടുംകൂടി യോജിച്ചു പോകുന്നതു കാര്യനടപ്പിനു കൂടുതൽ പ്രയോജനമുള്ളതാണെന്നാണു കാണുന്നതു.

പിന്നെയൊന്നു ഈ സഭയിൽ പറഞ്ഞുകേട്ടതു തഹശീൽദാരന്മാർ അഗ്രിക്കൾച്ചുറൽ ഇൻകംടാക്സ് അസസ് ചെയ്യുന്നതിനെപ്പററിയാണ്. അതു യഥാർത്ഥത്തിലുള്ള ഒരു പരാതിയാണെന്നു ഗവർമ്മെൻറിനു ബോദ്ധ്യമുണ്ടു. അതുകൊണ്ടുതന്നെയാണു ഒരു ചോദ്യത്തിനുത്തരമായി ഈ ഏർപ്പാടു ഒരു ടെമ്പററി മെഷറായി സ്വീകരിക്കുകയാണെന്നും അല്ലാതെ സ്ഥിരമായ ഒരേർപ്പാടല്ലെന്നും പറഞ്ഞിട്ടുള്ളതു. അടുത്ത കൊല്ലത്തിൽ ഈ ഏർപ്പാടു തുടരണമോ വേണ്ടയോ എന്നുള്ള കാര്യം ഗവർമ്മെൻറു ഉടനടി തീരുമാനിക്കുന്നതാണു. നിവൃത്തിയുള്ള പക്ഷം തഹശീൽദാരന്മാരിൽനിന്നും ഈ ചുമതല എടുത്തു ഇൻകംടാക്സ് ആഫീസറന്മാരെ തന്നെ ഏൽപ്പിക്കണമെന്നാണു ഗവർമ്മെൻറു വിചാരിക്കുന്നതു.

പിന്നെയൊരു പരാതി അസ്സസ്സ്മെൻറിൽ കൃഷിക്കാർക്കു വന്നുകൂടുന്ന വൈഷമ്യങ്ങളെ സംബന്ധിച്ചാണു. ബിസ്സിനസിൽ നിന്നായാലും ശരി കൃഷിയിൽ നിന്നായാലും ശരി, പണമാണുണ്ടാകുന്നതു. ബിസ്സിനസിൻെറ ഇൻകം അസ്സസ് ചെയ്യുമ്പോൾ ഡിപ്രീസിയേഷൻ കൊടുക്കുന്നതുപോലെ കൃഷിക്കാരൻെറ ഇൻകം അസ്സസ്സു ചെയ്യുമ്പോൾ ഡിപ്രിസിയേഷൻ ഒന്നും കൊടുക്കുന്നില്ലെന്നും അതിനു ഒരു പരിഹാരം ഉണ്ടാക്കണമെന്നും എൻെറ സ്നേഹിതൻ മി. മാർക്കോസു പറയുകയുണ്ടായി. ബിസ്സിനസിലാണെങ്കിൽ യന്ത്രസാമഗ്രികളുടെ പഴക്കത്തേയും തേയ്മാനത്തേയും അടിസ്ഥാനമാക്കി ഡിപ്രിസിയേഷൻ കൊടുക്കാറുണ്ടു. കൃഷിക്കാരാണെങ്കിൽ അങ്ങനെ യന്ത്രസാമഗ്രികളൊന്നും ഇല്ല. മനുഷ്യനാണു യന്ത്രം. ഡിപ്രീസിയേഷൻ കൊടുക്കണമെങ്കിൽ അതു ദേഹാദ്ധ്വാനത്തെ പരിഗണിച്ചായിരിക്കണം. അതു പ്രായോഗികമല്ല. കൃഷിക്കും യന്ത്രസാമഗ്രികളുണ്ടെങ്കിൽ അതിനും ഡിപ്രിസിയേഷൻ കൊടുക്കാവുന്നതാണു. കൃഷിയുടെ ആദായം കണക്കാക്കുമ്പോൾ ചെലവുകഴിച്ചുള്ളതാണു ആദായമായി കണക്കാക്കുന്നതു. കണക്ക ബോദ്ധ്യപ്പെടുത്താ

[Hon'ble Mr. C. Kesavan]

ങ്ങളെ വൈഷമ്യങ്ങളെപ്പററിയാണ് പിന്നെ പറഞ്ഞുകേട്ടത്. സാധാരണ കൃഷിക്കാർക്കു കണക്ക് വച്ച് സകല കാര്യങ്ങളും ചെയ്യുക സാദ്ധ്യമല്ല. കണക്കു ബുക്കുകൾ വയ്ക്കുന്ന പതിവും അവർക്കില്ല. കണക്കിന്റെ ആവശ്യം ഉണ്ടെന്നു തോന്നുകയാണെങ്കിൽ എഴുതാൻ അറിയാവുന്ന ആളുകളുള്ള നമ്മുടെ രാജ്യത്ത് അതിനു വലിയ ബുദ്ധിമുട്ടുണ്ടാകയില്ല.

MR. V. GANGADHARAN NAIR (*Quilon III—General*) കാർഷികാദായ നികുതി കൊടുക്കുന്ന എത്ര കൃഷിക്കാർ ഉണ്ടെന്ന് പറയാമോ ?

HON'BLE MR. C. KESAVAN : നേരത്തെ നോട്ടീസുതന്നാൽ അന്വേഷിച്ചു പറയാം.

MR. K. A. MOHAMMED : കൃഷിക്കാർ കൊടുക്കുന്ന കണക്കുകൾ ഗവണ്മെന്റ് സ്വീകരിക്കാറില്ലെന്നറിയാമോ?

HON'BLE MR. C. KESAVAN : അതിന് ഉദ്യോഗസ്ഥന്മാരെ മാത്രം കുററപ്പെടുത്തുന്നതു ശരിയല്ല. കൃഷിക്കാർ കള്ളക്കണക്കുകൾ ഉണ്ടാക്കി ന്യായമായി കൊടുക്കാനുള്ള ആദായ നികുതിയിൽനിന്നും ഒഴിഞ്ഞുമാറാൻ ബദ്ധശ്രദ്ധരാണ്. ഗവർണ്മെന്റ് ഇങ്ങനെയുള്ള കള്ളപ്രമാണങ്ങൾ വിശ്വസിച്ചില്ലെന്നുവരാം. കള്ളക്കണക്കുകൾ ഉണ്ടാക്കുന്ന കൃഷിക്കാരോടൊപ്പം നിർബന്ധം ഗവണ്മെന്റിനില്ലെന്നാണ് എന്റെ വിശ്വാസം. ഏതായാലും നിവൃത്തിയുള്ളിടത്തോളം സൂക്ഷ്മമായിത്തന്നെ അസ്സസ് ചെയ്യുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്. മി. ജോസഫ് മാളിയേക്കൽ പറഞ്ഞതുപോലെ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളെ വെറുതെ വിടാൻ സാദ്ധ്യമല്ല. അദ്ദേഹം പറഞ്ഞതു് സ്ഥലങ്ങൾ വെറുതെയിട്ടേക്കാൻ അവകാശമുണ്ടെന്ന്. പക്ഷേ അതിന് നികുതി ചുമത്താനുള്ള അവകാശം ഗവണ്മെന്റിനുണ്ടെന്നാണ് എനിക്കു പറയാനുള്ളത്.

MR. PRESIDENT : മി. കെ. കെ. ചെല്ലപ്പൻപിള്ള ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. K. K. CHELLAPPAN PILLAI: ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

PRESIDENT : The question is that Government be granted a sum of Rs. 3,17,383 under Demand V—Taxes on Income.

The question was put and carried.

The Demand was made.

## DEMAND VII—RAILWAYS.

HON'BLE MR. A. ATCHUTHAN : Sir, I move for a grant of Rs. 2,00,000 under Demand VII—Railways.

MR. KANNARA GOPALA PANICKER : I move that the total allotment of Rs. 2,00,000 under Demand VII be reduced by Re. 1.

The object of my motion is to discuss about the necessity of extending railway lines from Kottarakara to Alwaye.

സർ, കൊട്ടാരക്കര മുതൽ ആലുവാവരെ തീവണ്ടി ലൈൻ നീട്ടേണ്ടതിന്റെ ആവശ്യകതയെ ഈ സഭയുടെയും ഗവണ്മെന്റിന്റെയും മുമ്പിൽ കൊണ്ടുവരികയാണ് എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശം. കൊട്ടാരക്കര മുതൽ ആലുവാ വരെ ലൈൻ നീട്ടുന്നതായാൽ കേരളത്തിന്റെ വടക്കെ അററം മുതൽ തെക്കേഅററം വരെ തീവണ്ടിയിൽ സഞ്ചരിക്കാൻ സാധിക്കും. സഞ്ചാരസൗകര്യം മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നതു്. യുദ്ധകാലങ്ങളിൽ സാധാരണയായി കൃഷി, വ്യവസായം, കച്ചവടം, മുതലായവയെ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളിലുംകൂടി അഭിവൃദ്ധിപ്പെടുത്താൻ എല്ലാ ഗവണ്മെൻറുകളും ശ്രമിക്കാറുണ്ട്. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധകാലങ്ങളിലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കാർഷികമായും വ്യാവസായികമായും വാണിജ്യപരമായും വളരെ ഉൽക്കർഷം സമ്പാദിച്ചിട്ടുണ്ടു. തിരുവിതാംകൂറിലും അതിന്റെ ഫലങ്ങൾ കാണാറുണ്ട്. തിരുവിതാംകൂറിലെ കാർഷികവും വ്യാവസായികവുമായ ഉല്പന്നങ്ങൾ വിദേശങ്ങളിലേക്ക് കയററുമതി ചെയ്യുന്നതു് കൊച്ചീ തുറമുഖം വഴിയാണ്. കുരുമുളക്, ചുക്ക്, റബ്ബർ, ഏലം മുതലായ മലഞ്ചരക്കുകൾക്ക് സൌകര്യപ്രദമായി ഇപ്പോഴുള്ള മാർക്കററ് കോട്ടയമാണ്. ഈ കോട്ടയം മാർക്കററിൽ വരുന്ന സാധനങ്ങളെല്ലാം ലോറികളിലും വള്ളങ്ങളിലും വണ്ടികളിലും കയററിയാണ് കൊച്ചിയിലേക്ക് കൊണ്ടുപോകേണ്ടിയിരിക്കുന്നതു്. ഇതുകൊണ്ട് വളരെ സമയനഷ്ടവും ധനനഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു മാത്രമല്ല മഴക്കാലങ്ങളിൽ കായലുകളിൽ പല അപകടങ്ങളും ഉണ്ടാകാറുണ്ട്. അതുപോലെതന്നെ കൊച്ചി തുറമുഖത്തു് ഇറക്കുന്ന സാധനങ്ങൾ കോട്ടയത്തേക്കും തിരുവനന്തപുരത്തേക്കും മററും കൊണ്ടുവരുന്നതു വള്ളങ്ങളിലും ലോറികളിലുമാണ്. അങ്ങിനെ തിരുവിതാംകൂറിൽനിന്നും കൊച്ചിയിലേക്കും അവിടെനിന്നും ഇങ്ങോട്ടേക്കും സാധനങ്ങൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും ഒരു തീവണ്ടിലൈൻ ഉണ്ടെങ്കിൽ വളരെ ലാഭകരവും സൌകര്യപ്രദവും ആയിരിക്കുന്നതാണ്. യാത്രക്കാർക്കും ഇങ്ങിനെ ഒരു തീവണ്ടിയില്ലാത്തതുകൊണ്ടുള്ള വൈഷമ്യങ്ങൾ ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്ര ചെയ്യുന്നവർക്ക് അറിയാൻ കഴിയും. ട്രാൻസ്പോർട്ടുബസ്സുകളിലെ തിരക്ക് ദുസ്സഹമാണ്. കൂടാതെ തിരുവിതാംകൂറിൽ ബസ്സപകടങ്ങൾ സർവ്വസാധാരണമാണു. തീവണ്ടി അപകടങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ളതായി അറിവില്ല. മററു പല സ്ഥലങ്ങളിലും ചില അപകടങ്ങൾ ഉണ്ടായിട്ടില്ലെന്നു ഞാൻ പറയുന്നില്ല;

[Mr. Kannara Gopala Panicker]

എന്നാൽ അത് അത്ര സാധാരണമല്ല. വല്ല രാഷ്ട്രീയപ്രക്ഷോഭണങ്ങൾ മൂലമോ വർഗ്ഗീയസംഘട്ടനങ്ങൾ മൂലമോ ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ തീവണ്ടി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അവ അസാധാരണ പരിതഃസ്ഥിതികളിൽ മാത്രമാണ്. ഇന്ന് സർവ്വസാധാരണമെന്നുതന്നെ പറയാവുന്ന തിരുവിതാംകൂറിലെ ബസ്സപകടങ്ങൾ കൊണ്ടുള്ള മരണത്തിന് ഒരു നിവാരണമാർഗ്ഗമായും ഈ തീവണ്ടി ലൈൻ പ്രയോജനപ്പെടുത്താവുന്നതാണ്. ബസ്സിൽ യാത്ര ചെയ്യുന്നതിന് ചെലവും വളരെ ഉണ്ട്. ഒരു തീവണ്ടി ഉണ്ടെങ്കിൽ ധാരാളം ആളുകൾക്ക് യാത്ര ചെയ്യാനുള്ള സൌകര്യം ഉണ്ടാകും. യാത്രച്ചെലവ് കുറയും. അപകടങ്ങളും ഉണ്ടാവുകയില്ല. ഇതിനുമുൻപു കൊട്ടാരക്കര മുതൽ ആലുവാവരെ തീവണ്ടിലൈൻ നീട്ടണമെന്ന അഭിപ്രായം ഈ നിയമസഭയിൽ പലരും പറയുകയും അപ്പോഴെല്ലാം അതിനെപ്പററി ആലോചിക്കാമെന്നു ഗവണ്മെൻറു മറുപടി പറയുകയും ചെയ്തിട്ടുണ്ട്. തീവണ്ടിലൈൻ നീട്ടുന്നതിന് ഒരു സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ പിന്നീട് കാര്യമായി ഒന്നുംതന്നെ ചെയ്തിട്ടില്ല. യുദ്ധകാലത്ത് അതിന് പല അസൌകര്യങ്ങളും ഉണ്ടായിരുന്നു എന്നുള്ളത് ശരിതന്നെ. എന്നാൽ ഇപ്പോഴെങ്കിലും ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായ ഈ പദ്ധതി നടപ്പിൽ വരുത്തേണ്ടതാണെന്ന സംഗതി സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MISS. DEVAKI GOPIDAS (*Kottayam I—General*) : സർ, കൊട്ടാരക്കര മുതൽ കോട്ടയംവഴി ആലുവാവരെ റെയിൽവേലൈൻ നീട്ടണം എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുക എന്നുള്ളതാണ് ഞാൻ എൻെറ ഉപക്ഷേപംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്നു തിരുവിതാംകൂറിലെ വ്യാവസായികമായി ഏററവും പ്രധാനമുള്ള ഒരു പട്ടണമാണ് കോട്ടയം. തിരുവിതാംകൂറിലെ മലഞ്ചരക്കുകളുടെ മാർക്കററു കോട്ടയം ആണ്. അങ്ങനെയുള്ള കോട്ടയത്ത് സാധനങ്ങൾ കയററുന്നതിനും ഇറക്കുന്നതിനും വേണ്ട സൌകര്യങ്ങൾ ഉണ്ടാകുകയെങ്കിൽ മാത്രമേ ഈ സാധനങ്ങൾ സൌകര്യമായി വിദേശങ്ങളിലേക്കു കയററി അയച്ചു ചിലവഴിക്കുന്നതിനു സാധിക്കുകയുള്ളു. ഇന്നു കോട്ടയത്ത് ചരക്കുകളിറക്കുന്നതിനും കയററുന്നതിനും വളരെ വൈഷമ്യങ്ങളുണ്ടെന്ന് ഇവിടെ പറഞ്ഞുകഴിഞ്ഞു. ഏതൊരു രാജ്യവും വ്യാവസായികമായും വാണിജ്യപരമായും പുരോഗമിക്കണമെങ്കിൽ ട്രാൻസ്പോർട്ടേഷനുള്ള സൌകര്യങ്ങൾ ധാരാള

മുണ്ടായിരിക്കണം. പുരോഗമനപരമായ രാജ്യങ്ങളിലെല്ലാംതന്നെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. ഈ രാജ്യത്തും അതുപോലെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ നമ്മുടെ രാജ്യവും പുരോഗമിക്കുകയുള്ളു. കോട്ടയത്തുനിന്നും കൊട്ടാരക്കരയ്ക്ക് ട്രാൻസ്പോർട്ടുബസ്സുകളല്ലാതെ മറെറാരു വാഹനവുമില്ല. ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്ര ചെയ്യുന്നതിനുള്ള വൈഷമ്യങ്ങൾ പ്രത്യേകം പറയണമെന്നില്ല. ഒരു റെയിൽവേലൈൻ ഉണ്ടാക്കുകയാണെങ്കിൽ അതു യാത്രക്കാർക്കും യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്കുകൾ കയററിക്കൊണ്ടു പോകുന്നതിനും വളരെ സൗകര്യമായിരിക്കും; ചിലവും വളരെ ചുരുങ്ങിയിരിക്കും. ഈ സഭയിലെ മെംബറന്മാരുടെ റ്റി. എ. ഇനത്തിൽതന്നെ ഗവൺമെൻറിനു അതുകൊണ്ടു വളരെ ലാഭമുണ്ടാകുന്നതാണ്. എന്നാൽ ഇതിനു ധാരാളം പണച്ചിലവുണ്ടെന്നും ഇപ്പോൾ ഗവൺമെൻറിനു അതിനുള്ള പണമില്ലെന്നും നമുക്ക് അറിയാം. പക്ഷെ ഇത്തരം ഒരു പദ്ധതി നാട്ടിൽ വരുത്തുന്നതിനുവേണ്ടി ഒരു ലോൺ എടുക്കുന്നതുകൊണ്ടു ദോഷം ഒന്നും വരാനില്ല. നമ്മുടെ രാജ്യത്തിൻെറ പുരോഗതിക്കു ഏററവും അത്യന്താപേക്ഷിതമായ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സൗകര്യം ഉണ്ടാക്കണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. VARGHESE AUGUSTINE (*Ambalapuzha III—General*): സർ, ഉത്തരതിരുവിതാംകൂറിലേക്ക് റെയിൽവേലൈൻ നീട്ടേണ്ടതിൻെറ ആവശ്യകതയെപ്പററി ഇന്നു ഒരു ദീർഘമായ പ്രസംഗത്തിൻെറ ആവശ്യമില്ല. മുമ്പിലത്തെ നിയമസഭകളിൽ പല അവസരങ്ങളിലും കൊട്ടാരക്കര മുതൽ ആലുവാവരെ തീവണ്ടിലൈൻ നീട്ടുന്നതിനെക്കുറിച്ച് ചർച്ചകൾ ചെയ്തിട്ടുണ്ടു. ആ അഭിപ്രായംതന്നെ ബഡ്ജററിനെ സംബന്ധിച്ചുള്ള ജനറൽ ഡിസ്കഷൻ നടന്നുകൊണ്ടിരുന്നപ്പോൾ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട പല മെംബറന്മാരും വിശദമാക്കിയിട്ടുണ്ട്. തീവണ്ടി സൗകര്യം ഉണ്ടാക്കുന്നതുകൊണ്ട് സഞ്ചാരസൗകര്യം മാത്രമല്ല ഉണ്ടാകുന്നതു. നമ്മുടെ മലഞ്ചരക്കുകൾ മുഴുവനും വിദേശങ്ങളിലേക്ക് കയററിഅയയ്ക്കുവാൻ തുറമുഖങ്ങളിൽ എത്തിക്കുന്നതിനും വിദേശങ്ങളിൽനിന്നും നമ്മുടെ ആവശ്യങ്ങൾക്കായി തുറമുഖങ്ങളിൽ കിടക്കുന്ന ചരക്കുകളെല്ലാം നമ്മുടെ രാജ്യത്തിൻെറ എല്ലാ ഭാഗത്തേക്കും കൊണ്ടുപോകുന്നതിനു സൗകര്യവും ഇതുകൊണ്ടുണ്ടാകുന്നതാകുന്നു. തിരുവിതാംകൂറിലെ ജനങ്ങൾക്ക് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണിതെന്നു സഭയെ അറിയിക്കണമെന്നു മാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

**MR. D. GNANASIGAMONI** (*Kalkulam II—General*): நான் கொண்டு வந்திருக்கும் பிரேரணை என்னவென்றால், "to discuss the need for the extension of Railways to the southern end of Travancore." எனக்கு முன்னே பேசின சில சிநேகிதர்கள் வட திருவிதாங்கூருக்கு ரெயில்வே மிகவும் அவசியம் பல இடங்களிலும் அது வேண்டுமென்றெல்லாம் சொன்னார்கள். அதுபோலவே, தென் திருவிதாங்கூருக்கு, திருவனந்தபுரம் கன்னியாகுமரிவரை ரெயில்வேயை நீட்டி வைத்தால் அது பொது ஜனங்களுக்கு மிகவும் பிரயோஜனமாயிருக்குமென்று எனக்குத் தோன்றுகிறது. ஏனென்றால் இது தென் திருவிதாங்கூர் வாசிகளுக்கு மட்டுமல்ல எல்லோருக்கும் பிரயோஜனமுள்ளது. பொதுவாகப் பார்த்தால், தென் திருவிதாங்கூர் வாசிகளுக்கும் மற்ற எல்லா மக்களுக்கும் ரெயில்வே ஒன்று போல உபயோகப்படக் கூடியதாகும். பின்னர் ஒரு குறை பொதுவாக இருக்கிறது. அந்தக் குறை என்னவென்றால் திருவனந்தபுரத்திற்கு வந்தால் அவ்விடமிருந்து தெற்கே போவதற்கு பொது மக்களுக்கு வசதியான யாதொரு மார்க்கமுமில்லை. முக்கிய ஸ்தலங்களாகிய, நாகர்கோவில், கன்னியாகுமரி, முதலிய இடங்களுக்குப்போக அசௌகரியமாயிருக்கிறதென்று இந்நாட்டில் பிரவேசிக்கும் எவரும் குறை கூறுவதுண்டு. இப்பொழுது நமக்கு சுதந்திரம் கிடைத்துவிட்டது. அதன் மார்க்கம் ஒரு "நாஷனல்ரூட்" ஆகும் இந்த ரெயில்வேயென்று நான் தைரியமாய் சொல்வேன். இன்னொரு அசௌகரியம் என்னவென்றால் தெற்கே போவதற்கு ஒரு Alternative Route தற்பொழுது கிடையாது. தென் திருவிதாங்கூருக்கு மாத்திரம் Concrete Road இருக்கிறது. அதுபோல் மற்றயிடங்களில் இல்லையென்று சொல்கிறார்கள். ஆனால் தென் திருவிதாங்கூருக்கு Alternative Route இல்லை என்பது எல்லோர்க்கும் தெரிந்த விஷயமாகும். ஆதலால் ரெயில்வேயை வடக்கே, பாலூர் முதல் தெற்கே கன்னியாகுமரி வரைக்கொண்டுபோனால், இது நம் வளர்ச்சிக்கும், தேசத்தின் நலத்திற்கும், நன்மைக்கும் மிகப் பிரயோஜனமாயிருக்குமென்று என் அபிப்பிராயத்தை தெரிவித்துக் கொள்கிறேன்.

**MR. N. P. VARGHESE**: സർ, ൧൧൨൪-ലെ ബഡ്ജററിൽ പുതിയതായി പല സ്കീമുകളും കാണേണമെന്നാണ പ്രതീക്ഷിച്ചിരുന്നതു. എന്നാൽ ജനങ്ങൾക്ക ഉപയോഗപ്രദമായ യാതൊരു പദ്ധതികളും ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ളതിനെപ്പററി സംസാരിക്കുന്നതിനാണ് ഞാൻ ഒരു കട് മോഷൻ അയച്ചിട്ടുള്ളതു്. തിരുവിതാംകൂറിന്റെ തെക്കേഅററം മുതൽ വടക്കേഅററംവരെ ഒരു തീവണ്ടിപ്പാത ഏർപ്പെടുത്തണമെന്നു ഇവിടെ ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശനം നടന്നുകൊണ്ടിരുന്നപ്പോൾ പല ബഹുമാനപ്പെട്ട മെമ്പറന്മാരും പറയുകയുണ്ടായി. ഇതിനുമുമ്പുള്ള നിയമസഭകളിലും പലപ്പോഴും പല മെമ്പറന്മാരും പ്രസ്താവിച്ചിട്ടുള്ള ഒരു സംഗതിയാണു ഇതു. ഉദ്ദേശം ൧൦ വർഷങ്ങൾക്കുമുമ്പാണെന്നു തോന്നുന്നു, ദിവാൻ മി: വാട്സിന്റെ കാലത്തു റെയിൽവേ ലൈൻ

നീട്ടുന്നതിനെ സംബന്ധിച്ച് ഒരു സർവേ നടത്തിയതായി എനിക്ക് ഓർമ്മയുണ്ട്. അതിനുശേഷം അതു സംബന്ധമായി യാതൊരു പ്രവൃത്തനങ്ങളും ഗവൺമെന്റിൽനിന്നും ചെയ്തിട്ടില്ല. ഇതിനു പ്രധാന ഉത്തരവാദി സർ. സി. പി. രാമസ്വാമിഅയ്യർ ആണെന്നു അദ്ദേഹത്തിന്റെ ചില പ്രസ്താവനകളിൽനിന്നുതന്നെ മനസ്സിലാക്കാൻ സാധിക്കും. റോഡ് ട്രാൻസ്പോർട്ടും തീവണ്ടിയുമായി മത്സരിക്കാൻ അനുവദിച്ചുകൂടെന്നും റോഡുട്രാൻസ്പോർട്ടിനാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അമേരിക്കയിലും മററും റോഡും ട്രാൻസ്പോർട്ടും തീവണ്ടിയുമായി മത്സരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകളെയും കുഴപ്പങ്ങളെയും അദ്ദേഹം ഉദാഹരണമായി പറയാറുണ്ടായിരുന്നു. അമേരിക്കയിലും മററും അങ്ങനെ ഉണ്ടായി എന്നുള്ളതു വാസ്തവമാണ്. പക്ഷേ അവിടെ ചതുരശ്രമൈലിനു നാലോ അഞ്ചോ മൈൽ റെയിൽവേയെങ്കിലും ഇല്ലാത്ത സ്ഥലങ്ങളില്ല. ഏതു രാജ്യത്തിനും ഒരു തീവണ്ടി ഏർപ്പെടുത്തുക എന്നുള്ളത് വ്യവസായികാഭിവൃദ്ധിക്ക് വളരെ വളരെ അത്യാവശ്യമാണ്. വടക്കൻ പറവൂർ മുതൽ കന്യാകുമാരിവരെ ഒരു ട്രങ്ക്ലൈൻ ഉണ്ടാകേണ്ടതു് നമ്മുടെ രാജ്യത്തിന്റെ വ്യാവസായികപുരോഗതിക്ക് വളരെ അത്യന്താപേക്ഷിതമാണ്. തിരുവനന്തപുരത്തു വരുന്നതിലും വളരെ എളുപ്പമാണ് ഞങ്ങൾക്കു മദ്രാസിൽ പോകുന്നതു്. വൈകുന്നേരം 6 മണിക്കു ട്രെയിനിൽ കയറിയാൽ പിറേറദിവസം രാവിലെ സുഖമായി മദ്രാസിലെത്താം. എന്നാൽ തിരുവനന്തപുരത്തുനിന്നും കോട്ടയംവരെയോ കോട്ടയത്തുനിന്നും ആലുവാവരെയോ പോകുന്നതിനുള്ള ബുദ്ധിമുട്ടുകൾ ചില്ലറയൊന്നുമല്ല. ഒരാഴ്ചക്കു മുമ്പ് എക്സ്പ്രസ്സു വണ്ടിയിൽ ടിക്കററു ബുക്കുചെയ്താൽപോലും സൗകര്യമായി സഞ്ചരിക്കുന്നതിനു വളരെ വിഷമമാണ്. കോട്ടയം ട്രാൻസ്പോർട്ടാഫീസിൽ ഒരുമണിക്കൂർ സമയംനിന്ന് അവിടത്തെ തിക്കും തിരക്കും കഷ്ടതകളുമൊക്കെ കണ്ടാൽ ട്രാൻസ്പോർട്ടലൈൻകൊണ്ടു മാത്രം തിരുവിതാംകൂറിലെ ജനങ്ങളുടെ ഗതാഗതാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ലെന്നു മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. അതുകൊണ്ട് ഒരു തീവണ്ടിലൈൻ ഏർപ്പെടുത്തേണ്ടതാണെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസത്തിനു വകയില്ല. ഇനി അതിനുള്ള പണം എങ്ങനെയുണ്ടാകുമെന്നാണു നോക്കേണ്ടതു്. തല്ക്കാലം ഗവൺമെന്റിനു ഇതിനുള്ള പണം ഇല്ലെങ്കിൽ ഒരു പത്തോ ഇരുപതോ കോടി രൂപാ ഇൻഡ്യാഗവൺമെന്റിൽനിന്നോ അല്ലെങ്കിൽ മററു സ്ഥലങ്ങളിൽനിന്നോ കടമായി എടുത്താൽ അതു് ഒരിക്കലും ഒരു നഷ്ടമായി തീരുക

യില്ലെന്നുള്ളത് നിർവിവാദമാണ്. ഇത്തരം പുരോഗമനപരമായ പദ്ധതികൾക്കുവേണ്ടി കടമെടുക്കുന്നത് എല്ലാ ഗവൺമെന്റുകളും ചെയ്യാറുള്ള ഒരേർപ്പാട് ആണ്. ഇത്തരം സ്കീംസിനുവേണ്ടി പണം കടമായി എടുക്കുന്നതിനു ആർക്കും യാതൊരു ആശങ്കക്കും വകയില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി ഒരു സർവെ നടത്തുന്നതിനുള്ള ഒരു പ്രൊവിഷനെങ്കിലും ചെയ്യാതിരുന്നത് വളരെ ഖേദകരമാണെന്ന് പറയാതെ നിവൃത്തിയില്ല.

ഇപ്പോൾ നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന ഭയങ്കരമായ ഒരു പ്രശ്നം എല്ലാവരും ശരിക്കു മനസ്സിലാക്കുന്നുണ്ടോ എന്നു സംശയമാണ്. നാട്ടിൻപുറങ്ങളിൽ ഇന്നു ഭയങ്കരമായ ക്ഷാമം ഉണ്ടായിട്ടുണ്ട്. തൊഴിലില്ലായ്മ ഗ്രാമീണജനങ്ങളെ വളരെ കഠിനമായി ബാധിച്ചിരിക്കുന്നു. തീവണ്ടിലൈൻ നിർമ്മിക്കുന്നതുപോലുള്ള ഏതെങ്കിലും സ്കീമുകൾ ഗവൺമെന്റു തുടങ്ങി സാധാരണക്കാരനു ജോലി കൊടുക്കേണ്ട അത്യാവശ്യമുണ്ട്. നമുക്കാണെങ്കിൽ കന്യാകുമാരിമുതൽ പറവൂർവരെ ഒരു തീവണ്ടിലൈൻ പണിയുന്നതുകൊണ്ട് ഒരു പതിനായിരം കൂലിക്കാർക്കെങ്കിലും വേല കൊടുക്കുന്നതിനു സാധിക്കുന്നതാണ്. ജനങ്ങളുടെ തൊഴിലില്ലായ്മക്കു തന്നിമിത്തം ഉണ്ടായിട്ടുള്ള ക്ഷാമത്തിനും ഇതു പരിഹാരമുണ്ടാക്കുന്നതാണ്. ഒരു തീവണ്ടിപ്പാതയുണ്ടാക്കുവാൻ നമുക്കു മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു വളരെ കൂടുതൽ സൗകര്യങ്ങളുണ്ട്. റെയിൽ ഒഴിച്ചു ബാക്കിയുള്ള എല്ലാ സാധനങ്ങളും നമുക്കു ധാരാളമായി ഉണ്ട്. റെയിലുകൾക്കാണെങ്കിലും ഇന്നു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കു തിരുവിതാംകൂറിന്റെ തെക്കേ അറ്റംമുതൽ വടക്കേ അറ്റംവരെ എത്തുന്ന ഒരു തീവണ്ടിലൈൻ ഏർപ്പെടുത്തുന്നതു എല്ലാംകൊണ്ടും ഗുണകരമാണ്.

MR. K. RAMAKRISHNA PILLAI : ആ ലൈൻ കോട്ടയംവഴി വേണമെന്നാണോ ആലപ്പുഴവഴി വേണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

MR. N. P. VARGHESE : ആലപ്പുഴവഴി ഇപ്പോൾ നല്ല ഒരു റോഡുണ്ട്. അതുകൊണ്ട് കോട്ടയംവഴി വേണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

MR. K. RAMAKRISHNA PILLAI : കോട്ടയംവഴി എം. സി. റോഡില്ലേ എന്നാണോ മെമ്പർ പറയുന്നത്.

MR. N. P. VARGHESE : പലതുകൊണ്ടുനോക്കിയാലും ഈ ട്രങ്ക് റെയിൽവെ കോട്ടയംവഴി പോകുന്നതാണ് നല്ലതു്. പോരെങ്കിൽ കടൽത്തീരം വഴി സൗകര്യമായ ജലമാർഗ്ഗവുമുണ്ടു്.

MR. P. T. CHACKO : അതു് ഇപ്പോൾതന്നെ അങ്ങു തീർച്ചപ്പെടുത്തുകയാണോ?

MR. N. P. VARGHESE : ഞാൻ പറയുന്നതു് എന്റെ അഭിപ്രായമാണ്. ഈ ട്രങ്ക് റെയിൽവെ കോട്ടയംവഴിതന്നെ പോകണമെന്നാണ് എന്റെ ശക്തിയായ അഭിപ്രായം. അതു കൂടാതെ ഒരു കോസ്റ്റൽ ലൈൻ കൂടെ ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ വളരെ നല്ലതുതന്നെ. നമുക്ക് ഇലക്ട്രിസിറ്റി എടുക്കുന്നതിന് ധാരാളം സൗകര്യമുള്ളതുകൊണ്ടു് ഒരു ഇലക്ട്രിക് ട്രെയിൻ സർവീസുതന്നെ നമുക്കു് ആരംഭിക്കാമെന്നാണ് എനിക്കു തോന്നുന്നതു് തിരുവിതാംകൂറിലെ ജനങ്ങളുടെ ക്ഷേമത്തിൽ — തിരുവിതാംകൂറിന്റെ ഭാവിയെക്കുറിച്ചു് നമ്മുടെ മന്ത്രിസഭക്കു താല്പര്യമുണ്ടെങ്കിൽ ഇങ്ങനെയൊരു തീവണ്ടിലൈൻ പണിയിക്കുന്നതിനുള്ള ഒരു സർവ്വേ എങ്കിലും ഈ ഫ ഫ ഒ ർ-ൽ തന്നെ ആരംഭിക്കേണ്ടതാണെന്ന് ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. A. MATHEW : സർ, എന്റെ ഉപക്ഷേപംകൊണ്ടുദ്ദേശിച്ചിട്ടുള്ള റെയിൽവെ നിർമ്മാണകാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട പല മെമ്പറന്മാരും ബഡ്ജറ്റിന്റെ ജനറൽ ഡിസ്കഷനിൽ തന്നെ പറഞ്ഞു കഴിഞ്ഞു. അതുകൊണ്ടു് വിശേഷവിധിയായി എന്തെങ്കിലും ഇതിനെപ്പറ്റി പറയേണ്ട ആവശ്യമില്ല. റെയിൽവെയെപ്പറ്റി ഒരു കട്ട് ഉപക്ഷേപംമൂലം ആദ്യമായിട്ടല്ല നിയമസഭയിൽ ഉണ്ടാകുന്നതു്. മുമ്പിലത്തെ നിയമസഭകളിലും വടക്കൻതിരുവിതാംകൂറിലേക്ക് തീവണ്ടി നീട്ടണമെന്നുള്ള വിഷയം പലപ്പോഴും അഭിപ്രായപ്രകടനത്തിന് ഹേതുവായിത്തീർന്നിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിൽ ഞാൻ അംഗമായിരുന്ന കാലത്തു ഇക്കാര്യത്തെപ്പറ്റി വാദിച്ചപ്പോൾ അന്നത്തെ ദിവാൻജി ഒരിഞ്ചു സ്ഥലം പോലും കൂടുതലായി തിരുവിതാംകൂറിൽ തീവണ്ടിപ്പാതക്കായി നൽകുന്നതല്ലെന്നും ഇപ്പോഴുള്ള സ്ഥലത്തു് ഇൻഡ്യൻ റെയിൽവേ തന്നെ ഇവിടെ നിന്നും വലിച്ചുകൊണ്ടു പൊയ്ക്കൊള്ളണമെന്നും പറഞ്ഞതായി ഞാൻ ഓർക്കുന്നു. ആ അഭിപ്രായത്തിനു തിരുവിതാംകൂറിലെ ജനങ്ങളുടെ പിൻതുണ ഉണ്ടായിരുന്നില്ലെന്നുള്ളതു് തീർച്ചയാണ്. ഇന്നു തിരുവിതാംകൂറിലെ ജനങ്ങൾക്കു ഗതാഗതസൗകര്യം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ്

[Mr. K. A. Mathew.]

ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനു മദ്ധ്യതിരുവിതാംകൂറിൽകൂടെ ഉത്തരതിരുവിതാംകൂറിലേക്ക് ഒരു തീവണ്ടിപ്പാത ഏർപ്പെടുത്തുകയാണ് വേണ്ടത്. മി. എം. ഇ. വാട്ട്സ് ഇവിടെ ദിവാൻജിയായിരുന്ന കാലത്തു സുപ്രസിദ്ധ ഇൻജിനീയരായിരുന്ന മി. മെർണിയുടെ മേൽനോട്ടത്തിൽ ഒരു സർവേ നടത്തുകയുണ്ടായി. അതിനു അഞ്ചോ ആറോ ലക്ഷം രൂപാ ഗവണ്മെന്റു ചെലവിടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം അതു സംബന്ധിച്ച് ഗവണ്മെന്റിനു സമർപ്പിച്ച റിപ്പോർട്ടു ഇപ്പോഴും ഗവണ്മെന്റിന്റെ പക്കൽ ഉണ്ടെന്നാശിക്കുന്നു. അതിനുശേഷം തീവണ്ടി ഏർപ്പെടുത്തുന്നതിന് യാതൊരു ശ്രമവും നടന്നിട്ടില്ല. സർ സി. പി. രാമസ്വാമി അയ്യരുടെ വൈമുഖ്യംകൊണ്ടാണ് ഇതു നടക്കാതെ പോയിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*): മി. വാട്ട്സിനുശേഷം ഇവിടെ മൂന്നു ദിവാൻജിമാർ വന്നല്ലോ. അവരിലാരെങ്കിലും ഈ സ്കീമിനെപ്പററി ആലോചിച്ചിട്ടുണ്ടോ?

MR. K. A. MATHEW: അതെനിക്കറിഞ്ഞുകൂടാ. ഇവിടെ ൧൧൨൪-ലേക്കുള്ള ബഡ്ജററ് അവതരിപ്പിക്കുമ്പോഴെങ്കിലും അതിൽ ഇതിന് എന്തെങ്കിലും ഒരു പദ്ധതി വ്യവസ്ഥാപനം ചെയ്യുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. ബഡ്ജററിൽ ഇതിനൊരു പ്രോവിഷൻ കാണാതിരിക്കുന്നതു നിർഭാഗ്യകരമെന്നേ പറയാനുള്ളു. എന്നാൽ അതിന്റെ ആവശ്യത്തെപ്പററി ബോദ്ധ്യമല്ലാത്തതുകൊണ്ടല്ല അങ്ങിനെ ചെയ്തതെന്നു ഞാൻ വിശ്വസിക്കുന്നു. റെയിൽവെ നമുക്ക് അടിയന്തിരമായ ഒരാവശ്യമാണ്. ഗവണ്മെന്റ് ഉടനെ വേണ്ട നടപടി കൈക്കൊള്ളും എന്നു വിചാരിക്കുന്നു. ഇവിടെ ഇപ്പോൾ പണത്തിന് ദൌർലഭ്യം ഉണ്ട്. ലോൺ എടുത്തെങ്കിലും ഈ കാര്യം സാധിക്കേണ്ടതാണ്. റെയിൽവേ പണിക്ക് വേണ്ട സാമാനങ്ങൾ (Materials) കിട്ടാൻ വിഷമമുണ്ടായിരിക്കാം. കേന്ദ്രഗവണ്മെന്റിലെ റെയിൽവേ മന്ത്രി തിരുവിതാംകൂറുകാരനാണ് എന്നുള്ളത് നമുക്ക് അഭിമാനകരമായിരിക്കുന്നതുപോലെ പ്രയോജനകരവുമാണ്. അദ്ദേഹത്തിന്റെ ആനുകൂല്യം നമുക്കുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. ഇലക്ട്രിസിററി വർദ്ധിപ്പിക്കുന്നതിനുള്ള സൌകര്യങ്ങൾ നമുക്ക് ധാരാളമുണ്ട്. അതുകൊണ്ട് ഇലക്ട്രിസിററി ഉപയോഗിച്ച് ട്രെയിൻ ഓടിക്കാനുള്ള സാദ്ധ്യതകളെപ്പററി അന്വേഷിക്കുന്നതു നന്നായിരിക്കും. ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്ര ചെയ്യാന് എത്ര കഷ്ടതയാണ് ജനങ്ങൾ അനുഭവിക്കുന്നതു എന്നു പറയാനില്ല. വടക്കുനിന്നും തിരുവനന്തപുരത്തു വരുന്നതിനുള്ള യാത്രാക്ലേശങ്ങൾ സീമാതീത

മാണ്. മാത്രമല്ല തിരുവിതാംകൂറിനെ കൊച്ചിയും മലബാറുമായി ബന്ധിപ്പിക്കുന്നതിന് ഈ റെയിൽവേ നീട്ടൽ അത്യാവശ്യമാണ്. നമ്മുടെ വിഭവങ്ങൾ പുറത്തെത്തിക്കുന്നതിനും തന്മൂലം നമ്മുടെ വാണിജ്യവും വ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിനും തിരുവിതാംകൂറിന്റെ മദ്ധ്യത്തുകൂടെ ഇങ്ങനെ ഒരു റെയിൽവേ കഴിച്ചുവെയ്ക്കുവാൻ പാടില്ലാത്ത ആവശ്യമാണ്. ഇതിനെ ഒരു യുദ്ധാനന്തര പുനഃസംവിധാനസ്കീം ആയി ഗവൺമെന്റ് എടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

Mr. N. V. CHACKO: സർ, റെയിൽവേ നീട്ടുന്ന കാര്യത്തെപ്പറ്റി പല മെമ്പർമാരും പ്രസ്താവിച്ചിട്ടുണ്ട്. ഒന്നുരണ്ടുപേർ തിരുവനന്തപുരത്തുനിന്നു തെക്കോട്ടു കന്യാകുമാരിവരെ നീട്ടണമെന്നു പറഞ്ഞു. ബാക്കിയുള്ളവർ കൊല്ലംമുതൽ വടക്കോട്ടും, കൊട്ടാരക്കരമുതൽ വടക്കോട്ടും നീട്ടണമെന്നു അഭിപ്രായക്കാരാണ്. ഏതുവഴിയാണ് റെയിൽവേ നീട്ടേണ്ടതു് എന്ന അഭിപ്രായവ്യത്യാസം ഉണ്ട്. ഇവിടെയുള്ള മെമ്പറന്മാർ എല്ലാം റെയിൽവേ നീട്ടണമെന്ന അഭിപ്രായക്കാർ ആണെന്നുള്ളതിനു സംശയമില്ല. അതു് ആലപ്പുഴവഴി വേണമോ, കൊട്ടാരക്കര നിന്നും കോട്ടയംവഴി വേണമോ ഭൂമിക്കടിയിൽക്കൂടി വേണമോ എന്നൊക്കെ പിന്നീട്ടു ആലോചിക്കാം. കൊച്ചി ഹാർബറും, ആലപ്പുഴ തുറമുഖവും തെക്കേ അറ്റംവരെ മറ്റും യോജിപ്പിക്കുന്ന കരകൂടെയുള്ള റെയിൽവേകളും ആവശ്യമാണു. അതു് ഒരു പ്രധാനമായ കാര്യമാണ്. റെയിൽവേ ഇല്ലാത്തതിനാൽ ഇപ്പോൾ സമുദായത്തിനു വളരെ വിഷമം വടക്കൻ നാട്ടുകളിൽ അനുഭവിക്കുന്നു. റെയിൽവേയ്ക്കു പകരമായി ഇപ്പോഴത്തെ ട്രാൻസ്പോർട്ടുപദ്ധതി ഉപകരിക്കുന്നതല്ല. നമുക്കു രണ്ടും ആവശ്യമാണ്. അടിയന്തിരപണ്ടസാധനങ്ങളും മറ്റും വരുമ്പോൾ കന്യാകുമാരിയിൽനിന്നു ധാരാളം പട്ടാളക്കാരെ കയറ്റിക്കൊണ്ടു ഡൽഹിക്കും മറ്റും പോകുന്നതിനു റെയിൽവേ വളരെ അത്യാവശ്യമാണ്. സർ സി. പി. രാമസ്വാമി അയ്യർ പറഞ്ഞതു് ഇവിടെ റെയിൽവേതന്നെ ആവശ്യമില്ലെന്നാണ്. അദ്ദേഹം ഇവിടെ പല അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. അതൊന്നും നാം നോക്കേണ്ടതില്ല. പണ്ഡിതനെഹ്റു തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാരെയും സ്വതന്ത്രതിരുവിതാംകൂറിനെയും മറ്റും പറ്റി അദ്ദേഹം പറഞ്ഞതു് നമുക്കു സ്വീകാര്യമല്ല. എന്തായാലും റെയിൽവേ ശരിയായി ഇവിടെ ഇല്ലാത്തതിനാൽ രാജ്യത്തിനു യഥാർത്ഥമായ വളരെ ദോഷങ്ങൾ ഉണ്ട്. റെയിൽവേ ഉണ്ടായാൽ മാത്രമേ അതിന്റെ ഗുണം നാം അറിയുകയുള്ളൂ. റെയിൽവേ ഒരിക്കലും നഷ്ടമായി

Mr. N. V. Chacko.]

വരികയില്ല. കൊല്ലംമുതൽ ചെങ്കോട്ടയ്ക്കുള്ള റെയിൽവേയാണ് നഷ്ടകരമായിരുന്നതു്. റെയിൽവേ തിരുവനന്തപുരത്തോളം നീട്ടിയപ്പോൾ ആ നഷ്ടം തീർന്നുകിട്ടിയെന്നാണ് അറിയുന്നതു്. കൊച്ചി തുറമുഖവും ആലപ്പുഴ തുറമുഖവും കിഴക്കൻ പ്രദേശങ്ങളുമായി ഘടിപ്പിച്ച് റെയിൽവേകൾ ഉണ്ടാക്കുന്നപക്ഷം ഈ രാജ്യത്തിന് അഭിവൃദ്ധിയുണ്ടാകും. ഡോക്ടർ എം. ഒ. ചെറിയാനും ടി. കെ. [illegible] മാത്യുവും പറഞ്ഞതുപോലെ നമുക്ക് ഇലക്ട്രിക് പവ്വർ ഉപയോഗിച്ചു ട്രെയിൻ ഓടിക്കാൻ സാധിക്കും. വളരെ പണം ചിലവാകും എന്നു പറയുന്നതിൽ വലിയ അർത്ഥം ഉണ്ടെന്നു തോന്നുന്നില്ല. റെയിൽവേയ്ക്കുവേണ്ടി എത്ര പണം കടം വാങ്ങി ചെലവാക്കിയാലും അതു നഷ്ടമാകയില്ല. അതിനാൽ സാധിക്കുന്നിടത്തോളം വേഗത്തിൽ നമ്മുടെ രാജ്യത്തിന്റെ ഒരററംമുതൽ മറേറ അററംവരെ റെയിൽവേ നടപ്പാക്കണമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു. അങ്ങനെയാകുമ്പോൾ പട്ടാളക്കാരെയും മററും കൊണ്ടുപോകുന്നതിനും കപ്പൽവഴിയും വിമാനംവഴിയും വരുന്നവർക്ക് സാമാനങ്ങളും കൂടാതെ സഞ്ചരിക്കുന്നതിനും ഉള്ള സൗകര്യം ഉണ്ടാകും. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. E. K. MADHAVAN: ആസന്നഭാവിയിൽത്തന്നെ ഒരു ഐക്യകേരളപ്രസ്ഥാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന ഈ കാലഘട്ടത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളുമായുള്ള ഘടനയ്ക്ക് റെയിൽവേയുടെ ആവശ്യം ഏററവും വളരെ ഉണ്ട്. അതുകൊണ്ടാണ് റെയിൽവേയുടെ കാര്യം പ്രതിപാദിക്കാൻ ഈ അവസരം നമുക്കുണ്ടായതു്. നാട്ടുകാരനായ ദിവാൻജി ഈ രാജ്യം ഭരിച്ചിരുന്ന കാലത്താണ് റെയിൽവേ ആലുവാ വരെ നീട്ടണമെന്ന അഭിപ്രായം ഉണ്ടായതു. ഇപ്പോൾ ജനകീയഭരണം ഉണ്ടായിരിക്കുന്നു. അതിനാൽ നമുക്ക് ഇപ്പോൾ ആവശ്യമുള്ള റെയിൽവേയുടെ കാര്യത്തിൽ താമസം ഉണ്ടാകയില്ലായെന്നാണ് വിചാരിക്കുന്നതു്. എന്നാൽ ഇതിലേക്ക് ബഡ്ജററിൽ ഒരു തുകയും കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. കടം വാങ്ങി ചിലവാക്കുകയില്ലാ എന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ പണമുള്ള വല്ല കമ്പനികളും റെയിൽവെ ഉണ്ടാക്കാനുള്ള അവകാശം കൊടുത്ത് വേഗം നടപ്പാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. എങ്ങോട്ടാണു നീട്ടേണ്ടതു് എന്നു ചോദിച്ചാൽ കൊട്ടാരക്കരനിന്നും കോട്ടയംവഴി ആലുവായ്ക്കും

തിരുവനന്തപുരത്തുനിന്നും കന്യാകുമാരിവരെയും കൊല്ലത്തുനിന്നും ആല പ്പുഴവഴിയും വേണമെന്നാ അഭിപ്രായമാണുള്ളതു്. കൊച്ചി തുറമുഖം ഉള്ളതിനാൽ കൊച്ചി അടുത്തകാലത്തുതന്നെ ഒരു വലിയ പട്ടണമാ കുന്നതാണു്. അതിനാൽ അവിടത്തേയ്ക്കു് സാമാനങ്ങൾ കയററി അയയ്ക്കുന്നതിനും സാമാനങ്ങളെ കയററി ഇറക്കുന്നതിനും റയിൽവെ കൊണ്ടു പ്രയോജനമുണ്ടു്. ഇപ്പോൾ റയിൽവെ ഏതെങ്കിലും ഒരു സ്ഥലത്തേക്കു മാത്രമേ നീട്ടാൻ സാധിക്കുകയുള്ളു എന്നുള്ളതു പരമാർത്ഥ മാണു്. അതിനാൽ ഏതു വഴിയാണു് നീട്ടേണ്ടതു് എന്നുള്ളതു് ആലോചിച്ചു തീരുമാനിപ്പാൻ ഒരു കമ്മിററി ഉണ്ടാക്കി ആ കമ്മിറ്റി അവരുടെ അഭിപ്രായം തീരുമാനിക്കേണ്ടതാണു്. അല്ലാതെ വ്യക്തിയുടെ അഭി പ്രായത്തിനു വിടേണ്ട കാര്യമല്ല. ഒരു ഐക്യകേരളം വരുകയാ ണെങ്കിൽ മിക്കവാറും വടക്കോട്ടാണു് നീട്ടേണ്ടതു്. റയിൽവേ ഏതായാലും അത്യാവശ്യമാണു്. അതു വടക്കോട്ടു് ആയിരിക്കണം എന്നാണു് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു.

**MR. S. NEELAKANTA AIYAR** (*Trivandrum I—General*) : റയിൽവെ നീട്ടുന്ന കാര്യത്തിൽ ഉള്ള അഭിപ്രായങ്ങളോടു് ഞാൻ യോജിക്കുന്നു. നമ്മുടെ രാജ്യത്തു് നാനാഭാഗത്തും റയിൽവെ ഉണ്ടായാൽ എല്ലാ കാര്യത്തിനും വളരെ പ്രയോജനമാണു്. ഇപ്പോഴുള്ള റയിൽവേതന്നെ കൂടുതൽ കാര്യക്ഷമമാക്കുകയും ഇപ്പോഴുള്ള ട്രാൻസ്പോർട്ട കറെക്കൂടി നന്നാക്കി പരിഷ്കരിച്ചും ജനങ്ങളുടെ ഗതാഗതത്തിനു സൗകര്യം ഉണ്ടാ ക്കേണ്ടതാണു്. റയിൽവേ നീട്ടേണ്ടതു് അത്യാവശ്യമാണു്. ആ അഭി പ്രായത്തോടു യോജിക്കുന്നു. ജനങ്ങളുടെ സഞ്ചാരസൗകര്യത്തിനുവേണ്ടി കൂടുതൽ സർവീസുകൾ ഉണ്ടായാൽ വളരെ പ്രയോജനകരമാണു്. ഇത്രയും പറഞ്ഞുകൊണ്ടു വിരമിക്കുന്നു.

**MR. CHERIYAN J. KAPPAN :** റയിൽവെ നീട്ടണമെന്ന കാര്യത്തെ പ്പററി അഭിപ്രായവ്യത്യാസം ഇല്ലെന്നു് ഇവിടത്തെ പ്രസംഗങ്ങളിൽനിന്നു മനസ്സിലാകുന്നു. മി. ററി. കെ. നാരായണപിള്ള പറയുന്നു ഗവണ്മെൻറി നു അഭിപ്രായഐക്യമില്ലാ എന്നു്. പക്ഷേ നമുക്ക് അഭിപ്രായ ഐക്യമാണു ള്ളതു് എന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. വടക്കൻ താലൂക്കുകളിൽ ഉള്ള ജനങ്ങളോടു മുൻപിലത്തെ ഗവണ്മെൻറു ഒരു ചിററമ്മനയമാണു് സ്വീകരിച്ചിരുന്നതു് എന്നു പറയേണ്ടിയിരിക്കുന്നു. വടക്കൻ താലൂ

[Mr. Cheriyan J. Kappan.]

കകളിലുള്ള ഉൽപ്പാദനങ്ങൾ കയററി അയക്കാനും ശരിയായ സഞ്ചാര സൗകര്യത്തിനും ഇപ്പോൾ സൗകര്യമില്ലാ എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചു മീനച്ചൽ താലൂക്കിലെ സംഗതി പറഞ്ഞാൽ ഈ രാജ്യത്തിലെ വരുമാനത്തിൽ വളരെ വലിയ തുക നികുതിയായി കൊടുക്കുന്ന ആ താലൂക്കിൽ അവിടത്തെ വിഭവങ്ങളായ മുളക്, ചുക്ക്, തേയില തുടങ്ങിയ സാധനങ്ങൾ കയററി അയക്കുന്നതിനു സൗകര്യമില്ലാതെയാണിരിക്കുന്നതു്. കൊട്ടാരക്കര നിന്നും ആലുവായ്ക്കു് ഒരു റയിൽവെ നടപ്പാക്കുന്ന പക്ഷം അതു മീനച്ചൽതാലൂക്കിൽക്കൂടി വേണം എന്നു പറയുന്നില്ല. മുൻപു് റയിൽവേയ്ക്കു സർവെ നടത്തിയപ്പോൾ അതു മീനച്ചൽ താലൂക്കിൽക്കൂടി ഉൾപ്പെടുത്തിയായിരുന്നു.

MR. K. A. MOHAMMED : റയിൽവേ ലൈൻ ഏതു വഴി ആയിരിക്കണമെന്നാണു് പറയുന്നതു്. മീനച്ചിൽ താലൂക്കിൽക്കൂടി വേണമെന്നാണോ?

MR. CHERIYAN J. KAPPAN : അതു കൊട്ടാരക്കരനിന്നും കോട്ടയംവഴി വടക്കോട്ടു് മീനച്ചിൽക്കൂടി വേണമെങ്കിലും ആലുവായ്ക്കു പോകാം. ഈ റയിൽവെലൈൻ എവിടെ കൂടി കൊണ്ടുപോകണം എന്നതല്ലാ പ്രശ്നം. ഇപ്പോഴത്തെ ബസ്സുവഴിയുള്ള യാത്ര മരത്തിൽ ചെന്നാൽ തൂങ്ങിക്കിടക്കുംപോലെയാണു് എന്നു കാണാവുന്നതാണ്. അതിനാൽ എന്തു ബുദ്ധിമുട്ടുണ്ടായാലും റയിൽവേ നീട്ടുന്നതിനെ സംബന്ധിച്ചിടത്തോളം കടം എടുത്തോ മററു വിധേനയോ ചിലവാക്കേണ്ടതു് കാർഷികാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാണു്. അതിനാൽ ഗവർമെന്റിന്റെ സത്വരശ്രദ്ധ ഈ കാര്യത്തിൽ പതിയണം എന്നാണു എന്റെ അഭിപ്രായം.

MR. KRISHNAN AIYAPPAN (*Shertallai III—General*) : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു രണ്ടുവാക്കു പറയണമെന്നു ഞാനും ആഗ്രഹിക്കുന്നു. കൊച്ചിയിൽ കപ്പലിൽ അരിവന്നാൽ പല സ്ഥലങ്ങളിലേക്കും അരികൊണ്ടു പോകുന്നതിനു കാലതാമസം വരുന്നുണ്ടു്. വള്ളങ്ങൾ കമാൻഡിയർ ചെയ്തു വള്ളം വഴിയാണു് ഈ അരി ഇപ്പോഴും കൊണ്ടു പോകുന്നതു്. അതുകൊണ്ടു് പല ആളുകളുടെ വള്ളങ്ങളും നാശപ്പെട്ടും കൂലി കിട്ടാതെയും മററും നഷ്ടപ്പെട്ടുപോകുകയുണ്ടായി. ചേർത്തല, അമ്പലപ്പുഴ എന്നീ താലൂക്കുകളിൽക്കൂടി പോക

ന്നതും പ്രധാനവ്യവസായ കേന്ദ്രങ്ങളും തുറമുഖങ്ങളുമായ ആലപ്പുഴ, കൊച്ചി എന്നിവയെ സംയോജിപ്പിക്കുന്നതുമായ ഒരു കോസ്റ്റൽ റയിൽവേലൈൻ കൊച്ചിതുറമുഖത്തേക്കു നീട്ടി, വേണ്ടിവന്നാൽ ഒരു ലോൺ എടുത്തും ഈ രാജ്യത്തെ കച്ചവടത്തെയും വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു ശ്രമിക്കണമെന്നപേക്ഷിക്കുന്നു.

MR. T. T. KESAVAN SASTRI : സർ, ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിക്കുന്നു. എൻെറ ഉപക്ഷേപംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് കൊട്ടാരക്കരനിന്നു അടൂർ, പന്തളം, ചെങ്ങന്നൂർ, തിരുവല്ലാ, ചങ്ങനാശ്ശേരി, കോട്ടയം, മൂവാററുപുഴ പെരുമ്പാവൂർ വഴി ആലുവായിലേക്ക് റയിൽവെ നീട്ടി രാജ്യക്ഷേമത്തെ നിലനിറുത്തുവാൻ വേണ്ട പരിപാടികൾ ഗവണ്മെൻറു് ഉടനെ അംഗീകരിക്കണമെന്നുള്ളതാണ്. ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണിതു്.

തീവണ്ടി ഒരു ഭൂലോകവിമാനമാണല്ലോ. നമുക്ക് ഇവിടെനിന്നും പോകാൻ ആകാശവിമാനവും ഉണ്ടല്ലോ. റയിൽവേ വർദ്ധിപ്പിക്കേണ്ടതു് എത്രയും ആവശ്യമാകുന്നു. താമസം വരുത്തുന്നതു് ഒട്ടും ശരിയല്ല. തിരുവിതാംകൂർ ജനതയ്ക്കു് തിരുവനന്തപുരം-ചെങ്കോട്ട ലൈൻകൊണ്ടു തന്നെ, റയിൽവേയുടെ ഗുണദോഷങ്ങളെപ്പററി നന്നായി അറിയാൻ കഴിഞ്ഞിട്ടുണ്ടു. ചെങ്കോട്ട-തിരുവനന്തപുരം റയിൽവേ ലൈൻ നീട്ടിയതു പഴയ ഗവണ്മെൻറായിരുന്നു. പഴയ ഗവണ്മെൻറു് എന്ന് ഞാൻ പറഞ്ഞതു് രാജായത്ത ധർമ്മത്തിൻെറയും സചിവായത്ത സിദ്ധാന്തത്തിൻെറയും പേരിൽ ഭരണം നടത്തിയ സർക്കാരിനെ ഉദ്ദേശിച്ചാണ്. ഇന്നത്തെ ഗവണ്മെൻറ് രാജായത്ത ധർമ്മത്തിൻെറയും ജനായത്ത സിദ്ധാന്തത്തിൻെറയും പേരിൽ ഭരണം നടത്തുന്നു. അതിനാൽ ഭാവിയെ ശോഭനമാക്കിത്തീർക്കാൻ പര്യാപ്തമായ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. പണച്ചെലവു കരുതി തിരുവനന്തപുരം റയിൽവേ ലൈൻ ആരംഭിക്കുവാൻ തുടങ്ങിയ അവസരത്തിൽ ബഹുജനസമ്മതി ലഭിച്ചിരുന്നില്ല. ഇന്ന് അത്യന്തശ്രേയോ പ്രയോജനത്തിൽ ആയിരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : സർ, റയിൽവേ നീട്ടുന്നതിനെ സംബന്ധിച്ചു് ഇവിടെ പല വാദപ്രതിവാദങ്ങൾ നടന്നു. റയിൽവേ നീട്ടണമെന്നുള്ള കാര്യത്തിൽ എല്ലാവരും ഒരേ അഭിപ്രായക്കാരായിട്ടാണ് കാണുന്നതു്. കന്യാകുമാരി മുതൽ കോഴിക്കോട്ടുവരെ റയിൽവേ നീട്ടുന്നതിൽ എല്ലാവരും അനുകൂലിക്കുകയാണു ചെയ്യുന്നതു്.

MR. KANNARA GOPALA PANICKER : ആലുവാ മുതൽ കോഴിക്കോട്ടു വരെ ഇപ്പോൾ റെയിൽവേ ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെംബർക്ക് അറിയാമോ?

MR. K. K. CHELLAPPAN PILLAI : ഉചിതമായ ഏതു വഴിക്കു കൂടിയും നീട്ടിക്കൊള്ളട്ടെ എന്ന അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. റയിൽവേ നീട്ടുന്നതു നല്ലതുതന്നെ. പക്ഷെ അതിന്റെ പ്രായോഗിക കാര്യം കൂടെ ചിന്തിക്കേണ്ടതുണ്ട്. ഇപ്പോൾ ഒരു പാർട്ടി വന്നതുകൊണ്ട് ഇങ്ങനെ ഉള്ള കാര്യങ്ങൾ വരുമ്പോൾ മുൻപ് മെമ്പറന്മാർ ഏകാഭിപ്രായക്കാരായി നിന്ന് പഴയ ഗവണ്മെന്റിനോട് പറയുന്നതുപോലെ ഇപ്പോൾ പറയാൻ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കാരണം രാജ്യത്തിന്റെ ഭരണം ഇപ്പോൾ ജനങ്ങൾ ഏറെറടുത്തിരിക്കുകയാണ്. രാജ്യത്തിന്റെ നില, ജനാഭിലാഷം, അതു സാധിക്കുന്നതിലുള്ള പ്രായോഗിക വൈഷമ്യം, അതിനുള്ള പരിതഃസ്ഥിതി, സമ്പൽസ്ഥിതി ഇങ്ങനെ പല കാര്യങ്ങളെപ്പററി ചിന്തിച്ചതിനു ശേഷമേ എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ ഗവണ്മെന്റിനു നല്കാവൂ എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഏകാധിപത്യത്തിന്റെ കീഴിൽ ഒരു എസ്റ്റേററിന്റെ ഭരണം പോലെ നടത്തുന്ന പഴയ ഭരണ സമ്പ്രദായത്തോടു കൊച്ചു കുട്ടികൾ രക്ഷകർത്താക്കളോട് പറയുന്നതുപോലെ കണ്ണുമടച്ചുകൊണ്ടു റെയിൽവേ കൊണ്ടുവാ, സ്റ്റേററ് ട്രാൻസ്പോർട്ടു കൊണ്ടുവാ, എന്നും മററും പറയുന്നതിൽ പക്ഷേ തെററില്ലായിരിക്കും. ഉത്തരവാദിത്വമില്ലാതെ ഭരണം നടത്തുമ്പോൾ നമ്മുടെ ആവശ്യങ്ങളും അവകാശങ്ങളും പറയേണ്ടതാണ് നമ്മുടെ കടമ. ഇന്ന് നാം ഉത്തരവാദിത്വം ഏററിരിക്കുന്നവരാണെന്ന് ഓർക്കണം.

സർ, തിരുവിതാംകൂറിന്റെ തെക്കെ അററത്തുനിന്നും വടക്കെ അററംവരെ റെയിൽവെ ഉണ്ടാകുന്നതു വളരെ അഭിലഷണീയംതന്നെ. അതിൽ ആർക്കും അഭിപ്രായ വ്യത്യാസത്തിന് വകയില്ല. ഇന്നത്തെ ട്രാൻസ്പോർട്ടിൽ കൂടിയുള്ള യാത്രയുടെ വൈഷമ്യങ്ങളോർക്കുമ്പോൾ നിശ്ചയമായും റെയിൽവേ കൂടിയേ തീരൂ എന്നു തോന്നിയും പോകും. പക്ഷെ അതു സംബന്ധിച്ചു നാം ചെലവു ചെയ്യുന്ന പണം എത്രയാണെന്നാലോചിക്കണം. സ്റ്റേററ് ട്രാൻസ്പോർട്ടിനുവേണ്ടി ൧൧൨൪-ലെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു ൫൦ ലക്ഷം രൂപയാണ്. ഇനി സ്റ്റേററ് ട്രാൻസ്പോർട്ട് രാജ്യം മുഴുവൻ നടപ്പിൽ വരുത്തുന്നതിന് ൨[illegible] ലക്ഷം

രൂപാകൂടി ചെലവു ചെയ്യേണ്ടതായും വരും. കൊട്ടാരക്കര മുതൽ ആലുവാ വരെ റെയിൽവേ ലൈൻ നീട്ടുന്നതിന് ഞാൻ മുൻപ് ഒരു കണക്ക് എടുത്തതിൽ രണ്ടുകോടി രൂപായുടെ ചെലവു വരുമെന്നാണു കണ്ടതു്. അതു് യുദ്ധത്തിനു മുൻപാണു്. ഇപ്പോൾ നിശ്ചയമായും [illegible] കോടി രൂപായെങ്കിലും ചെലവു വരും. തിരുവനന്തപുരത്തുനിന്നും കന്യാകുമാരിവരെ ലൈൻ നീട്ടുന്നതിനു് മൂന്നു നാലു കോടി രൂപായുടെ ചെലവു വരും. ഇങ്ങിനെ പത്തു പന്ത്രണ്ടുകോടി രൂപാ ചെലവു വരുന്ന ഒരു പദ്ധതിയാണു് നാം ഇപ്പോൾ നിർദ്ദേശിക്കുന്നതു്. ഇതു് ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണെന്നേ എനിക്കു് പറയുവാനുള്ളു.

MR. V. O. MARKOS : സർ, ഏററവും പ്രാധാന്യമർഹിക്കുന്ന ഈ റയിൽവേയുടെ ആവശ്യകതയെപ്പററിയുള്ള ചർച്ചയിൽ ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ എന്റെ മനസ്സിൽ ഓർമ്മവന്നതു് അടുത്ത കാലത്തു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു കാളേജ് തുടങ്ങുവാൻ ഗവൺമെന്റു ആലോചിച്ചുവരുന്നു എന്നൊരു പ്രസ്താവന മുമ്പൊരവസരത്തിൽ ചെയ്തതിനെ തുടർന്നു് അതു് ഏതു സ്ഥലത്താണു സ്ഥാപിക്കേണ്ടതെന്നുള്ളതിനെപ്പററി പത്രങ്ങൾ മുഖേനയും പൊതുയോഗങ്ങൾ മുഖേനയും നിവേദനങ്ങൾ മുഖേനയും നടന്ന വാദകോലാഹലങ്ങൾ ആണു്. രാജ്യത്തിന്റെ വാണിജ്യപരവും സാമ്പത്തികപരവുമായ അഭിവൃദ്ധിയെ സാരമായി സ്പർശിക്കുന്നതും ഏററവും പ്രാധാന്യമർഹിക്കുന്നതുമായ ഈ കാര്യത്തെപ്പററി ചർച്ച നടന്ന അവസരത്തിൽ അതു് ഇന്നഇന്ന സ്ഥലങ്ങളിൽകൂടി ഇന്നഇന്ന വഴിയെ പോകണമെന്നുള്ള അഭിപ്രായത്തിനാണു പ്രാധാന്യം കൊടുക്കേണ്ടതു്. കേവലം ഗതാഗതസൗകര്യത്തെ കരുതി മാത്രമാണു റയിൽവെ ഉണ്ടാക്കുന്നതെന്നുള്ള തെററിദ്ധാരണ പല മാന്യമെമ്പറന്മാരുടെ മനസ്സിൽ കടന്നുകൂടിട്ടുണ്ടോ എന്നു തോന്നിപ്പോയി. മി. ചെല്ലപ്പൻപിള്ളയുടെ പ്രസംഗത്തിലും റയിൽവെ നീട്ടുന്നതു് പ്രധാനമായി ഗതാഗതാവശ്യത്തിനാണെന്നു പറഞ്ഞതുപോലെതന്നെ തോന്നി. എന്നാൽ ഗതാഗതത്തെക്കാൾ രാജ്യത്തിന്റെ വ്യവസായത്തെയും കച്ചവടത്തെയും അഭിവൃദ്ധിപ്പെടുത്തുക എന്ന ആവശ്യമാണു് റയിൽവേ കൊണ്ടു് പ്രധാനമായി നിർവഹിക്കുന്നതു എന്നുള്ള വസ്തുത മനസ്സിൽ വച്ചുകൊണ്ടുവേണം നാം റയിൽവേയെപ്പററി ചിന്തിക്കയും സംസാരിക്കയും ചെയ്യാൻ.

[Mr. V. O. Markos]

സർ സി. പി. രാമസ്വാമി അയ്യരവർകളുടെ സ്വതസിദ്ധവും സാധാരണവുമായ Superlative ഭാഷയിൽ അദ്ദേഹം "I shall not have one inch of Railway in this State" എന്നു പുറപ്പെടുവിച്ച കല്പന ഇവിടെ ഇനി നടപ്പിലാകാൻ പോകുന്നില്ല എന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നതു്. പ്രത്യേക ഉദ്ദേശത്തിൽ അദ്ദേഹം ധിക്കാരമായി പുറപ്പെടുവിച്ച ആ കല്പനയുടെ മൗഢ്യം ഇന്നത്തെ ജനകീയഗവൺമെൻറു മനസ്സിലാക്കുക തന്നെ ചെയ്യും. റോഡ്ട്രാൻസ്പോർട്ട് എത്രതന്നെ വിപുലമാക്കിയാലും വ്യവസായികവാണിജ്യ ആവശ്യങ്ങൾ അതുകൊണ്ടുമാത്രം ശരിക്കും നിർവഹിക്കപ്പെടാവുന്നതല്ല. യാതൊരു പരിഷ്കൃതരാജ്യങ്ങളിലും റയിൽവേയുടെ ആവശ്യത്തെപ്പററി സന്ദേഹിച്ചിട്ടില്ല. പ്രത്യേകിച്ചും തിരുവിതാംകൂർ രാജ്യത്തിൻെറ കിടപ്പും ഭൂപ്രകൃതിയും ഇവിടത്തെ റോഡ് ട്രാൻസ്പോർട്ടിൻെറ അസൗകര്യങ്ങളും ഇവിടത്തെ വിഭവങ്ങളുടെ വൈവിദ്ധ്യവും ഉൽഭവസ്ഥാനങ്ങളും പരിഗണിക്കുമ്പോൾ തിരുവിതാംകൂറിൻെറ തെക്കെ അററം മുതൽ വടക്കെ അററം വരെ റയിൽവെ ഉണ്ടാകേണ്ടതു് ഏററവും അത്യാവശ്യമാണെന്ന് ആർക്കും കാണാവുന്നതാണ്. ആ റയിൽവെ ഏതു വഴിക്കാണ് പോകേണ്ടതെന്നുള്ള കാര്യം ഞാൻ മുമ്പു പറഞ്ഞതുപോലെ വ്യവസായത്തെയും വാണിജ്യത്തെയും അഭിവൃദ്ധിപ്പെടുത്തുക എന്ന ഉദ്ദേശത്തെ ലക്ഷ്യമാക്കി വിദഗ്ദ്ധാഭിപ്രായപ്രകാരം നിശ്ചയിക്കേണ്ടതാണ്.

മി: വാട്ട്സ് ദിവാനായിരുന്ന കാലത്താണ് ഇങ്ങനെയുള്ള റയിൽവെയ്ക്കുള്ള ഒരു ഔദ്യോഗിക പദ്ധതി ആദ്യമായി സമാരംഭിച്ചതു്, അന്ന് ഏകദേശം ൧൦൦ മൈൽ ദൂരം വരുന്ന കൊല്ലവും എറണാകുളവുമായി ബന്ധിപ്പിക്കുന്ന ഒരു റയിൽവെ ലൈനാണ് തുടങ്ങുവാൻ പ്രധാനമായി ആലോചനയിലിരുന്നതു്. അതിലേക്ക് ഒരു കോടിരൂപയ്ക്കുമേൽ ചെലവു വരുമെന്നു അന്നു കണക്കാക്കിയിരുന്നു. ഇന്ന് അതിൻെറ മൂന്നിരട്ടിയോ നാലിരട്ടിയോ ചെലവു വന്നേക്കാം. ഇല്ലാതെ ഇവിടെ ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതുപോലെ ആ റയിൽവേയ്ക്കു ൧൨ കോടി രൂപയോ മററോ ചെലവാകുവാൻ പോകുന്നില്ല. ഇതിലേയ്ക്ക് നാലഞ്ചു ലക്ഷം രൂപ ചെലവുചെയ്തു അക്കാലത്തു ഒരു സർവേ നടത്തി പ്ലാനും തയാറാക്കിയിരുന്നതായി എനിക്കറിയാം. എൻെറ മാന്യസ്നേഹിതൻ മി: മാത്യു പറയുകയുണ്ടായി, ഇതു സംബന്ധിച്ചുള്ള റിക്കാർഡുകൾ ഇപ്പോഴും ഉണ്ടെന്ന്. അന്നു മുതൽ ഈക്കാര്യത്തിൽ എനിക്കുണ്ടായിരുന്ന താല്പര്യംകൊണ്ടു് അടുത്തകാലത്തു് ഞാൻ

അതേപ്പററി അപേക്ഷിക്കയുണ്ടായി. ഇന്ന തിരുവിതാംകൂർ സംസ്ഥാനത്തു് യാതൊരു ആഫീസുകളിലും ആ പ്ലാനില്ലെന്നാണ് ഞാൻ കേട്ടതു്. ഇന്ന ബഹുമാനപ്പെട്ടമന്ത്രി ഇതു സംബന്ധിച്ച് മറുപടി പറയുമ്പോൾ ഈ പ്ലാനും മററു റിക്കാർഡുകളും എവിടെയെങ്കിലും ഇരുപ്പുണ്ടോ എന്നുകൂടി പറഞ്ഞാൽ കൊള്ളാം. വളരെ പണം ചെലവുചെയ്തു നിർമ്മിച്ചിട്ടുള്ള ആ റിക്കാർഡുകൾ ... ആ പ്രമാണങ്ങൾ നോക്കി എടുത്തു പരിശോധിച്ചു രാജ്യത്തിൻെറ ജനപ്രാധാന്യമാകേണ്ട ഈ റയിൽവെയുടെ പണി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ എടുക്കേണ്ടതാവണമെൻറ ഇപ്പോഴേ തുടങ്ങണം.

MR. P. CHACKO: സർ, ബഹു. റയിൽവേ വകുപ്പ് മന്ത്രി ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയ്ക്ക് എതിരായി ഈ സഭയിലെ ഒരു ബഹു. മെമ്പറന്മാർ ഖണ്ഡനോപക്ഷേപങ്ങൾ അയച്ചിട്ടുള്ളതായി കാണുന്നു. മററു ധനാഭ്യർത്ഥനകളിൽ കണ്ടതുപോലെ പലവിധ കാര്യങ്ങൾക്കായുള്ള ഉപക്ഷേപങ്ങൾ ഈ ധനാഭ്യർത്ഥനയ്ക്ക കൊണ്ടുവന്നിട്ടുള്ളതായി കാണുന്നില്ല. എല്ലാവരും റെയിൽവേ നടത്തണമെന്നുള്ള കാര്യത്തെപ്പററി പ്രതിവാദിക്കുന്നതിനായിട്ടാണ് ഉപക്ഷേപങ്ങൾ അയച്ചിട്ടുള്ളതു്.

തിരുവിതാംകൂറിൽ തീവണ്ടി കണ്ടിട്ടില്ലാത്ത അദ്ധ്യാപകന്മാർ തന്നെ ഉണ്ടെന്നു പറയുമ്പോൾ ഇതിൻെറ അത്യാവശ്യം എത്രമാത്രമാണെന്ന് അറിയാവുന്നതാണ്. അടുത്ത കാലത്തു് ഏഴാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥി തീവണ്ടിക്ക് ചക്രങ്ങളില്ലാ എന്നു പറയുകയുണ്ടായി. അങ്ങിനെയാണ് ആ ക്ലാസ്സിലെ അദ്ധ്യാപകൻ ആ കുട്ടിയെ പഠിപ്പിച്ചതെന്നു പറഞ്ഞു. തിരുവിതാംകൂറിൽ വിശേഷിച്ച് മദ്ധ്യതിരുവിതാംകൂറിൽ താമസിക്കുന്ന ആളുകൾക്ക് തീവണ്ടി കാണണമെങ്കിൽ ൪൦-൫൦ മൈൽ സഞ്ചരിക്കണം എന്നു വരുന്നതു് വളരെ ശോചനീയമായ ഒരു നിലയാണെന്നു പറയാതെ നിവൃത്തിയില്ല. വടക്കൻ തിരുവിതാംകൂറിലുള്ളവർക്ക് ഉണ്ടാകുന്നതുപോലെ യാത്രക്കുള്ള സൌകര്യം മററാർക്കുംതന്നെ ഇല്ല. ഈ സഭയിൽ ഇരിക്കുന്ന പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഈ സഭയിൽ ഹാജരാകുവാൻ എത്രമാത്രം ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ളതു് അനുഭവമുള്ള കാര്യമാണല്ലോ. എക്സ്പ്രസ്സ് പുറപ്പെടുന്നതിനു ഒരു മണിക്കൂർ മുമ്പു ക്യൂ നിന്നില്ലെങ്കിൽ ടിക്കററു കിട്ടുകയില്ല. അഥവാ ടിക്കററു കിട്ടിയാൽതന്നെ എം. സി. റോഡിൻെറ ശോചനീയമായ സ്ഥിതി

[Mr. P. Chacko]

കൊണ്ടു് കുറച്ചു ഭാരം മാത്രം കയററുന്ന എക്സ്പ്രസ്സ് വണ്ടിയിൽ സഞ്ചരിക്കുന്നവരുടെ അസ്ഥിയും മാംസവും സഞ്ചാരവേളയിൽ നടത്തുന്ന മൽപ്പിടിത്തം വളരെ ശക്തിയേറിയതാണ്. ഒരു പത്തുനാല്പതു മൈൽ സഞ്ചരിച്ചാൽ ഉണ്ടാകുന്ന ശരീരക്ഷീണം അനേകം ദിവസങ്ങളോളം നീണ്ടുനില്ക്കും. സാധാരണ ബസ്സുകളിലെ കാര്യം പറയേണ്ടതുമില്ല. സർ, ഈ യാത്രയുടെ അസൌകര്യത്തെ കരുതിയെങ്കിലും റെയിൽവേ ഉത്തര തിരുവിതാംകൂറിലേക്കു് നീട്ടേണ്ടതാണ്.

കൂടാതെ ഗവണ്മെൻറിന് ആണ്ടുതോറും വലിയ ഒരു സംഖ്യ ആദായം, റയിൽവേ നീട്ടുന്നതു മൂലം ലഭിക്കുന്നതാണ്. കാരണം ഇപ്പോൾ ഗവണ്മെൻറിൽനിന്നും ഒന്നാംക്ലാസ്സ് ഉദ്യോഗസ്ഥന്മാർക്കും ഈ സഭയിലെ ബഹു. മെംബറന്മാർക്കും സഞ്ചാരപ്പടി നൽകുന്നതു് മൈലിന് പതിനാലു ചക്രം എന്ന നിരക്കിലാണ്. തീവണ്ടി മദ്ധ്യതിരുവിതാംകൂറിൽകൂടി വടക്കേ അററംവരെ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ തീവണ്ടിയിൽ സഞ്ചരിക്കുന്നതിന് അനുവദിച്ചിരിക്കുന്ന ഒന്നാംക്ലാസ്സിൻെറ ഇരട്ടിപ്പടി എന്ന നിരക്കാണെങ്കിൽ തന്നെ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയിൽനിന്നു വളരെ കുറവായിട്ടു മാത്രമേ കാണുകയുള്ളു. പക്ഷേ സ്വന്തം കാറിൽ സഞ്ചരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് ഇതു് നഷ്ടത്തിന് ഹേതുവായിരിക്കാം. എന്നിരുന്നാലും ഗവണ്മെൻറിന് ആണ്ടുതോറും ഈ ഇനത്തിൽ വളരെ ലാഭമുണ്ടാകുന്നതാണ്. കോട്ടയത്തുള്ള ഒരാളിനോടു അടുത്ത റയിൽവേ സ്റ്റേഷൻ ഏതാണെന്നു വിദേശത്തുള്ളവർ ചോദിച്ചാൽ പത്തുനാല്പതു മൈൽ ദൂരമുള്ള കൊട്ടാരക്കര എന്നോ ആലുവാ എന്നോ വേണം പറയുവാൻ. സർ, ഇതു് നമുക്കു് വളരെ ആക്ഷേപകരമായ ഒരു കാര്യമാകുന്നു.

പോസ്ററവാർ റീകൺസ്ട്രക്ഷൻ പദ്ധതിക്കു് പല ഇനങ്ങളിലായി നല്ല തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും റയിൽവേ വകുപ്പിന് അതിൽനിന്നും യാതൊരു തുകയും കൊള്ളിച്ചിട്ടില്ല. എന്നിരുന്നാലും പോസ്റ്റ വാർ റീകൺസ്ട്രക്ഷൻ ഫണ്ടിൽ നിന്നും, റയിൽവേ നീട്ടുന്നതിന് കൂടി ഒരു പദ്ധതി ഉണ്ടാക്കി പണം ചെലവാക്കുന്നതു് തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരമെന്ന നിലയിലും സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുന്നു എന്ന നിലയിലും വളരെ നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു.

ഇവിടെ മറെറാരു ബഹു: മെമ്പർ പറഞ്ഞു റയിൽവേ സമുദ്രതീരത്തുകൂടി നീട്ടണമെന്നു്. വ്യവസായത്തേയും വാണിജ്യത്തേയും അഭി

വ്വദ്ധിപ്പെടുത്തുവാൻ ആ വഴിയിൽക്കൂടി റയിൽവേ നീട്ടുന്നതാണ് കൂടുതൽ സൌകര്യമെന്നുള്ളതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കൊല്ലത്തേയും കൊച്ചിയേയും ആലപ്പുഴയേയും അതു സംയോജിപ്പിക്കുമെന്നും ഇവ വ്യവസായ പ്രധാനങ്ങളായ പട്ടണങ്ങളാണെന്നും അദ്ദേഹം സൂചിപ്പിച്ചു. എന്നാൽ ഈ രാജ്യത്തെ ഭൂരിപക്ഷം വരുന്ന കർഷകർക്ക് ആ വഴിയിൽ കൂടിയുള്ള റയിൽവേകൊണ്ട് വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. കൊല്ലത്തേയും ആലപ്പുഴയേയും പോലെ തന്നെ കോട്ടയം പട്ടണവും വ്യവസായത്തെയും വാണിജ്യത്തെയും സംബന്ധിച്ചിടത്തോളം അത്ര മോശമായ ഒരു പട്ടണമല്ല. അതുകൊണ്ട് കോട്ടയം വഴി റയിൽവേ നീട്ടുന്നത് രാജ്യത്തിന്റെ അഭിവൃദ്ധിക്ക അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. ഈ വർഷംതന്നെ അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(At this stage the Deputy President occupied the chair)

MR. EAPEN ARAKKAL: (*Ambalapuzha I—Latin Catholic*) സർ, ഞാൻ ഒരു പോയിന്റ് ആഫ് ആർഡർ കൊണ്ടുവരുന്നു. ഇവിടെ നടന്ന എല്ലാ പ്രസംഗങ്ങളും ഒരേ കാര്യത്തെ പരാമർശിച്ചു മാത്രമാണ നടന്നിട്ടുള്ളത്. അതായത് റയിൽവേ ലൈൻ ആലുവാവരെ നീട്ടണം എന്നുള്ള കാര്യം. ഈ വിഷയത്തെപ്പററി വളരെ അധികം പ്രസംഗങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. പ്രസിഡന്റ് അവർകൾ അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തിരിക്കുന്ന മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരേ വിഷയത്തെക്കുറിച്ച് അനവധി പ്രസംഗങ്ങൾ ഉണ്ടാകുന്നതിനെ തടയേണ്ടതാണ്. എന്നാൽ ഒരു ക്ലോഷർമോഷൻ എനിക്ക തന്നെ കൊണ്ടുവരാമായിരുന്നു. പക്ഷെ, റയിൽവേയെ സംബന്ധിച്ച തന്നെ മററു ചില കാര്യങ്ങൾകൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ ക്ലോഷർമോഷൻ കൊണ്ടുവരാതിരിക്കുന്നത്.

DEPUTY PRESIDENT: മെംബർ ഒരു പോയിന്റ് ആഫ് ആർഡർ ഉണ്ടെന്നാണ പറഞ്ഞത്. ഇപ്പോൾ ഒരു പ്രസംഗം ചെയ്യുന്നതായി കാണുന്നു.

MR. EAPEN ARAKKAL: അതുകൊണ്ടു ഈ വിഷയത്തെപ്പററിയുള്ള വാദപ്രതിവാദം ഇപ്പോൾ അവസാനിപ്പിക്കുകയും റയിൽവേ സംബന്ധിച്ച മററുകാര്യങ്ങൾ പറയുവാൻ സമയം അനുവദിക്കുകയും ചെയ്യണമെന്നാണ എനിക്ക പറയുവാനുള്ളത്.

DEPUTY PRESIDENT : മി. അറയ്ക്കൽ പറഞ്ഞ കാര്യം ആലോചിക്കാവുന്നതാണ്. മി. അറയ്ക്കലിനു പ്രസംഗിക്കാൻ സമയം അനുവദിക്കാം.

MISS. ACCAMMA CHERIYAN (*Changanacherry I—General*) : സർ, കൊട്ടാരക്കരനിന്നും ആലുവായിലേക്ക റെയിൽവേ നീട്ടുന്നതിനെപ്പറ്റിയാണ് ഞാൻ ഉപക്ഷേപം അയച്ചിരിക്കുന്നത്. ആ വിഷയത്തെപ്പറ്റി ഇവിടെ മററു ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എനിക്ക യാതൊന്നുംതന്നെ പറയാനില്ല. ഇതിനുവേണ്ടി വരുന്ന പണച്ചെലവു കണക്കാക്കാതെ ഈ പ്രശ്നം എത്രയും സവർവപൂർവ്വമായി ഗവണ്മെൻറു ആലോചിക്കുകയും നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

MR. K. A. GANGADHARA MENON (*Nedumangad I—General*) : സർ, ഈ ഉപക്ഷേപത്തെപ്പററി ഇവിടെ പറയാത്ത കാര്യം പറഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു

DEPUTY PRESIDENT : ഉപക്ഷേപങ്ങൾ അയച്ചിട്ടുള്ള മെമ്പറന്മാർ സംസാരിച്ചു കഴിയട്ടെ.

MR. K. N. SANKUNNY PILLAI (*Kottayam IV—General*) : സർ, കൊട്ടാരക്കരനിന്നും ആലുവായ്ക്ക് റെയിൽവെ നീട്ടുന്നതിനെപ്പററി പലരും ഇവിടെ പറഞ്ഞു. ഈ സഭയിലെ എല്ലാ അംഗങ്ങളും ഇതിൽ ആനുകൂല്യം പ്രദർശിപ്പിച്ചതിൽ എനിക്ക് വളരെ ചാരിതാർത്ഥ്യമുണ്ട്. മന്ത്രിസഭ ഈ ഏകകണ്ഠമായ ആനുകൂല്യത്തെപ്പററി പ്രത്യേകം ഗൌനിക്കുമെന്ന് വിശ്വസിക്കുന്നു. എൻെറ സ്നേഹിതൻ മി. മാക്കോസ് വ്യാവസായികവും വാണിജ്യപരവുമായ അഭിവൃദ്ധിയെപ്പററി ചൂണ്ടിക്കാണിച്ചതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ആലുവാ നമ്മുടെ ഒരു പ്രധാനവ്യവസായകേന്ദ്രമാണ്. അതുകൊണ്ട്, റയിൽവേ കന്യാകുമാരിമുതൽ ആലുവാ വരെ നീട്ടുന്നതായാലും വിരോധമില്ലാ.

ഈ റെയിൽവേയുടെ ആവശ്യകതയെക്കുറിച്ച് മി. എൻ. പി. വർഗ്ഗീസു ശക്തിയായി വാദിച്ചപ്പോൾ ഇതു് നാളെത്തന്നെ അനുവദിക്കുവാൻ പോകുന്ന കാര്യമാണോ എന്ന് ആക്ഷേപസ്വരത്തിൽ ചോദിക്കയുണ്ടായി. കോട്ടയത്തുനിന്നുമുള്ള ഒരു നിയോജകമണ്ഡലത്തിൽനിന്നും വന്ന പ്രതിനിധി അങ്ങിനെ ചോദിച്ചതിൽ ഞാൻ വ്യസനിക്കുന്നു. കൂടാതെ, മി. ചാക്കോയുടെ ചോദ്യം കേട്ടാൽ അദ്ദേഹം പറയുന്നതു് മാത്രം മന്ത്രിസഭ സ്വീകരിച്ച് ഒരു പ്രസ്സ്നോട്ടായിട്ട് പിറേറ ദിവസം പ്രസിദ്ധപ്പെടുത്തുന്ന രീതി ഉണ്ടെന്ന് തോന്നിപ്പോകും.

MR. P. T. CHACKO : റയിൽവേ നാളെ വരാൻ പോകുന്നുവോ എന്നു് ഞാൻ ചോദിച്ചതു് വേറെ അർത്ഥത്തിലാണു്. ബഹുമാനപ്പെട്ട ഒരു മെമ്പർ അഭിപ്രായപ്പെടുകയും മറെറാരു മെമ്പർ അനുകൂലിക്കയും ചെയ്തുകൊണ്ടുമാത്രം ഇവർ പ്രസംഗിക്കുന്ന ആ നിമിഷങ്ങൾക്കിടയിൽ നടപ്പിൽ വരാൻ പോകുന്നില്ലെന്നും ഇതിൻെറ നാനാവശങ്ങളെപ്പററി പര്യാലോചിച്ചിട്ടു് നടപ്പിലാക്കുവാനേ സാധിക്കുകയുള്ളൂ എന്നും അപ്പോൾ പ്രസംഗിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട മെമ്പറെ മനസ്സിലാക്കാൻവേണ്ടി അർത്ഥം വരത്തക്കനിലയിലാണു് ഞാൻ പറഞ്ഞതു്.

MR. K. N. SANKUNNY PILLAI : മി. ചാക്കോയുടെ വിശദീകരണം എനിക്കു വളരെ സന്തോഷത്തിനു് വക തരുന്നുണ്ടു്. ഞങ്ങളുടെ ഭാഗത്തുനിന്നും വരുന്ന ഒരു മെമ്പർ ഇതിനെ എതിർത്തല്ലോ എന്നുള്ള സങ്കടംകൊണ്ടു പറഞ്ഞതാണു്. മി. രാമകൃഷ്ണപിള്ള ആലപ്പുഴ വഴി കൊച്ചിയ്ക്കാണു് റയിൽവേ ലയിൻ തുടങ്ങേണ്ടതെന്നു് ഇടയ്ക്കു് കേറി പറയുകയുണ്ടായി. ആ വഴിയും ലയിൻ നീട്ടുന്നതിൽ ഞാൻ വിരോധിയല്ല. ആ വഴിയ്ക്കു് റയിൽവേ ആവശ്യമുണ്ടെന്നു തോന്നുന്നവർ അതു പറഞ്ഞുകൊള്ളണം. എന്നാൽ, അതുകൊണ്ടു് കൊട്ടാരക്കര—കോട്ടയം—ആലുവാ ലയിൻ വേണ്ട എന്നു പറയുവാൻ അദ്ദേഹത്തിനു് അവകാശമില്ല.

ഈ സഭയിലെ അംഗങ്ങൾ എല്ലാവരും ഈ ലയിനിൻെറ ആവശ്യകതയെപ്പററി ചൂണ്ടിക്കാണിച്ച സ്ഥിതിക്കു് ഈ സംഗതി നിശ്ചയമായും മന്ത്രിസഭ നടപ്പിൽ വരുത്തേണ്ട ചുമതലയുണ്ടു്. അതു് ഉടനെ നടപ്പിലാക്കണമെന്നും വേണ്ടിവന്നാൽ ഇക്കാര്യത്തിലേക്കു് അടുത്തുതന്നെ ഒരു സപ്ലിമെൻററി ഗ്രാൻറു് അവർ കൊണ്ടുവരുമെന്നുമാണു് എൻെറ വിശ്വാസം.

MR. JOSEPH MALIECKAL : സർ, റയിൽവേ സംബന്ധിച്ചു് നമ്മുടെ നാട്ടിനു വലിയ അധഃപതനം വന്നുപോയിട്ടുണ്ടു്. അതും സർ. സി. പി. രാമസ്വാമി അയ്യരുടെ ഭരണത്തിൻെറ മറെറാരു ഫലമാണു്. കൊല്ലം മുതൽ ചെങ്കോട്ടവരെയുള്ള റയിൽവേ നീട്ടാൻവേണ്ടി സൗത്തിൻഡ്യൻ റയിൽവേ കമ്പനിക്കാരുമായി നമ്മുടെ ഗവണ്മെൻറു ഒരു വ്യവസ്ഥയിൽ ഏർപ്പെട്ടു. ആ വ്യവസ്ഥപ്രകാരം ൧൯൪൦-ൽ ൧൪ ലക്ഷം രൂപാ തെൻഇൻഡ്യാ റയിൽവേ കമ്പനിക്കാർക്കു് കൊടുത്താൽ കൊല്ലം ചെങ്കോട്ട റയിൽവേ നമ്മുടേതായിത്തീരും; ഉടനെ അതിലേക്കു ഒരു സിങ്കിംഗ് ഫണ്ടു് ഏർപ്പെടുത്തി. ഈ നിലയിൽ ഈ ഫണ്ടു്

[Mr. Joseph Maliackal.]

റയിൽവേ കടം വീട്ടുന്നതിന് [illegible] പര്യാപ്തമായി ഭവിക്കുമെന്നു ജനങ്ങൾ വിചാരിച്ചു. എന്നാൽ സർ. സി. പി. രാമസ്വാമിഅയ്യർ ആ സിങ്കിംഗ് ഫണ്ടിലെ പണം വേറെ ആവശ്യത്തിനു എടുക്കുകയാണു ചെയ്തതു്. റയിൽവേ ഇൻഡ്യാഗവമ്മെൻറിനു വിട്ടുകൊടുക്കുന്നതാണു നല്ലതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ കൊല്ലം ചെങ്കോട്ട ലൈൻ നമ്മുടെ കയ്യിൽനിന്നും പോകുകയും ചെയ്തു. ഇപ്പോൾ കൊല്ലം തിരുവനന്തപുരം ലൈൻമാത്രമെ നമ്മുടെ കൈവശമുള്ളു.

സർ, ഞാൻ ഇതിനുമുൻപു ഇതുസംബന്ധിച്ചു ഒരു ചോദ്യം ഇവിടെ അയച്ചിട്ടുണ്ടായിരുന്നു. കൊല്ലം മുതൽ ആലുവാ വരെയുള്ള റയിൽവേ നീട്ടുന്നതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അതു സംബന്ധിച്ചു മി. മെർണി നടത്തിയ സർവെയും പ്ലാനും അദ്ദേഹത്തിൻെറ റിപ്പോർട്ടും ഈ സഭയിൽ വയ്ക്കുമോ എന്നായിരുന്നു ചോദ്യം. ചോദ്യം അയച്ചിട്ടു് നാലുമാസമായിട്ടും ഇതുവരെ മറുപടി കിട്ടിയിട്ടില്ല. എൻെറ സ്നേഹിതൻ മി. മാർക്കോസു പറഞ്ഞതായിരിക്കണം മറുപടി കിട്ടാത്തതിൻെറ കാരണമെന്നു് ഞാൻ വിചാരിക്കുന്നു.

സർ, ഇപ്പോൾ പഴയകാര്യം വിചാരിച്ചിട്ടു ഫലമില്ല. റയിൽവേ ഇന്നു് ഇൻഡ്യൻ യൂണിയൻെറ ചുമതലയിൽ ഇരിക്കുകയാണു്. കൊച്ചി ഹാർബർ ഇൻഡ്യാഗവമ്മെൻറും, കൊച്ചിഗവമ്മെൻറും തിരുവിതാംകൂർ ഗവമ്മെൻറുംകൂടി യോജിച്ചു് നടപ്പിൽ വരുത്തിയ ഒരു പദ്ധതിയാണല്ലോ. നമ്മുടെ രാജ്യത്തു് റയിൽവേ നീട്ടുന്ന ചുമതല കൊച്ചി ഹാർബറിൻെറ പണി നടത്തിയതുപോലെതന്നെ ഇൻഡ്യായൂണിയൻെറ നേരിട്ടുള്ള ചുമതലയിൽ ഏൽപിക്കുവാൻ സാധിക്കുമോ എന്നു് ഗവമ്മെൻറു ശ്രമിച്ചുനോക്കേണ്ടതാണു്. കൊല്ലം ചെങ്കോട്ട റയിൽവേ ഇപ്പോൾ ഇൻഡ്യായൂണിയൻെറ വകയായിട്ടാണിരിക്കുന്നതു്. സെൻട്രൽ ഗവമ്മെൻറു് ഈയാണ്ടിൽ, രണ്ടായിരം മൈൽദൂരം ഇൻഡ്യൻ യൂണിയൻ പ്രദേശങ്ങളിൽ റയിൽവേ നീട്ടുവാനായി ബഡ്ജറ്റു ചെയ്തിട്ടുണ്ടു്. അതിൽ ഒരു നൂറുമൈൽ ദൂരംവരുന്ന റയിൽവേ ഈ രാജ്യത്തു് ഉണ്ടാക്കുന്നതുവരൽ ഈ ഗവമ്മെൻറു യൂണിയൻഗവമ്മെൻറിനോടു അപേക്ഷിക്കണം. കൊച്ചി ഗവമ്മെൻറും നമ്മുടെ ഗവമ്മെൻറും ഇൻഡ്യാഗവമ്മെൻറുമായി ഇതുസംബന്ധിച്ചു ചില എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടെന്നാണു് എൻെറ അറിവു്. ഞാൻ അതിനെപ്പററിയും ചോദ്യം അയച്ചിരുന്നു. കടം വാങ്ങാൻ നമുക്കു പേടിയുണ്ടെങ്കിൽ ഒരു വിഷമവു

കൂടാതെ ഈ കാര്യത്തിലേക്കു പണമുണ്ടാക്കുവാൻ ഒരു വിദ്യയുണ്ട്. പത്തോ അൻപതോ കൊല്ലം കഴിഞ്ഞു ഗവൺമെൻറിലേക്കു വിട്ടുകൊടുക്കണമെന്നുള്ള വ്യവസ്ഥയോടുകൂടി ഇതിലേക്കുവേണ്ടി ഒരു കമ്പനി സ്ഥാപിക്കുവാൻ യാതൊരു വിഷമവും ഇല്ല. അങ്ങനെ ഒരു കമ്പനി തുടങ്ങുന്നപക്ഷം ഒരു മിനിട്ടുകൊണ്ടു അതിൻെറ ഓഹരികൾ വിററുതീരും. ഉത്തരവാദിത്വത്തോടുകൂടി ഇങ്ങനെയുള്ള ഒരു കമ്പനി ആരംഭിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയാൽ മാത്രം മതിയാകും. അതിലേയ്ക്കു മുന്നിട്ടുനിന്നു പ്രവർത്തിക്കാൻ ആളില്ലെങ്കിൽ, ഉത്തരവാദിത്വമുള്ളവർ ചുമതലപ്പെടുത്തിയാൽ ആ ചുമതല ഏററു നടത്തുവാനും ഞാൻ തയ്യാറാണ്.

**MR. PAUL THALIAT** : സർ, വടക്കൻ തിരുവിതാംകൂറിൽ അതായതു് പറവൂർ, കുന്നത്തുനാട്, മൂവാററുപുഴ, ഈ താലൂക്കുകളിലെ സാധാരണ ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ട്. അതായതു്, കോട്ടയത്തിനപ്പുറം തിരുവിതാംകൂർരാജ്യം ഇല്ലെന്നാണ്. അതു് തെററായ ഒരു ധാരണയായിരിക്കാം. പക്ഷേ മുമ്പിലത്തെ ഗവൺമെൻറു നിലവിലിരുന്നപ്പോൾ അവർ അതിനെ വിശ്വസിച്ചിരുന്നു. അങ്ങനെ വിശ്വസിക്കാൻ ചില കാരണങ്ങളും ഉണ്ട്. എന്നാൽ, നമ്മുടെ ഇപ്പോഴത്തെ മന്ത്രിസഭ ഭരണം കയ്യേററിട്ടും ഇതിനകം ആ വിശ്വാസത്തിനു യാതൊരു മാററവും വന്നിട്ടില്ല. ഇപ്പോഴത്തെ ബഡ്ജററു നോക്കുമ്പോഴും അവർക്കു ആ ധാരണയിൽനിന്നും പിൻമാറാൻ നിവൃത്തിയില്ലാതെയായിരിക്കുന്നതു്. ഇതിനു് കാരണമായി ഞാൻ കാണുന്നതു് ആ പ്രദേശങ്ങളും തിരുവിതാംകൂറിലെ തലസ്ഥാനനഗരവും മററു പ്രധാന നഗരങ്ങളുമായി ഗതാഗതസമ്പർക്കം ഇല്ലാത്തതുകൊണ്ടാണെന്നാണ്. ജനങ്ങൾക്കു് അവിടെയും ഇവിടെയും എളുപ്പത്തിൽ പോയി വരുന്നതിനും മററും അതാതു സ്ഥലങ്ങളിൽ ഉള്ള സൌകര്യക്കുറവുമാണ് ഇങ്ങനെ ഒരു തെററിദ്ധാരണ ആവിർഭവിക്കുന്നതിനുള്ള കാരണം. അതിനുള്ള പരിഹാരമെന്ന നിലയിൽ ഞാൻ ഗവൺമെൻറിനോടപേക്ഷിക്കുന്നതു് ഒരു റയിൽവേ ലൈൻ വടക്കോട്ടു ആലുവാവരെ നീട്ടുന്നതിനുള്ള നടപടി ൧൧൨൪-ൽ തന്നെ തുടങ്ങണമെന്നാണ്. ഗവൺമെൻറു ഭാഗത്തുനിന്നും ഇതിലേക്കു് ആവശ്യമായിരിക്കുന്ന പണം ഇല്ലെന്നും മററും മറുപടി പറഞ്ഞേക്കാം. എനിക്കു പറയുവാനുള്ളതു് പണം വേണമെന്നു വച്ചാൽ ഗവൺമെൻറിനു് അതുണ്ടാക്കുവാൻ സാധിക്കുമെന്നാണ്. പോസ്ററുവാർ റീകൺസ്ട്രക്ഷൻ ഫണ്ടിൽനിന്നോ കടം വാങ്ങിച്ചോ ഒരു കമ്പനിയെപ്പോലും ഇതിൻെറ ചുമതല ഏല്പിച്ചോ

[Mr. Paul Thaliat]

എങ്ങനെ ആയാലും ഈ കൊല്ലത്തിൽതന്നെ ഇതിനുവേണ്ട നടപടി തുടങ്ങണമെന്നാണു എന്റെ അഭിപ്രായം. പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നാലും ഈ കാര്യത്തിൽ അതായതു് റയിൽവേലയിൻ നീട്ടുന്ന കാര്യത്തിൽ ഇവിടെയുള്ള മെമ്പറന്മാർക്ക് ആർക്കും അഭിപ്രായവ്യത്യാസമില്ലെന്നാണ് എന്റെ വിശ്വാസം. ഗവണ്മെന്റിനും മെമ്പറന്മാരുടെ യോജിച്ച അഭിപ്രായം ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യം ഉണ്ടായിരിക്കണം. അതുകൊണ്ട് റയിൽവേലയിൻ ആലുവാവരെ നീട്ടുന്നതിന് ഗവണ്മെന്റ് ഉടനടി ശ്രമിക്കേണ്ടതാണ്..

At This Stage the President resumed the Chair.

**MR. P. M. VARGHESE :** സർ, ഈ നാട്ടിൽ റയിൽവേലയിൻ കുറേക്കൂടി നീട്ടണമെന്നുള്ള അഭിപ്രായം ഈ അസംബ്ലി സ്വീകരിച്ചതായിട്ടാണു് ഞാൻ മനസ്സിലാക്കുന്നതു്. എന്നാൽ, അതു് ഉടൻതന്നെ വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് വല്ലവർക്കും സംശയം ഉണ്ടായിരുന്നാൽ അതു് തീർക്കണമെന്നാണ് എന്റെ അഭിപ്രായം. മുമ്പ് ഷോർണ്ണൂരിൽനിന്നും എറണാകുളത്തേക്കു ഉണ്ടായിരുന്ന റയിൽവേവണ്ടി മീറ്റർഗേജ് ആയിരുന്നു. അതു് അങ്ങനെ ആ രൂപത്തിൽതന്നെ നടത്തിക്കൊണ്ടുപോയാൽ റയിൽവേ നടത്തുന്നതുകൊണ്ടുള്ള പൂർണ്ണമായ ഫലം ലഭിക്കുന്നില്ലെന്ന് അധികാരികൾ മനസ്സിലാക്കിയതോടുകൂടി അതു് ബ്രോഡ്ഗേജ് ആക്കി. കൊച്ചിയിൽ ഒരറ്റം മുതൽ മറ്റെ അറ്റംവരെ ചുരുക്കം മൈലുകളേ ഉള്ളു. അതിൽ ഉണ്ടായിട്ടുള്ള വരവും അതിന്റെ ആവശ്യവും ഇത്രവളരെ കൂടിയിരിക്കുമെങ്കിൽ തിരുവിതാംകൂറിന്റെ വടക്കേ അറ്റംമുതൽ തെക്കേ അറ്റം വരെ റയിൽവേ നീട്ടണമെങ്കിൽതന്നെ ആ കാര്യത്തിൽ ആരും വിരോധം പറയുകയില്ലെന്നാണു എന്റെ വിശ്വാസം. സർ സി. പി. രാമസ്വാമി അയ്യർ ഇവിടെ ദിവാൻജി ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഭരണകാലത്തിൽ തിരുവിതാംകൂറിൽ റയിൽവേ നീട്ടുന്നതിനെപ്പറ്റി ആലോചിക്കുകപോലും ഇല്ലെന്ന് മാത്രമല്ല ഉള്ള ലൈൻകൂടി വേണമെങ്കിൽ പറിച്ചെടുത്തുകൊണ്ടുപോകുന്നതിന് നടപടി നടത്തുമെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ഒരു വിശേഷം അദ്ദേഹത്തിന് ഒന്നു ശരിയാണെന്നു ബോദ്ധ്യപ്പെട്ടാൽ അതായതു അദ്ദേഹം ഒന്ന് തീർച്ച ചെയ്താൽ ഏതു രീതിയിലെങ്കിലും അതു് നടത്തുകതന്നെ

ചെയ്യും എന്നുള്ള നിർബന്ധമുണ്ടായിരുന്നു. ഇന്നാണെങ്കിൽ ഇവിടത്തെ മെമ്പറന്മാർ എല്ലാവരും യോജിച്ച് ഈ സഭ റയിൽവേ നീട്ടണമെന്നുള്ള കാര്യം പാസാക്കിയിരിക്കുകയാണ് അതിനാൽ നമ്മുടെ ഈ ഗവൺമെൻറ് അത് നടപ്പിൽ വരുത്തിയേ മതിയാകയുള്ളൂ. അങ്ങനെയല്ലെങ്കിൽ എന്തുചെയ്യുമെന്നുള്ള കാര്യം ഞാൻ ഇപ്പോൾ പറയുന്നില്ല. ഗവൺമെൻറിന് ഇനി ഇതിൽനിന്നും ഒഴിയുവാൻ നിവൃത്തിയില്ല. അതിനാൽ ഈ സംഗതിയിൽ ഉടൻ സത്വരനടപടികൾ നടത്തണമെന്ന് ഞാൻ ഗവൺമെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇനി മററു വല്ല മെമ്പറന്മാർക്കും ഉപക്ഷേപത്തെ എതിർത്തു സംസാരിക്കണമെങ്കിൽ സംസാരിക്കാം.

MR. V. GANGADHARAN NAIR : റയിൽവേ നീട്ടുന്നതിന് പണം ഇല്ലാത്ത ഈ അവസരത്തിൽ അതിനെക്കുറിച്ച് ആലോചിക്കുന്നതിന് നിവർത്തിയില്ലെന്നായിരിക്കും ഗവൺമെൻറിന് ഈ കാര്യത്തിൽ പറയാനുള്ള മറുപടി. Defence, foreign affairs and communications ഈ മൂന്നു വിഷയത്തിലും നാം സെൻട്രൽ ഗവൺമെൻറിനോട് ചേർന്നിരിക്കുകയാണ് എന്നുള്ള സംഗതി നമ്മുടെ ഗവൺമെൻറ് ഓർമ്മിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ വ്യാവസായികാഭിവൃദ്ധിക്ക് വേണ്ടിയായാലും നമ്മുടെ ഗതാഗതസൗകര്യങ്ങൾക്കു വേണ്ടി ആയാലും റയിൽവേ നീട്ടേണ്ടതു് വളരെ അത്യാവശ്യമാണ്. എന്നാൽ ഇൻഡ്യയുടെ ഡിഫൻസ് എന്ന കാര്യം വച്ചുകൊണ്ടു നോക്കുമ്പോൾ ഇന്ത്യൻയൂണിയന് ആലുവാ മുതൽ കന്യാകുമാരിവരെ റയിൽവേ നീട്ടേണ്ടതു് അതിനേക്കാൾ കൂടുതൽ ആവശ്യമായിരിക്കുമെന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഈ വിഷയം ശരിയായവിധത്തിൽ ഇന്ത്യാഗവൺമെൻറിൻെറ മുമ്പാകെ കൊണ്ടുവരികയാണെങ്കിൽ ഒരുപക്ഷേ നമുക്ക് ചെലവൊന്നും കൂടാതെ തന്നെ റയിൽവേ നീട്ടാൻ ഇടവന്നേക്കാം. കൊച്ചിക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന സൈനിക പ്രാധാന്യം വച്ചുനോക്കുമ്പോൾ നാം ഈ വിഷയത്തിൽ ഒന്നും ചെയ്തില്ലെങ്കിൽ പോലും റയിൽവേ നീട്ടുന്നതിൽ ഇന്ത്യാഗവൺമെൻറ് വളരെ താൽപര്യം കാണിക്കുമെന്നാണ് എൻെറ പ്രതീക്ഷ. ഏതായാലും ഈ കാര്യം നമുക്കും അത്യാവശ്യമായിരിക്കുന്നതുകൊണ്ട് ഉടനടി ഇന്ത്യാഗവൺമെൻറിൻെറ മുമ്പാകെ ഈ കാര്യം കൊണ്ടുവരികയും, റയിൽവേ നീട്ടുന്നതിന് ആവശ്യമായ സകല നടപടികളും ഇന്ത്യാഗവൺമെൻറിൻെറ ചെലവിൽ തന്നെ എടുപ്പിക്കുകയും ചെയ്യേണ്ടതാണ്. സജീവമായ സഹായസഹകരണങ്ങൾ നാം ഇന്ത്യാഗവൺമെൻറിന് ഈ വിഷയത്തിൽ നൽകാൻ

[Mr. V. Gangadharan Nair.]

തല്പരരായാൽ, യൂണിയൻ ഗവണ്മെന്റിന്റെ ഡിഫൻസും കമ്മ്യൂണിക്കേഷനും വകുപ്പുകൾ ഈ കാര്യത്തിൽ താല്പര്യപൂർവ്വം ഏർപ്പെടുമെന്നാണ് എന്റെ വിശ്വാസം. കൂടാതെ പെട്രോൾ കിട്ടാനുള്ള ഇപ്പോഴത്തെ വൈഷമ്യം വച്ചു നോക്കുമ്പോഴും വടക്കൻ ലൈനിൽ സഞ്ചരിക്കുന്നവരുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിനു റെയിൽവേ ഏററവും വേഗം സ്ഥാപിക്കേണ്ട ആവശ്യം ബോദ്ധ്യപ്പെടും. ആലുവാമുതൽ കൊട്ടാരക്കരവരെയും തിരുവനന്തപുരംമുതൽ കന്യാകുമാരിവരെയും റെയിൽവേ നീട്ടുന്നതിനുള്ള വിപുലമായ പദ്ധതികൾ ഉടനടി തുടങ്ങത്തക്കവിധം വേണ്ട നടപടികൾ ഗവണ്മെന്റ് കൈക്കൊള്ളേണ്ടതാണ്.

MR. EAPEN ARAKKAL: സർ, റയിൽവേ നീട്ടുന്ന കാര്യത്തെപ്പററി ഏകീകൃതമായ അഭിപ്രായമാണുള്ളതു്. എന്നാൽ അതു് എവിടെയൊക്കെ നീട്ടണം, ഏതു ലൈൻ നീട്ടണമെന്നുള്ള സംഗതിയെപ്പററി മാത്രമെ, എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഉള്ളൂ. ഇവിടെ പ്രസംഗിച്ചിട്ടുള്ള അധികം മെമ്പറന്മാരും കൊട്ടാരക്കര നിന്നും ആലുവായിലേക്ക് റയിൽവേ നീട്ടുക എന്നുള്ള സംഗതിയെപ്പററിയാണു ശക്തിയായി പ്രസംഗിച്ചിട്ടുള്ളതു്. അങ്ങനെ ഒരു ലൈൻ ഉണ്ടാക്കുക എന്നുള്ളതു് വളരെ നല്ലതു തന്നെയാണു. അതിനെപ്പററി ആർക്കും അഭിപ്രായവ്യത്യാസത്തിനു വകയില്ല. പക്ഷെ തിരുവിതാംകൂറിൽ ഏററവും വിശേഷമായ വാണിജ്യകേന്ദ്രമെന്നു പറയപ്പെടുന്ന ആലപ്പുഴപ്പട്ടണം റയിൽവേയുമായി സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വിസ്മരിക്കപ്പെട്ടുവെന്നാണു് വാദഗതിയിൽ നിന്നും മനസ്സിലാക്കിട്ടുള്ളതു്. ആലപ്പുഴ പട്ടണം തിരുവിതാംകൂറിലെ പ്രമുഖ തുറമുഖവും വാണിജ്യവ്യവസായങ്ങളിൽ അദ്വിതീയ സ്ഥാനത്തെ അർഹിക്കുന്ന ഒന്നുമാണ്. അവിടെ നിന്നുമാണ് നമുക്ക് ചരക്ക് കയററിറക്ക് നടത്തുന്നതിനുള്ള സൗകര്യമുള്ളതെന്നു ഞാൻ പ്രത്യേകിച്ചു പറയണമെന്നില്ല. അതിനാൽ ആലപ്പുഴ പട്ടണമാണ് റയിൽവെ നീട്ടുന്നതു സംബന്ധിച്ചു നമ്മുടെ ശ്രദ്ധയിൽ പെടേണ്ട സംഗതി. ഇപ്പോൾ ചരക്കുകൾ കൊച്ചിക്കും, കൊച്ചിയിൽ നിന്നും ആലപ്പുഴക്കും അയക്കുന്നതു് കായൽ വഴിയാണ്. വർഷകാലങ്ങളിൽ അങ്ങനെ കായൽ വഴി ചരക്കുകൾ അയക്കുന്നതുകൊണ്ടു വളരെ അപകടങ്ങൾക്കും, ഭീമമായ നഷ്ടത്തിനും ഇടയാകുന്നുണ്ടെന്നുള്ള സംഗതി വാസ്തവമായ ഒരു കാര്യമാണ്. അതിനാൽ ആലപ്പുഴനിന്നും കൊച്ചിക്കു റയിൽവേ നീട്ടുകകൂടി ചെയ്യുകയാണെങ്കിൽ റെയിൽ മാർഗ്ഗം ചരക്കുകൾ വേഗത്തിലും നാശംകൂടാതെയും എത്തിക്കാവുന്നതാണ്.

MR. K. A. MUHAMMED : അങ്ങിനെയാണെങ്കിൽ ഫ്രെയിററിന്റെ വ്യത്യാസം വരികയില്ലേ?

MR. EAPAN ARAKKAL: ഇല്ല. അതിനെക്കുറിച്ചു പിന്നെ പറയാം. കച്ചവടത്തിനും, കയററിയിറക്കിനും സൗകര്യമുള്ള സ്ഥലമാണ് ആലപ്പുഴ എന്നു നമുക്കറിയാം. കൊച്ചിയിൽ ചരക്കുകൾ അത്യാവശ്യമുള്ള സമയങ്ങളിൽ വളരെ വളരെ കയററിറക്കു നടത്തുന്നതിനുള്ള സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതു് വ്യവസായാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമാണ്. അതിലേയ്ക്കു് കൊച്ചിയും ആലപ്പുഴയും തമ്മിൽ റയിൽവേ കണക്ഷൻ ഉണ്ടാകുകയെന്നുള്ളതു് വളരെ അത്യാവശ്യമാണ്. കൊല്ലത്തുനിന്നും ആലപ്പുഴയും അവിടെ നിന്നും ചേർത്തലവഴി കൊച്ചിയിലും എത്തത്തക്കവണ്ണം ഒരു റയിൽവേ വേണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇവിടെ റയിൽവേ തുറക്കുകയാണെങ്കിൽ, ചെലവു മററു സ്ഥലങ്ങളെ അപേക്ഷിച്ചു കുറഞ്ഞിരിക്കുമെന്നുള്ളതാണ്. നിരപ്പായതുകൊണ്ടും വലിയ ഫലവൃക്ഷങ്ങൾ ഒന്നും അവിടങ്ങളിലില്ലാത്തതുകൊണ്ടും അവിടെ തുരങ്കങ്ങളുണ്ടാക്കുകയോ മററുവിധത്തിൽ അനാവശ്യമായി പണം ചെലവാക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അതിനാൽ ആലപ്പുഴ കൊച്ചി റയിൽവേക്കു് വളരെ പരിമിതമായ ചെലവേ വരികയുള്ളൂ. മാത്രമല്ല ചേർത്തല-അമ്പലപ്പുഴ മുതലായ താലൂക്കുകളെ സംബന്ധിച്ചിടത്തോളം ഗതാഗത സൗകര്യത്തിൽ ദരിദ്രരാണ്. അതിനാൽ, കൊച്ചി-ആലപ്പുഴ റയിൽവേ ഹാർബർ ടെർമിനസ് വരെ നീട്ടുന്നതായാൽ രാജ്യത്തിലെ വ്യവസായ വാണിജ്യങ്ങൾക്കും അഭിവൃദ്ധി വരുന്നതാണെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

MR. THARIATHU KUNJITHOMMEN : എനിക്കു റയിൽവേ നീട്ടുന്നതു സംബന്ധിച്ചു ഒന്നു രണ്ടു കാര്യങ്ങൾകൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്. രാജ്യത്തിൻെറ വടക്കേ ഭാഗത്തു അധിവസിക്കുന്ന ജനവിഭാഗത്തിനു ഇന്നു സഞ്ചാരസൗകര്യം തീരെ ഇല്ലെന്നുള്ളതു് വ്യക്തമാണ്. എന്നാൽ സഞ്ചാരസൗകര്യം മാത്രമല്ല ഞാൻ പറയാനുദ്ദേശിക്കുന്ന കാര്യങ്ങൾ. നമ്മുടെ രാജ്യത്തിൻെറ വടക്കുഭാഗം വിസ്താരമേറിയതായി കിടക്കുന്നതു്. അവിടെയാണ് റിസർവും ഉള്ളതു്. നമ്മുടെ കാർഷികോൽപ്പന്നങ്ങളധികവും കൃഷി ചെയ്യപ്പെടുന്നതു് ഈ റിസർവിലാണ്, എന്നാൽ ഈ പ്രദേശത്തിൻെറ മററു ഭാഗങ്ങളിലെത്തിക്കുന്നതിനു് ഇന്നു വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. നമ്മുടെ രാജ്യം തന്നെ ഒരു കർഷകരാജ്യമാണ്. കാർഷികോല്പന്നങ്ങൾ വെളിക്കയച്ചാണ് നമുക്കു പണം ഉണ്ടാക്കേണ്ടിയിരിക്കുന്നതു് എന്നാൽ ഇവ മററു ഭാഗങ്ങളിലേക്കു അയക്കുന്നതിനു ഗതാഗതത്തിൻെറ അസൗകര്യംമൂലം വലിയ

[Mr. Thariathu Kunjithomman.]

വൈഷമ്യമുണ്ടാകുന്നുണ്ട്. സാമാനങ്ങൾ ഉൾനാടുകളിൽ നിന്നു സമുദ്രതീരപ്രദേശത്തേക്കു കൊണ്ടുവരുന്നതിനു തന്നെ വളരെ പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട് അവിടെ നിന്നും ജലമാർഗ്ഗമായി കൊച്ചി മുതലായ സ്ഥലങ്ങളിലയക്കുകയാണെങ്കിൽ ഈ കാലസ്ഥിതിക്കു വലിയ അപകടങ്ങളും നഷ്ടങ്ങളുമുണ്ടാകാനിടയുണ്ട് മാത്രമല്ല വള്ളത്തിലും മററും അയക്കുന്നതുകൊണ്ടു ചരക്കു എത്തിച്ചേരുവാൻ തന്നെ വളരെ താമസം നേരിടുന്നുണ്ട് മറെറാന്നു ഇന്നു പെട്രോളിന്റെ ക്ഷാമം വളരെ വർദ്ധിച്ചിരിക്കുകയാണ് ആളുകൾക്ക് സഞ്ചരിക്കുന്നതിന് തന്നെ വളരെ ബുദ്ധിമുട്ടും നഷ്ടങ്ങളും ഉണ്ടാകുന്നു എന്നുള്ളതു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഒരു റയിൽവേ രാജ്യത്തിന്റെ മദ്ധ്യഭാഗത്തുകൂടി ആലുവായിലേക്കും, ഉൾനാട്ടിൽ നിന്നു തീരപ്രദേശമായ ആലപ്പുഴക്കും നീട്ടുകയാണെങ്കിൽ രാജ്യത്തിനു വളരെ ഉപകാരപ്രദമായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്

MR. M. GOVINDAN (*Trivandrum III—General*) : സർ, ഇവിടെ അനേകം പ്രസംഗങ്ങൾ കേട്ടു. റയിൽവേ നീട്ടേണ്ടതത്യാവശ്യമാണെന്ന് എല്ലാവരും പറഞ്ഞു. റയിൽവേ എവിടെ നിന്ന് നീട്ടണമെന്നുള്ളതിൽ ആർക്കും അഭിപ്രായമില്ല. 'അതു് ആലുവാവരെ നീട്ടിക്കൊണ്ടുപോയാൽ മതിയെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ ആലപ്പുഴയെ എല്ലാവരും വിട്ടുകളഞ്ഞു, എന്നു മാന്യമെമ്പർ മി ഈപ്പൻ അവർകൾ പറഞ്ഞു. അധികംപേരും അതു് വിട്ടുകയാണ് ചെയ്തതു്. ഏററവും പ്രധാനമായ ഒരു സംഗതി ആലോചിക്കുവാനുള്ളതു് കൊട്ടാരക്കരനിന്നും ആലുവായ്ക്കുപോകുന്ന വഴിക്ക് വച്ചുതന്നെ ചങ്ങനാശേരിയിൽനിന്നു ആലപ്പുഴയ്ക്കുകൂടി ഒരു സബ്‌ലൈൻ ഇറക്കാമെന്നാണു എന്റെ അഭിപ്രായം. ഇടയ്ക്കു് ഒരു വരമ്പു വേണമെന്നേയുള്ളു. 'ഇതു് സാധിക്കാമെന്നാണ് എനിക്ക് തോന്നുന്നതു്. ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അവിടത്തെ ഗതാഗതസൗകര്യത്തേയും വിദ്യാഭ്യാസത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. ഇവിടെ ഗതാഗതസൗകര്യം വളരെ കുറവുതന്നെ എന്നുള്ളതിനു സംശയമില്ല. ഗതാഗതത്തിനു ഇവിടെയുള്ള പ്രയാസങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. എനിക്കു യാത്രയെന്നുവച്ചാൽ തീരെ താല്പര്യമില്ലാത്ത കൂട്ടത്തിലാണു. മുമ്പേതന്നെ ഇങ്ങനെയാണ്. ബി. ഏ-ക്കു പഠിക്കുവാൻവേണ്ടി ൩൨ വർഷങ്ങൾക്കുമുമ്പ് കാളവണ്ടിയിൽ കയറി ൩ ദിവസംകൊണ്ടു തിരുനൽവേലിയിൽ എത്തി. അതിനുമുമ്പ് മി. നാഗമയ്യാ മദ്രാസുവരെ കാളവണ്ടിയിൽ പോയതായി കേട്ടിട്ടുണ്ട്.

ഇപ്പോഴാണെങ്കിൽ റെയിൽവേസൗകര്യം ഉണ്ട്. പക്ഷെ കുറേക്കൂടി ഉണ്ടായാൽ കൊള്ളാമായിരുന്നു. നമ്മുടെ പല സൗകര്യങ്ങളും ഈ സംഗതിയിൽനിന്നു വേണം ഉണ്ടാകുവാൻ. ഒരാൾ പറഞ്ഞു, റയിൽവേ നീട്ടുന്നതിനു ഏകദേശം ൩ കോടി രൂപയെങ്കിലും വേണമെന്നാണ്. എന്തിനാണെന്ന് എനിക്കു മനസ്സിലായില്ല. ഒരിക്കൽ ഇവിടത്തെ റയിൽവേ എഞ്ചിനീയരായിരുന്ന മി. മെക്ലീനിയെക്കണ്ടു ചോദിച്ചപ്പോൾ ഒരുകോടി രണ്ടുലക്ഷത്തിൽചില്വാനമോ മറ്റോ ആകുമെന്ന് അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നു.

MR. K. K. CHELLAPPAN PILLAI: അത് എന്നത്തെ കാലത്തായിരുന്നു?

MR. M. GOVINDAN: എന്നായാലും ഇതു തീർച്ചയായും വേണ്ട. അന്ന് ഒന്നര കോടിയാണെങ്കിൽ ഇന്ന് മൂന്നോ നാലോ കോടി വേണമായിരിക്കാം. അതുമല്ല. ഇതിനെല്ലാം ഗവർമ്മെൻറിന്റെ ശ്രദ്ധ മനഃപൂർവ്വമായി ഈ വിഷയത്തിൽ പതിയേണ്ടതാണ്. അതിനു ഒരു പഞ്ചവത്സരപദ്ധതിയൊന്നും വേണമെന്നില്ല. രണ്ടു വർഷങ്ങൾക്കുള്ള ഒരു പദ്ധതി മതി. അതുകൊണ്ട് ഇതു സാധിക്കാം. ഒന്നുകൂടി പറഞ്ഞുകൊണ്ടു നിറുത്താം. പ്രധാനപ്പെട്ട ഭാഗങ്ങളിലെല്ലാം ഇന്നു സ്റ്റേറ്റിന്റെ വകയായി റയിൽവേയുണ്ട്, ഹൈദ്രാബാദിലാകട്ടെ മൈസൂരിലാകട്ടെ ഇന്നു സ്റ്റേറ്റ് റയിൽവേ സ്റ്റേറ്റിന്റെ പല ഭാഗത്തും ഉണ്ട്. തിരുവിതാംകൂറിൽ, ഈ കാര്യത്തിലുള്ള കുറവ് തീർക്കണമെന്നുള്ള ആവശ്യത്തോടുകൂടി ഉപസംഹരിക്കുന്നു.

MR. S. KUTTAN (*Neyyattinkara I—General*): സർ, ഇവിടത്തെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായഗതികൾ കേട്ടിടത്തോളം റയിൽവേ നീട്ടുന്ന കാര്യത്തിൽ ഐകകണ്ഠ്യമായ തീരുമാനത്തിൽ എത്തിച്ചേർന്നതായിട്ടാണ് മനസ്സിലാക്കേണ്ടത്. ഈ സഭയുടെ മുമ്പാകെ ചർച്ചക്ക് വന്നിട്ടുള്ള മററ് ഏതൊരു കാര്യവും ഇത്ര യോജിപ്പോടുകൂടി ഇതിനു മുമ്പ് തീർച്ചയാക്കപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. നിശ്ചയമായും ഇവിടത്തെ വാദഗതിയിൽനിന്നുതന്നെ ജനകീയഭരണം ഇവിടെ വന്നതോടുകൂടി തിരുവിതാംകൂറിലെ ജനാഭിലാഷങ്ങൾ സാധിതപ്രായമാകുമെന്നു ജനങ്ങൾ വിശ്വസിക്കാൻതക്കവണ്ണം നമ്മുടെ ഗവൺമെൻറു പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. റയിൽവേ നീട്ടേണ്ടത് കൊല്ലത്തുനിന്നും ആകുമോ, കോട്ടയത്തുനിന്നും ആകുമോ, എന്നുള്ള കാര്യമാണ് ഇവിടെ വാദവിഷയം. ഒരു കാര്യംമാത്രമെ

[Mr. S. Kuttan.]

ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നുള്ളു. സ്വേച്ഛാധികാരം ഇവിടെ നടമാടിക്കൊണ്ടിരുന്ന കാലത്തു ഈ വാദം നിയമസഭയിൽ ഉന്നയിച്ചപ്പോൾ "അതു ഞാൻ തിരുവിതാംകൂറിൽ ഇരിക്കുന്നതുവരെ സാദ്ധ്യമല്ലെന്നു" സർ. സി. പി. രാമസ്വാമിഅയ്യർ പറയുകയുണ്ടായി. ഗതാഗതസൗകര്യം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വേണ്ടതാണെന്നുള്ളതു് നിസ്തർക്കമായ ഒരു സംഗതിയാണ്. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ തെക്കൻതിരുവിതാംകൂറിൽ ഗതാഗതത്തിന്, ജലമാർഗ്ഗം ഇല്ലാതിരിക്കുന്നതുകൊണ്ടു് യഥാർത്ഥത്തിൽ റയിൽവേയുടെ ആവശ്യം ഈ ഭാഗങ്ങളിലേക്കാണ്. ഗതാഗതം ചെയ്യുന്ന ആളുകളുടെ ഒരു കണക്കെടുക്കുകയാണെങ്കിൽതന്നെയും തിരുവനന്തപുരത്തുനിന്നും തെക്കോട്ടു സഞ്ചരിക്കുന്ന ജനങ്ങൾ വളരെ കൂടുതലാണെന്നു കാണാൻ കഴിയും. എന്നാൽ നടപ്പിൽ ഇരിക്കുന്ന ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റ് അതിനു തക്കവണ്ണം ഉള്ള ബസ്സ് ഏർപ്പാടുകൾ ചെയ്യുന്നില്ല. ഉദാഹരണമായി, തിരുവനന്തപുരം–നാഗർകോവിൽ ലൈൻ എടുക്കാം. ഏഴു മാസം ഗർഭമുള്ള ഒരു സ്ത്രീ തിരുവനന്തപുരത്തുനിന്നും നാഗർകോവിലിലേക്ക് ട്രാൻസ്പോർട്ടുബസ്സിൽ യാത്ര ചെയ്യുകയാണെങ്കിൽ അവരുദ്ദേശിക്കുന്ന സ്ഥലത്തു ചെല്ലുന്നതിനു മുമ്പു തന്നെ പ്രസവം നടന്നുപോകയില്ലേ എന്നു തോന്നിപ്പോകും. അത്ര തള്ളലാണ് ബസ്സിൽ കയറുന്നതിനും ഇറങ്ങുന്നതിനും, കേറിയാൽ അവിടെ ഇരിക്കാൻ തന്നെയും. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് തിരുവിതാംകൂറിന്റെ ഏതുഭാഗത്തെക്കാളും തിരുവനന്തപുരം–നാഗർകോവിൽ റയിൽവേ വളരെ അത്യാവശ്യമാണെന്നാണ്. സർ, ഇന്നു ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും അവർക്കു് സഞ്ചരിക്കുന്നതിന് വാട്ടർവേയ്സ് ധാരാളം ഉണ്ടു്. അതിനുപുറമെ തിരുവനന്തപുരത്തുനിന്നും വടക്കോട്ടു റയിൽവേയുണ്ടു്, ട്രാൻസ്പോർട്ടു സൗകര്യവുമുണ്ടു്. അതുകൊണ്ടു റയിൽവേ നീട്ടുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു വിഭിന്നമായ മനഃസ്ഥിതി തെക്കൻതിരുവിതാംകൂറിൽ നിവസിക്കുന്ന എന്റെ മാന്യസ്നേഹിതന്മാരായ തമിഴ്നാട്ടു കാൺഗ്രസ്സ് മെമ്പറന്മാർ ഉൾപ്പെടെ ഉള്ള ജനങ്ങളിൽ ഉണ്ടാകരുതെന്നു് ഞാൻ ഗവർമ്മെന്റിനോടപേക്ഷിച്ചുകൊള്ളുന്നു.

MR. K. P. NEELAKANTA PILLAI: സർ, തിരുവിതാംകൂറിൽ എല്ലാം സ്ഥലത്തും റയിൽവേ നീട്ടേണ്ട ആവശ്യമുണ്ടോ, അതോ ഇല്ലയോ എന്നുള്ള സംഗതിയിൽ എനിക്കു് അഭിപ്രായവ്യത്യാസം ഇല്ലെങ്കിലും

റയിൽവെ ഒരു രാജ്യത്ത് ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമായിട്ട് ഗതാഗതത്തിനാണോ, അതോ വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിനാണോ എന്നുള്ളതിനെപ്പററി ഒരു സംഗതി ഗവണ്മെൻറിനെ ഉൽബോധിപ്പിക്കാമെന്നു ഞാൻ വിചാരിക്കുന്നു. സർ, തിരുവിതാംകൂർ ഒരു ചെറിയ രാജ്യമാണ്. അതിനെ ഒരു വ്യവസായകേന്ദ്രമാക്കേണ്ടത് നമ്മുടെ അത്യാവശ്യമാണ്. കൃഷിയും വ്യവസായവും കൊണ്ടു മാത്രമെ രാജ്യം ധനപുഷ്ടമായി പുരോഗമിക്കുകയുള്ളു എന്നുള്ളതിൽ രണ്ടു പക്ഷമില്ല. ജനങ്ങളുടെ ഗതാഗതസൗകര്യത്തേക്കാൾ വ്യവസായപരിപോഷണത്തിനുവേണ്ടിയാണോ ഒരു റയിൽവേ രാജ്യത്തു തുടങ്ങേണ്ടതോ വേണ്ടയോ എന്നു ചിന്തിക്കേണ്ടത്. എന്റെ സ്നേഹിതൻ മി. മാക്കോൻ പറഞ്ഞത് ഗതാഗതസൗകര്യത്തിനെ ഉദ്ദേശിച്ചല്ല; നമ്മുടെ രാജ്യത്തുണ്ടാകുന്ന ഉല്പന്നങ്ങളെ കയററി അയക്കാനും ഇതരരാജ്യങ്ങളിൽ നിന്നും നമുക്കാവശ്യമായ സാധനങ്ങളെ ഇറക്കുമതി ചെയ്യുന്നതിനും വേണ്ടിയാണ് ഒരു രാജ്യത്തെ റയിൽവേയുടെ ആവശ്യം എന്ന്. സർ, ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നു. തിരുവിതാംകൂറിൽ വ്യവസായകേന്ദ്രങ്ങൾ എന്നു പറയപ്പെടുന്ന ആലപ്പുഴ, കൊല്ലം, കോട്ടയം എന്നീ സ്ഥലങ്ങൾ കൊച്ചിയുമായി യോജിപ്പിക്കുന്നതിന് ഒരു റയിൽവേ കൊണ്ടല്ലാതെ ജലമാർഗ്ഗം ധാരാളം സൗകര്യം ഉള്ളതുകൊണ്ട് വലിയ പണച്ചിലവു കൂടാതെ കാര്യങ്ങൾ സാധിക്കാവുന്നതാണ്. വാട്ടർ വെയിസ് ധാരാളം ഉള്ള നമ്മുടെ രാജ്യത്തു വ്യവസായകേന്ദ്രങ്ങൾ തമ്മിൽ സംഘടിപ്പിക്കുന്നതു ജലമാർഗ്ഗംമൂലമേ ആയിരിക്കുന്നതാണ് എളുപ്പം എന്നുള്ള കാര്യം നമുക്ക് ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. വൻവ്യവസായങ്ങൾ നിലവിലിരിക്കുന്ന ഫ്രാൻസിൽതന്നെയും റയിൽവേ ഉണ്ടാക്കിയതിനുശേഷവും വാട്ടർവേയിസ് ഉപയോഗപ്പെടുത്തിയാണ് വ്യവസായങ്ങൾ നടത്തുന്നത്. ആ സ്ഥിതിക്കു തിരുവിതാംകൂറിൽ എന്തുകൊണ്ട് ഈ നയം സ്വീകരിച്ചുകൂടാ. എന്റെ മാന്യസ്നേഹിതൻ മി. കുന്തിത്തൊമ്മൻ ഇവിടെ പറഞ്ഞത് പണമില്ലെങ്കിൽ കടമെടുത്തെങ്കിലും ആവുംവരെ റയിൽവേ നീട്ടണമെന്നാണ്. സർ, ഒരു ധനകാര്യവിദഗ്ദ്ധൻ പറയുന്നത് ഈ പ്രകാരമാണ്. ഏക്കണോമിക്കലായിട്ട് രാജ്യത്തെ പുരോഗമിപ്പിക്കണമെങ്കിൽ ഉള്ള ധനം ശേഖരിച്ചു വസ്തുക്കളെയും യഥായോഗ്യവിധമായ ഗുണബാഹുല്യത്തോടും നിവൃത്തിയുള്ളിടത്തോളം പരത്തിവയ്ക്കാതിരുന്നെങ്കിൽമാത്രമെ രാജ്യം സമ്പൽസമൃദ്ധമാകയുള്ളു എന്നുള്ളതാണ്. പല കാരണങ്ങളാലും ഇനിമേൽ രാജ്യത്ത് വരവ്

[Mr. K. P. Neelakanta Pillai.]

കുറയുന്നതിനാണു് എളുപ്പമെന്നു ചിന്തിച്ചാൽ മനസ്സിലാകും. അങ്ങിനെയിരിക്കെ ഒരു വൻതുക കടം എടുത്തു് ഒരു റയിൽവേ ഉണ്ടാക്കുന്നതു് വിഹിതമാണോ എന്നു് എനിക്കു് തോന്നുന്നില്ല.

എന്നുമാത്രമല്ല ഇൻഡ്യയിലെ മററു ഭാഗങ്ങളിലെപ്പോലെ തിരുവിതാംകൂറിൽ വില്ലേജുകളില്ല. തിരുവിതാംകൂർ ആകപ്പാടെ ഒരു വില്ലേജാണു്. ബ്രിട്ടീഷിൻഡ്യയിലാണെങ്കിൽ പത്തോ പതിനഞ്ചോ മൈൽ വിട്ടുവിട്ടു് ആണു് വില്ലേജുകൾ കിടക്കുന്നതു്. അതുകൊണ്ടു് അവയെ തമ്മിൽ ഘടിപ്പിക്കുന്നതിനു് ഒരു റയിൽവേ അത്യാവശ്യമാണു്. തിരുവിതാംകൂർ മുഴുക്കെ ഒരു വില്ലേജായതുകൊണ്ടു് നമുക്കു അതിന്റെ ആവശ്യമില്ല. സാധാരണ കാലങ്ങളിൽ ജനങ്ങൾക്കു് സഞ്ചരിക്കുന്നതിനായിരുന്നാലും ശരി ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിനായിരുന്നാലും ശരി ലോകത്തു് എവിടെയും റെയിൽവേയും ബസ്സു സർവീസുമായി കാമ്പററിഷൻ നടക്കാറുണ്ടു്. ബസ്സുകൾ ഓടുന്നില്ലെങ്കിൽ റെയിൽവേകൊണ്ടും ഉപയോഗമുണ്ടാകുകയില്ല. റെയിൽവേയുടെ ക്യാപ്പിററൽ എക്സ്പെൻഡിച്ചർ വലിയ ഒരു ധനതത്വപ്രശ്നമാണു്. ഇപ്പോഴത്തെ ധനകാര്യവിദഗ്ദ്ധന്മാർ പറയുന്നതു് കടംവാങ്ങിയോ ജനങ്ങളുടെ കയ്യിൽനിന്നും ശേഖരിച്ചോ ഇങ്ങനെയുള്ളതൊന്നും തുടങ്ങരുതെന്നാണു്. ട്രാൻസ്പോർട്ടിനെ സംബന്ധിച്ചു് ഗവൺമെന്റിനു് നിശ്ചിതമായ ഒരു പാളിസി വേണം. റെയിൽവേ ഉണ്ടാക്കുന്നതിനു വലിയ ഒരു തുക കടം എടുക്കേണ്ടിവരും. അങ്ങിനെ കടം എടുത്തു് റെയിൽവേ ഉണ്ടാക്കേണ്ട ആവശ്യം നമുക്കില്ല. അങ്ങിനെ മുടക്കുന്ന തുക മററു സൃഷ്ടിപരമായ മാർഗ്ഗങ്ങളിൽക്കൂടി വിനിയോഗിക്കുകയാണെങ്കിൽ സാമ്പത്തികമായി നമ്മുടെ രാജ്യത്തിന്റെ നില അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

MR. P. KUNJUKRISHNAN ; സർ, എന്റെ മുൻപേ പ്രസംഗിച്ച ബഹു: മെമ്പർ പറഞ്ഞ അഭിപ്രായത്തോടു് എനിക്കു് യോജിക്കുവാൻ സാധിക്കുന്നില്ല. അദ്ദേഹം പറഞ്ഞു വ്യവസായങ്ങളുടെ ആവശ്യത്തിനാണു് റെയിൽവേ, അല്ലാതെ യാത്രക്കാരുടെ ആവശ്യത്തിനല്ലെന്നു്. എന്നാൽ രണ്ടാമതു പറഞ്ഞതു് മുഖ്യമായിട്ടുള്ള ഗതാഗതസൗകര്യത്തെ അപേക്ഷിച്ചു നോക്കുമ്പോൾ വ്യവസായ പ്രവർത്തനങ്ങൾക്കു റെയിൽവേ ഉപയോഗകരമാവുള്ളതാണെന്നും അതുകൊണ്ടു് വാട്ടർട്രാൻസ്പോർട്ടു് വികസിപ്പിക്കണമെന്നുമാണു്. അദ്ദേഹത്തിന്റെ രണ്ടാമത്തെ വാദം ആദ്യത്തെ വാദത്തെ തലകനിപ്പിക്കുകയാണു് ചെയ്യുന്നതു്. എനിക്കു

പറയുവാനുള്ളതു്, ഈ റെയിൽവേ കന്യാകുമാരി മുതൽ ആലുവാ വരെ നീട്ടേണ്ടതു ഏറ്റവും അത്യാവശ്യമാണെന്നാണ്. നമ്മുടെ നാട്ടുകാരനായ ഒരു ദിവാൻജി ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം കാര്യങ്ങൾ ശരിക്ക് മനസ്സിലാക്കിയതിന്റെ ഫലമായി റെയിൽവേ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തുകയുണ്ടായി. ഇപ്പോൾ ജനകീയ ഗവണ്മെന്റിന്റെ ഭരണമാണ് നടക്കുന്നതു്. ആ സ്ഥിതിക്ക് നാട്ടിലെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതു് ആ ഗവണ്മെന്റിന്റെ കർത്തവ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വടക്കൻ തിരുവിതാംകൂറും തെക്കൻ തിരുവിതാംകൂറും ഇപ്പോൾ രണ്ടു രാജ്യങ്ങൾ എന്ന മട്ടിലാണ് ഇന്ന് കഴിയുന്നതു്. വ്യവസായത്തിലും വാണിജ്യത്തിലും മററും വളരെ മുന്നണിയിൽ നിൽക്കുന്ന വടക്കൻ തിരുവിതാംകൂറിനേയും തെക്കൻ തിരുവിതാംകൂറിനേയും ഒരു റെയിൽവേ മൂലം യോജിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. കൂടാതെ ജനങ്ങളുടെ നാഗരികതയും വിദ്യാഭ്യാസവും സംസ്കാരവും എല്ലാം വർദ്ധിപ്പിക്കുന്നതിന് ഈ മാതിരി റെയിൽവേ ഗതാഗതം വളരെ പ്രയോജനപ്പെടുന്നതാണെന്ന് നാം ഓർക്കണം. പാശ്ചാത്യ രാജ്യങ്ങളിൽ വെറും വ്യവസായത്തിനു മാത്രമല്ല ഈ റെയിൽവേ ഉപയോഗിക്കുന്നതു്. ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിനുംകൂടി റെയിൽവേ ഉപകരിക്കുന്നുണ്ട്. ഈ അടിയന്തിരമായ കാര്യങ്ങൾ മനസ്സിലാക്കി ഗവണ്മെന്റ് വേണ്ടതു് ഇക്കാര്യത്തിൽ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. തൽക്കാലം ഇതിലേക്ക് ഗവണ്മെന്റിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ലെന്ന് പറഞ്ഞേക്കാം. എന്നാൽ ഇക്കാര്യം ഇൻഡ്യാഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയോ, ലോൺ എടുത്തോ, അല്ലെങ്കിൽ ഏതെങ്കിലും കമ്പനികൾക്ക് വിട്ടുകൊടുത്തോ, ഈ പദ്ധതി നടപ്പിൽ വരുത്തണമെന്ന് ഞാൻ ഗവണ്മെന്റിനോട്ട് അപേക്ഷിച്ചു കൊള്ളുന്നു.

MR. P. T. CHACKO : റെയിൽവേ നീട്ടുന്നതിന്റെ ആവശ്യകതയെപ്പററി ഈ സഭയിൽ ഇനി ഒരു പ്രസംഗത്തിന്റെ ആവശ്യകത ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ അതിന്റെ ആവശ്യകതയെപ്പററി പറഞ്ഞപ്പോൾ ഇതുവരെ എന്റെ സ്നേഹിതന്മാർ ചൂണ്ടിക്കാണിക്കാതിരുന്ന ഒരു പ്രത്യേക സംഗതി ഗവണ്മെന്റിന്റെ മുമ്പിൽ കൊണ്ടുവരുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു. ബഡ്ജററിനെപ്പററിയുള്ള വിമർശനവേളയിൽ ഞാൻ സൂചിപ്പിച്ചതുപോലെ നമുക്ക് വളരെ വൈഷമ്യ

[Mr. P. T. Chacko.]

പൂർണ്ണങ്ങളായ ദിനങ്ങളെയാണ് പ്രതീക്ഷിക്കാനുള്ളത്. കാലത്തിന്റെ സൂചനകളെ നാം കാര്യമായി എടുക്കുന്നപക്ഷം സാമ്പത്തികമായ വൈഷമ്യങ്ങൾ ഭാവിയിൽ നമുക്ക് ഉണ്ടാകുമെന്ന് കാണാൻ കഴിയും. എത്രയും ഭയങ്കരമായ ഒരു തൊഴിലില്ലായ്മ പ്രശ്നം ഭാവിയിൽ നമ്മെ അഭിമുഖീകരിക്കാൻ പോകുന്നുവെന്ന് കാലത്തിന്റെ ഭിത്തികളിൽ തെളിഞ്ഞു കാണുന്നുണ്ട്. സാമ്പത്തികമായി പല വൈഷമ്യങ്ങൾ ഒന്നിച്ചു വരുമ്പോൾ ജനങ്ങളുടെ പർച്ചേസിംഗ് പവ്വർ നശിക്കുകയും വ്യവസായം പൊതുവേ മന്ദീഭവിക്കുകയും രാജ്യത്തിന്റെ വരുമാനം കുറയുകയും സാമ്പത്തികമായി അധഃപതിച്ച് പോകുകയും ചെയ്യുന്നത് സാധാരണമാണ്. അങ്ങിനെ ഒരു സാമ്പത്തികാധഃപതനത്തിന്റെ സൂചനകൾ ഇന്നു കാണുന്നതിനെ നമുക്കു അവഗണിക്കാവുന്നതല്ല. തിരുവിതാംകൂറിലും യുദ്ധകാലം കഴിഞ്ഞതോടുകൂടി വ്യവസായത്തിന് ഒരു മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. തന്നിമിത്തം തൊഴിലില്ലായ്മയും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്നതിന്റെ പ്രാരംഭമായി ഏതു വിധേനയും തൊഴിലില്ലായ്മക്ക് ഒരു പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാക്കാനായി ഇപ്പോൾ തന്നെ ചില പദ്ധതികൾ ഗവണ്മെന്റു ചെയ്യുന്നുണ്ടെന്നുള്ളതിനെ ഞാൻ വിസ്മരിക്കുന്നില്ല. അമ്പതോ പത്തോ ലക്ഷം രൂപാ ചെലവ് ചെയ്തു ചെറിയ തോതിൽ റോഡുകൾ വെട്ടിയതുകൊണ്ടോ തോടുകൾ വെട്ടിയതുകൊണ്ടോ ഇതിനൊരു പരിഹാരം ഉണ്ടാകാൻ പോകുന്നില്ലെന്ന് ഈ കാര്യം എല്ലാ ജനങ്ങൾക്കുമറിയാം. തൊഴിലില്ലായ്മക്ക് ഒരു പരിഹാരം ഉണ്ടാകുമ്പോൾ അതു ശാശ്വതമായ ഒരു പരിഹാരമായിരിക്കേണ്ടതാണ്. ഈ റെയിൽവേയെപ്പറ്റി പറയുമ്പോൾ പ്രധാനമായും അതു തൊഴിലില്ലായ്മക്ക് ശാശ്വതമായ ഒരു പരിഹാരമായി പരിണമിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്. അതു ഏതു ദിക്കിലേക്ക് ആയിരിക്കണമെന്നുള്ള കാര്യത്തിലേക്ക് പ്രവേശിക്കാൻ ഞാനിപ്പോൾ ഇഷ്ടപ്പെടുന്നില്ല. ഏതെങ്കിലും വിധത്തിൽ കുറെ മുതൽ കണ്ടുപിടിച്ച് അതു മുടക്കാൻ സാധിക്കുമെങ്കിൽ ഈ രാജ്യത്തെ അറ്റങ്ങളെ എല്ലാം ഏകോപിച്ചുകൊണ്ടു വരുന്നതിന് സാധിക്കത്തക്ക രീതിയിൽ ഒരു റെയിൽവേ ഉണ്ടാക്കി ഇന്നത്തെ തൊഴിലില്ലായ്മക്ക് ഒരു പരിഹാരം ഉണ്ടാക്കുന്നതിനായിരിക്കണമെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. റെയിൽവേ ലൈനിന്റെ പണി നടക്കുമ്പോൾമാത്രമല്ല പണി പൂർത്തിയായിക്കഴിഞ്ഞാലും അതു ധാരാളം പേർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കാൻ പര്യാപ്തമായിരിക്കും. തൊഴില-

ല്ലായ്മയും ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കാതെ പോലീസിന്റെയും പട്ടാളത്തിന്റെയും സംഖ്യ വർദ്ധിപ്പിച്ചതുകൊണ്ട് ഈ രാജ്യത്തു സമാധാനമുണ്ടാകാൻ പോകുന്നില്ല. എന്റെ ഈ അഭിപ്രായങ്ങൾ ആദരണീയങ്ങളല്ലെങ്കിൽ മററു സംഗതികൾകൂടി പരിഗണിച്ച് കടം വാങ്ങിയെങ്കിലും ഗവണ്മെന്റ് ഇക്കാര്യത്തിൽ മുതൽ മുടക്കണമെന്ന് ഒരു മുതൽ തന്നെയായിരിക്കണമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

**HON'BLE MR. A. ATCHUTHAN** : സർ, ഈ സഭയിലെ ബഹു: മെമ്പറന്മാർ ഏകാഭിപ്രായമായി ഈ സംഗതികളിൽ ശ്രദ്ധപതിപ്പിച്ചു കാണുന്നു. ഇതിന്റെ ആവശ്യകതയെ ഗവണ്മെന്റ് നല്ലപോലെ മനസ്സിലാക്കുന്നുണ്ടെന്നാണ് എനിക്കു പറയുവാനുള്ളത്. എന്നാൽ ഇതിനെക്കുറിച്ചു ആലോചിക്കുമ്പോൾ പല സംഗതികളും നാം ചിന്തിക്കേണ്ടതായുണ്ട്. റെയിൽവേ തിരുവിതാംകൂറിൽ പല ഭാഗങ്ങളിലും നീട്ടുന്നതു സംബന്ധിച്ച് മുൻപു സർവേ നടത്തിയിട്ടുണ്ട്. അതിനു ശേഷം അതു നിറുത്തിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. സാധനങ്ങളുടെ വില, പണച്ചെലവ് എന്നതെല്ലാം നാം ഓർക്കണം. ഈ അവസരത്തിൽ മുൻപു നടത്തിയിട്ടുള്ള റെയിൽവേ സർവേയെക്കുറിച്ചും അതിനോടു സംബന്ധിച്ച് തയാറാക്കിയിട്ടുള്ള എസ്റ്റിമേററിനെക്കുറിച്ചും സഭയെ അറിയിക്കാമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. അഞ്ചു ലയിനുകളാണ് മുൻപു സർവേ നടത്തിയിട്ടുള്ളത്. അതു തിരുവനന്തപുരം—നാഗർകോവിൽ, കൊല്ലം-എറണാകുളം, മാവേലിക്കര-കൊച്ചി, തൃപ്പൂണിത്തുറ-നേര്യമംഗലം, ഏററുമാനൂർ-മുണ്ടക്കയം എന്നീ ലൈനുകളാണ്. ഈ ഓരോ സർവ്വേക്കും തയാറാക്കിയിട്ടുള്ള എസ്റ്റിമേററും ബഹു: മെമ്പറന്മാരുടെ അറിവിലേക്കായി ഞാൻ ഇവിടെ വായിച്ചു കൊള്ളുന്നു. ആ സർവ്വേയെക്കുറിച്ചും എസ്റ്റിമേററിനെക്കുറിച്ചും യാതൊരു റിക്കാർഡുകളും ഗവണ്മെന്റിൽ കാണുകയില്ലെന്നു മി. മാക്കോസ് ഇവിടെ പറയുകയുണ്ടായി. എന്നാൽ അതു സംബന്ധിച്ചുള്ള പ്ലാനും എസ്റ്റിമേററും ഇവിടെ എന്റെ മേശപ്പുറത്തുതന്നെ ഉണ്ട്.

| | മൈൽ | ചെലവ്. |
|---|---|---|
| തിരുവനന്തപുരം— | | |
| നാഗർകോവിൽ | ൧൭.൬൫ | ൨൦,൩൫,൯൭൧ |
| കൊല്ലം—എറണാകുളം | ൬൩.൫൪ | ൫,൨൪,൭൯,൪൦൭ |
| മാവേലിക്കര-കൊച്ചി | ൩൬.൫൭ | ൫൪,൪൯,൬൯൭ |
| തൃപ്പൂണിത്തുറ—നേര്യമംഗലം | ൩൪.൩൨ | ൫൫,൫൦,൩൭൩ |
| ഏററുമാനൂർ-മുണ്ടക്കയം | | |

[Hon'ble Mr. A. Atchuthan.]

ഇന്ന് ആ തുകകളുടെ അഞ്ചിരട്ടിയെങ്കിലും വേണ്ടിവരുമെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. അതിനുള്ള സാമ്പത്തികശേഷി ഇന്ന നമുക്ക ഉണ്ടോ എന്നു ചോദ്യം: മെമ്പറന്മാർ തന്നെ ആലോചിക്കേണ്ടതാണ്. ഇതിലേക്ക കടം വാങ്ങിക്കാമെന്ന് പല മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. ഇന്ന്, കടം വാങ്ങിക്കാൻ പറ്റിയ സമയമാണൊ എന്നും ഗവണ്മെന്റിന് ബോദ്ധ്യമില്ല. മി. മള്ളിനേക്കു ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി, ഇൻഡ്യാഗവണ്മെന്റിന്റെ പദ്ധതിയോടു ഘടിപ്പിച്ച് നമ്മുടെ നാട്ടിലും റെയിൽവേ നീട്ടുന്നകാര്യം ആലോചിക്കേണ്ടതാണെന്ന്. ൫൦൦൦-മൈൽ റെയിൽവേ നീട്ടുന്നതിന് ഇൻഡ്യാഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. അതിന്റെ ഒരു വിഭാഗമായിട്ട് നമ്മുടെ നാട്ടിലും റെയിൽവേ നീട്ടുന്നതിന് ആവശ്യപ്പെടുന്നതാണ്. അതിനുള്ള ചെലവ് ആര് ചെയ്യുമെന്നിരുന്നാലും അതിന്റെ പലിശ നാം കൊടുക്കേണ്ടതായിവരും. അതുകൊണ്ട് അത് സംബന്ധിച്ച് ഇൻഡ്യാഗവണ്മെന്റുമായി ആലോചിക്കുമെന്നു മാത്രമേ ഈ സഭയോട് എനിക്ക പറയുവാനുള്ളൂ. ഇനി മി. കെ. പി. നീലകണ്ഠപ്പിള്ള ഉന്നയിച്ച പ്രശ്നത്തെപ്പറ്റിയും ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. റെയിൽവേ ആണോ, റോഡ് ട്രാൻസ്പോർട്ടാണോ, വാട്ടർ ട്രാൻസ്പോർട്ടാണോ, വ്യവസായങ്ങൾക്കും മറ്റും കൂടുതൽ സൗകര്യപ്രദവും ലാഭകരവുമെന്ന് നാം ആലോചിക്കേണ്ടതാണ്. ഈ സംഗതികളെപ്പറ്റിയെല്ലാം ആലോചിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെന്റ തയ്യാറാണെന്നുള്ള വിവരം ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഇതിൽ കൂടുതലായി ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

MR. PRESIDENT : മി: കണ്ണാറ ഗോപാലപ്പണിക്കർ ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

MR. KANNARA GOPALA PANICKER : ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

The motion, by leave, was withdrawn.

MR. PRESIDENT : The question is that Government be granted a sum of Rs. 2,00,000 under Demand VII—Railways.

The motion was put and carried.

The Demand was made.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5 P. M.

R. KERALAVARMA TIRUMULPAD,
*Ag: Secretary to the Legislative Assembly*

**51638**

# Proceedings of Travancore Legislative Assembly

## Vol. 2

p1 Aug 2, 1948-Questions and Answers
p32 Aug 2, 1948-Adjournment Motions
p35 Aug 2, 1948-Financial Business
p37 Aug 2, 1948-Presentation of the Budget
p52 Aug 2, 1948-Travancore University Act(Amendment)Bill-Legislative Business
p82 Aug 2, 1948-Travancore Tea Control Act(Amendment)Bill-Legislative Business
p85 Aug 5, 1948-Questions and Answers
p127 Aug 5, 1948-Appointment of the Committee on Petitions
p128 Aug 5, 1948-Procedure for the General Discussion on the Budget
p130 Aug 5, 1948-General Discussion on the Budget
p135 Aug 5, 1948-Prohibition Bill-Legislative Business
p201 Aug 6, 1948-Questions and Answers
p223 Aug 6, 1948-General Discussion on the Budget
p284 Aug 9, 1948-Questions and Answers
p322 Aug 9, 1948-General Discussion on the Budget
p387 Aug 9, 1948-Death of Mr G Nilakantan References
p394 Aug 9, 1948-General Discussion on the Budget
p407 Aug 9, 1948-Excise-Voting of Demands for Grants
p473 Aug 11, 1948-Questions and Answers
p510 Aug 11, 1948-Land Revenue-Voting of Demands for Grants
p547 Aug 11, 1948-Forest-Voting of Demands for Grants
p587 Aug 12, 1948-Questions and Answers
p621 Aug 12, 1948-Taxes on Income-Demands for Grants
p662 Aug 12, 1948-Railways-Demands for Grants